# ഒമ്പതാം പദ്ധതി

## ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

1996

# ഒമ്പതാം പദ്ധതി

## ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

1996

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

| | | |
|---|---|---|
| 1. | കെ. ശാരദ അമ്മ | (പഞ്ചായത്ത് പ്രസിഡണ്ട്) |
| 2. | യു.കെ. മണി | (വൈസ് പ്രസിഡണ്ട്) |
| 3. | കെ.എസ്. ജയപ്രകാശ്, | (കൺവീനർ) |
| 4. | വി. വിശ്വനാഥൻ | (ജോയിൻറ് കൺവീനർ) |
| 5. | വി.വി. സണ്ണി | (ജോയിൻറ് കൺവീനർ) |
| 6. | എം. ശങ്കരനാരായണൻ | |
| 7. | പി.വി. സുലോചന | |
| 8. | കെ.കെ. സൗദാമിനി | |
| 9. | എം.കെ. വർഗ്ഗീസ് | |
| 10. | എൻ.സി. രാമകൃഷ്ണൻ മാസ്റ്റർ | |
| 11. | എം.എസ്. രാമകൃഷ്ണൻ മാസ്റ്റർ | |
| 12. | പി.കെ. ജോർജ്ജ് മാസ്റ്റർ | |
| 13. | കെ.സി. ഫ്രാൻസീസ് മാസ്റ്റർ | (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| 14. | ടി.എ. കുഞ്ഞുകുട്ടൻ മാസ്റ്റർ | |
| 15. | കെ.എൻ. ബാബു | |
| 16. | എൻ.ജി. മോഹനൻ | |
| 17. | എ.ജെ. ജോർജ്ജ് | |
| 18. | കെ.എ. മനോജ് | |
| 19. | ടി.വി. ഇന്ദു | |
| 20. | പി.കെ. ലീല | |
| 21. | പത്മിനി ഉണ്ണികൃഷ്ണൻ | (പഞ്ചായത്ത് മെമ്പർ) |
| 22. | ടി. ചന്ദ്രൻ | |
| 23. | പി.ബി. സ്മിത | |
| 24. | എം.പി. ഷാജൻ | |
| 25. | എ.എൻ. രാജഗോപാലൻ | (സെക്രട്ടറി) |
| 26. | അജി അബ്രഹാം | |
| 27. | എ.എസ്. സുകുമാരൻ | |
| 28. | കെ.എ. രമേശൻ | |
| 29. | ഉണ്ണികൃഷ്ണൻ പി.വി. | |


പട്ടാമ്പി.
പൊതുമരാമത്ത് വകുപ്പ് റോഡുകൾ.
പുഴ.
ട്രാൻസക്റ്റ് വാക്ക് നടത്തിയ പാത.

# ആമുഖം

കേന്ദ്രവും സംസ്ഥാനങ്ങളും തീരുമാനങ്ങൾ എടുത്ത് വിവിധ ഡിപ്പാർട്ടുമെൻറുകൾ വഴിയാണ് ഇന്നേവരെയുള്ള പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കിവന്നിരുന്നത്. ഈ വിധത്തിൽ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ നമ്മൾ ആഗ്രഹിച്ച വിധത്തിലുള്ള സ്ഥായിയായ വികസന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചില്ല. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ജനകീയ പങ്കാളിത്തം ഇല്ലാതെപോയി.

തൻമൂലം പദ്ധതിയുടെ പ്രവർത്തനം ജനങ്ങളിൽ നിന്നും അന്യവത്ക്കരിക്കപ്പെട്ടു. ഇതായിരുന്നു പ്രധാനപ്പെട്ട പരാജയ കാരണം. ഇന്ത്യയുടെ ചരിത്രത്തിൽ ആസൂത്രണ രംഗത്ത് ഒരു പൊളിച്ചെഴുത്ത് നടക്കാൻ പോകുന്ന സംരംഭത്തിൻെറ തുടക്കമാണ്. സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കാൻ പോകുന്ന ജനകീയ ആസൂത്രണ പരിപാടി എല്ലാംകൊണ്ടും പ്രാധാന്യമർഹിക്കുന്നു. അധികാര വികേന്ദ്രികരണം അതിൻെറ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ രാഷ്ട്രീയ കക്ഷിഭേദമെന്യേ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് വിജയിപ്പിക്കാനുള്ള കർമ്മപരിപാടികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. സംസ്ഥാന ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ യുഗപ്പിറവിക്ക് സാക്ഷ്യം വരിക്കാൻ പോവുകയാണ്. അധികാര വികേന്ദ്രീകരണം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാനുള്ള അവസരമാണ് കൈവന്നിട്ടുള്ളത്. പദ്ധതി വിഹിതത്തിൻെറ 35 മുതൽ 40 ശതമാനം വരെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലൂടെ നടപ്പിലാക്കാനുള്ള സംസ്ഥാന ഗവൺമെൻറിൻെറ ധീരമായ തീരുമാനം പുതിയ ഈ ആസൂത്രണ പ്രക്രിയയ്ക്ക് ആക്കം കൂട്ടി.

പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഒരുപോലെ ജനപങ്കാളിത്തം ഉറപ്പാക്കി ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്തിയെടുക്കാനാണ് ശ്രമിക്കുന്നത്. ഇതേവരെ പ്രയോജനപ്പെടുത്താൻ കഴിയാതെ പോയ മനുഷ്യാദ്ധ്വാനം ഉൾപ്പെടെയുള്ള വിഭവങ്ങൾ വൻതോതിൽ സമാഹരിച്ച് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയം. പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലായി വിളിച്ചുചേർത്ത ഗ്രാമസഭകളിൽ ആകെ പങ്കെടുത്തവർ 1124 പേർ ആണ്. സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ സംബന്ധിച്ചും പദ്ധതി രൂപീകരണത്തിലുള്ള പങ്കാളിത്തത്തിൻെറ പ്രാധാന്യത്തെപ്പറ്റിയും വേണ്ടത്ര അറിവില്ലായ്മയാണ് ഇങ്ങനെ സംഭവിക്കാൻ കാരണം. ഒരു പുതിയ സംരംഭം എന്ന നിലയിൽ ഈ പോരായ്മ സ്വാഭാവികം മാത്രമാണ്. ഒന്നും ശരിയാവില്ല എന്നുള്ള ജനങ്ങൾക്കിടയിൽ കാണുന്ന ഈ നിരാശാമനോഭാവം മാറ്റി എടുത്ത് ശുഭാപ്തി വിശ്വാസവും ദിശാബോധവും വളർത്താനുള്ള ശ്രമങ്ങൾ തുടർന്നും നടത്തേണ്ടിയിരിക്കുന്നു. ഒന്നും രണ്ടും ഘട്ടങ്ങളിലായി നടന്ന പരിശീലന പരിപാടിയിൽ നല്ല പങ്കാളിത്തവും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ പ്രവർത്തകരുടെ വിശ്രമരഹിതമായ പ്രവർത്തനങ്ങളും അടങ്ങിയ ഒരു ആകത്തുകയാണ് ഈ വികസന റിപ്പോർട്ട്. ചുരുക്കത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥൻമാരെയും ബഹുജനങ്ങളെയും തമ്മിൽ കോർത്തിണക്കി ഒരു പുതിയ പ്രവർത്തന ശൈലി രൂപപ്പെടുത്തുകയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ പരിശ്രമിക്കുന്നത്. 9-ാം പഞ്ചവത്സരപദ്ധതിയിലൂടെ സ്ഥായിയായ ഒരു വികസന പ്രക്രിയയ്ക്ക് തുടക്കം കുറിക്കാൻ കഴിയുമാറാകട്ടെ.

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | എരുമപ്പെട്ടി. |
| ജില്ല | - | തൃശ്ശൂർ |
| താലൂക്ക് | - | തലപ്പിള്ളി |
| ബ്ലോക്ക് | - | വടക്കാഞ്ചേരി |
| ലോകസഭാമണ്ഡലം | - | ഒറ്റപ്പാലം |
| അസംബ്ലി മണ്ഡലം | - | വടക്കാഞ്ചേരി |
| ജില്ലാ പഞ്ചായത്ത് | | |
| നിയോജകമണ്ഡലം | - | വടക്കാഞ്ചേരി |
| ബ്ലോക്ക് മണ്ഡലങ്ങൾ | - | 1. കരിയന്നൂർ<br>2. എരുമപ്പെട്ടി |
| വാർഡ്-നിയോജക മണ്ഡലങ്ങൾ | - | 11 |
| വിസ്തീർണ്ണം | - | 32.12 സ്ക്വയർ കി.മീ. |
| ജനസംഖ്യ (91ലെ സെൻസസ്) | - | 26222 |
| " സ്ത്രീ | - | 13834 |
| " പുരുഷൻ | - | 12388 |
| പട്ടികജാതി (ആകെ) | - | 4754 |
| " സ്ത്രീ | - | 2450 |
| " പുരുഷൻ | - | 2304 |
| ആകെ കുടുംബങ്ങൾ | - | 5107 |

കെ. ശാരദാമ്മ
പ്രസിഡൻറ്
എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത്

മലയാള വർഷം 1094 കരിയന്നൂർ ഗ്രൂപ്പ് പഞ്ചായത്ത് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യപ്രസിഡണ്ട് ശ്രീ. മുണ്ടനാട്ട് നീലകണ്ഠൻ നമ്പൂതിരി ആയിരുന്നു. തുടർന്ന് 1122 വരെ വിവിധ കാലയളവിൽ പ്രസിഡണ്ടുമാരായി യഥാക്രമം ശ്രീ. രാമകൃഷ്ണൻ, ശ്രീ. കെ. നീലകണ്ഠൻ നമ്പൂതിരി, ശ്രീ. കോപ്പൻ നായർ, ശ്രീ. എ.സി. പറിഞ്ചു, ശ്രീ. ആലത്തൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്, ശ്രീ. എം.കെ. വർക്കി എന്നിവർ പ്രവർത്തിച്ചു വന്നിരുന്നു. ഈ കാലയളവിൽ വാർഡുകളുടെ എണ്ണം യഥാക്രമം 2, 3, 4, 5 എന്നിങ്ങനെയായിരുന്നു. ഇംഗ്ലീഷ് വർഷം 1953 മുതൽ 62 വരെ പ്രസിഡണ്ട് ശ്രീ. ശങ്കരനാരായണ അയ്യർ ആയിരുന്നു. വൈസ് പ്രസിഡണ്ട് ശ്രീ. ടി.ആർ. ചില്ലു ആയിരുന്നു. വാർഡുകൾ 6 എണ്ണമുണ്ടായിരുന്നു. 1961 മുതൽ പഞ്ചായത്തിൻെറ പേര് എരുമപ്പെട്ടി എന്നാണ്. 1962ൽ പഞ്ചായത്തിന് മങ്ങാട് സ്വന്തമായ ഒരു കെട്ടിടം നിർമ്മിച്ചു. തുടർന്നുള്ള ഭരണത്തിൽ പ്രസിഡണ്ടുമാരുടെയും വാർഡുകളുടെയും വിവരങ്ങൾ ഇപ്രകാരമാണ്.

| വർഷം | പ്രസിഡണ്ടിൻെറ പേര് | വൈസ് പ്രസിഡണ്ടിൻെറ പേര് | വാർഡുകളുടെ എണ്ണം |
|---|---|---|---|
| 1962 to 63 | ശ്രീ. ഒ. നാരായണൻ നമ്പീശൻ | എം. ഉണ്ണികൃഷ്ണൻ | 8 |
| 63 - 78 | ശ്രീ. എ.പി. എൻ. നമ്പൂതിരിപ്പാട് | എം. ഉണ്ണികൃഷ്ണൻ | 8 |
| 78 - 88 | ശ്രീ. കേശവൻനമ്പീശൻ | ബാലകൃഷ്ണൻ | 10 |
| 88 - 95 | ശ്രീ. യു.കെ. മണി | എ. മണികണ്ഠൻ | 10 |
| 1-10-95 മുതൽ | ശ്രീമതി. കെ. ശാരദ അമ്മ | യു.കെ. മണി | 11 |

പ്രസിഡണ്ട് – ശ്രീമതി. കെ. ശാരദ അമ്മ

വൈ. പ്രസിഡണ്ട് – ശ്രീ. യു.കെ. മണി

സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ – ശ്രീ. കൊടുമ്പിൽ മുരളി

പഞ്ചായത്തിലെ വാർഡു നിയോജകമണ്ഡലങ്ങളുടെയും അംഗങ്ങളുടെയും പേർ താഴെ ചേർക്കുന്നു.

| വാർഡ് | വാർഡിൻെറ പേര് | അംഗങ്ങളുടെ പേര് |
|---|---|---|
| 1 | കരിയന്നൂർ | ടി.സി. ഭാസ്കരൻ |
| 2 | എരുമപ്പെട്ടി | ശ്രീ. അമ്പലപ്പാട്ട് മണികണ്ഠൻ |
| 3 | നെല്ലുവായ് | ശ്രീ. ടി.കെ. ദേവസ്സി |
| 4 | കുട്ടഞ്ചേരി (വനിത) | ശ്രീമതി. കെ. ശാരദ അമ്മ |
| 5 | മങ്ങാട് | ശ്രീ. യു.കെ. മണി |
| 6 | മങ്ങാട് സെൻറർ (ഹരിജൻ സംവരണം) | ശ്രീ. വടക്കൻ ബാലൻ |
| 7 | കോട്ടപ്പുറം (വനിത) | ശ്രീമതി. പത്മിനി ഉണ്ണികൃഷ്ണൻ |
| 8 | കുണ്ടന്നൂർ (വനിത) | ശ്രീമതി ആനി മസ്ക്രീൻ |
| 9 | ചിറ്റണ്ട | ശ്രീ. കെ.ആർ. രവി |
| 10 | കാഞ്ഞിരക്കോട് (ഹരിജൻ - വനിത) | ശ്രീമതി. മണി വാസു |
| 11 | കൊടുമ്പ് | ശ്രീ. കൊടുമ്പിൽ മുരളി |

## ചരിത്ര പശ്ചാത്തലം :

എരുമപ്പെട്ടി പഞ്ചായത്തിൻെറ പ്രാരംഭം കുറിക്കുന്നത് എരുമപ്പെട്ടിയിൽ നിന്നാണ്. പഴയ കൊച്ചി രാജ്യമായിരുന്നപ്പോൾ തന്നെ കരിയന്നൂർ പഞ്ചായത്ത് എന്ന പേരിലായിരുന്നു ആരംഭം. പിന്നീട് എരുമപ്പെട്ടി പഞ്ചായത്ത് എന്നാക്കി മാറ്റി. എരുമപ്പെട്ടി എന്ന പേര് എങ്ങനെയുണ്ടായി? കേരളത്തിൻെറ സ്ഥല നാമചരിത്രം പരിശോധിക്കുമ്പോൾ പലപേരുകളുടെയും ഉത്ഭവത്തിന് അടിസ്ഥാനം ഭൂപ്രകൃതിയും പക്ഷിമൃഗാദികളുമാണ്. എരുമപ്പെട്ടിയിൽ മനുഷ്യവാസം തുടങ്ങിയ കാലഘട്ടത്തിൽ ധാരാളം എരുമകളെ വളർത്തിയിരുന്നിരിക്കണം. കൃഷി വികസിച്ചിട്ടില്ലാത്ത അക്കാലത്ത് ജനങ്ങളുടെ പ്രധാന സമ്പത്തും വളർത്തുമൃഗങ്ങളായിരുന്നു. തമിഴിൽ 'പട്ടി' എന്ന പദത്തിനർത്ഥം ഗ്രാമം എന്നാണ്. എരുമകൾ ധാരാളമുള്ള ഗ്രാമം 'എരുമപ്പട്ടി' എന്ന പേരിലറിയപ്പെട്ടു. കാലക്രമത്തിൽ 'എരുമപ്പട്ടി' പരിഷ്ക്കരിക്കപ്പെട്ട് എരുമപ്പെട്ടിയായി മാറിയിരിക്കാം. ആദ്യകാലങ്ങളിൽ എരുമപ്പെട്ടി പഞ്ചായത്ത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പിന്നീട് ഈ ആഫീസ് മങ്ങാട്ടേയ്ക്ക് മാറ്റി.

കുന്നുകളും താഴ്‌വരകളും നെൽപാടങ്ങളും നിറഞ്ഞ പ്രകൃതി മനോഹരമായ പ്രദേശമാണ് ഈ പഞ്ചായത്ത്. വടക്കാഞ്ചേരി പുഴ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഇവിടുത്തെ ജനങ്ങളിൽ തൊണ്ണൂറു ശതമാനവും പരമ്പരാഗത കർഷകരാണ്. കർഷകർ മുഖ്യമായും നെൽകൃഷിയെ മാത്രം ആശ്രയിച്ചിരുന്നതുകൊണ്ട് ഈ പ്രദേശം സാമ്പത്തികമായി പിന്നണിയിലായി. കാലാവസ്ഥയെ ആശ്രയിച്ചാണ് അധികമാളുകളും കൃഷി ചെയ്തിരുന്നത്. കാലവർഷവും തുലാവർഷവും ചതിച്ചതുകൊണ്ട് നെൽകൃഷി നശിച്ച കൊല്ലങ്ങളും ഉണ്ടായിട്ടുണ്ട്. കാളത്തേക്കും കയിരിത്തുലാനും വേത്തിയും മറ്റും ജലസേചനത്തിന് ഉപയോഗിച്ചിരുന്നു. ഭൂമി അധികവും സവർണ്ണ ജാതിക്കാരായ ജൻമികളുടേതായിരുന്നു. ദേവസ്വം വകവസ്തുക്കൾ മദ്ധ്യവർത്തികളുടെ കയ്യിൽ ചെന്നുപെട്ടു. ജനസംഖ്യയിൽ ബഹുഭൂരിപക്ഷം വരുന്ന പാട്ടക്കുടിയാൻമാരുടെയും കൂലിപ്പണിക്കാരു ടെയും ജീവിതം അന്ന് ദുരിതപൂർണ്ണമായിരുന്നു. വീടുകളിൽ അധികവും ഓലയും വൈയ്ക്കോലും മേഞ്ഞവയായിരുന്നു. ബാക്കി ഓടു മേഞ്ഞതും.

ഈ കാലഘട്ടത്തിൽ ജീവിതമാർഗ്ഗം തേടി ഈ പഞ്ചായത്തിൽ നിന്ന് വിദ്യാസമ്പന്നരും അല്ലാത്തവരുമായി വളരെയധികം ആളുകൾ ബോംബെ, മദ്രാസ്, ഡെൽഹി മുതലായ നഗരങ്ങളിൽ എത്തി. നെല്ലുവായ്, മുരിങ്ങത്തേരി, കുട്ടഞ്ചേരി മുതലായ ഗ്രാമങ്ങളിലെ കുറെ കുടുംബങ്ങൾ ബോംബെയിലും മറ്റും സ്ഥിരതാമസ മാക്കിയിട്ടുണ്ട്. ഇതിനുപുറമെ കുറെയാളുകൾ സിംഗപ്പൂർ, മലയാ മുതലായ രാജ്യങ്ങളിലും എത്തിപ്പെട്ടു. 1975നുശേഷം നമ്മുടെ പഞ്ചായത്തിൽ നിന്ന് നൂറുകണക്കിനാളുകൾ ഗൾഫ് നാടുകളിൽ എത്തിച്ചേർന്നു. അവരിൽ കൂടി വളരെയധികം കുടുംബങ്ങൾ നന്നായി.

1959ൽ കേരള നിയമസഭ പാസ്സാക്കിയ കാർഷിക ബന്ധ ബില്ല് കർഷകന് വലിയ ആശ്വാസമായി. കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം നാട്ടിൽ അലയടിച്ചു. പിന്നീട് കാർഷിക ബന്ധ ബില്ലിന് പല ഭേദഗതികളും ഉണ്ടായി. കേരള ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം സൃഷ്ടിച്ചുകൊണ്ട് 1970 ജനുവരി

1 മുതൽ ജൻമിത്വം അവസാനിച്ചു. പാട്ടമളന്ന് പട്ടിണിയിലായ കർഷകന് ഭൂമി സ്വന്തമായപ്പോൾ ഒരു പരിവർത്തനത്തിൻെറ പടഹധ്വനിയായി. ദേശസാൽകൃത ബാങ്കുകളും മറ്റും കർഷകൻെറ സഹായത്തിനെത്തിയപ്പോൾ നമ്മുടെ പഞ്ചായത്തിലെ വളരെയധികം കർഷകർ പമ്പുസെറ്റുകളും മോട്ടോറുകളും സ്വന്തമാക്കി. കർഷകൻെറ നില പൊതുവെ മെച്ചപ്പെട്ടുവെങ്കിലും കൂലിപ്പണിക്കാരുടെ നിലയിൽ മാറ്റമുണ്ടായില്ല. ഈ ഘട്ടത്തിൽ ഇടതുപക്ഷ പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ കർഷകത്തൊഴിലാളികളുടെ കൂലിവർദ്ധനവിനും പതമ്പിനും വേണ്ടിയുള്ള സമരങ്ങൾ നമ്മുടെ പഞ്ചായത്തിൻെറ മിക്കയിടങ്ങളിലും ഉണ്ടായി. ആദ്യമൊക്കെ കർഷകർ ചെറുത്തുനിന്നെങ്കിലും പതമ്പും കൂലിയും കൂട്ടിക്കൊടുക്കാൻ നിർബ്ബന്ധിതരായി. ആ കാലഘട്ടത്തിൽ ഭൂരഹിത കർഷകത്തൊഴിലാളിക്ക് ഭൂമി പതിച്ചുകിട്ടുന്ന തിനുവേണ്ടി മുട്ടിയ്ക്കലും മങ്ങാട്ടും നടന്ന രണ്ടു മിച്ചഭൂമി സമരങ്ങളും ശ്രദ്ധേയമാണ്.

അര നൂറ്റാണ്ടുമുമ്പുതന്നെ കൊടും വേനൽക്കാലങ്ങളിൽ വഴിപോക്കർക്ക് ദാഹജലം കൊടുക്കുന്നതിനുള്ള തണ്ണീർപന്തലുകൾ നമ്മുടെ പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ ഉണ്ടായിരുന്നു. കരിങ്കൽ കുഴിതാളികളും മരപ്പാത്തികളും ഇതിനുപയോഗിച്ചിരുന്നു. ചിലയിടങ്ങളിൽ സംഭാരമാണ് കൊടുത്തിരുന്നത്. അന്നത്തെ പ്രമുഖ തറവാട്ടുകാരാണ് അത് ഏർപ്പെടുത്തിയിരുന്നത്. എരുമപ്പെട്ടി സ്ക്കൂളിൻെറ പ്രാരംഭദശയിൽ (1909) സ്ക്കൂളിന് കിണർ ഇല്ലായിരുന്ന കാലത്ത് അദ്ധ്യാപകർക്കും കുട്ടികൾക്കും വെള്ളം കുടിക്കാൻ ആശ്രയം സ്ക്കൂളിൻെറ പടിഞ്ഞാറുവശത്ത് കൊട്ടിലിങ്കൽ നമ്പ്യാർ നടത്തിയിരുന്ന തണ്ണീർപന്തൽ ആയിരുന്നുവെന്ന് സ്ക്കൂളിൻെറ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാലവർഷം വരാൻ വൈകിയ കാലങ്ങളിൽ മഴയ്ക്കുവേണ്ടിയും പഞ്ഞമാസങ്ങ(മിഥുനം, കർക്കടകം)ളിലും അന്നത്തെ വലിയ തറവാട്ടുകാർ 'കഞ്ഞിവീത്ത്' (കഞ്ഞിവിതരണം) നടത്തിയിരുന്നു. തണ്ണീർപന്തലിൽ വെള്ളം കുടിക്കുന്നതിനും കഞ്ഞി വീത്തിനും കവുങ്ങിൻെറ കോട്ടിയ പാളയാണ് ഉപയോഗിച്ചിരുന്നത്. മഴ കൊള്ളാതിരിയ്ക്കാൻ ആളുകൾ ഓലക്കുടയും പണിക്കാർ പാളത്തൊപ്പിയുമാണ് അക്കാലത്ത് ഉപയോഗിച്ചിരുന്നത്.

എരുമപ്പെട്ടി പഞ്ചായത്തിലെ ജനങ്ങൾക്ക് വിജ്ഞാനത്തിൻെറ വെളിച്ചം പകർന്നുകൊടുക്കുന്നതിൽ മഹത്തായ പങ്കു വഹിച്ചിട്ടുള്ള എരുമപ്പെട്ടി ഗവ. ഹൈസ്ക്കൂളിൻെറ പൂർവ്വകാല ചരിത്രത്തിലേയ്ക്ക് ഒന്നെത്തിനോക്കാം. 1909ൽ ഒരു പ്രൈമറി വിദ്യാലയം തുടങ്ങിയതോടെയാണ് ഹൈസ്ക്കൂളിൻെറ ആരംഭം. 1945ൽ ഹൈസ്ക്കൂൾ ക്ലാസ്സ് അനുവദിക്കപ്പെട്ടു. അക്കാലത്ത് വയോജന വിദ്യാഭ്യാസത്തിൻെറ ഭാഗമെന്ന നിലയിൽ സ്ക്കൂളിൽ വെച്ച് ഒരു നൈറ്റ് ക്ലാസ്സ് നടത്തിയിരുന്നു. 1947ൽ ഹൈസ്ക്കൂളിൻെറ പത്താം ക്ലാസ്സ് ഉൽഘാടനം ചെയ്യപ്പെട്ടു. കുന്നംകുളം... കുണ്ടന്നൂർ മുതൽ പന്നിത്തടം വരെയുള്ള വിശാലമായ മേഖലയിലെ പതിനായിരക്കണക്കിനു കുട്ടികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ചെയ്തിരുന്നത് ഈ സ്ഥാപ നത്തിലാണ്. മുൻ ധനകാര്യമന്ത്രി ശ്രീ. എൻ.കെ. ശേഷൻ, റിട്ട. വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. സി. എസ്. വെങ്കിടേശ്വരൻ, പ്രസിദ്ധ സാഹിത്യകാരൻ ശ്രീ. നെല്ലുവായ് കെ.എൻ. നമ്പീശൻ മുതലായവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

ദശാബ്ദങ്ങൾക്കുമുമ്പ് എരുമപ്പെട്ടിയിൽ ഒരു പഞ്ചായത്ത് കോടതി പ്രവർത്തിച്ചിരുന്നു. പഞ്ചായത്ത് മെമ്പർമാരിൽ നിന്നാണ് ജഡ്ജിയെ എടുത്തിരുന്നത്. അറിവും പ്രാപ്തിയുമുള്ള നാട്ടുപ്രമാണിമാരായിരുന്നു വക്കീലൻമാർ. പഞ്ചായത്ത് ഡയറക്ടറുടെ കീഴിലായിരുന്നു ഈ കോടതി. പിന്നീട് അത് ഹൈക്കോടതിയുടെ നിയന്ത്രണത്തിലായി. കരിയന്നൂർ വില്ലേജ് കോർട്ട് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഹൈക്കോടതി രജിസ്ട്രാർ നോമിനേറ്റ് ചെയ്യുന്ന അറിവും ജനസമ്മതിയുമുള്ള നാട്ടുകാരെയാണ് ജഡ്ജ്മാരായിവെച്ചിരുന്നത്. ആകെ 5 ജഡ്ജ്മാർ ഉണ്ടായിരുന്നെങ്കിലും മൂന്നു പേർ കൂടിയാണ് തീർപ്പു കല്പിച്ചിരുന്നത്. അമ്പതു രൂപ വരെ മൂല്യമുള്ള സിവിൽ കേസുകൾ മാത്രമാണ് ഈ കോടതിയിൽ കൈകാര്യം ചെയ്തിരുന്നത്. ടെസ്റ്റ് നടത്തിയാണ് വക്കീലൻമാരെ എടുത്തിരുന്നത്. നിയമബിരുദം ആവശ്യമില്ല. കൊച്ചിയിൽ മാത്രം നിലവിലുണ്ടായിരുന്ന ഇത്തരം കോടതികൾ 1970ൽ കേരള സർക്കാർ നിറുത്തൽ ചെയ്തു.

പതിറ്റാണ്ടുകൾക്ക് മുമ്പ് ഈ പഞ്ചായത്തിലെ പ്രധാന കച്ചവട കേന്ദ്രം എരുമപ്പെട്ടി തിരുഹൃദയപള്ളിവക മാർക്കറ്റായിരുന്നു. 1932ലാണ് അതിൻെറ ആരംഭം. അതിനുമുമ്പ് ഇന്നത്തെ പോലീസ് സ്റ്റേഷൻെറ പരിസരത്ത് ഒരു പ്രൈവറ്റ് ചന്ത (മുരിങ്ങത്തേരി തറവാട്ടുകാരുടെ) ഉണ്ടായിരുന്നതാണ് പള്ളി സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിച്ചത്. ഇപ്പോൾ സൗത്ത് ഇന്ത്യൻബാങ്കും നിർമ്മല ഇംഗ്ലീഷ് സ്ക്കൂളും സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു ചന്ത. ചൊവ്വയും ശനിയുമായിരുന്ന ചന്ത ദിവസങ്ങൾ. കാർഷികോല്പന്നങ്ങൾ ഉൾപ്പടെ എല്ലാ നിത്യോപയോഗ സാധനങ്ങളും ആ ദിവസങ്ങളിൽ ചന്തയിൽ വില്പനയ്ക്ക് എത്തും. ഓണച്ചന്തയും വിഷുച്ചന്തയും ഗംഭീരമായിരുന്നു. ഓണച്ചന്തയിൽ എത്തുന്ന ഏറ്റവും നല്ല നേന്ത്രക്കുലക്ക് സമ്മാനമായി സ്വർണ്ണ മെഡൽ നൽകുമായിരുന്നു. ഈ മാർക്കറ്റിൽ എല്ലാ വർഷവും തുലാമാസത്തിലെ ആദ്യത്തെ ശനിയാഴ്ച നടത്തിയിരുന്ന 'മഹാവാണ്യം' പ്രസിദ്ധമാണ്. കാളത്തേക്കിനുള്ള ഇരുമ്പുകൊട്ട, തുമ്പി (തോല്കൊണ്ട് നിർമ്മിക്കുന്നത്) കമ്പക്കയർ, തുമ്പിക്കയർ, പായ്, കൊട്ടകൾ, മര ഉപകരണങ്ങൾ മുതലായവ അന്നേ ദിവസം വൻതോതിൽ കച്ചവടം നടത്തിയിരുന്നു. പ്രസ്തുത ദിവസം എരുമപ്പെട്ടി പള്ളിയിൽ കൊണ്ടാടിയിരുന്ന അന്തോണീസ് പുണ്യവാളൻെറ പെരുന്നാളിനു ആളുകൾ വാണ്യപ്പെരുന്നാൾ എന്നാണ് പറഞ്ഞിരുന്നത്. പണ്ട് എരുമപ്പെട്ടി അങ്ങാടി വൃത്തിയാക്കുന്നതിന് പഞ്ചായത്തിൽനിന്നും ഒരാളെ ഏർപ്പാടു ചെയ്തിരുന്ന കാര്യം ശ്രദ്ധേയമാണ്.

ഈ ശതാബ്ദത്തിൻെറ ആരംഭകാലത്തുതന്നെ എരുമപ്പെട്ടിയിൽ ഒരു പോലീസ് സ്റ്റേഷൻ (ഔട്ട് പോസ്റ്റ് ) ഉണ്ടായിരുന്നു. എരുമപ്പെട്ടി ഗവ. ഹൈസ്ക്കൂളിലെ ഏറ്റവും പഴക്കമുള്ള കെട്ടിടമായ **'T'** ഹാളിൻെറ വടക്കേ ഭാഗമായിരുന്നു പോലീസ് സ്റ്റേഷനായി ഉപയോഗിച്ചിരുന്നത്. 1909ൽ ഈ കെട്ടിടം സ്ക്കൂളിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടിയുണ്ടായി. താമസിയാതെ

സ്റ്റേഷൻ ഇപ്പോഴത്തെ സ്ഥാനത്തേക്ക് മാറ്റി. 1989ൽ ഔട്ട് പോസ്റ്റ് ഒരു പോലീസ് സ്റ്റേഷനായി ഉയർത്തി.

അടുത്തതായി നമ്മുടെ പഞ്ചായത്തിലെ കലാ സാംസ്കാരിക രംഗങ്ങളിലേയ്ക്ക് ഒന്ന് കണ്ണോടിക്കാം. കൂത്ത്, കൂടിയാട്ടം, ഓട്ടൻ തുള്ളൽ, കഥകളി, ഉടുക്കുപാട്ട് തുടങ്ങിയ കേരളീയ കലകൾ നമ്മുടെ ഗ്രാമങ്ങളിലെ ക്ഷേത്രങ്ങളിൽ ഉത്സവവേളകളിലും മറ്റും പ്രദർശിപ്പിച്ചിരുന്നു. 'പൊറാട്ടു നടകങ്ങളും' ഗ്രാമങ്ങളിൽ അരങ്ങേറിയിരുന്നു. കുട്ടഞ്ചേരിയിലെ ചാക്യാർ ഭവനം കൂത്തിന് പ്രസിദ്ധമാണ്. ഗുരുവായൂർ ക്ഷേത്രത്തിൽ കൂത്തു നടത്താനുള്ള അവകാശം ഇന്നും ഈ വീട്ടുകാർക്കാണ്. മുരിങ്ങത്തേരി ദേശത്ത് ഇപ്പോൾ വസിക്കുന്ന കാവുങ്കൽ തറവാട്ടുകാർ കഥകളിയിൽ പ്രസിദ്ധരാണ്. കഥകളി ആചാര്യൻ കാവുങ്കൽ ശങ്കരൻകുട്ടി പണിക്കർ അന്ത്യവിശ്രമം കൊള്ളുന്നതും മുരിങ്ങത്തേരിയിൽ തന്നെ. മുരിങ്ങത്തേരിയിലെ പുള്ളുവൻമാർ പാട്ടിലും ഉടുക്കുകൊട്ടിലും പ്രസിദ്ധരാണ്. 'സർപ്പകളങ്ങൾ' നടത്തുന്നതിലും ഇവർ വിദഗ്ദരാണ്. 26 സാഹിത്യ കൃതികളുടെ രചയിതാവും നെല്ലുവായ് ലളിതകലാലയം, ഗ്രാമീണ വായനശാല, കർഷക സമാജം, സഹൃദയ സമിതി എന്നിവയുടെ സ്ഥാപകനും പൊതു പ്രവർത്തകൻ, അദ്ധ്യാപകൻ, പത്രപ്രവർത്തകൻ, പഞ്ചായത്ത് മെമ്പർ എന്നീ നിലകളിൽ സേവനമുഷ്ഠിച്ചിട്ടുള്ള യശ്ശ:ശരീരനായ ശ്രീ. നെല്ലുവായ് കെ.എൻ. നമ്പീശൻ ഈ പഞ്ചായത്തിലെ സാംസ്കാരിക നായകൻമാരിൽ പ്രമുഖനാണ്.

നമ്മുടെ ഗ്രാമങ്ങളിലെ ജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിലും സാക്ഷരത പ്രചരിപ്പിക്കുന്നതിലും വായനശാലകൾ (ഗ്രന്ഥ ശാലകൾ) മഹത്തായ പങ്കാണ് വഹിച്ചിട്ടുള്ളത്. 1938ൽ എരുമപ്പെട്ടി ഹൈസ്ക്കൂളിൽ ഒരു വില്ലേജ് ലൈബ്രറി പ്രവർത്തിച്ചിരുന്നു. ഇതാണ് പിന്നീട് എരുമപ്പെട്ടി ഗ്രാമീണ വായനശാലയായി മാറിയത്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും വായനശാലകൾ സ്ഥാപിതമായിട്ടുണ്ട്. ചിറ്റണ്ടയിൽ 1956ൽ സ്ഥാപിതമായ 'യുവജനസംഘം വായനശാല'യുടെ നിയന്ത്രണ ത്തിൽ ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്ക്കൂൾ പ്രവർത്തിക്കുന്ന വസ്തുത പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. കലാസാംസ്ക്കാരി കോന്നമനം ലക്ഷ്യമാക്കി വളരെയധികം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകൾ ഈ പഞ്ചായത്തിൽ രൂപം കൊണ്ടിട്ടുണ്ട്. കലാപരിപോഷണാർത്ഥം മുട്ടിയ്ക്കൽ സ്ഥാപിതമായിട്ടുള്ള 'ന്യൂസ്റ്റാർ കലാ വേദി'യുടെ ആഭിമുഖ്യത്തിൽ 'ശിവതാണ്ഡവനൃത്തം' (ദാരികവധം) എന്ന പ്രൊഫഷണൽ കലാരൂപം പ്രദർശിപ്പിച്ചുവരുന്നു. മതമൈത്രിയുടെയും സൗഹാർദ്ദത്തിൻെറയും പ്രതീകങ്ങളാണ് നമ്മുടെ പഞ്ചായത്തിലെ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം ആരാധനാലയങ്ങൾ.

സ്വാതന്ത്ര്യം നേടിയിട്ട് വളരെക്കൊല്ലങ്ങൾ കഴിഞ്ഞിട്ടും നമ്മുടെ പഞ്ചായത്തിൽ പെട്ട ഗ്രാമങ്ങളിൽ അന്ധവിശ്വാസങ്ങളും 'തീണ്ടൽ', 'തൊടീൽ' മുതലായ അനാചാരങ്ങളും നിലനിന്നിരുന്നു. ഏതു രംഗത്തും സവർണ്ണ മേധാവിത്വം പ്രകടമായിരുന്നു. ക്ഷേത്രങ്ങളിൽ സവർണ്ണർക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളു. അവർണ്ണ ജനവിഭാഗങ്ങൾ കൂടുതൽ ബോധവാൻമാരായപ്പോൾ ഇതിനെതിരായി ഒച്ചപ്പാടുകൾ പരിസരങ്ങളിലും ഉണ്ടായി. നെല്ലുവായ് ധന്വന്തരിക്ഷേത്രത്തിൽ ശ്രീ. പി.കെ. കറപ്പൻെറ നേതൃത്വത്തിൽ അവർണ്ണ സമുദായക്കാർ സംഘടിച്ചു പ്രവേശിക്കയുണ്ടായി. ചിറ്റണ്ട കാർത്ത്യായനി ക്ഷേത്രത്തിലും ശങ്കരൻകാവ് ക്ഷേത്രത്തിലും അവർണ്ണർക്ക് പ്രവേശനം കിട്ടിയത് അടുത്തകാലത്താണ്.

ഇനി നമ്മുടെ മുൻതലമുറക്കാരുടെ ആരോഗ്യപരിപാലന സമ്പ്രദായങ്ങളിലേയ്ക്കും ഒന്നു പിൻതിരിഞ്ഞു നോക്കാം. ഇന്നത്തെ കൃത്രിമ ജീവിതത്തിൽ നിന്ന് വ്യത്യസ്തമായി പ്രകൃതിയുമായി പൊരുത്തപ്പെടുന്ന ജീവിതരീതിയായിരുന്നു അന്ന്. പുലർച്ചയും വൈകുന്നേരവും മുങ്ങിക്കുളി, പ്രാണായാമം, സൂര്യനമസ്ക്കാരം, കർക്കിടകത്തിലെ മരുന്നുകഞ്ഞി സേവ, രാവിലത്തെ പഴയൻ ചോറു ഭക്ഷണം മുതലായവ നമ്മുടെ പൂർവ്വികൻമാരെ അരോഗദൃഢഗാത്രരാക്കി. അരനൂറ്റാണ്ടു മുമ്പ് നമ്മുടെ ഗ്രാമങ്ങളിലെ ജനങ്ങൾ രോഗമുക്തിക്കായി പ്രധാനമായും നാട്ടുചികിത്സാരീതിയാണ് സ്വീകരിച്ചിരുന്നത്. വിലപ്പെട്ട ഒറ്റമൂലിചികിത്സ നാട്ടിൽ പലർക്കുമറിയാമായിരുന്നു. ഗർഭിണികൾക്ക് ആശ്രയം നാട്ടിലെ 'വയറ്റാട്ടി'മാരായിരുന്നു. അറിവില്ലാത്ത ആളുകൾ രോഗമുക്തിക്കായി ജ്യോത്സൻമാരെയും മന്ത്രവാദികളെയും ശരണം പ്രാപിച്ചിരുന്നു. അറിവുകൾ പിൻതലമുറക്കാർക്ക് കൈമാറാതിരുന്നതുകൊണ്ട് അമൂല്യങ്ങളായ ഒറ്റമൂലിചികിത്സയും നാട്ടുചികിത്സയും ഇന്നത്തെ തലമുറയ്ക്ക് അന്യമായി. പതിറ്റാണ്ടുകൾക്കുമുമ്പ് എരുമപ്പെട്ടിയിൽ ഇന്നത്തെ സ്ക്കൂൾ ഗ്രൗണ്ടിന് സമീപത്തായി ഒരു ത്വക് രോഗപരിശോധനാ കേന്ദ്രം ഉണ്ടായതോടെയാണ് ഈ പഞ്ചായത്തിൽ അലോപ്പതി ചികിത്സയ്ക്ക് തുടക്കം കുറിച്ചത്. അവിടെ ശനിയാഴ്ചകളിൽ മാത്രം കുന്നംകുളത്തുനിന്നോ വടക്കാഞ്ചേരിയിൽ നിന്നോ ഗവ. ഡോക്ടർമാർ വന്ന് പരിശോധിച്ചിരുന്നു. എന്നാൽ ഒരു പ്രത്യേക തരം ത്വക് രോഗികൾ മാത്രമാണ് അവിടെ ചികിത്സയ്ക്ക് എത്തിയിരുന്നത്. പിന്നീട് എരുമപ്പെട്ടിയിൽ ഒരു മിഡ്വൈഫ് (നെഴ്സ്) കേന്ദ്രം ഉണ്ടായി. 1962ൽ എരുമപ്പെട്ടിയിൽ ഓരു പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിതമായപ്പോൾ ഈ പഞ്ചായത്തിലെ സാധാരണക്കാർക്ക് വലിയ ആശ്വാസമായി. വളരെക്കൊല്ലങ്ങൾക്കുമുമ്പുതന്നെ എരുമപ്പെട്ടിയിൽ കരിയന്നൂർ ഗവ. ആയുർവ്വേദ ഡിസ്പെൻസറി എന്ന നാട്ടുചികിത്സാലയം നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന കാര്യം വിസ്മരിക്കാവുന്നതല്ല. ഇത് പിന്നീട് മങ്ങാട്ടേയ്ക്ക് മാറ്റി സ്ഥാപിച്ചു. സ്വന്തമായ കെട്ടിടവും സ്ഥലവും ഉണ്ട്.

എരുമപ്പെട്ടി പഞ്ചായത്തിലെ പഴക്കം ചെന്ന രണ്ടു പ്രധാന സ്ഥാപനങ്ങളാണ് മൃഗാസ്പത്രിയും സബ്ബ് രജിസ്ട്രർ ആഫീസും. ബാങ്കിംഗ് രംഗത്തെ ആദ്യത്തെ ചുവടുവെയ്പ് എരുമപ്പെട്ടിയിൽ 1971ൽ സൗത്ത് ഇന്ത്യൻ ബാങ്ക് തുടങ്ങിയതാണ്. പിന്നീട് 1991ൽ എരുമപ്പെട്ടിയിൽ തൃശ്ശൂർ ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് ശാഖ തുറന്നു. ഇതിനു വളരെ മുമ്പുതന്നെ 1962ൽ മങ്ങാട്ടു സ്ഥാപിതമായ എരുമപ്പെട്ടി പഞ്ചായത്ത് സർവ്വീസ് സഹകരണസംഘം സാമ്പത്തിക മേഖലയിൽ മഹത്തായ സേവനമാണ് കാഴ്ച വെച്ചിട്ടുള്ളത്.

# ഭൂപ്രകൃതിയും വിഭവങ്ങളും

ഭൂമിശാസ്ത്രപരമായി എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞു കിടക്കുന്നുവെങ്കിലും, കുന്നുകളും, താഴ്വരകളും, ചരിവുകളും, സമതലങ്ങളും കൂടി സമ്മിശ്രമായി പ്രകൃതിരമണീയമായ ഒരു ഭൂപ്രകൃതിയാണുള്ളത്

ഗ്രാമപഞ്ചായത്തിൽ മിക്കവാറും എല്ലാ വാർഡുകളിലും കുന്നുകളും ചരിവുകളും, സമതലങ്ങളും നെൽപാടങ്ങളും കാണപ്പെടുന്നു.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ കാണപ്പെടുന്ന കുന്നുകൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | കുന്നുകളുടെ പേര് |
|---|---|---|
| 1 | കരിയന്നൂര് | കരിയന്നൂർ കുന്ന് |
| 2 | കുന്നത്തേരി | ഉമിക്കുന്ന് |
| 3 | നെല്ലുവായ് | മങ്ങാട്കുന്ന് |
| 4 | കുട്ടഞ്ചേരി | നെല്ലികുന്ന്, പാലവെട്ടി കുന്ന്<br>കോട്ടകുന്ന് |
| 5 | മങ്ങാട് | കണ്ടംചിറ, ചെറുവക്കിൽ<br>ചോലകുന്ന് |
| 6 | മങ്ങാട് സെൻറർ | മുട്ടിക്കൽ കുന്ന് |
| 7 | കോട്ടപ്പുറം | ആറ്റത്ര കുന്ന്<br>കോട്ടകുന്ന് |
| 8 | കുണ്ടന്നൂർ | വെള്ളകുന്ന് |
| 9 | ചിറ്റണ്ട | പാലക്കൽ ചക്കികുന്ന്<br>കണ്ടംചിറഭാഗം |
| 10 | കാഞ്ഞിരക്കോട് | കൊടുമ്പ്കുന്ന് |
| 11 | കൊടുമ്പ് | കോട്ടകുന്ന് |

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ മൺതരം വെട്ടുകൽ മണ്ണ് ആണ്. ധാരാളം കരിങ്കൽ ക്വാറികൾ ഈ ഗ്രാമപഞ്ചായത്തിൽ കാണപ്പെടുന്നുണ്ട്. വെട്ടുകല്ല് ഖനനവും പല സ്ഥലങ്ങളിലും ഉണ്ട്.

എരുമപ്പെട്ടി Central Midland എന്ന കാർഷിക മേഖലയിൽ (Agro climatic zone) സ്ഥിതി ചെയ്യുന്നു. ഇവിടെ കാണപ്പെടുന്ന പ്രധാന കാർഷിക വിളകൾ നെല്ല്, തെങ്ങ്, കമുക്, വാഴ, മരച്ചീനി എന്നിവയാകുന്നു.

## പാരിസ്ഥിതിക പ്രശ്നങ്ങൾ :

കുന്നുകളിലും, കുന്നിൻ ചെരുവുകളിലും മണ്ണൊലിപ്പാണ് പ്രധാന പ്രശ്നം. ചിലയിടങ്ങളിൽ ചെരുവുകളിലും താഴ്വാരങ്ങളിലും കരിങ്കൽ ഖനനം നടത്തപ്പെടുന്നു. സമതലപ്രദേശങ്ങളിൽ വെട്ടുകൽ ഖനനവും നെൽപാടങ്ങളിൽ നിന്ന് കളിമൺ ഖനനവും നടക്കുന്നുണ്ട്.

മൺതരങ്ങൾ സസ്യാവരണം, ആൾപാർപ്പ് എന്നിവ

| | ഭൂപ്രകൃതി | സസ്യാവരണം | ആൾ പാർപ്പ് | മൺതരം |
|---|---|---|---|---|
| 1. | കുന്ന് | യൂക്കാലി, അക്കേഷ്യ, വനവൃക്ഷങ്ങൾ | ഇല്ല | വെട്ടുകൽ മണ്ണും പാറകളും |
| 2. | ചരിവുകൾ | കശുമാവ്, റബ്ബർ, തെങ്ങ്, മാവ്, പ്ലാവ് | ഉണ്ട് | വെട്ടുകൽമണ്ണ് |
| 3. | താഴ്വാരങ്ങൾ & സമതലങ്ങൾ | കവുങ്ങ്, തെങ്ങ്, കുരുമുളക്, വാഴ, മരച്ചീനി, പച്ചക്കറികൾ | ഉണ്ട് | പശിമ രാശിയുള്ള വെട്ടുകൽമണ്ണ് |
| 4. | നെൽപാടങ്ങൾ | നെല്ല് | ഇല്ല | കളിമണ്ണ് |

## ജലലഭ്യത :

350 അടി ഉയരത്തിൽ ജല സ്രോതസ്സുകൾ ലഭ്യമല്ല. താഴ്വരയിൽ ജൂൺ മുതൽ മാർച്ച് വരെ ജലം ലഭ്യമാണ്. സമതലം ആരംഭിക്കുന്നിടത്ത് 30 അടി താഴ്ചയിൽ ജലം ലഭ്യമാണ്. സമതലങ്ങളിൽ ജൂൺ മുതൽ ഫെബ്രുവരി വരെ ജലമുണ്ടെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. നെൽപാടങ്ങളിൽ മഴയെ ആശ്രയിച്ചാണ് വിളയിറക്കുന്നത്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നെൽകൃഷിക്ക് ഉണക്കം ബാധിക്കുന്ന അവസ്ഥ മിക്കവാറും വർഷങ്ങളിൽ ഉണ്ടാകാറുണ്ട്.

## കാലാവസ്ഥ

ഇവിടെ അനുഭവപ്പെടുന്ന ശരാശരി മഴ 250 സെൻറീമീറ്റർ ആണ്. മഴയിൽ ഭൂരിഭാഗവും എടവപ്പാതിയ്ക്ക് ലഭിക്കുന്നു. തുലാവർഷം ഉണ്ടാകാറുണ്ടെങ്കിലും ചെറിയ തോതിൽ മാത്രമെ മഴ ലഭിക്കാറുള്ളൂ. ഇട മഴകളുടെ ലഭ്യത കുറവാണ്.

| വർഷം | ലഭ്യമായ ശരാശരി മഴ |
|---|---|
| 1986 | 203 സെ.മീ. |
| 1987 | 185 സെ.മീ. |
| 1988 | 234 സെ.മീ. |
| 1989 | 268 സെ.മീ. |
| 1990 | 280 സെ.മീ. |
| 1991 | 322 സെ.മീ. |
| 1992 | 285 സെ.മീ. |
| 1993 | 211 സെ.മീ. |
| 1994 | 282 സെ.മീ. |
| 1995 | 242 സെ.മീ. |
| 1996 | 236 സെ.മീ. |




കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് ഏറ്റവും കൂടുതൽ മഴ ലഭ്യമായത് **1991**ൽ ആണ്. അന്ന് ലഭിച്ച മഴ **322** സെ.മീ. ആകുന്നു. ഏറ്റവും കുറവ് മഴ ലഭ്യമായത് **1987**ൽ ആകുന്നു. അന്ന് ലഭ്യമായത് **185** സെ.മീ. മഴയാണ്. **1993**ൽ വെറും **211** സെ.മീ. മഴയാണ് ലഭ്യമായത്.

**1996** വർഷത്തിൽ ലഭ്യമായ മഴ താഴെ വിവരിക്കുന്നു

| Month | Jan | Feb | Mar | April | May | June | July | Aug | Sep | Oct | Nov |
|---|---|---|---|---|---|---|---|---|---|---|---|
| Rainfall in (mm) | - | - | - | 225 | 78 | 481 | 548 | 292.5 | 434 | 303 | - |

ഈ വർഷത്തിൽ ഇതുവരെ ലഭ്യമായ ശരാശരി മഴ **236.15** സെൻറീ മീറ്റർ ആകുന്നു.

കാലാവസ്ഥ കലണ്ടർ




1. മെയ്മാസം മുതൽ ആഗസ്റ്റ് വരെ
2. സെപ്പംബർ മുതൽ നവംബർ വരെ
3. ഫെബ്രുവരി മുതൽ ഏപ്രിൽ വരെ
4. നവംബർ മുതൽ ജനുവരി വരെ

## ജല സ്രോതസ്സുകൾ

പതിനൊന്നാം വാർഡിൻെറ അതിർത്തിക്കരികിൽ സ്ഥിതിചെയ്യുന്ന കൊടുമ്പ് ചാത്തൻ ചിറയും വടക്കാഞ്ചേരി പുഴയും കുളങ്ങളും തോടുകളും കരിയന്നൂരിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പരിപാടിയും വ്യക്തികളുടെ പറമ്പുകളിലുള്ള കുളങ്ങളും, കിണറുകളും എല്ലാമാണ് ജല സ്രോതസ്സുകൾ.

പൂതാർകുളം, പുത്തൻകുളം, കാവാലൻചിറ, ഭരണിച്ചിറ, പൂവ്വക്കോട്ട് കുളം, മലയണ്ണൻ കുളം, ചാത്തംകുളം, ചെറുവക്കി ച്ചോല, മുന്നൂറ്റാംകുഴി, പല്ലിക്കാട്ട് കുളം, കോരച്ചാംകുളം, ഇമ്രി ഞ്ഞാട്ടുകുളം, അയ്യംകുളം, പരാത്ത്കുളം, ചട്ടിക്കുളം, കൊടുമ്പു കുളം എന്നിവയാണ് പ്രധാന കുളങ്ങൾ.

മൃദു ജലമാണ് സാധാരണയായി കിണറുകളിൽ കാണ പ്പെടുന്നത്.

## മണ്ണ്

എരുമപ്പെട്ടിയിലെ ഗ്രാമപഞ്ചായത്തിലെ മൺതരം വെട്ടുകൽ മണ്ണാണ്

കുന്നിൻ മുകളിൽ പാറക്കെട്ടുകളോടുകൂടിയ വെട്ടുകൽ മണ്ണ് കാണപ്പെടുന്നു.

കുന്നിൻ ചെരുവുകളിൽ ഫലപുഷ്ടികുറഞ്ഞ മണ്ണും,

സമതലങ്ങളിൽ പശിമരാശിയുള്ള മണ്ണും, നെൽപാടങ്ങളിൽ ഫലപുഷ്ടിയുള്ള കളിമണ്ണ് ചേർന്ന മണ്ണും കാണപ്പെടുന്നു.

നീർവാർച്ചാ സൗകര്യമുള്ള മണ്ണാണ് പൊതുവിൽ കാണപ്പെടുന്നത്. വെള്ളക്കെട്ടുകളോ, ചതുപ്പുനിലങ്ങളോ ഇവിടെ കാണപ്പെടുന്നില്ല.

മണ്ണിലെ പോഷക ഘടകങ്ങളുടെ തോത് വിശകലനം ചെയ്യുമ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസിയം എന്നിവ ചെടികളുടെ വളർച്ചയ്ക്ക് ആവശ്യമായ തോതിൽ കാണപ്പെടുന്നില്ല.

മണ്ണിന്റെ P.H 4.5നും 6.5നും ഇടയ്ക്കായിട്ടാണ് കാണപ്പെടുന്നത്.

## ഭൂവിനിയോഗം

| | | |
|---|---|---|
| കാർഷികഭൂമി | - | 910 ഹെക്. |
| കാർഷികേതരഭൂമി | - | കണക്കാക്കപ്പെട്ടിട്ടില്ല |
| തരിശ് | - | 2.99 ഹെക്. |
| മൈതാനങ്ങൾ | - | കണക്കാക്കപ്പെട്ടിട്ടില്ല |
| റോഡുകൾ | - | കണക്കാക്കപ്പെട്ടിട്ടില്ല |

മുൻകാലങ്ങളിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണമായിരുന്നു കൂടുതൽ. എന്നാൽ ഇപ്പോൾ കരഭൂമി (പുരയിടം)യാണ് വിസ്തീർണ്ണത്തിൽ കൂടുതലായി കാണപ്പെടുന്നത്.

## ജൈവസമ്പത്ത്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ റിസർവ്വ് വനങ്ങളാണ് പ്രധാനപ്പെട്ട സസ്യമൃഗസമ്പത്തുകർക്കുറവിടം

സസ്യ സമ്പത്തുക്കളിൽ ചന്ദന മരങ്ങളും, ഇരുമുള്ള്, വെന്തേക്ക്, മരുത്, അയിനി, താന്നി, മയിലെള്ള്, കാട്ടുവേപ്പ്, ഈട്ടി എന്നിവയും വെള്ളത്താമരയും കാണപ്പെടുന്നു. നന്നാരി തുടങ്ങി പല പച്ചമരുന്നുകളുടേയും ഉറവിടമാണ് വനങ്ങൾ.

പക്ഷികളിൽ മയിലുകൾ ധാരാളമായി കാണപ്പെടുന്നു. കാട്ടുകോഴികളേയും കാണപ്പെടുന്നുണ്ട്.

## മൃഗസമ്പത്ത്

കാട്ടുപന്നി, മുള്ളൻപന്നി, ഉടുമ്പ്, ഇത്തിൾപന്നി, വെരുക് എന്നിവയും അപൂർവ്വമായി മലമ്പാമ്പുകളും കാണപ്പെടുന്നുണ്ട്.

## മനുഷ്യസമ്പത്ത് :

1991 സെൻസസ് അനുസരിച്ച് എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 26,222 ആണ്. കൊടുമ്പ് വാർഡിൽ കുടിയേറ്റ സ്വഭാവമുള്ളതായി കാണാം.

| കുട്ടികൾ കൗമാരപ്രായക്കാർ | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|
| 6796 | 9907 | 9519 |

ജനസംഖ്യാ വർദ്ധനവ് ഗ്രാഫിലൂടെ



10

# കൃഷി, ജലസേചനം, വനം

## 1. കാർഷിക ചരിത്രം :

അങ്ങിങ്ങായി ചിതറിക്കിടക്കുന്ന കുന്നുകളും താഴ്വരകളും നെൽപ്പാടങ്ങളും കൊണ്ട് പ്രകൃതിരമണീയമായ ഒരു ഗ്രാമപഞ്ചായത്ത് - അതാണ് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്. പ്രകൃതി സൗന്ദര്യം കനിഞ്ഞു നൽകിയിട്ടുണ്ടെങ്കിലും ജല ദൗർലഭ്യം എന്ന തീരാശാപം ഈ പഞ്ചായത്തിൻെറ കാർഷികപുരോഗതിയെ പുരാതന കാലം മുതൽക്കെ ബാധിച്ചുകൊണ്ടിരുന്നിരുന്നു. ഇന്നും രൂക്ഷമായ ജലക്ഷാമം കാർഷികപുരോഗതിക്ക് വിഘാതമായി നിൽക്കുന്നു.

11 വാർഡുകളുള്ള ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കർഷകരും, കാർഷിക തൊഴിലാളികളുമാണ്.

വിരലിലെണ്ണാവുന്ന ചിറകളും, കുളങ്ങളും അവയിൽ നിന്നുത്ഭവിക്കുന്ന തോടുകളും, കൂടാതെ പഞ്ചായത്തിൻെറ തെക്കുഭാഗം ചേർന്നൊഴുകുന്ന വടക്കാഞ്ചേരി പുഴയേയും ആശ്രയിച്ചാണ് കാർഷിക പ്രവർത്തനങ്ങൾ നിലകൊള്ളുന്നത്. നവംബർ, ഡിസംബർ മാസങ്ങളാകുന്നതോടെ വരൾച്ച എന്ന തീരാശാപം ഈ പഞ്ചായത്തിലെ കാർഷിക മേഖലയെ ബാധിക്കാൻ തുടങ്ങുന്നു. തൻമൂലം മുണ്ടകൻ കൃഷിക്ക് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെട്ട് വിളവ് കുറയുന്നതിന് കാരണമാകുന്നു.

പരമ്പരാഗതമായി കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന ധാരാളം കുടുംബങ്ങളെ ഈ ഗ്രാമപഞ്ചായത്തിൽ നമുക്ക് കാണാൻ കഴിയും. ഇവിടത്തെ പ്രധാന കാർഷികവിള നെല്ലാകുന്നു. തെങ്ങ്, കമുക്, വാഴ എന്നിവയാണ് മറ്റു പ്രധാന വിളകൾ. റബ്ബർ, കശുമാവ് എന്നീ തോട്ടവിളകൾ ഗ്രാമപഞ്ചായത്തിൽ അങ്ങിങ്ങായി കാണപ്പെടുന്നുണ്ട്. അപൂർവ്വമായി പച്ചക്കറി കൃഷിയും കാണപ്പെടുന്നു. സമ്മിശ്ര കൃഷിരീതിയാണ് പണ്ടുമുതൽക്കു തന്നെ ഇവിടെ നിലനിന്നുപോന്നിരുന്നത്. മുൻകാലങ്ങളിൽ ചെറിയ തോതിൽ പുഞ്ചകൃഷി ചെയ്യുവാൻ കഴിഞ്ഞിരുന്നു എങ്കിലും ഇന്ന് അത് നാമാവിശേഷമായ അവസ്ഥയിലാണ്, കൂടാതെ ഉയർന്ന കാപ്രദേശങ്ങളിൽ മോഡേൺ കൃഷി സമ്പ്രദായം നിലനിന്നിരുന്നു. എള്ള്, മുതിര, ഉഴുന്ന്, ചാമ, കഞ്ഞിപ്പുല്ല് (റാഗി), പച്ചക്കറി എന്നിവയൊക്കെ പരക്കെ കൃഷി ചെയ്തിരുന്നു എന്ന് കർഷക കാരണവൻമാർ അഭിപ്രായപ്പെടുന്നു എങ്കിലും ഇന്ന് അപൂർവ്വമായി എള്ളു കൃഷി മാത്രം കാണാം. ഇതിലൊക്കെ ഉപരി ഔഷധ പ്രാധാന്യമുള്ള ഞവര എന്ന നെൽവിത്ത് കൃഷി ചെയ്തിരുന്നു. വൻതോതിൽ മരച്ചീനി കൃഷിയും മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്നു.

ഈ ഗ്രാമപഞ്ചായത്തിലെ കാർഷിക രംഗത്ത് യന്ത്രവൽക്കരണത്തിന് അടുത്ത കാലത്തായി തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും ഇനിയും ഒട്ടേറെ ദൂരം മുന്നോട്ട് പോകുവാനുണ്ട്. കൃഷിഭവൻെറ ഓഫീസ് കെട്ടിടം പണിയുന്നതിനായി സ്വന്തമായ സ്ഥലം ഉണ്ടെങ്കിലും ഓഫീസ് ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ഭൂവിനിമയത്തേയും ഭൂ ഉടമസ്ഥതയേയും കുറിച്ചുള്ള പട്ടികകൾ :

മുൻകാലങ്ങളിൽ

| ക്രമ നമ്പർ | വിവരണം | വിസ്തീർണ്ണം |
|---|---|---|
| 1. | നിലം | 1028. 46 ഹെക്ടർ |
| 2. | പുരയിടം | 1229.13 ഹെക്ടർ |
| 3. | തരിശ് | 2.0 ഹെക്ടർ |
| 4. | പുറമ്പോക്ക് | 955 ഹെക്ടർ |
| 5. | കൃഷിചെയ്യാവുന്ന തരിശ് | ഇല്ല |
| 6. | മേച്ചിൽ സ്ഥലങ്ങൾ | ഇല്ല |
| | ആകെ | 3212.5 ഹെക്ടർ |

ഇപ്പോഴത്തെ

| ക്രമ നമ്പർ | വിവരണം | വിസ്തീർണ്ണം |
|---|---|---|
| 1. | നിലം | 910 ഹെക്ടർ |
| 2. | പുരയിടം | 1347.6 ഹെക്ടർ |
| 3. | തരിശ് | 2.0 ഹെക്ടർ |
| 4. | പുറമ്പോക്ക് | 955 ഹെക്ടർ |
| 5. | കൃഷി ചെയ്യാവുന്ന തരിശ് | ഇല്ല |
| 6. | മേച്ചിൽ സ്ഥലങ്ങൾ | ഇല്ല |
| | ആകെ | 3212.5 ഹെക്ടർ |

ലഭ്യമായ കണക്കുകളെ അടിസ്ഥാനമാക്കി ഒരു അവലോകനം നടത്തുമ്പോൾ നെൽപാടത്തിൻെറ വിസ്തീർണ്ണം കുറഞ്ഞു വരുന്നതായും, തെങ്ങുകൃഷിയുടേയും മറ്റും വിസ്തീർണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടിവരുന്നതായും കാണപ്പെടുന്നു. നെൽപാടങ്ങൾ വീടുവയ്ക്കുന്നതിനും, തെങ്ങു വെയ്ക്കുന്നതിനും മറ്റുമായി നികത്തപ്പെടുന്നതാണ് ഇതിനു പ്രധാന കാരണം.

## വിളചേരുവ

നെല്ലാണ് ഈ ഗ്രാമ പഞ്ചായത്തിലെ മുഖ്യവിള. മറ്റു പ്രധാന വിളകൾ തെങ്ങ്, കുരുമുളക്, കമുക്, വാഴ എന്നിവയാണ്

| വിള | വിസ്തീർണ്ണം |
|---|---|
| നെല്ല് | 910 ഹെ. |
| തെങ്ങ് | 473 ഹെ. |
| കമുക് | 354 ഹെ. |
| വാഴ | 30 ഹെ. |
| കശുമാവ് | 18.5 ഹെ |
| കുരുമുളക് | 28 ഹെ |
| റബ്ബർ | 19 ഹെ. |
| പച്ചക്കറികൾ | 29 ഹെ. |
| മരച്ചീനി | 14 ഹെ. |
| പയറുവർഗ്ഗങ്ങൾ | 12 ഹെ. |

## ഉല്പാദനക്ഷമത:

വിളകളുടെ വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്ത് മുൻപന്തിയിലാണെങ്കിലും, ഉല്പാദനക്ഷമതയുടെ കാര്യത്തിൽ പലപ്പോഴും പിന്നിലാണ്. നെല്ല്, തെങ്ങ്, കമുക് എന്നി വിളകളുടെ ഉല്പാദനത്തെ ജല ദൗർലഭ്യം കാര്യമായി ബാധിക്കുന്നതായി കാണപ്പെടുന്നു. ജൈവവളപ്രയോഗത്തിന്റെ അപര്യാപ്തതയും ഉല്പാദനകുറവിന് കാരണമാകുന്നു.

| വിള | ഉല്പാദനക്ഷമത |
|---|---|
| നെല്ല് :- | |
| വിരിപ്പ് | 1600 കിലോ/ഹെക്ടർ |
| മുണ്ടകൻ | 1710 കിലോ/ഹെക്ടർ |
| തെങ്ങ് | 6400 എണ്ണം/വർഷം |
| കമുക് | 75000 എണ്ണം/വർഷം |
| വാഴ | 15000 കിലോ/ഹെക്ടർ |
| കശുമാവ് | 1000 കിലോ/ഹെക്ടർ |
| കുരുമുളക് | 200 കിലോ/ഹെക്ടർ |
| റബ്ബർ | 5000 കിലോ/ഹെക്ടർ |
| പച്ചക്കറികൾ | 1900 കിലോ/ഹെക്ടർ |
| മരച്ചീനി | 6000 കിലോ/ഹെക്ടർ |
| പയറുവർഗ്ഗങ്ങൾ | 325 കിലോ/ഹെക്ടർ |

## ജലസേചന സൗകര്യങ്ങൾ :

കുളങ്ങളും, കിണറുകളും, തോടുകളും, തടയണകളും ഈ ഗ്രാമപഞ്ചായത്തിൽ ജലസേചന സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു. പറമ്പ് ജലസേചന സൗകര്യവും ധാരാളം കർഷകർ ഉപയോഗിക്കുന്നു.

വടക്കാഞ്ചേരി പുഴയിൽ മൂന്നിടങ്ങളിൽ സ്ഥിരമായുള്ള ചിറകൾ ഉണ്ട്. കാഞ്ഞിരക്കോട് ചിറ, മുട്ടിക്കൽ ചിറ, ആലിക്കൽ ചിറ എന്നിവയാണ് അവ.

ഇവ കൂടാതെ വേനൽക്കാലങ്ങളിൽ താല്ക്കാലിക ചിറകളും നിർമ്മിക്കാറുണ്ട്.

ജലസേചന മാർഗ്ഗങ്ങൾ വാർഡ് തലത്തിൽ

| വാർഡ് നമ്പർ | ജലസ്രോതസ്സുകളുടെ പേര് |
|---|---|
| ഒന്ന് | കരിയന്നൂർ തോട് |
| രണ്ട് | പരപ്പൻതോട്, പാറക്കുണ്ട്, പുതാർകുളം |
| മൂന്ന് | പുത്തൻകുളം, കവലാംചിറ, മുറിങ്ങത്തോറി, പുത്തൻകുളം, നെല്ലുവായ് തോട് |
| നാല് | ഭരണിച്ചിറ, പുവ്വക്കോട്കുളം, പുവ്വക്കോട് തോട് |
| അഞ്ച് | മലയണ്ണൻകുളം, ചാത്താംകുളം, ചാത്താംകുളം തോട്, കൽകഴ തോട്, ചെറുവക്കിൽ ചോല, ഇടങ്ങാഴി തോട്, മങ്ങാട് തോട്ടുപാലം തോട് |
| ആറ് | നെല്ലുവായ് കുളം, ചെറാംകുളം, മുന്നൂറ്റാംകുഴി, നെല്ലുവായ് മിനി കനാൽ |
| ഏഴ് | പല്ലിക്കാട്ട്കുളം, കോട്ടപ്പിള്ള തോട്, കോട്ടപ്പുറം തോട് |
| എട്ട് | കോരച്ചാംകുളം, മണിയൻചിറ തോട്, വെട്ടിക്കൽ തോട് |
| ഒമ്പത് | ചിറ്റണ്ട ശങ്കരമംഗലം തോട്, ഇ മങ്ങാട്ടുകുളം, പുളിക്കത്തോട് |
| പത്ത് | അയ്യംകുളം, പരാത്ത്കുളം, ചട്ടികുളം, പുങ്ങോട് തോട് |
| പതിനൊന്ന് | കൊടുമ്പുകുളം, ചാത്തൻചിറ, കാഞ്ഞിരക്കോട് തോട്, ചാത്തൻചിറ മിനി കനാൽ, വെള്ളഞ്ചിറി പാറ. |

## ഉല്പന്നങ്ങളുടെ വിലയും വിപണനവും :

ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പൊതു വിപണന കേന്ദ്രം ഇപ്പോൾ നിലവിലില്ല. സാധാരണ കർഷകന് വടക്കാഞ്ചേരി, കുന്നംകുളം മാർക്കറ്റുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നെല്ല്, നേന്ത്രക്കായ്, അടയ്ക്ക, നാളികേരം എന്നിവയുടെ വിപണനം നടക്കുന്നത് ഇടത്തട്ടുകാർ മുഖേനയാണ്.

## കാർഷിക ബന്ധങ്ങൾ

ഈ ഗ്രാമപഞ്ചായത്തിൽ ബഹുഭൂരിഭാഗവും നാമമാത്ര കർഷകരാണ്.




**a.** വൻകിട കർഷകർ
**b.** ചെറുകിട കർഷകർ
**c.** നാമമാത്ര കർഷകർ

സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞു വരികയാണ്, കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് പോകുന്നതുമൂലം ഈ മേഖലകളിൽ തൊഴിലാളി ക്ഷാമം രൂക്ഷമാകുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ 97.2% നാമമാത്ര കർഷകരും 2.14% ചെറുകിട കർഷകരും 0.66% വൻകിട കർഷകരും ആണ്.

## കൂലിസേവന വ്യവസ്ഥകൾ :

നിലം പാകപ്പെടുത്തുന്നതിനായി ഭൂരിഭാഗം കർഷകരും ട്രാക്റ്റർ ആണ് ഉപയോഗപ്പെടുത്തുന്നത്. മണിക്കൂറിന് 140 രൂപ മുതൽ 175 രൂപ വരെ ചാർജ് ഈടാക്കപ്പെടുന്നു.

| ജോലിയുടെ തരം | കൂലി സ്ത്രീ | നിരക്കുകകൾ പുരുഷൻ |
|---|---|---|
| 1. ഉഴവ് :- കന്നുകാലി | | 200/ഏറ് |
| 2. കിളക്കൽ | | 110 to 120 |
| 3. ഞാറുപറിക്കൽ/നടീൽ | 60 to 65രൂപ | |
| 4. കളപറിക്കൽ | 60 to 65 | |
| 5. കൊയ്ത്ത് | 60 to 65 | |
| 6. മെതിക്കൽ | 60 to 65 | |
| 7. തേങ്ങയിടൽ | | Rs.4 മരത്തിന് |
| 8. റബ്ബർ വെട്ട് | | Rs. 75 ബ്ലോക്ക് |
| 9. കീടനാശിനി തെളിക്കൽ | | Rs. 25 മണിക്കൂറിന് |

## വള ഉപയോഗം

എറുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 4 രാസവള വില്പന ശാലകളും 4 കീടനാശിനി വില്പനശാലകളും ഉണ്ട്. ഇതിൽ ഓരോന്ന് മാത്രം സഹകരണ മേഖലയിൽ സ്ഥിതി ചെയ്യുന്നു.

ജൈവവളം ഉപയോഗത്തിലുണ്ടെങ്കിലും മണ്ണിന്റെ ഘടന നിലനിർത്തുന്നതിനാവശ്യമായ തോതിൽ ജൈവവളം ഉപയോഗിക്കുന്നില്ല. തൻമൂലം മണ്ണിന്റെ ജലസംഭരണശേഷി കുറഞ്ഞുപോകുന്നു.

കഴിഞ്ഞ മൂന്നു വർഷത്തെ രാസവള കീടനാശിനികളുടെ ഉപയോഗത്തെക്കുറിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു

| സ്ഥാപനം | 1993 - 94 വളം, കിലോ | കീടനാശിനി ദ്രവം | കീടനാശിനി ഖരം | 1994 - 95 | ദ്രവം | ഖരം | 1995 - 96 കി.ഗ്രാം. | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
|---|---|---|---|---|---|---|---|---|---|
| സഹകരണം | 64980 | 30.4 ലി. | 601.5 കി. | 82524 | 32.3 ലി. | 680 കി. | 74950 | 36.4 ലി. | 708 കി. |
| സ്വകാര്യം | 107460 | 32.6 ലി. | 198 കി. | 97640 | 38.4 ലി. | 308 കി. | 110625 | 36.6 ലി. | 362 കി. |
| ആകെ | 172440 | 63 ലി. | 799.5 കി. | 180164 | 70.7 ലി. | 988 കി. | 185575 | 73 ലി. | 1070 കി. |

## വായ്പാ സൗകര്യങ്ങൾ :

സഹകരണമേഖലയിൽ എരുമപ്പെട്ടി കോ-ഓപ്പറേറ്റീവ് ബാങ്കും, ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ചും, ധനകാര്യ സ്ഥാപനങ്ങളായി ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഒരു ബ്രാഞ്ചും ഇവിടെയുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് ഇവിടെയുള്ള ധനകാര്യസ്ഥാപനങ്ങൾ അപര്യാപ്തമാണ്. കൃഷിക്കാർക്കാവശ്യമായ സാമ്പത്തിസഹായം യഥാകാലങ്ങളിൽ ലഭിക്കാത്തതുമൂലം കാർഷിക മേഖലയിൽ കൃഷിക്കാർക്ക് ധാരാളം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്.

## കർഷക സംരംഭങ്ങൾ :

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 16 പാടകശേഖര സമിതികളും ഒരു കേര സമിതിയും ഇപ്പോൾ നിലവിലുണ്ട്.

| | പാടശേഖരത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1. | കരിയന്നൂർ പാടശേഖരം | I |
| 2. | മഞ്ഞാർ പാടശേഖരം | II |
| 3. | കുന്നത്തേരി പാടശേഖരം | II |
| 4. | പതിയാരം പാടശേഖരം | III |
| 5. | നെല്ലുവായ് പാടശേഖരം | III |
| 6. | കൂട്ടഞ്ചേരി പാടശേഖരം | IV |
| 7. | മങ്ങാട് ചാത്തൻകുളം പാടശേഖരം | V |
| 8. | മങ്ങാട് തൊറയൻ പാടശേഖരം | VI |
| 9. | ആറ്റത്ര പാടശേഖരം | VII |
| 10. | കോട്ടപ്പുറം പാടശേഖരം | VII |
| 11. | കുണ്ടന്നൂർ പാടശേഖരം | VIII |
| 12. | ചിറ്റണ്ട പടിഞ്ഞാട്ടുമുറി പാടശേഖരം | IX |
| 13. | ചിറ്റണ്ട പൂങ്ങോട് പാടശേഖരം | IX |
| 14. | കാഞ്ഞിരക്കോട് പാടശേഖരം | X |
| 15. | കൊടുമ്പ് വെള്ളാഞ്ചിരിപ്പാറ " | XI |
| 16. | കൊടുമ്പ് പാടശേഖരം | XI |

കൂടാതെ പട്ടുനൂൽപ്പുഴു വളർത്തുന്നവരുടെ ഒരു സമിതിയും, റബ്ബർ വളർത്തുന്നവരുടെ ഒരു അസോസിയേഷനും നിലവിലുണ്ട്.

## കീടരോഗങ്ങൾ :

| വിള | കീടങ്ങൾ | രോഗങ്ങൾ |
|---|---|---|
| നെല | തണ്ടുതുരപ്പൻ, ചാഴി, ഗാളീച്ച, ഇലചുരുട്ടിപ്പുഴു | ഇലപ്പുള്ളി രോഗങ്ങൾ, കുലവാട്ടം(ബ്ലാസ്റ്റ്), ബാക്ടീരിയൽ ലീഫ്ബ്ലയിറ്റ് |
| തെങ്ങ | കൊമ്പൻചെലി, ചെമ്പൻചെലി, മിലീപെഗ, | കൂമ്പ് ചീയൽ, ചെന്നീരൊലിപ |
| കവുങ്ങ | സ്പിൻഡിൽ ബഗ്, ഇലപ്പേൻ | മഹാളി, മഞ്ഞളിപ്പ് |
| കുരുമുളക | പൊള്ളുവണ്ട | ദ്രുതവാട്ടം |
| നേന്ത്രവാഴ | തടതുരപ്പൻ, മാണപ്പുഴു, ഇലതിനിപ്പുഴു | സിഗാടോക്ക, കുമ്പടപ്പ് |
| കശുമാവ | തേയിലകൊതുക്, തടിതുരപ്പൻ | പിങ്കഡിസീസ |
| പച്ചക്കറികൾ | കായീച്ച, തണ്ട്തുരപ്പൻ, എപ്പിലാക്നാ ബീറ്റിൽ | മൊഡേക്ക |

നെല്ലിനെ ബാധിച്ചുകൊണ്ടിരിക്കുന്ന പ്രധാന രോഗം ബ്ലാസ്റ്റ്, ബാക്ടീരിയൻ ലീഫ് ബ്ലയിറ്റ് എന്നിവയാണ്. നെല്ലിൻെറ പ്രധാന കീടങ്ങൾ ചാഴി, തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു എന്നിവയും ആകുന്നു.

തെങ്ങിൻെറ പ്രധാന കീടങ്ങൾ, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയും രോഗങ്ങൾ കുമ്പുചീയലും ചെന്നീരൊലിപ്പും ആകുന്നു.

കവുങ്ങ് കൃഷിയെ ബാധിക്കുന്ന പ്രധാന പ്രശ്നം മാഹാളി രോഗമാണ്.

ദ്രുതവാട്ടം എന്ന രോഗം മിക്കവാറും കുരുമുളക് തോട്ടങ്ങളെ ബാധിച്ചിട്ടുണ്ട്.

നേന്ത്രവാഴകൃഷിക്ക് ഭീഷണിയെന്നോണം തുടതുരപ്പൻ വണ്ടിൻെറ ആക്രമണം ഗ്രാമപഞ്ചായത്തിലെ പുഴയോട് ചേർന്നു കിടക്കുന്ന നേന്ത്രവാഴത്തോട്ടങ്ങളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടുണ്ട്. സിഗാടോക്ക എന്ന കുമിൾരോഗവും കാണപ്പെടുന്നു.

സസ്യസംരക്ഷണ മാർഗ്ഗങ്ങൾ കർഷകർ സ്വീകരിക്കാറുണ്ടെങ്കിലും പലപ്പോഴും കർഷകർ അമിതമായ ഉപയോഗം സ്വീകരിക്കുന്നു. പ്രത്യേകിച്ചും പച്ചക്കറിയുടെ കാര്യത്തിൽ. തൻമൂലം കീടങ്ങൾക്ക് കീടനാശിനികളുടെ വിഷാംശത്തെ അതിജീവിക്കാനുള്ള സ്വയം കഴിവ് ഉണ്ടായിത്തീരുന്നു.

ആയതുകൊണ്ട് കിനാശിനികളുടേയും കുമിൾനാശിനികളുടേയും ഉപയോഗക്രമത്തിലും വില്പനയിലും കുറച്ചുകൂടെ ജാഗ്രത പാലിക്കേണ്ടതുണ്ട്. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ കുറിപ്പില്ലാതെ കീടനാശിനി വ്യാപകമായ തോതിൽ കർഷകർ വാങ്ങി സ്വന്തം ഇഷ്ടത്തിനനുസരിച്ച് ഉപയോഗിക്കുന്ന ശീലം നിർത്തലാക്കുന്ന രീതി ഉണ്ടാക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്.

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ :

### 1. ജലദൗർലഭ്യം

ജലസ്രോതസ്സുകൾ ഉണ്ടെങ്കിലും ഡിസംബർ മാസമാകുന്നതോടെ അവയെല്ലാം വറ്റി വരളാൻ തുടങ്ങുന്നു. മഴക്കാലങ്ങളിൽ മാത്രം നിറഞ്ഞൊഴുകുന്ന വടക്കാഞ്ചേരി പുഴയിൽ നിന്നും കൃഷിക്കാവശ്യമായ ജലം വേനൽക്കാലങ്ങളിൽ ലഭ്യമല്ല.

### 2. മണ്ണൊലിപ്പ്

കുന്നുകൾ നിറഞ്ഞ ഭുപ്രകൃതി ആയതിനാലും, കുന്നുകൾ വൃക്ഷശൂന്യങ്ങളായതിനാലും രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു.

### 3. ജൈവവളങ്ങളുടെ അപര്യാപ്തത

മണ്ണിൻെറ ഘടന നിലനിർത്തുന്നതിനും ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും ജൈവവളം അത്യന്താപേക്ഷിതമാണ്. കർഷകർക്ക് ആവശ്യമായ തോതിൽ ജൈവവളം ലഭ്യമല്ല. ഉല്പാദനക്ഷമത കുറയുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് ജൈവവളങ്ങളുടെ അപര്യാപ്തതയാകുന്നു.

### 4. കർഷകതൊഴിലാളികളുടെ ലഭ്യത കുറവ്

തൊഴിലാളികൾ മറ്റു പല നിർമ്മാണ പ്രവർത്തനങ്ങളിലേക്കും വഴിമാറിപോകുന്നതുകൊണ്ട് കർഷകന് കൃഷിയിറക്കുന്നതിന് യഥാസമയം തൊഴിലാളികളെ ലഭിക്കാതെ വരുന്നു.

### 5. വായ്പാസൗകര്യം

ഈ ഗ്രാമപഞ്ചായത്തിൽ കർഷകർക്ക് ആവശ്യമായ ധനകാര്യ സ്ഥാപനങ്ങൾ നിലവിലില്ല. ഉള്ളവയിൽ നിന്നും കൃഷിക്ക് ആവശ്യമായ വായ്പാസൗകര്യം ലഭ്യമല്ല.

### 6. നടീൽ വസ്തുക്കളുടെ ലഭ്യത

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നടീൽ വസ്തുക്കൾ യഥാസമയം കിട്ടുന്നതിനാവശ്യമായ സ്വകാര്യ നെഴ്സറികളോ അംഗീകൃത നെഴ്സറികളോ ഇല്ല.

### 7. കാർഷികയന്ത്രോപകരണങ്ങളുടെ അപര്യാപ്തത

ട്രാക്ടർ, ടില്ലർ എന്നി യന്ത്രോപകരണങ്ങൾ കർഷകരുടെ ആവശ്യാനുസരണം യഥാസമയം ലഭ്യമല്ല.

### 8. വൈദ്യുതിയുടെ ലഭ്യത

ജലസേചന ഉപാധികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുകയും കിട്ടിയാൽ തന്നെ ആവശ്യമായ വോൾട്ടേജ് ലഭിക്കാതിരിക്കുകയും ചെയ്യുന്നു.

### 9. അശാസ്ത്രീയമായ വളപ്രയോഗവും അമിതമായ കീടനാശിനിപ്രയോഗവും

മണ്ണുപരിശോധന നടത്താതേയും, ഓരോ വിളക്ക് ആവശ്യമായ തോതിൽ അല്ലാതെയുമായ വളപ്രയോഗവും, കൃഷിക്കാരൻെറ ഇഷ്ടാനുസരണം അമിതമായ കീടനാശിനി ഉപയോഗവും മൂലം ഉല്പാദനചിലവ് കൂടുന്നതിന് കാരണമാകുന്നു.

### 10. വിപണസൗകര്യങ്ങളുടെ അപര്യാപ്തത

കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പൊതുവിപണന കേന്ദ്രങ്ങളോ സ്വകാര്യവിപണന കേന്ദ്രങ്ങളോ ഇല്ലാത്തതിനാൽ ഉല്പന്നങ്ങൾ ഇടത്തട്ടുകാർ കൊണ്ടുപോകുന്നു. തൻമൂലം കർഷകന് കാര്യമായ നഷ്ടം ഉണ്ടാകുന്നു.

### 11. കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണ യൂണിറ്റുകളുടെ കുറവ്

പ്രധാന വിളകളായ നെല്ല്, അടയ്ക്ക, നാളികേരം,

പച്ചക്കറികൾ എന്നിവയുടെ സംസ്കരണ യൂണിറ്റുകൾ ഈ ഗ്രാമപഞ്ചായത്തിൽ തീരെ ഇല്ല.

12. കൃഷിഭവന്റെ പ്രവർത്തനം

കൃഷിഭവന് സ്വന്തമായ സ്ഥലം ഉണ്ടെങ്കിലും ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നൂതന കൃഷിമുറികൾ യഥാസമയം കൃഷിക്കാരിൽ എത്തിക്കുന്നതിന് ആവശ്യമായ തസ്തികകൾ നിലവിലുണ്ടെങ്കിലും വർഷങ്ങളായി അത് ഒഴിഞ്ഞുകിടക്കുകയാണ്.

# ഗ്രാമസഭയുടെ ക്രോഡീകരണ റിപ്പോർട്ട്

## കൃഷിയും ജലസേചനവും

വാർഡ് ഒന്ന്

1. തെങ്ങ്, കമുക്, നെല്ല്, വാഴ, കുരുമുളക് എന്നിവയുടെ കൃഷിക്ക് സബ്സിഡി നൽകി സഹായിക്കുക.
2. കരിയന്നൂർ ഭാഗത്ത് തോട്ടിൽ ചിറ കെട്ടുക
3. നിലവിലുള്ള ആലിക്കൽചിറ സംരക്ഷിക്കുക
4. നിലവിലുള്ള കരിയന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനഃരുദ്ധാരണം നടത്തുക
5. ആലിക്കൽ ചിറയുടെ കിഴക്ക്ഭാഗത്ത് പല്ലിടുത്ത് കുഴിയിൽ പുതിയ ചിറ കെട്ടുക

വാർഡ് രണ്ട്

1. കാവലാൻ ചിറയിൽ സ്ഥാപിച്ചിട്ടുള്ള പമ്പ്സെറ്റ് വൈദ്യുതി എത്തിച്ച് പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക
2. നെല്ലുവായിലെത്തുന്ന തോട്ടിലെ രണ്ടു ചിറകളും പുതുക്കിപ്പണിയുക. (കുടിവെള്ളത്തിനും, കൃഷിക്കും കൂടുതൽ ഉപയോഗപ്രദമായ രീതിയിൽ)
3. പമ്പ്സെറ്റിന്റെ അടുത്ത് (കാവലാൻചിറയിൽ) ചിറയിൽ ഒരു കിണർ കുഴിക്കുക. അതിനോടനുബന്ധിച്ചുള്ള തോടുകൾ ശരിയാക്കുക.
4. പാപ്പൻതോടിന്റെ ബാക്കി പണികൾ പൂർത്തിയാക്കുക.
5. തിപ്പല്ലൂർ കരിയന്നൂർ പാടത്ത് അധികവെള്ളം ഒഴുക്കിക്കളയുന്നതിനായി പുതിയ തോട് നിർമ്മിക്കുക.
6. പുതാറുകുളം വൃത്തിയാക്കി സംരക്ഷിക്കുക.
7. കൃഷിഭവൻ നിർമ്മിക്കുന്നതിനുവേണ്ടി വാങ്ങിയ സ്ഥലത്ത് കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക
8. ജലസേചനത്തിനാവശ്യമായ പമ്പ്സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക
9. കൃഷിക്കാർ സഹകരണാടിസ്ഥാനത്തിൽ കൃഷിവിളകളിറക്കുക

വാർഡ് മൂന്ന്

1. ട്രാക്ടർ ഇറക്കുന്നതിനുള്ള വഴി സൗകര്യപ്രദമാക്കുക
2. അധിവെള്ളം നിയന്ത്രിക്കാനും കൃഷിക്കാവശ്യമായ ജലസേചനവും ഉണ്ടാക്കുക.
3. താഴെ പറയുന്ന കുളങ്ങൾ ആഴംകൂട്ടി സംരക്ഷിക്കുക. 1. കാവലൻചിറ, 2. പതിയാരം പുത്തൻകുളം 3. പാണാട്ട്കാവ് കുളം 4. മണ്ണാൻകുളം 5. കുട്ടൻചേരി ചാക്യാർ കുളം 6. മുരിങ്ങത്തേരി കാര്യംകുളം 7. കക്കാട്ട്കുളം
4. തോടുകളിൽ തടയണ നിർമ്മിക്കുകയും, പഞ്ചായത്തു ചിറ നന്നാക്കുകയും ചെയ്യുക
5. നെൽപ്പാടം മണ്ണിട്ട് നികത്തുന്നത് തടയുക
6. മുട്ടിക്കൽ കെട്ടിലെ വെള്ളം, വാഴാനി വെള്ളം എന്നിവ ഈ വാർഡിലെ ജനങ്ങൾക്ക് ജലസേചനത്തിന് ഉപയുക്തമാക്കുക

വാർഡ് നാല്

1. ഭരണച്ചിറ താഴ്ത്തി പടവ് കെട്ടി ചീർപ്പ് ഇട്ട് സംരക്ഷിക്കണം
2. പുവ്വക്കോട്ട്കുളം അതിനോടനുബന്ധിച്ചുള്ള തോടും ഇരുവശവും കെട്ടി തടയിണകളും കെട്ടി പട്ടാമ്പി റോഡി നടുത്ത് ചീർപ്പിട്ട് സംരക്ഷിക്കുക
3. മൂന്നാം വാർഡിലെ കിഴക്കേ പുത്തൻകുളത്തിലെ വെള്ളം 4-ാം വാർഡിലേക്ക് ഉപയോഗപ്രദമാക്കുന്നതിന് കുളം നന്നാക്കി കുടുതൽ വെള്ളം സംരക്ഷിക്കാൻ നിർദ്ദേശിക്കുന്നു.
4. ഭാണിച്ചിറ, പുവ്വക്കോട്ട്കുളം, കിഴക്കേ പുത്തൻകുളം എന്നിവിടങ്ങളിൽ പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തണമെന്ന് നിർദ്ദേശിക്കുന്നു.
5. കുറുമ്പിലാംകുന്ന് കോളനി അവസാനിക്കുന്നതുവരെയും, ഭരണിച്ചിറ റോഡിലും വയലിലേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് സൗകര്യം ഉണ്ടാക്കുക
6. കുട്ടഞ്ചേരിയിൽ നിന്ന് മുരിങ്ങത്തേറിയിലേക്ക് കടക്കുന്ന പാടത്തിനടുത്തുള്ള റോഡിൽ നിലപാതി (ട്രാക്ടർ ഇറങ്ങാൻ സൗര്യത്തിന് ) നിർമ്മിക്കണം
7. കൃഷിവകുപ്പ് വഴി കൃഷി ലാഭകാമാക്കുന്നതിന് മണ്ണ് പരിശോധന, വിത്ത്, വളം, കീടനാശിനി എന്നിവ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുന്നതിന് വേണ്ട നടപടി എടുക്കുക.
8. കൃഷിപ്പണിക്ക് ഉപയോഗിക്കുന്ന ട്രാക്ടർ, കൊയ്ത്ത്, മെതി യന്ത്രം തുടങ്ങിയ സബ്സിഡികളോടുകൂടി ലഭ്യമാ

ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

9. കൃഷിക്ക് ആവശ്യമായ വിത്തുല്പാദന കേന്ദ്രം തുടങ്ങുക

10. പച്ചിലവളം, ജൈവവളം എന്നിവ ഉണ്ടാക്കാൻ ആവശ്യമായ ധനസഹായവും സബ്സിഡിയും നല്കുക.

11. പാടശേഖരത്തിന് കറ്റ കൊണ്ടുവരുന്നതിനും, കൊണ്ടുപോകുന്നതിനും ഫാം റോഡ് നിർമ്മിക്കുക

12. തെങ്ങ്, കമുക് എന്നി വിളകൾക്ക് ആവശ്യമായ ധനസഹായം സഹകരണാടിസ്ഥാനത്തിൽ നല്കുക.

വാർഡ് അഞ്ച്

1. മലയണ്ണൻകുളം, ചാത്തംകുളം എന്നിവ ആഴം കൂട്ടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കു വേണ്ടി ഉപയോഗപ്പെടുത്തുക

2. ചെറുവക്കിൽ ചോലയിൽ മൈനർ ഇറിഗേഷൻ പ്രൊജക്ട് നടപ്പിലാക്കുക

3. കരുവാൻ പാടത്ത്കൂടി പോകുന്ന തോട്ടിൽ ക്രോസ് ബാർ കെട്ടി വെള്ളം തടഞ്ഞുനിർത്തുക

4. കൃഷിക്കുപയുക്തമാക്കുന്ന വിത്തുല്പാദനകേന്ദ്രം ആരംഭിക്കുക.

5. പച്ചിലവളവും, കമ്പോസ്റ്റ് വളവും നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായവും, സബ്സിഡിയും നൽകുക

6. പച്ചക്കറി കൃഷി നടത്തുന്നതിന് സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് ധനസഹായം നൽകുക

7. പാടശേഖര കമ്മറ്റിക്ക് ട്രാക്ടറും മെതിയന്ത്രവും നൽകുക

8. പാടശേഖരത്തിന് ട്രാക്ടർ കൊണ്ടുപോകുന്നതിനും മറ്റും ഫാം റോഡ് നിർമ്മിക്കുക

9. മുട്ടിക്കൽ മുന്നൂറ്റാംകുഴിചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക

10. ആയുർവ്വേദ പച്ചമരുന്നുചെടികൾ കൃഷി ചെയ്യാനുള്ള യൂണിറ്റ് ആരംഭിക്കുക

11. മങ്ങാട് തോട്ടുപാലം പരിസരത്ത് ക്രോസ്ബാർ കെട്ടി വെള്ളം തടഞ്ഞുനിർത്താനുള്ള സംവിധാനം ചെയ്യുക

12. കൃഷിപ്പണിക്കാരുടെ കൂലി ഏകീകരിച്ച് നടപ്പിലാക്കുക

ആറാംവാർഡ്

1. നെല്ലുവായ് പാറക്കടവ് ഭാഗത്ത് തടയണ നിർമ്മിക്കുക. അതിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക

2. മുന്നൂറ്റാംകുഴിചിറയുടെ മുട്ടിക്കൽ നെല്ലുവായ് കനാൽ റിപ്പയർ ചെയ്യുക

3. ചിറാംകുളം നന്നാക്കുക

4. മങ്ങാട് തോട്ടുപാലത്തിന് സമീപം ചിർപ്പ് നിർമ്മിക്കുക

5. കോട്ടപ്പുറം പാടത്ത് ട്രാക്ടർ ഇറങ്ങാൻ സൗകര്യം ചെയ്യുക (റാമ്പ് കെട്ടുക)

ഏഴാം വാർഡ്

1. കോട്ടപ്പുറം പാലത്തിനടുത്ത് പുഴയിൽ തടയണകെട്ടി ജലം സംഭരിക്കുക

2. വാഴാനി ഡാമിലെ വെള്ളം കൃഷിക്ക് ഉപയോഗമാക്കത്തക്കവിധത്തിൽ കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക

3. മുണ്ടത്തിക്കോട് കനാലിൽ നിന്നുള്ള വെള്ളം ആവശ്യാനുസരണം കൃഷിക്ക് ഉപയോഗിക്കുന്നതിന് മുണ്ടത്തിക്കോട് നിന്ന് കോട്ടപ്പുറം വരെ ഒരു ചാൽ നിർമ്മിക്കുക

4. മുട്ടിക്കൽ ചിറയിൽ നിന്നുള്ള ചാൽ പാറക്കടവ് വരെ എത്തിക്കുക

5. കോട്ടപ്പുറം കോട്ടപ്പള്ള ചിറയിൽ നിന്നുള്ള ചാൽ കോട്ടപ്പുറം മഹിളാ സമാജം വരെ നിർമ്മിക്കുക

6. കോട്ടപ്പുറം പാലം ചിറയിൽ നിന്ന് പുഴ വരെ ഒരു ചാൽ നിർമ്മിക്കുക

എട്ടാം വാർഡ്

1. ചിറ്റണ്ടയിൽ നിന്ന് ആരംഭിച്ച് വെട്ടിക്കൽ പുഴയിലേക്ക് ചേരുന്ന തോട് നന്നാക്കി ആവശ്യമായ സ്ഥലത്ത് ചിർപ്പ് നിർമ്മിക്കുക

2. കണ്ണമ്പാറ പഞ്ചായത്ത്കുളം റിപ്പയർ ചെയ്യുക

3. വടക്കുംമുറി റോഡിൽ നിന്നും തെക്കോട്ട് മുറിഞ്ഞ് ട്രാക്ടർ പാടത്ത് ഇറക്കുവാൻ ഒരു പാലം നിർമ്മിക്കുക

4. വണ്ടിപറമ്പിൽ മാരിയമ്മൻ ഇടവഴി റിപ്പയർ ചെയ്ത് ട്രാക്ടർ ഇറങ്ങുവാൻ സൗകര്യം ചെയ്യുക

5. അടയ്ക്ക, നെല്ല്, തേങ്ങ, കുരുമുളക്, കശുവണ്ടി തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ നിർമ്മിക്കുകയും ന്യായമായ വില ലഭ്യമാക്കുകയും ചെയ്യുക.

6. പഴവർഗ്ഗങ്ങളുടെ സംസ്കരണത്തിന് ആവശ്യമായ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക

7. കൃഷിക്ക് ആവശ്യമായ തോതിൽ വളം കീടനാശിനി എന്നിവക്ക് സബ്സിഡി നൽകുക

8. മണ്ണ് പരിശോധനക്ക് സൗര്യമുണ്ടാക്കുക

ഒമ്പതാം വാർഡ്

1. ചെറുവക്കിൽ ചോലയിൽ മൈനർ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. ചിറ്റണ്ട പുളിക്കത്തോടിൽ തടയിണ നിർമ്മിച്ച് വെള്ളം ശേഖരിച്ച് കൃഷിക്ക് ഉപയോഗപ്രദ

മാക്കുക

2. ഈഞ്ഞാട്ടുചിറ (ഇമ്രങ്ങാട്ട്കുളം) ഏറ്റെടുത്ത് ആഴംകൂട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം

3. നെല്ലനപ്പാറ കാറിയിലെ പ്ലാക്കുഴി കാറിക്കുളം ഏറ്റെടുത്ത് ആഴംകൂട്ടി സംരക്ഷിക്കുക

4. ഈഞ്ഞാട്ടുചിറ പാടത്ത് ട്രാക്ടർ ഇറങ്ങാൻ വേണ്ട സൗകര്യം ഉണ്ടാക്കുക

5. ചിറ്റണ്ട മുട്ടിക്കൽ മുസ്ലീംപള്ളി വഴി നെൽകൃഷിക്കാർക്ക് പ്രയോജനപ്പെടുത്ത തക്കവിധത്തിൽ റോഡ് നിർമ്മിക്കുക

6. ചിറ്റണ്ട കാർത്ത്യായനി ഭഗവതി ക്ഷേത്രക്കുളവും ശങ്കര മംഗല ക്ഷേത്രക്കുളവും, ദേവസ്വം ബോർഡിൻെറ കീഴിൽ നിന്ന് ഏറ്റെടുത്ത് കൃഷിക്കു കൂടി ഉപയുക്തമാക്കുക

7. കമുക്, തെങ്ങ്, വാഴ കൃഷിക്ക് സബ്സിഡി നൽകി സഹായിക്കുക

8. നല്ലയിനം വിത്തുകളും തൊഴിലുപകരണങ്ങളും ശേഖരിച്ച് വിതരണം ചെയ്യുക

9. കമ്പോസ്റ്റ് വളം ഉല്പാദിപ്പിക്കാൻ വേണ്ട സഹായങ്ങൾ ചെയ്യുക

10. അടുക്കളത്തോട്ടം നടത്തുന്നതിനുവേണ്ട സഹായങ്ങൾ അനുവദിക്കുക

11. പാടശേഖര സമിതിക്ക് ട്രാക്ടർഷ മെതിയന്ത്രം എന്നി നൽകി സഹായിക്കുക

പത്താം വാർഡ്

1. പരാത്തുകുളം, അയ്യൻകുളം എന്നിവ ആഴം കൂട്ടി വൃത്തിയാക്കി പമ്പിംഗ് സൗകര്യം ഏർപ്പെടുത്തുക

2. കാഞ്ഞിരക്കോട് പി.ഡബ്ല്യു.ഡി. റോഡിൻെറ കിഴക്കുഭാഗം ട്രാക്ടർ ഇറക്കാനുള്ള റാംപ് നിർമ്മിച്ച് സൗകര്യപ്പെടുത്തുക

3. തെങ്ങ്, കമുക് കൃഷി വികസിപ്പിക്കാൻ ധനസഹായം ഏർപ്പെടുത്തുക

4. പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

5. ചെറുതാണി പാലം ഉയർത്തി തടയണ കെട്ടി വെള്ളം കൃഷിക്ക് ഉപയുക്തമാക്കണം

6. കണ്ണമ്പാറ മുക്കിൽ തടയണ കെട്ടി ചോല വെള്ളം സംഭരിക്കുക

7. കമ്മുക്കിൽ കെട്ടിയിട്ടുള്ള തടയണ അറ്റകുറ്റപ്പണി ചെയ്യുക

8. പുതിയ താം വിത്തുകൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുക

9. നെൽപാടങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയുക

10. കൃഷി നശിപ്പിക്കുന്ന കന്നുകാലികളെ പിടിച്ചുകെട്ടാനായി ആല നിർമ്മിക്കുക

11. കിണർ, പമ്പുസെറ്റ് എന്നിവ നിർമ്മിക്കുന്നതിനും സ്ഥാപിക്കുന്നതിനും സഹായം നൽകുന്നതിനുള്ള സ്ഥലപരിധി 50 സെൻറ് എന്നുള്ളത് കുറയ്ക്കുക

12. കാഞ്ഞിരക്കോട് പാലയുടെ തെക്കുഭാഗത്ത് ഉള്ള വെള്ളച്ചാൽ വൃത്തിയാക്കി പുഴയിലേക്ക് ഒഴുക്കുക

13. തരിശായി കിടക്കുന്ന ഫോറസ്റ്റ് ഭൂമിയിൽ താല്കാലി കാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

പതിനൊന്നാം വാർഡ്

1. ചാത്തൻചിറയുടെ ബെയ്സ്മെൻറ് ഉയർത്തി ചിറ ആഴം കൂട്ടി കൂടുതൽ വെള്ളം ശേഖരിച്ച് കൃഷിക്ക് ഉപകാരപ്രദമാക്കുക

2. വെള്ളഞ്ചിരിപ്പാറ ജലസ്രോതസ്സ് സംരക്ഷിക്കുകയും കൃഷിക്ക് ഉപകാരപ്രദമായ ചാലുകൾ നിർമ്മിക്കുക

3. കാഞ്ഞിരക്കോട് തോട്ടുപാലം പരിസരത്ത് ചിറ നിർമ്മിക്കുക

4. കൊടുമ്പ്കുളം മുതൽ ചാത്തൻചിറ കോളനിയുടെ കിഴക്കുഭാഗം വരെ വെള്ളച്ചാൽ നിർമ്മിക്കുക

5. നെൽകൃഷി മെച്ചപ്പെടുത്തുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുക

## സാദ്ധ്യതകൾ

1. നിലവിലുള്ള ജലസ്രോതസ്സുകൾ ആഴംകൂട്ടുകയും പുതിയതായി വികസിപ്പിച്ചെടുക്കാവുന്നവ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും ചെയ്യുക.

2. ഇപ്പോൾ നിലവിലുള്ള ചാലുകൾ വൃത്തിയാക്കി വലിപ്പം കൂട്ടുകയും പുതിയതായി ആവശ്യമുള്ളവ നിർമ്മിക്കുകയും തോടുകളിൽ ആവശ്യമുള്ളയിടങ്ങളിൽ തടയണകൾ ഉണ്ടാക്കുകയും ചെയ്യുക

3. മഴ പെയ്യുമ്പോൾ ലഭിക്കുന്ന ജലം മണ്ണിൽ താഴ്ന്നിറങ്ങാൻ അവസരം ലഭിക്കത്തക്കവിധത്തിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക

4. കൃഷിഭവൻ ഓഫീസ് കെട്ടിടം അതിന് ലഭിച്ചിട്ടുള്ള സ്ഥലത്ത് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി പണിയുകയും, ഓഫീസിലേക്ക് അനുവദനീയമായ തസ്തികകളിൽ ആവശ്യമുള്ളത്ര സ്റ്റാഫിനെ നിയോഗിച്ച് കർഷകർക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ പ്രവർത്തനക്ഷമമാക്കിത്തീർക്കുക

5. കർഷകർക്കാവശ്യമായ നടിൽ വസ്തുക്കളും വിത്തുകളും ലഭിക്കത്തക്ക രീതിയിലുള്ള ഒരു നേഴ്സറി പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക

6. കാർഷിക യന്ത്രോപകരണങ്ങൾ 50% സബ്സിഡി നിരക്കിൽ പാടശേഖരങ്ങൾക്ക് ലഭ്യമാക്കുന്നതോടൊപ്പം ആവശ്യമുള്ള കർഷകർക്ക് ആനുപാതികമായ സബ്സിഡി അനുവദിച്ച് ലഭ്യമാക്കുക

7. കാർഷിക വിളകളുടെ ഉല്പന്നങ്ങൾക്ക് സഹകരണാടിസ്ഥാനത്തിൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുക.

8. ഗ്രാമപഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കുക

9. ജൈവവള വികസന പരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

10. പ്രാദേശികമായി പ്രാധാന്യമർഹിക്കുന്ന വിളകൾക്കും, ഇടവിള കൃഷിക്കാർക്കും പ്രോത്സാഹനം നൽകുക.

11. പച്ചക്കറി കൃഷി ഉല്പാദനവും, സംസ്ക്കരണവും വിപുലമാക്കുക

12. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കറൻറ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക

13. ശാസ്ത്രീയ വളപ്രയോഗ രീതിയും, അവലംബിക്കുകയും, അമിതമായ കീടനാശിനി ഉപയോഗം കുറക്കുന്നതിനു വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

## വനം

നമ്മുടെ ചരിത്രത്തിലും സംസ്ക്കാരത്തിലും വനങ്ങൾക്കുള്ള പങ്ക് വിലയേറിയതാണ്. രാമായണം, മഹാഭാരതം എന്നി പുരാണങ്ങൾ രചിക്കപ്പെട്ടത് വനങ്ങളിൽ വെച്ചായിരുന്നു. രാമായണം രചിച്ചതുതന്നെ കാട്ടുജാതിക്കാരനായിരുന്ന വാൽമീകിയായിരുന്നു. രാമായണത്തിലെയും മഹാഭാരതത്തിലെയും പ്രധാന സംഭവങ്ങളെല്ലാം നടന്നത് കാട്ടിൽ വച്ചായിരുന്നല്ലോ. മനുഷ്യജീവിതം ആദ്യം തുടങ്ങിയത് കാടുകളിലുള്ള നദീതടങ്ങളിലായിരുന്നു.

രാജ്യത്തിൻെറ വികസന മേഖലകളായ കൃഷി, ജലസേചനം, കാലാവസ്ഥ, തൊഴിൽ, സാംസ്കാരികം, പരിസ്ഥിതി എന്നിവ വനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വളരെ വിപുലമായ ഔഷധ സസ്യങ്ങളുടെ അക്ഷയഖനിയായിരുന്നു വനങ്ങൾ. നമ്മുടേതായ തനത് ചികിത്സ സമ്പ്രദായമായ ആയുർവേദം തന്നെ വനസസ്യങ്ങളെയും മറ്റ് വനോൽപ്പന്നങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണല്ലോ. ആധുനികയുഗത്തിലും വനത്തിൻെറ പ്രാധാന്യം ഒട്ടും കുറഞ്ഞിട്ടില്ല. കാലാവസ്ഥാ മാറ്റം ജൈവസമ്പത്ത് എന്നിവ, ഇന്ന് ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്.

ഒരു രാജ്യത്തിൻെറ മൊത്തം വിസ്തൃതിയിൽ 33% വനഭൂമിയുണ്ടായിരിക്കണം. നമ്മുടെ പഞ്ചായത്തിലെ റിസർവ്വ് വനങ്ങൾ വേർതിരിച്ച് വിജ്ഞാപനം ചെയ്തത് 1908ലാണ്. കൊല്ലവർഷം 1084 മിഥുനം 20-ാം തിയ്യതി ഇക്കാര്യം കൊച്ചി സ്റ്റേറ്റ് ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുണ്ടായി. പഞ്ചായത്തിലെ റിസർവ്വ് വനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| എണ്ണം | വനത്തിൻെറ പേര് | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1. | കണ്ടൻചിറ റിസർവ്വ് വനം | 567.7063 |
| 2. | കോട്ടപ്പുറം കുന്ന് റിസർവ്വ് | 40.3500 |
| 3. | കൊടുമ്പൻകുന്ന റിസർവ്വ് | 462.7462 |
| 4. | നെല്ലുവായ്കുന്ന് റിസർവ്വ് | 192.5411 |
| | ആകെ | 1265. 4736 |

വിവിധ സസ്യജന്തുജീവികൾ അടങ്ങിയ ഒരു ആവാസ വ്യവസ്ഥയാണ് വനം. പഴയ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ വനങ്ങൾ ജൈവവൈവിധ്യത്താൽ സമ്പുഷ്ടമായിരുന്ന നിത്യഹരിതവനങ്ങളായിരുന്നു. എന്നാൽ സ്വാഭാവിക വനങ്ങൾക്കു പകരം തോട്ടങ്ങൾ വെച്ചു പിടിപ്പിച്ചു തുടങ്ങിയതോടെയും ജനപ്പെരുപ്പം മൂലവും വനങ്ങളിലെ ആവാസ വ്യവസ്ഥ പാടെ മാറി. ഇന്ന് വനങ്ങൾ ഇലപൊഴിയും വനങ്ങളായി തീർന്നിരിക്കുകയാണ്.

1945-46 വർഷങ്ങളിൽ തേക്കുതോട്ടങ്ങൾ വെച്ചുപിടിപ്പിച്ചിരുന്നു. 1957-58 വർഷങ്ങളിൽ കശുമാവ് വ്യാപകമായി വെച്ചുപിടിപ്പിച്ചു. എന്നാൽ 1965 ആയപ്പോൾ കശുമാവ് തോട്ടങ്ങൾ യൂക്കാലിതോട്ടങ്ങളായി പരിണമിക്കുകയാണ് ഉണ്ടായത്. ആയത് നാട്ടിലെ ജലക്ഷാമത്തിനും മറ്റ് പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമായി. എന്നാൽ 1980കളിൽ സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി അക്കേഷ്യ കാറ്റാടി തോട്ടങ്ങൾ നമ്മുടെ പരിസ്ഥിതിക്കും വനസമ്പത്തിനും കനത്ത ആഘാതമായി മാറുകയാണുണ്ടായത്. കശുമാവ് തോട്ടങ്ങൾ ഇപ്പോൾ പ്രായം ചെന്നവയാണ്. മിക്കതും മുറിച്ചുമാറ്റി പകരം തൈകൾ വെച്ചു പിടിപ്പിക്കേണ്ടതാണ്. കൂടാതെ മറ്റ് ഫലവൃക്ഷ തൈകളും വ്യാപകമായ തോതിൽ വെച്ചുപിടിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

പഞ്ചായത്തു പ്രദേശത്തു വെച്ചുപിടിപ്പിച്ച കശുമാവ്, യൂക്കാലി, തേക്ക് തോട്ടങ്ങളുടെ വിവരങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു

കശുമാവു തോട്ടങ്ങൾ :

| | | | |
|---|---|---|---|
| 1 | 1956 | നെല്ലുവായ് കശുമാവ് തോട്ടം | 173.600 ഹെക്ടർ |
| 2 | 1957 | ചിറ്റണ്ട കശുമാവ് തോട്ടം | 53.886 ഹെക്ടർ |
| 3 | 1958 | കണ്ടൻചിറ കശുമാവ് തോട്ടം | 491.090 ഹെക്ടർ |
| 4 | 1958 | കൊടുമ്പൻ കശുമാവ് തോട്ടം | 156.684 ഹെക്ടർ |
| | | ആകെ | 875.260 |

യൂക്കാലി തോട്ടങ്ങൾ :

| | | | |
|---|---|---|---|
| 1 | 1964 | ചിറ്റണ്ട | 30.930 ഹെക്ടർ |
| 2 | 1965 | ചിറ്റണ്ട | 23.420 ഹെക്ടർ |
| 3 | 1965 | കണ്ടൻചിറ | 96.820 ഹെക്ടർ |
| 4 | 1967 | നെല്ലുവായ് | 23.050 ഹെക്ടർ |
| 5 | 1982 | കണ്ടൻചിറ | 10.000 ഹെക്ടർ |
| 6 | 1983 | കണ്ടൻചിറ | 30.000 ഹെക്ടർ |
| 7 | 1993 | കൊടുമ്പ് | 71.000 ഹെക്ടർ |
| | | ആകെ | 285.220 ഹെക്ടർ |

തേക്കു തോട്ടങ്ങൾ :

| | | | |
|---|---|---|---|
| 1 | 1945 | ചുള്ളി | 53.44 ഹെക്ടർ |
| 2 | 1946 | പുങ്ങോട് | 142.29 ഹെക്ടർ |
| 3 | 1948 | പുങ്ങോട് | 40.47 ഹെക്ടർ |
| | | ആകെ | 236.20 ഹെക്ടർ |

ലോക ബാങ്കിന്റെ സഹായത്തോടെ സാമൂഹ്യ വനവൽക്കരണ വിഭാഗം വെച്ചുപിടിപ്പിച്ച തോട്ടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1. | ചിറ്റണ്ട | 63.20 ഹെക്ടർ |
| 2. | കൊടുമ്പൻ | 49.24 ഹെക്ടർ |
| 3. | കണ്ടൻചിറ | 125.00 ഹെക്ടർ |
| 4. | കാഞ്ഞിരക്കോട് | 19.00 ഹെക്ടർ |
| 5. | നെല്ലുവായ് | 60.00 ഹെക്ടർ |
| | ആകെ | 316.44 ഹെക്ടർ |

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 33.539 ചതുരശ്ര കിലോമീറ്ററാണ്. റിസർവ്വ് നോട്ടിഫിക്കേഷൻ പ്രകാരം മൊത്തം വനവിസ്തൃതി 12.610 ച.കി.മീ. ആണ്. എന്നാൽ വനം കയ്യേറ്റം മൂലം ചുരുങ്ങിയത് 2.500 ച.കി.മീ. വനവിസ്തൃതി കുറഞ്ഞിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. നമ്മുടെ പഞ്ചായത്തിലെ വനങ്ങളിൽ കാണുന്ന പ്രധാന സസ്യങ്ങൾ തിപ്പലി, വെൻതോന്നി, ചന്ദനം, ഇരുൾ, ചടച്ചി, മരുത്, പൂവ്വം, യൂക്കാലി, തേക്ക്, അക്കേഷ്യ, കശുമാവ്, മുള എന്നിവയും പ്രധാന ജന്തുക്കൾ കേഴമാൻ, പന്നി, മുയൽ, മുള്ളൻപന്നി, മയിൽ, അണലി, മൂർഖൻ, മലമ്പാമ്പ് എന്നിവയുമാണ്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ പഞ്ചായത്തു പ്രദേശങ്ങളിൽ വളരെയധികം സർപ്പക്കാവുകൾ ഉണ്ടായിരുന്നെങ്കിലും ഈയിടെയായി ഭൂപരിഷ്ക്കരണം മൂലവും ജനസംഖ്യാ വർദ്ധനവു മൂലവും അവയുടെ എണ്ണം ചുരുങ്ങി വരുന്നതായി കാണുന്നു. പ്രാദേശിക ആവാസകേന്ദ്രങ്ങളായ സർപ്പക്കാവുകളുടെ സംരക്ഷണം വളരെ പ്രധാനപ്പെട്ടതാണ്. ഇവ സംരക്ഷിക്കപ്പെടേണ്ടതാണ്. ജൻമി സമ്പ്രദായത്തിൽ കൃഷിയാവശ്യത്തിനായി ജൈവവളം ലഭിക്കുന്നതിനുവേണ്ടി സ്വാകര്യവനങ്ങൾ ഉണ്ടായിരുന്നതായി നാട്ടറിവുകളിൽ നിന്ന് മനസ്സിലാക്കുന്നു.

പ്രശ്നങ്ങൾ

1. നമ്മുടെ വനങ്ങളുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടിരിക്കുന്നു. അവ പുനഃസ്ഥാപിക്കുന്നതിനുള്ള വനവൽക്കരണ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല.
2. വളരെയധികം കൊട്ടിഘോഷിക്കപ്പെട്ട സാമൂഹ്യ വനവൽക്കരണം പരാജയമായിരുന്നു.
3. വനഭൂമി, തോട്ടങ്ങൾ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു.
4. വനസംരക്ഷണത്തിൽ ജനങ്ങളുടെ സഹകരണം ഇല്ല.
5. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി വനങ്ങൾ നശിപ്പിക്കപ്പെടുന്നു.

നിർദ്ദേശങ്ങൾ :

1. ജനങ്ങൾക്ക് പ്രയോജനകരമായ വിവിധ ഇനം ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക
2. ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുക
3. നീർമരിതടയിണകൾ വനത്തിൽ കെട്ടി വെള്ളം കെട്ടി നിറുത്തുന്നതിനുവേണ്ട പദ്ധതികൾ നടപ്പിലാക്കണം.
4. പ്രാദേശികതലത്തിൽ ജനങ്ങളുടെ സഹകരണത്തോടെ വനസംരക്ഷണ സമിതികൾ ഉണ്ടാക്കുക
5. അവശേഷിക്കുന്ന സർപ്പക്കാവുകൾക്ക് സംരക്ഷണ പരിപാടികൾ നടപ്പിലാക്കുക
6. റിസർവ്വ് വനങ്ങളിലെ യൂക്കാലി, അക്കേഷ്യ തുടങ്ങിയവ നീക്കം ചെയ്ത് ആ പ്രദേശങ്ങൾ സ്വാഭാവിക വനങ്ങളാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

# മൃഗസംരക്ഷണം, മത്സ്യബന്ധനം

## 9-ാം പദ്ധതി – ജനകീയ പദ്ധതി

### പ്രതീക്ഷയുണർത്തുന്ന മൃഗസംരക്ഷണമേഖല

കഴിഞ്ഞ രണ്ടു ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് അന്യൂനമായ വളർച്ചയും വികാസവുമാണ് ഉണ്ടായിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള സാമൂഹ്യ സാമ്പ ത്തിക വളർച്ചക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായ സംരംഭങ്ങളുടെ മുരടിപ്പും മൂലമുണ്ടായ തൊഴിലില്ലായ്മ ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരി യാൻ കാരണമായി. അതുകൊണ്ടുതന്നെ വളരെയധികം ശുഭപ്രതീക്ഷ നൽകുന്ന ഒന്നാണിത്. മൃഗസംരക്ഷണ മേഖലയെന്നു വെച്ചാൽ പാലുൽപ്പാദനം മാത്രമാണെന്ന അബദ്ധ ധാരണ നമ്മുടെ സംസ്ഥാനത്തിൻെറ ഗവൺമെൻറ് തലംതൊട്ട് താഴെ തട്ട് വരെയുള്ളവർക്കുണ്ട്. ഭാരതത്തിൻെറ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൻെറ 10% സംഭാവന ചെയ്യുന്നത് ഈ മേഖല യാണ്. കാർഷിക വരുമാനത്തിൻെറ കാര്യത്തിലാണെങ്കിൽ 25% ഈ മേഖലയുടെ സംഭാവനയാണ്. എന്നാൽ മൊത്തം കാർ ഷിക മേഖലക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൻെറ വെറും 7% മാത്രമാണ് മൃഗസംരക്ഷണമേഖലക്ക് ലഭിക്കുന്നുള്ളൂ എന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. കേരളത്തിൻെറ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ ഇവിടെ ഉൽപ്പാദി പ്പിക്കുന്ന സ്വാഭാവിക റബ്ബറിൻെറ മൂല്യത്തേക്കാൾ അധികം രൂപയ്ക്കുള്ള പാൽ നമ്മുടെ സംസ്ഥാനം ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിൻെറ മൊത്തം മൂല്യം ഇവിടെ ഉൽപ്പാദിപ്പിക്കുന്ന അരി യുടെ മൂല്യത്തേക്കാൾ അധികമാണെന്നുള്ളതും ശ്രദ്ധേയമാണ്. ഇങ്ങനെ ക്രയവിക്രയം ചെയ്യപ്പെടുന്ന സമ്പത്തിൻെറ ഏറിയ കൂറും സംസ്ഥാനത്തിൻെറ പുറത്തേക്കൊഴുകുന്നു. അതു കൊണ്ടു തന്നെ സ്വയം പര്യാപ്തതയ്ക്കുതകുന്ന – അതിന് മുൻ തൂക്കം നൽകുന്ന – പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉൽപ്പാദകൻെറ കയ്യിൽത്തന്നെ എത്തിച്ചേരും. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂല്യനിക്ഷേപം കൊണ്ട് കൂടുതൽ സമ്പത്ത് വർദ്ധനവിനുള്ള മേഖല ഒരു പക്ഷേ മൃഗസംരക്ഷണ മേഖല തന്നെയെന്നു പറയാം. ഇതിൻെറ സാദ്ധ്യതകളെ പൂർണ്ണമായും ചൂഷണം ചെയ്യാൻ കഴിഞ്ഞ പഞ്ചവത്സര പദ്ധതികൾക്കൊന്നും സാധിച്ചിട്ടില്ല എന്നതാണ് യഥാർത്ഥ വസ്തുത. അതുകൊണ്ട് ഇതിൻെറ മുഴുവൻ സാധ്യതകളും വരുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞാൽ ജനകീയ ആസൂത്രണം മൂലം ഈ മേഖല കൂടുതൽ സചേതനമാകും.

### പഞ്ചായത്തിലെ ചരിത്രം.

പേര് സൂചിപ്പിക്കുന്നതുപോലെ ഈ പഞ്ചായത്തിലെ ഭൂരിഭാഗവും കർഷകരും എരുമ വളർത്തൽ ഉപതൊഴിലാക്കിയവരുമായിരുന്നു. കന്നുകാലികളെ വളർത്തിയിരുന്നത് മുഖ്യ മായി പാലിനും, കൃഷിക്കാവശ്യമായ ചാണകം, ഉഴവ് പണി, എണ്ണ ആട്ടൽ തുടങ്ങിയവക്കും ആയിരുന്നു. അന്നത്തെ നാടൻ പശുക്കളുടെ ശരാശരി പ്രതിദിന പാലുൽപ്പാദനം ഏകദേശം ഒന്നരലിറ്റർ മാത്രമായിരുന്നു. ഇവക്ക് നൽകിയിരുന്ന തീറ്റ വീട്ടിലെ ഭക്ഷണാവശിഷ്ടങ്ങളും, തവിടും, കുറച്ച് പിണ്ണാക്കും, ധാരാളം വൈക്കോലുമായിരുന്നു. തൊഴുത്തിൻേറയും, വൈ ക്കോൽ കൂനയുടെയും വലിപ്പം നോക്കി തറവാട്ടു മഹിമ കണക്കാക്കിയിരുന്ന ഒരു കാലമായിരുന്നു അത്. പകർച്ച വ്യാധികൾ തടയുന്നതിന് മാർഗ്ഗങ്ങൾ ഒന്നും ഇല്ലായിരുന്നു. ദഹനക്കേട്, വാതം തുടങ്ങിയ ചില്ലറ അസുഖങ്ങൾക്ക് നാടൻ പച്ചമരുന്നു ചികിത്സ, ലഭ്യമായിരുന്നു എന്ന് മാത്രം. എന്നാൽ ഇന്നാകട്ടെ കന്നുകാലി വളർത്തൽ പ്രധാനമായി പാലിനു വേണ്ടിയായി. ഉയർന്ന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പശുക്കളുടെ ഉൽപ്പാദനക്ഷമത രണ്ടോ നാലോ മടങ്ങ് വർദ്ധിച്ചു. പശുവിനു പുറമേ ആടുവളർത്തലിലും, പന്നി വളർത്തലിലും ജനങ്ങൾക്ക് താല്പര്യം വന്നുതുടങ്ങി. എണ്ണത്തിൽ അല്പം കുറവുവന്നിട്ടുണ്ടെങ്കിലും പശുക്കളുടെ പാലുൽപ്പാദന ക്ഷമത കൂടിയിട്ടുണ്ട്. ഉപഭോഗവും അതിനനുസരിച്ച് കൂടിയിട്ടുണ്ട് രോഗപ്രതിരോധ പ്രവർത്തനങ്ങൾ മൂലം പകർച്ചവ്യാധികളും കുറഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാന മൃഗസംരക്ഷണ പ്രവർത്തന ങ്ങൾ ഇപ്രകാരമാണ്.

1. രോഗചികിത്സ
2. ക്രത്രിമ ബീജദാനം
3. രോഗപ്രതിരോധ പ്രവർത്തനങ്ങൾ
4. പേവിഷനിർമ്മാർജ്ജന പരിപാടി.
5. വന്ധ്യതാ നിവാരണ ക്യാമ്പ് (വർഷത്തിൽ രണ്ടോ മൂന്നോ എണ്ണം)

6. മൃഗസംരക്ഷണ പ്രശ്നങ്ങളെകുറിച്ച് ചർച്ച ചെയ്യൽ, പരി ഹാരം കാണൽ
7. വിവിധ പദ്ധതികളുടെ നടത്തിപ്പ്

## സെൻസസ് റിപ്പോർട്ട്

### പഞ്ചായത്തു വിവരം

| പശു -കാള -വർഗം സങ്കര വർഗം | | | പശു -കാള -വർഗം മറ്റുള്ളവ | | | പോത്ത് എരുമ | | | ആട് | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ശേഷിയുള്ളവ | ആൺ | പെൺ | ശേഷിയുള്ളവ | ആൺ | പെൺ | ശേഷിയുള്ളവ | ആൺ | പെൺ | ശേഷിയുള്ളവ |
| 234 | 625 | 295 | 1504 | 2440 | 1280 | 43 | 153 | 126 | 1046 | 1963 | 1009 |

മേഖലയുടെ സാദ്ധ്യതകൾ

പോഷക പ്രധാനമായ പാൽ, മുട്ട, മാംസം തുടങ്ങിയവയുടെ ഉൽപാദനമാണ് ഈ മേഖലയുടെ ലക്ഷ്യം. 1961ൽ മൊത്തം പാൽ ഉൽപ്പാദനം ഏതാണ്ട് 2 ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 22.46 ലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുന്നു (ഏതാണ്ട് പതിനൊന്ന് ഇരട്ടിയോളം). കഴിഞ്ഞ രണ്ട് ദശാബ്ദകാലയളവിൽ പാൽ ഉൽപ്പാദനത്തിലും, ഉപഭോഗത്തിലും കൈവരിച്ച വളർച്ച ആശാവഹമാണ്. നാടൻ പശുക്കളുടെ ഉൽപ്പാദനം 30% വർദ്ധിച്ചപ്പോൾ ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം പശുക്കളിൽ നിന്നുള്ള ഉൽപ്പാദനം 80% വരെ ഉയരുകയുണ്ടായി. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹയാത്തോടെ കന്നുകാലികളുടെ വംശവർദ്ധനവിനും ജനിതക ഗുണമേൻമകളുടെ വർദ്ധനവിനും തദ്വാരാ ഉൽപ്പാദനക്ഷമതാ വർദ്ധനവിനും കാരണമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷീര വിപണനരംഗത്ത് അടുത്ത കാലത്തുണ്ടായ ഘടനാപരമായ മാറ്റവും (മിൽമ തുടങ്ങിയവ) ശ്രദ്ധേയമായിരുന്നു.

കോഴിമുട്ടയുടേയും, കോഴി ഇറച്ചിയുടേയും ആഭ്യന്തര ഉപയോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉൽപ്പാദനം ഇനിയും സാധിതപ്രായമായിട്ടില്ല. കേരളത്തിൽ മാസംത്തിൻറ ആവശ്യം അനുദിനം വർദ്ധിച്ചു വരികതന്നെയാണ്. മാംസോല്പാദന - സംസ്കരണ - വിപണന രംഗമാകട്ടെ അസംഘടിതമേഖലയിലാണ്. സംസ്ഥാനത്തിന്റെ പാൽ, മുട്ട, മാംസം എന്നിവയുടെ മൂല്യം 96 - 97 വർഷത്തിൽ യഥാക്രമം 2616.9 കോടി രൂപ, 258.62 കോടി രൂപ, 540 കോടി രൂപ എന്ന കണക്കിലാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മൃഗസംരക്ഷണ രംഗം : 91 മുതൽ 96 വരെ

| | പാലുല്പാദനം | | മുട്ട ഉൽപാദനം | | മാംസ ഉൽപ്പാദനം | |
|---|---|---|---|---|---|---|
| വർഷം | ലക്ഷം മെ. ടൺ | മൂല്യം കോടി രൂപ | കോടി എണ്ണം | മൂല്യം കോടി രൂപ | 1000 മെട്രിക് ടൺ | മൂല്യം കോടി രൂപ |
| 91-92 | 18 | 900 | 160 | 112 | 120.6 | 252.70 |
| 92-93 | 18.89 | 1417 | 177.4 | 169 | 125 | 306.60 |
| 93-94 | 20.1 | 1600 | 184.4 | 193.62 | 129.20 | 365.02 |
| 94-95 | 21.19 | 1809 | 191.6 | 220.40 | 135.55 | 445.50 |
| 95-96 | 22.46 | 2021.4 | 199.6 | 248.87 | 137.92 | 517.91 |
| 96-97 | 23.79 | 2616.9 | 206.9 | 258.62 | 142.48 | 540 |

## വികസന സാധ്യതകളും ഉൽപ്പാദിപ്പിക്കപ്പെടാവുന്ന മറ്റു വസ്തുക്കളും

1. മുട്ട, പാൽ, മാംസം തുടങ്ങിയ പോഷക പ്രധാനമായ ആഹാര വസ്തുക്കളുടെ ഉൽപാദന വർദ്ധന

2. മാംസ സംസ്കരണവും, വിപണനം, ഉപോൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ ഉൽപാദനവും ഉപഭോഗവും

3. വ്യവസായാവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, ഓസീൻ മൃഗക്കൊഴുപ്പ് മുതലായവ

4. ഔഷധ വ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ

5. പരീക്ഷണ ശാലയിലേക്കുള്ള മൃഗങ്ങൾ സ്പെസിഫിക് പാത്തോജൻ ഫ്രീ എഗ്ഗ്സ് മുതലായവ

6. കാർഷിക മേഖലയിലേക്ക് ആവശ്യമായ ജൈവവളം, കാളവണ്ടികൾ വലിക്കുന്നതിനുള്ള മൃഗശക്തി

7. ഊർജ്ജം, ബയോഗ്യാസ് വിളക്കുകൾ, കത്തിക്കാനും പാചകം ചെയ്യാനും

8. പേ വിഷബാധ നിയന്ത്രണം, മാംസപരിശോദനയിലൂടെയുള്ള പൊതു ജനാരോഗ്യ പ്രവർത്തനം

9. തൊഴിൽ സാധ്യതകൾ - വരുമാന വർദ്ധനവ്

10. കന്നുകാലി സമ്പത്തിൻെറ 94% ഗ്രാമീണരുടെ പക്കലായതുകൊണ്ടുള്ള വികസനം ഗ്രാമീണ വികസനമാകും.

11. കർഷകരിൽ സ്ത്രീകൾ ആണ് മൃഗസംരക്ഷണ രംഗത്ത് അധികം എന്നതുകൊണ്ട് സ്ത്രീകളുടെ അധ്വാനം ആദായകരമാകും

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങളും അതുവഴി നടപ്പാക്കുന്ന പദ്ധതികളും

പഞ്ചായത്തിലെ ആദ്യത്തെ, വെറ്ററിനറി സബ്സെൻറർ 16.12.1939ൽ സ്ഥാപിതമായി. തുടർന്ന് 23.11.1975ൽ അത് വെറ്ററിനറി ഡിസ്പെൻസറിയായി അപ്ഗ്രേഡ് ചെയ്തു. ഇവിടെ ഒരു വെറ്ററിനറി സർജനും, ഒരു ലൈവ് സ്റ്റോക് ഇൻസ്പെക്ടറും ഒരു അറ്റൻററും ഒരു പാർട്ട് ടൈം സ്വീപ്പറുമാണുള്ളത്. വാടക കെട്ടിടത്തിലാണ് (2-ാം വാർഡിൽ) ഇപ്പോൾ ഇത് പ്രവർത്തിക്കുന്നത്.

### നിർദ്ദേശങ്ങൾ

സ്വന്തമായ സൗകര്യപ്രദമായ മൃഗാസ്പത്രി കെട്ടിടം, കറന്റ്, ജലലഭ്യത, പ്രാഥമിക സൗകര്യങ്ങൾ, ഫോൺ എന്നിവ ആവശ്യമാണ്. ഒരു ക്ലിനിക്കൽ ലാബ്, ഓപ്പറേഷൻ തിയ്യറ്റർ, കർഷക പരിശീലനഹാൾ തുടങ്ങിയവയുള്ള സൗകര്യങ്ങൾ ആസ്പത്രി നടത്തിപ്പ് സുഗമമാക്കും.

ഇപ്പോഴുള്ള ആസ്പത്രിയിൽ ലഭ്യമാകുന്ന സേവനങ്ങൾ ചികിത്സ, സർജറി, കർഷക പരിശീലനം, കൃത്രിമ ബീജ ദാനം, വന്ധ്യതാ നിവാരണം, പേ വിഷബാധക്കുള്ള കുത്തിവെയ്പ്, മറ്റു പ്രതിരോധ കുത്തിവെപ്പുകൾ എന്നിവ. ഈ പഞ്ചായത്തിൽ സാധാരണ കണ്ടുവരാറുള്ളരോഗങ്ങളും അവയ്ക്ക് ചികിത്സ വേണ്ടിവന്ന മൃഗങ്ങളുടെ ഏകദേശ കണക്കുകളും ചുവടെ ചേർത്തിരിക്കുന്നു.

### രോഗവും ചികിത്സയും

| | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധിയായവ | 384 | 32 | 480 | 25 | 40 | 105 |
| 2. | ശ്വാസകോശ സംബന്ധിയായവ | 320 | 10 | 340 | 6 | 10 | 336 |
| 3. | ഉപാപചയ സംബന്ധിയായവ | 48 | 6 | 96 | 2 | - | - |
| 4. | ത്വക്ക് രോഗങ്ങൾ | 224 | 12 | 120 | 25 | 12 | - |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 168 | 10 | 135 | 10 | 14 | - |
| 6. | പരാദരോഗങ്ങൾ | 840 | 80 | 480 | 40 | 60 | - |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുടെ രോഗങ്ങൾ | 36 | 4 | 12 | 4 | 4 | - |
| 8. | വന്ധ്യത | 24 | 4 | 6 | 4 | - | - |
| 9. | അകിടുവീക്കം | 96 | 2 | 36 | - | - | - |
| 10. | മുടന്തൻപനി | 380 | - | - | - | - | - |
| 11. | പകർച്ചവ്യാധികൾ | 40 | - | 60 | 10 | - | - |
| 12. | മറ്റുള്ളവ | - | - | - | - | - | - |

ഈ കണക്കുകൾ പരിശോധിച്ചാൽ പരാദരോഗങ്ങളാണ് കൂടുതൽ എന്നു കാണാം. പൂപ്പൽ വിഷബാധ, അണുബാധ എന്നിവ അശാസ്ത്രീയമായ ഭക്ഷണ സാധനങ്ങളിൽ കൂടിയാണ് പകരുന്നത്. തദ്ദേശീയമായ കാലിത്തീറ്റ സംസ്ക്കരണ മാർഗ്ഗങ്ങളിലൂടെ ഇത് കുറക്കാം. ദഹന സംബന്ധിയായ അസുഖങ്ങൾക്കും പ്രധാന കാരണം തീറ്റയിൽ വരുന്ന വ്യതിയാനങ്ങളാണ്.

കണക്കുകൾ വെച്ചുനോക്കുമ്പോൾ ഈ പഞ്ചായത്തിൽ ഉള്ള പശുക്കളിൽ (1090 എണ്ണത്തിൽ) 800 എണ്ണത്തിനേ കൃത്രിമ ബീജസങ്കലനം നടത്തിയിട്ടുള്ളൂ. അപ്രകാരം 384 കിടാരികളിൽ 272 എണ്ണത്തിനും, 74 എരുമകളിൽ 72 എണ്ണത്തിനും കൃത്രിമ ബീജസങ്കലനം നടത്തിയിട്ടുള്ളതായി കാണുന്നു. ആകെയുള്ള പട്ടികളിൽ 52 എണ്ണത്തിനു മാത്രമേ പേ വിഷനിർമ്മാർജ്ജനത്തിനുള്ള കുത്തിവെയ്പ് നടത്തിയിട്ടുള്ളൂ. ഈ പഞ്ചായത്തിൽ ഏകദേശം 3319 പൂവ്വൻകോഴികളും, 3882 മുട്ട ഇടുന്ന പിടക്കോഴികളും 3557 മുട്ട ഇടാത്ത പിടക്കോഴികളും, 135 ഓളം താറാവുകളും 270 മറ്റു പക്ഷികളുമാണുള്ളത് 137 പന്നികളും 501 പട്ടികളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

## നാളിതുവരെയുള്ള സ്കീമുകൾ

1. കിടാരി വളർത്തൽ പദ്ധതി
2. വന്ധ്യതാ നിവാരണ പദ്ധതി
3. ഗോ രക്ഷാക്യാമ്പ്
4. ഹരിജനങ്ങൾക്കുള്ള ആട് വളർത്തൽ പദ്ധതി
5. അടുക്കള മുറ്റത്തെ കോഴിവളർത്തൽ
6. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി
7. സമഗ്ര കാലിവളർത്തൽ പദ്ധതിയിലെ കോഴി ക്കുഞ്ഞുങ്ങളേയും പന്നിക്കുഞ്ഞുങ്ങളേയും വിതരണം.
8. സ്ക്കൂളുകലിലെ പൗൾട്രി ക്ലബ്ബുകൾ
9. ബീജ സങ്കലന സൗകര്യങ്ങൾ
10. കാലിരോഗ നിയന്ത്രണ പദ്ധതി
11. പേ വിഷബാധ നിർമ്മാർജ്ജന പദ്ധതി

മേൽപറഞ്ഞ പദ്ധതികളിൽ ഏറെയും പഞ്ചായത്തിലെ നാമമാത്ര കർഷകർക്കേ പ്രാതിനിധ്യം ലഭിച്ചിട്ടുള്ളൂ. കൂടാതെ നല്ലയിനം ആട്ടിൻ കുട്ടികളുടെ ദൗർലഭ്യം, പച്ചിലതീറ്റയുടെ അഭാവം തുടങ്ങിയവ ആടുവളർത്തൽ പദ്ധതിയെ മന്ദീഭവിപ്പിച്ചിട്ടുണ്ട്.

## മാർഗ്ഗനിർദ്ദേശം

നല്ലയിനം ആട്ടിൻ കുട്ടികളെ ലഭ്യമാക്കുകയും സോഷ്യൽ ഫോറസ്ട്രി വഴി ഇതിനു വേണ്ട പച്ചിലതീറ്റ, സുബാബുൾ, പ്ലാവ് ഇല തുടങ്ങിയ ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിക്കുകുയം ചെയ്യുക

അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതിയിൽ തൽപരരായ കർഷകർക്കെല്ലാം തന്നെ പ്രയോജനവും പ്രാതിനിധ്യവും ലഭിക്കുന്നില്ല.

അതിന് ആവശ്യക്കാർക്ക് രണ്ടു മാസം പ്രായമായ നല്ല ഇനം കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം. ഊർജ്ജിത പന്നി വളർത്തൽ പദ്ധതിയിൽ പന്നിക്കുഞ്ഞുങ്ങലെ കിട്ടാനില്ലാത്തതാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിനായി സ്വകാര്യ മേഖലയിലും, പ്രാദേശിക ജീവിത രീതിയ്ക്കനുസരണമായും പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കണം. അതിനനുസരണമായി അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും വേണം. സമഗ്ര കന്നുകാലി വികസന പദ്ധതിയും വളരെകുറച്ചുപേർക്കേ ഉപയോഗപ്പെട്ടിട്ടുള്ളൂ. സ്ക്കൂളുകളിലെ പൗൾട്രി ക്ലബ്ബുകളിലും മുപ്പതിൽ താഴെ വിദ്യാർത്ഥികൾ മാത്രമേ അംഗങ്ങളായുള്ളൂ.

ഇതിനു പ്രതിവിധിയായി പൗൾട്രി ക്ലബ്ബ് ആരംഭിക്കാൻ തൽപരരായ എല്ലാ വിദ്യാർത്ഥികൾക്കും അതിൻെറ ഗുണഭോക്താക്കളാകാൻ സാധിക്കണം. ബീജസങ്കലന കേന്ദ്രങ്ങൾക്ക് സാധ്യതയുള്ള സ്ഥലമായതിനാൽ 500 ഗർഭധാരശേഷിയുള്ള പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ എല്ലാ വാർഡിലും ആരംഭിക്കാൻ സാധിക്കേണ്ടതാണ്.

## പേവിഷബാധ നിയന്ത്രണം

പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കളെയും നിർബന്ധകുത്തിവെയ്പിന് വിധേയമാക്കുകയും വർഷംതോറും അതുപുതുക്കി ലൈസൻസിന് വിധേയമാക്കുകയും ചെയ്യണം. ലൈസൻസ് ഫീസ് ആയി ചുരുങ്ങിയത് 100 രൂപ നിശ്ചയിക്കുകയും അപ്രകാരം പഞ്ചായത്തിൻെറ വിഭവസമാഹരണത്തിന് അത് പ്രയോജനപ്പെടുകയും ചെയ്യുന്നതാണ്. ഉയർന്ന ലൈസൻസ് ഫീസ് നിർബന്ധമാക്കുന്നതുമൂലം പട്ടിയെ വളർത്തുക എന്നത് വെറും വിനോദത്തിന് എന്ന നിലമാറി അത് കുറെക്കൂടി ഉത്തരവാദിത്വമുള്ള ഒന്നാണെന്ന തോന്നൽ ജനങ്ങളിൽ ഉണ്ടാക്കുകയും ചെയ്യും. ലൈസൻസില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ വെടിവെച്ചു കൊല്ലുകയോ, പിടികൂടി നശിപ്പിക്കുകയോ ചെയ്യുക വഴി പേവിഷബാധ കാര്യക്ഷമമായി നിയന്ത്രിക്കാം. വളർത്തുനായ്ക്കളെ പേവിഷബാധയിൽ നിന്ന് വിമുക്തമാക്കാൻ ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കു ലഭ്യമാക്കണം. ഈ മാരക വിഷബാധയെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും വേണം.

## പാൽ ഉൽപാദന രംഗം

ഈ മേഖലയിൽ തൃശൂർ ജില്ലയിലെ ഉൽപ്പാദനം 1.8 ലക്ഷം മെട്രിക് ടൺ ആണ്. ഇതിൻെറ മൂല്യം ഏകദേശം 16.28 കോടി രൂപയോളം വരും. എരുമപ്പെട്ടി പഞ്ചായത്തിലെ വർഷം തോറുമുള്ള പാൽ ഉൽപാദനം ഏകദേശം രണ്ട് ലക്ഷം ലിറ്റർ ആണ്. അതിൽ നിന്നും ലഭിക്കുന്ന മൂല്യം ഏകദേശം 18 ലക്ഷം രൂപയോളം വരും. ആകെ ഒരു പാൽ വിതരണ സൊസൈറ്റി മാത്രമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്. ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിൽ 20600 ലിറ്റർ പാൽ മാത്രമേ ഈ സൊസൈറ്റി വഴി വിപണനം ചെയ്യപ്പെടുന്നുള്ളൂ. ബാക്കിയുള്ളതെല്ലാം സമീപ നഗരങ്ങളിൽ വിപണനം ചെയ്യപ്പെടുകയോ, സമീപസ്ഥലങ്ങളായ പാൽ വിതരണ സൊസൈറ്റികൾ വഴി പുറത്തേക്ക് പോകുകയോ, വീടുകളിലെ ആവശ്യങ്ങൾക്കായി വില്ക്കപ്പെടുകയോ ആണ്. ഈ രംഗത്ത് കൂടുതൽ ശ്രദ്ധ ആവശ്യമാണ്. സമ്പുഷ്ട വൈക്കോൽ തീറ്റ, സമഗ്ര കാലിത്തീറ്റ തുടങ്ങിയവയുടെ സുഗമമായ വിതരണം വഴി കൂടുതൽ പാലുല്പാദനത്തിന് വഴി തെളിയിക്കുകുയം അങ്ങിനെ ഉല്പാദിപ്പിക്കപ്പെടുന്ന പാൽ, കൂടുതൽ സൊസൈറ്റികൾ രൂപീകരിച്ച് അതുവഴി വിപണനം ചെയ്യപ്പെടുകയും ചെയ്താൽ മാത്രമേ ഗ്രാമീണ വികസനം സാധ്യമാകുകയുള്ളൂ.

## മാംസോല്പാദന രംഗം

ഇക്കാലമത്രയും മാംസോല്പാദന സംസ്കരണ വിപണന രംഗം അസംഘടിതമേഖലയിലാണ്. എന്നാൽ ഇവിടെ കശാപ്പു ചെയ്യപ്പെടുന്ന കന്നുകാലികളുടെ മൂല്യം കണക്കാക്കുമ്പോൾ അത് വിസ്മയം ജനിപ്പിക്കുന്നതാണ്. ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന മാസംത്തിൻെറ ഏകദേശം വില ഒരു

മാസത്തേക്ക്

| | |
|---|---|
| പശു, എരുമ, പോത്ത് | 3,85000 രൂപ |
| ആട് | 24000 രൂപ |
| മൂരിക്കുട്ടികൾ | 26250 രൂപ |
| പന്നികൾ | 90000 രൂപ |
| ആകെ | 5,25,250 രൂപ |

ഈ തുക പ്രതിവർഷത്തേക്ക് 63 ലക്ഷത്തിലധികം വരും. എന്നാൽ മാംസോല്പാദനത്തിനുള്ള മൃഗങ്ങളിൽ 80 മുതൽ 90 ശതമാനം വരെ പുറം സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത് എന്നതുകൊണ്ട് ഇത്രയധികം ആവശ്യകത നില നിൽക്കുമ്പോൾ സ്വയം പര്യാപ്തത കൈവരിക്കാനുള്ള സാധ്യത കൾ ഏറെയാണ്. ഇതിനായി "Goat is Gold" എന്നറിയപ്പെടുന്ന സമഗ്ര ആടുവളർത്തൽ പദ്ധതി, പന്നി വളർത്തൽ പദ്ധതി, കാളക്കുട്ടി പരിപാലനം, മുയൽ വളർത്തൽ, കോഴി, കാട, ടർക്കി, താറാവ് തുടങ്ങിയ പക്ഷി വളർത്തൽ എന്നിവക്ക് സാധ്യതയേറുന്നു.

### അംഗീകൃത അറവുശാല

ഒരു അംഗീകൃത അറവുശാല നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നുള്ളത് വളരെ ദുഃഖകരമാണ്. ഏറിയ പങ്കും അന്യ സ്ഥലങ്ങളിൽ നിന്ന് അറവ് കഴിഞ്ഞ് കൊണ്ടുവരുന്ന മാംസം അതിൻെറ ഗുണനിലവാരം ഒട്ടും തന്നെ തിട്ടപ്പെടുത്താൻ സാധി ക്കാത്ത തരത്തിൽ – സംശയജനകമായ സാഹചര്യത്തിൽ – ആണ് ഇവിടെ വിപണന രംഗത്തേക്ക് വരുന്നത്. വിപണനം നടത്തുവാൻ പ്രത്യേക സ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ട് ഭൂരി പക്ഷവും തുറന്ന വെളിസ്ഥലങ്ങളിലും, റോഡു വക്കുകളിലും കാഴ്ചക്കാരിൽ അറപ്പു ജനിപ്പിക്കുന്ന തരത്തിൽ പ്രദർശി പ്പിച്ചാണ് വില്പന നടത്തപ്പെടുന്നത്. പൊതു ജനാരോഗ്യത്തിന് ഹാനികരമായ വിധത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നട ത്തുന്നത് കുറ്റകരമാണെങ്കിലും ആരും അതിനെതിരെ പ്രതി കരിക്കുന്നില്ല എന്നത് ശോചനീയം തന്നെയാണ്. ശാസ്ത്രീയമായ അറവു സമ്പ്രദായങ്ങൾ നടപ്പിൽ വരുത്തുകയും അനധികൃത അറവുശാലകളും വിപണന കേന്ദ്രങ്ങളും നിരോധിക്കുക യുമാണ് ഇതിന് പ്രതിവിധിയായി നിർദ്ദേശിക്കാനുള്ളത്. ഇവിടെ കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളെ കശാപ്പിനു മുൻപും, ശേഷവും പരിശോധനക്ക് വിധേയമാക്കുകയും നിലവാരം തിട്ടപ്പെടുത്തി മാത്രം വിപണനത്തിന് അയക്കുകയും ചെയ്യുന്ന സമ്പ്രദായം നിലവിൽ വന്നേ പറ്റൂ. അറവുശാലകളിൽ അവശേ ഷിക്കുന്ന തോൽ, എല്ല് രക്തം, വെയ്സ്റ്റ് മാംസം തുടങ്ങിയവ ഉപയോഗിച്ച് നടത്താവുന്ന വ്യവസായ യൂണിറ്റുകൾ പഞ്ചായ ത്തിൽ തുടങ്ങുന്നതും അഭികാമ്യമാണ്. കൂടാതെ പഞ്ചായത്തിൽ ഒരു മാംസോല്പാദന സഹകരണ സംഘത്തിൻെറ സാധ്യത തള്ളിക്കളയാനാകുന്നതല്ല. ഇത്തരം സഹകരണ സംഘങ്ങളിലൂ ടെയുള്ള മുട്ടയുടേയും, മാംസത്തിൻേറയും വിപണനം ഇവ യുടെ വിതരണത്തിലും, ഉപഭോഗത്തിലും കാര്യമായ പരിവർ ത്തനം ഉണ്ടാക്കുമെന്നുള്ളത് നിശ്ചയമാണ്. ഈ സംരംഭത്തിന് തൽപരരായ കർഷകരെ കണ്ടെത്തി ഇതിനുള്ള വൈദഗ്ദ്ധ്യം നൽകി മാംസ സംസ്കരണ രംഗം സുസംഘടിതമാക്കുന്ന തോടെ കൂടുതൽ തൊഴിലവസരങ്ങളും നൂതനമായ ഒരു സ മ്പദ്ഘടനയും പഞ്ചായത്തിന് കൈവരുമെന്നുള്ളതിനാൽ തർക്കമില്ല.

### കാലിത്തീറ്റ ഉൽപ്പാദനരംഗം

പ്രശ്നങ്ങൾ :

1. കാർഷിക രംഗത്തെ ഉപോൽപ്പന്നങ്ങളായ തവിട്, പിണ്ണാ ക്ക്, അരി തുടങ്ങിയവ ചേർത്ത് കോമ്പൗണ്ട് ഫീഡ് മിക്സർ ആയി ഉപയോഗിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.
2. ഈ പഞ്ചായത്തിൽ മൊത്തം ചെയ്യുന്ന നെൽകൃഷിയുടെ വലിയൊരളവ് വൈക്കോലും അശാസ്ത്രീയമായ സംഭരണ സംസ്ക്കരണം മൂലം കേടുവന്ന് പാഴായിപ്പോകുന്നു. തൻ മൂലം കർഷകർക്ക് രൂക്ഷമായ വൈക്കോൽ ക്ഷാമം അനു ഭവപ്പെടുന്നു. കൂടാതെ പണ്ട് സുലഭമായിരുന്ന തവിടിനും ക്ഷാമം അനുഭവപ്പെട്ടുവരുന്നു.
3. ഇവിടെ ഇന്ന് ലഭിക്കുന്ന പിണ്ണാക്കിൻെറ മേൻമ കുറവും അതിനു തന്നെ വില അധികവുമാണ്. ഈ പഞ്ചായ ത്തിൽ ഏകദേശം 1500 ചാക്ക് കാലിത്തീറ്റ മാസംപ്രതി ഉപയോഗിക്കുന്നുണ്ട്. ഏകദേശം 60000 രൂപ. ഇത്രയും തുക പുറത്തേക്കൊഴുകുന്നു.
4. പുൽകൃഷി വളരെ ചുരുങ്ങിയ സ്ഥലത്ത് മാത്രമേ ഉള്ളൂ. അതുകൊണ്ടുതന്നെ പാലുൽപ്പാദനത്തിന് സമീകൃത കാലിത്തീറ്റയുടെ ആവശ്യം ഏറുന്നു.

### പരിഹാരമാർഗ്ഗങ്ങൾ

1. വൈക്കോൽ സംഭരണം ശാസ്ത്രീയ രീതിയിൽ ആക്കുക
2. കാർഷിക രംഗത്തെ ഉപോൽപ്പന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുക
3. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ മിശ്രണ യൂണി റ്റുകൾ സ്ഥാപിക്കുക
4. വിതരണത്തിനു മുൻപ് കാലിത്തീറ്റയുടെ ക്വാളിറ്റി കൺ ട്രോൾ തിട്ടപ്പെടുത്തുക
5. വൈക്കോൽ യൂറിയ ട്രീറ്റ്മെൻറിന് വിധേയമാക്കി സ മ്പുഷ്ട വൈക്കോൽ ലഭ്യമാക്കുക

## മുട്ടയുൽപ്പാദനം രംഗം

### പ്രശ്നങ്ങൾ

1. എരുമപ്പെട്ടി പഞ്ചായത്തിൽ കോഴിമുട്ട ഉൽപ്പാദനം ഉപ ഭോഗത്തിനനുസൃതമായി വർദ്ധിച്ചിട്ടില്ല. നമുക്ക് ആവശ്യ മുള്ള മുട്ടയിൽ വളരെ കുറച്ചു മാത്രമേ പ്രാദേശികമായി

ഉൽപ്പാദിപ്പിക്കുന്നുള്ളു.

2. ആവശ്യത്തിനനുസരിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ സാധിക്കുന്നില്ല. പകർച്ചവ്യാധികൾക്കുള്ള കുത്തിവെയ്പുകൾ സൗജന്യമായി ചെയ്തു കൊടുക്കുന്നുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തുന്നവർ വിരളമാണ്.

3. വിരബാധയും, കോഴി വസന്തയും കോഴിക്കുഞ്ഞുങ്ങളുടെ മരണനിരക്ക് കൂടുതലാക്കുന്നു.

4. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറച്ചി ആവശ്യത്തിനായി കൊണ്ടുവരപ്പെടുന്ന കോഴികൾക്കൊപ്പം ഒട്ടനവധി മാരക രോഗങ്ങളുടെ വൈറസുകളും പരക്കുന്നു.

5. കോഴിത്തീറ്റ ക്ഷാമം

### പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിൽ ചെറിയ തോതിൽ ഒരു ഇൻകുബേറ്റർ (മുട്ട വിരിക്കുന്ന യന്ത്രം) സ്ഥാപിക്കുക. അതുവഴി കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പാക്കണം

2. രോഗപ്രതിരോധ കുത്തിവെയ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക

3. ക്വാറന്റൈൻ രീതികൾ കർശനമാക്കാൻ ശ്രമിക്കുക

4. തീറ്റ ഘടകങ്ങളുടെ 50% പഞ്ചായത്തിൽ ഉള്ളത് ബുദ്ധിപൂർവ്വമായി ഉപയോഗിക്കുക

5. സഹകരണ മേഖലയിൽ ഈ രംഗത്തെ സംഭരണ വിപണന തലങ്ങൾ കാര്യക്ഷമമാക്കുക

### അവലംബിക്കാവുന്ന മാതൃകാ പദ്ധതികൾ

1. പാൽ ഉൽപ്പാദനത്തിന് ഡയറി യൂണിറ്റുകൾ

ഒരു വീട്ടിൽ ഒരു പശു

മിനി ഡയറി യൂണിറ്റ്. ഒരു കുടുംബത്തിന് ആറുമാസത്തെ ഇടവേളയിൽ മൂന്നു പശുക്കളെ നൽകി സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്താവുന്ന ഒരു പദ്ധതിയാണിത്. 15 വനിതകൾ അടങ്ങിയ DWCRA യൂണിറ്റുകൾ ചില സ്ഥലങ്ങളിൽ ഇപ്രകാരം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

2. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

3. സങ്കരവർഗ്ഗ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി.

4. വൈറ്റമിൻ ധാതു ലവണ മിശ്രിതം വിതരണ പദ്ധതി

5. തീറ്റപ്പുൽ കൃഷി പ്രചാരണ പരിപാടി.

6. ആടു വളർത്തൽ പദ്ധതി

7. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി

8. മുയൽ വളർത്തൽ പദ്ധതി

9. എഗ്ഗർ ലെയർ നെഴ്സറി

10. സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ

11. അടുക്കളമുറ്റത്തെ കോഴി വളർത്തൽ

12. ഇറച്ചിക്കോഴി വളർത്തൽ

13. താറാവ് വളർത്തൽ

14. സമ്മിശ്ര മൃഗപരിപാലനം

വൻകിട കർഷകർക്ക് ഒന്നിന്റെ തീറ്റ മറ്റൊന്നിന്റെ ഉപോൽപ്പന്നവുമായി ബന്ധപ്പെടുത്തി നടത്താവുന്ന ഒന്നാണിത്. 3 പശുക്കൾ, 3 ആട്ടിൻകുട്ടികൾ, 6 പന്നികൾ, 25 കോഴികൾ, 25 താറാവുകൾ എന്നിവ വളർത്തുകയും പുൽകൃഷി ചെയ്യുകയുമാണ് രീതി. ഇതിനോടൊപ്പം കുളങ്ങളിൽ സമ്മിശ്ര മത്സ്യക്കൃഷിയുമാകാം. മൂന്ന് ക്യൂബിക്ക് മീറ്റർ വലിപ്പമുള്ള ഗോബർ ഗ്യാസ് പ്ലാൻറും പ്രവർത്തിപ്പിക്കാം. അതിൽ നിന്നു ലഭിക്കുന്ന മട്ട് കാർഷിക വിളകൾക്ക് ഉപയോഗിക്കാം.

15. ചെറുകിട കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ

16. ശാസ്ത്രീയ മാംസോല്പാദന സംസ്ക്കരണ പദ്ധതി

17. സമ്പൂർണ്ണ പേവിഷബാധ നിയന്ത്രണ തീവ്രയത്ന പരിപാടി. തെരുവുനായ്ക്കളെയും, അലഞ്ഞു തിരിയുന്നവയേയും നശിപ്പിക്കലും, വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തി ടാക്സ് നിയന്ത്രണമേർപ്പെടുത്തുകയുമാണ് ഈ രോഗം തടയുന്നതിനുള്ള പോംവഴി. വർഷം തോറും വളർത്തു നായ്ക്കളെ കുത്തിവെയ്പിന് വിധേയമാക്കേണ്ടതുമാണ്.

18. മൃഗാസ്പത്രികളുടെ നവീകരണം

19. ഗോരക്ഷാ ക്യാമ്പുകൾ, വന്ധ്യതാ നിവാരണ ക്യാമ്പുകൾ

20. ഗ്രീൻ കാർഡ് സമ്പ്രദായം. മൃഗപരിപാലന രംഗത്തുള്ള കുടുംബങ്ങൾക്ക് അവയുടെ ചുമതലയിലുള്ള മൃഗങ്ങളെക്കുറിച്ച് വ്യക്തമായ വിവരം നൽകുന്ന ഗ്രീൻ കാർഡുകൾ നൽകുകയും, അവ പരിശോധിക്കുകയും ചെയ്യുക

21. സമഗ്ര കാലി ഇൻഷൂറൻസ് പദ്ധതി

22. പഞ്ചായത്ത് തല മൃഗസംരക്ഷണ മേള

23. മാതൃകാ മൃഗസംരക്ഷകനുള്ള അവാർഡ്. ക്യാഷ് അവാർഡും ബഹുമതി പത്രവും നൽകി ആദരിക്കൽ

### ഗ്രാമസഭ ആവശ്യങ്ങൾ

1. മിക്കവാറും എല്ലാ വാർഡുകാരും മൃഗാസ്പത്രിയുടെ ആവശ്യകത ചൂണ്ടിക്കാട്ടുന്നു. അത് ഇല്ലാത്ത ഇടങ്ങളിൽ സബ സെൻററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കേണ

താണ്.

2. ഇതുപോലെ ക്ഷീര സംഭരണ യൂണിറ്റിനുള്ള ആവശ്യവും മിക്കവാറും വാർഡുകാർ സൂചിപ്പിച്ചിട്ടുണ്ട്.

3. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാൻ എല്ലാ വാർഡുകാരും ആവശ്യപ്പെട്ടിട്ടുണ്ട്.

4. ആടുവളർത്തൽ യൂണിറ്റുകൾ ഉണ്ടാക്കുന്നതിനും മേച്ചിൽ സ്ഥലം ലഭ്യമാക്കുന്നതിനുമാണ് 3, 4, 5, 8, 9, 10, 11 വാർഡുകൾ ആവശ്യപ്പെട്ടിരിക്കുന്നത്.

5. മൃഗാസ്പത്രി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കണമെന്നും 2-ാം വാർഡിൽ പൂതാരക്കുളത്തിനു സമീപമുള്ള പുറമ്പോക്കു സ്ഥലം അതിനായി വിനിയോഗിക്കാമെന്നും ആ വാർഡുകാർ പറഞ്ഞിട്ടുണ്ട്.

6. കന്നുകാലി രോഗങ്ങൾ തടയുന്നതിന് നടപടികൾ എടുക്കാൻ 5-ാം വാർഡുകാരും, കാലിത്തീറ്റ നിർമ്മാണം പ്രാദേശികമായി വിഭാവനം ചെയ്യാൻ 11-ാം വാർഡുകാരും നിർദ്ദേശിച്ചിട്ടുണ്ട്

7. കന്നുകാലികളെ പുഴയിൽ ഇറക്കി കഴുകുന്നതിന് വെട്ടിക്കൽ, മല്ലൂാരം, വണ്ടിപറമ്പ് എന്നീ കുളക്കടവുകളിൽ പടവുകൾ കെട്ടി സംരക്ഷിക്കാൻ 8-ാം വാർഡുകാർ ആവശ്യപ്പെട്ടിട്ടുണ്ട്. കല്ലിങ്ങൽ റോഡ് റിപ്പയർ ചെയ്യാനും അവർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

8. കോഴി വളർത്തൽ, പന്നി വളർത്തൽ എന്നിവയുടെ യൂണിറ്റുകൾ ആരംഭിക്കാൻ 8, 9, 10 വാർഡുകാർ ആവശ്യപ്പെടുന്നു

## മത്സ്യബന്ധനം

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനമാണ് ഈ പഞ്ചായത്തിൻെറ അവസ്ഥയ്ക്ക് അനുകൂലമായത്. ധാരാളം ശുദ്ധജല മത്സ്യകൃഷിക്ക് ഉപയുക്തമായ കുളങ്ങൾ ഈ പഞ്ചായത്തിൽ ഇന്നുണ്ട്. ഇവയിൽ ജല ദൗർലഭ്യം അനുഭവപ്പെടാത്ത കുളങ്ങൾ ഏതൊക്കെയാണെന്ന് ബോധ്യപ്പെട്ടതിന് ശേഷമേ അത്തരം ഒരു സംരംഭത്തിന് ഈ പഞ്ചായത്തിൽ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസക്തിയുള്ളു.

പരമ്പരാഗതമായ മാർഗ്ഗങ്ങൾ അവലംബിച്ച് പുഴയിൽ നിന്നും (വടക്കാഞ്ചേരി പുഴ) തോടുകളിൽ നിന്നും കുളങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്ന രീതിയാണ് പഞ്ചായത്തിൽ ഇന്നും നിലവിലുള്ളത്. കാര്യമായ വ്യതിയാനം ഇവിടെ ഈ രംഗത്ത് ഉണ്ടായതായി കാണുന്നില്ല. വല, ചൂണ്ട, ഒറ്റാൽ തുടങ്ങിയ മത്സ്യബന്ധന ഉപാധികളാണ് സാധാരണയായി കണ്ടുവരുന്നത്. പുതിയ ജനുസ് മത്സ്യങ്ങൾ ഈ പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തപ്പെടുന്നില്ല. ഒന്നോ രണ്ടോ ചെറുകിട കർഷകർ മാത്രമാണ് അതിന് മുതിർന്നിട്ടുള്ളത്.

പ്രചീന ജനുസ്സുകളിൽ പെട്ട വരാൽ, മുണ്ടത്തി, ചികു തുടങ്ങിയ മിത്സ്യങ്ങളാണ് പുഴയിലും, കുളങ്ങളിലും സാധാരണയായി കണ്ടുവരാറുള്ളത്. വേനൽക്കാലമാണ് ഇന്നാട്ടിലെ മത്സ്യത്തൊഴിലാളികൾ ശുദ്ധജല മതൃബന്ധനത്തിനായി ഉപയോഗിക്കാറുള്ളത്. പ്രജനന കാലത്ത് മത്സ്യം ലഭ്യമല്ല എന്നതാണ് കാരണമെന്ന് അറിയുന്നു. ഉൾനാടൻ മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയവർ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ജീവസന്ധാരണത്തിന് ഈ തൊഴിൽ മാത്രം ഉപയുക്തമല്ല. ആദായകരവുമല്ല. ഈ രീതിക്ക് മാറ്റം വരേണ്ടതാണ്. ഫ്രഷ് വാട്ടർ ഫിഷ് ഡെവലപ്പ്മൻറ് അതോറിട്ടിക്ക് ഈ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും.

മത്സ്യത്തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും ധനസഹായം ലഭിക്കുന്ന 7 പേർ മാത്രമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. അതുകൊണ്ടുതന്നെ ഈ രംഗത്ത് പ്രവർത്തിക്കാൻ തല്പരരായവർ കുറവാണെന്ന് അറിയാം. ആദായകരമായ രീതിയിൽ സമ്മിശ്ര മത്സ്യക്കൃഷി (കോമ്പോസിറ്റ് ഫിഷ് കൾച്ചർ) നടത്തി തൊഴിൽ ഉറപ്പാക്കിയാൽ കൂടുതൽ പേർ ഈ രംഗത്തേക്ക് വരാൻ സാധ്യതയുണ്ട്. ത്രിതല മത്സ്യകൃഷിക്ക് സാധ്യതയുള്ള കുളങ്ങൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണുതാനും.

### പ്രശ്നങ്ങൾ

1. ശുദ്ധജല മത്സ്യകൃഷി ഈ പഞ്ചായത്തിൽ വ്യാപകമല്ലാത്തതിനെ തുടർന്ന് മത്സ്യബന്ധനമേഖലയിൽ നിന്ന് തൊഴിലാളികൾ പിൻവാങ്ങുന്നു.

2. മത്സ്യം ലഭ്യമല്ലാത്തതിനാൽ ആരും തല്പരരല്ല.

3. മത്സ്യരോഗം മൂലം കൂടുതൽ വില കിട്ടിയിരുന്ന വരാൽ, പുഴവാള തുടങ്ങിയവ നശിച്ചുപോയതിനാൽ പുതിയ ജനുസ്സുകളെ വളർത്തണം.

4. ആദായകരമായ വിപണന സഹകരണ മേഖല നിലവിലില്ലാത്തതിനാൽ ലഭിക്കുന്നവ സംരക്ഷിക്കുന്നതിനോ വിപണനം നടത്തുന്നതിനോ മത്സ്യത്തൊഴിലാളി തന്നെ കഷ്ടപ്പെടേണ്ടി വരുന്നു.

### സാദ്ധ്യതകൾ

1. സാധിക്കുന്ന കുളങ്ങളിൽ കോമ്പോസിറ്റ് ഫിഷ് കൾച്ചർ പദ്ധതി പ്രകാരം മത്സ്യം വളർത്തുകയും ആ കുളത്തിലെ മത്സ്യ സംരക്ഷണത്തിന് ഉത്തവാദിത്വം നൽകുന്ന തരത്തിലുള്ള സഹകരണ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യാം

2. മത്സ്യത്തൊഴിലാളികളുടെ ലഭ്യതയനുസരിച്ച് കുളങ്ങളേയും, പുഴയേയും അവരവർക്ക് വീതിച്ചുനൽകി അവരുടെ തൊഴിൽ രംഗം ഫലപ്രദമാക്കുക

3. ആദായം ലഭിക്കത്തക്ക രീതിയിൽ ഒരു വിപണന സഹകരണ സംഘം പഞ്ചായത്തിൽ സ്ഥാപിക്കുക. അതിൻെറ നേട്ടം പഞ്ചായത്തിൻെറ എല്ലാ വാർഡുകാർക്കും പ്രയോജനപ്പെടുന്ന രീതിയിൽ ആവിഷ്ക്കരിക്കുക

4. ഇൻഷുറൻസ്, പെൻഷൻ, വീടിന് ധനസഹായം തുടങ്ങിയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൻെറ സഹായം എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുക.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

| | | |
|---|---|---|
| 1. | അപകട ഇൻഷുറൻസ് | 50000 രൂപ |
| 2. | മത്സ്യബന്ധന സമയത്തോ അതിനടുത്തോ അപകടം കൊണ്ടല്ലാതെയുള്ള യാദൃച്ഛിക മരണം. | 15000 രൂപ |
| 3. | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹം | 15000 രൂപ |
| 4. | ആശ്രിതരുടെ മരണം 300 രൂപ | |
| 5. | പ്രതിമാസമുള്ള വാരധക്യകാല പെൻഷൻ | 85 രൂപ |
| 6. | തൽക്കാല അവശതയ്ക്കുള്ള പരമാവധി സഹായം | 500 രൂപ |
| 7. | മത്സ്യത്തൊഴിലാളികളുടെ മരണം സംബന്ധിച്ച ചിലവിലേക്ക് | 1000 രൂപ |
| 8. | എസ്.എസ്.എൽ.സി. ജേതാക്കളായ മക്കളുണ്ടെങ്കിൽ അവർക്ക് പാരിതോഷികം | |
| | സംസ്ഥാന ഫസ്റ്റ് | 3000 രൂപ |
| | സംസ്ഥാന സെക്കൻറ് | 2000 രൂപ |
| | ജില്ലാതലം ഫസ്റ്റ് | 1000 രൂപ |
| | തുടർ വിദ്യാഭ്യാസത്തിന് | പ്രതിമാസം 100 രൂപ 2 വർഷത്തേക്ക് |
| 9. | കുടുംബക്ഷേമപരിപാടി | 500 രൂപ |
| 10. | രോഗചികിത്സാ പദ്ധതി (കാൻസർ, ക്ഷയം തുടങ്ങിയവക്ക്) | പരമാവധി 25000 രൂപ |

മാസം പ്രതിയോ തവണകളായോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് വിഹിതമടക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും മേൽപറഞ്ഞ സേവനങ്ങൾ ലഭ്യമാണ്. കൂടാതെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിയും നിലവിലുണ്ട്. ഇതര പദ്ധതികൾ ആവശ്യമെങ്കിൽ പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതേ ഉള്ളൂ.

എഫ്.എഫ്.ഡി.എ.യുടെ സഹായ സഹകരണങ്ങളോടെ മത്സ്യകൃഷി ഉൾനാടൻ ജലാശയങ്ങളിൽ വ്യാപകമാക്കുകയും അതിൻെറ സംരക്ഷണത്തിനും വളർച്ചയെത്തിയവയെ മത്സ്യബന്ധനം വഴി ചൂഷണം ചെയയ്ത് വിപണനരംഗത്തെത്തിക്കുവാനും കഴിഞ്ഞാൽ ഈ മേഖല സമ്പുഷ്ടമാകും. സംസ്ക്കരണ വിപണന രംഗത്ത് ഒരു സഹകരണ സംഘത്തിൻെറ സാധ്യതയും തള്ളിക്കളയാവുന്നതല്ല. മത്സ്യതീറ്റ ലഭ്യമാക്കുവാനുള്ള നടപടികളും ഇതോടൊപ്പം ചിന്തിക്കാവുന്നതാണ്. മൃഗപരിപാലനത്തിൽ പരാമർശിച്ച വേസ്റ്റ് മാംസം തുടങ്ങിയവ ഉപയോഗിച്ച് മത്സ്യതീറ്റയാക്കി മത്സ്യങ്ങൾക്ക് നൽകാൻ കഴിഞ്ഞാൽ ആ രംഗവും സജീവമാകും.

### ഗ്രാമസഭ ആവശ്യങ്ങൾ

1. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സൗജന്യനിരക്കിൽ നൽകുക എന്നതാണ് ഒന്നാം വാർഡുകാർ ഉന്നയിച്ച ആവശ്യം.

2. കാവാലൻചിറ, പുത്തൻകുളം, പാണാട്ട്കാവ് കുളം, മണ്ണാൻകുളം, കാരിയംകുളം എന്നിവയിൽ മത്സ്യം വളർത്താൻ നടപടികൾ സ്വീകരിക്കണമെന്നതാണ് മൂന്നാം വാർഡുകാരുടെ ആവശ്യം

3. ഭരണിച്ചിറ, പൂവ്വക്കോട്ട് കുളം, കിഴക്കേപുത്തൻ കുളം എന്നിവയിൽ മത്സ്യം വളർത്തണമെന്നതാണ് നാലാം വാർഡുകാരുടെ ആവശ്യം.

4. മലനംകുളം, ചാത്തൻകുളം എന്നിവയിൽ മത്സ്യം വളർത്തുന്നതിന് ഗ്രൂപ്പടിസ്ഥാനത്തിൽ സംവിധാനം ഏർപ്പെടുത്തുകയാണ് അഞ്ചാം വാർഡുകാരുടെ ആവശ്യം

5. കോരച്ചാൽ കുളം, കണ്ണമ്പാറ കുളം എന്നിവയിൽ മത്സ്യം വളർത്താൻ സൗകര്യം ഉണ്ടാക്കുക എന്നതാണ് എട്ടാം വാർഡുകാർ ആവശ്യപ്പെട്ടിരിക്കുന്നത്.

6. ഒമ്പതാം വാർഡിലുള്ള എല്ലാ ജലസംഭരണികളിലും മത്സ്യം വളർത്തുന്നതിന് സഹായകരമായ നടപടികൾ ആരംഭിക്കുക എന്നതാണ് അവരുടെ ആവശ്യം.

7. അയ്യൻകുളം സംരംക്ഷിച്ച് മത്സ്യകൃഷിക്കും മത്സ്യബന്ധനത്തിനും ഉപയുക്തമാക്കുക എന്നതാണ് പത്താം വാർഡുകാരുടെ ലക്ഷ്യം.

8. ചാത്തൻചിറ കുളം, മത്സ്യകൃഷിക്കും, മത്സ്യബന്ധനത്തിനും സൗകര്യപ്രദമാക്കുക എന്നതാണ് ഈ രംഗത്തെ പതിനൊന്നാം വാർഡുകാരുടെ ആവശ്യമായി പ്രതിപാദിച്ചിട്ടുള്ളത്.

ഇപ്രകാരം പഞ്ചായത്തിൻെറ സമ്പദ്ഘടനക്കും സമഗ്ര വികസനത്തിനും കാർഷിക തൊഴിലാളികളുടെ ഉന്നമനത്തിനും ഉതകുന്ന രീതിയിലുള്ള ഒരു വികസനം ആസൂത്രണം ചെയ്താൽ മാത്രമേ ഗ്രാമത്തിൻെറ അഥവാ പഞ്ചായത്തിൻെറ തന്നെ വികസനമാകൂ. അനുദിനം അനുഭവപ്പെട്ടുവരുന്ന വിഭവ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ പ്രയോജനപ്പെടുമാറ് ഇവയെ പ്ലാൻ സംവിധാനം ചെയ്യാൻ കഴിഞ്ഞാൽ വികസനത്തിൻെറ പാതയിൽ നമുക്ക് മുന്നേറാം. – വിജയവൈജയന്തിയുടെ വെന്നിക്കൊടി പാറിക്കാം.

# വിദ്യാഭ്യാസം

## ചരിത്ര പശ്ചാത്തലം

കൊല്ലവർഷം 1084 കുംഭം 20-ാം തിയ്യതി (1909 ഫെബ്രുവരി) അന്നത്തെ കൊച്ചി ഗവൺമെൻറ് എരുമപ്പെട്ടിയിൽ തുടങ്ങിയ "പ്രൊവർത്തി ഇംഗ്ലീഷ് പ്രൈമറി സ്ക്കൂളാണ് ഈ ഗ്രാമപഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസത്തിന് തിരികൊളുത്തിയതെന്ന് രേഖകളിൽ കാണപ്പെടുന്നു. ഗവ. ഹൈസ്കൂൾ എരുമപ്പെട്ടിയുടെ രജത ജൂബിലിയോടനുബന്ധിച്ച് 1972 മാർച്ചിൽ പുറത്തിറങ്ങിയ സുവനീർ പ്രസിദ്ധീകരണം ഈ വിദ്യാലയത്തിൻെറയും, ഗ്രാമ പഞ്ചായത്തിൻെറയും വിദ്യാഭ്യാസ ചരിത്ര പശ്ചാത്തലത്തിലേക്ക് വെളിച്ചം വീശുന്നു. ഈ സമയത്ത് മങ്ങാട്, കോട്ടപ്പുറം, കുണ്ടന്നൂർ, കുട്ടഞ്ചേരി, ചിറ്റണ്ട, കാഞ്ഞിരക്കോട് തുടങ്ങിയ ഗ്രാമപ്രദേശങ്ങളിൽ പ്രൈമറി സ്ക്കൂളുകൾ പ്രവർത്തിച്ചിരുന്നതായി പ്രതിപാദിക്കപ്പെടുന്നു.

ഇന്നത്തെ ഗവ. ഹൈസ്ക്കൂൾ എരുമപ്പെട്ടിയിൽ (പഴയ പ്രൊവർത്തി ഇംഗ്ലീഷ് പ്രൈമറി സ്ക്കൂൾ) 1-ാം ക്ലാസ്, രണ്ടാം ക്ലാസ് എന്നീ രണ്ട് ശിശു ക്ലാസുകളാണ് ഉണ്ടായിരുന്നത്. ഇന്നത്തെ പോലീസ് സ്റ്റേഷൻെറ എതിർവശത്തായി T ആകൃതിയിലുള്ള ഹാളിനടുത്ത് (മുമ്പ് ഇത് ഒരു കാവൽവിളി സ്ഥലമായിരുന്നു) ഈ സ്ക്കൂൾ 1911 ജൂണിൽ ഒരു എ.വി.പി. ആയതും രേഖകൾ സൂചിപ്പിക്കുന്നു. 1918ൽ എ.വി.പി. പെൺകുട്ടികളെകൂടി ഉൾപ്പെടുത്തി ഒരു മിക്സഡ് സ്കൂൾ ആയതും 1947ൽ ശ്രീ. കൃഷ്ണയ്യർ ഹെഡ്മാസ്റ്ററായി ഈ വിദ്യാലയം 10-ാം ക്ലാസ് വരെ ആയി ഉയർന്നതും പ്രതിപാദിക്കപ്പെടുന്നുണ്ട്.

കുണ്ടന്നൂരിലുള്ള ഇന്നത്തെ സെൻറ് ജോസഫ്സ് യു.പി. സ്ക്കൂൾ 1907ൽ ഒരു എൽ.പി. സ്കൂളായി പ്രവർത്തനം തുടങ്ങിയിട്ടുണ്ടായിരുന്നെന്നും പറയപ്പെടുന്നു. 1945ലാണ് ഇത് യു.പി. സ്ക്കൂളായി ഉയർന്നത്. കാഞ്ഞിരക്കോടുള്ള ബി.എം.പി.വി.എൽ.പി. സ്ക്കൂൾ കൊല്ലവർഷം 1109ൽ തുടങ്ങിയതത്രെ. 1919ൽ മങ്ങാട് പള്ളി നിർമ്മിച്ചപ്പോൾ 1920ൽ മുരിങ്ങത്തേരിയിൽ നാട്ടുകാരുടെ ശ്രമഫലമായി സ്ഥാപിച്ച സ്കൂൾ ഈ പള്ളിയുടെ കീഴിൽ കൊണ്ടുവന്നതാണ് മങ്ങാട് ആർ.സി.സി.എൽ.പി. സ്ക്കൂൾ.

1989 മുതൽ സർക്കാർ ഏറ്റെടുത്തു നടത്തുന്ന കുട്ടഞ്ചേരിയിലുള്ള എൽ.പി. സ്ക്കൂൾ 1962ലാണത്രെ ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റിയത്. അതിനുമുമ്പ് കുട്ടഞ്ചേരിയിലുള്ള കിഴക്കേ മഠം നാരായണയ്യരുടെ സ്ഥലത്ത് നാലര ക്ലാസ്സ് സ്കൂളായി പ്രവർത്തിച്ചിരുന്നെന്നും പറയപ്പെടുന്നു.

ഒരു വായനശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക യു.പി. സ്കൂൾ എന്ന ഖ്യാതി നേടിയ ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്ക്കൂൾ 1954ലാണ് സ്ഥാപിതമായത്. പുഴങ്കര രാമമേനോൻ, തെക്കൂട്ട് അച്ചുതമേനോൻ, കുന്നത്ത് ഭാസ്കരമേനോൻ മുതലായവരുടെ നേതൃത്വത്തിലാണ് ഇത് വായനശാലയുടെ കീഴിൽ പ്രവർത്തനം തുടങ്ങിയത്. പഞ്ചായത്ത് രേഖകളിൽ കാണുന്ന "ചിറ്റണ്ട പുലയ സ്ക്കൂൾ" ചിറ്റണ്ടയിലുണ്ടായിരുന്ന ഹാജിയാരുടെ സ്ഥലത്ത് പ്രവർത്തിച്ചിരുന്നതും എന്നാൽ പ്രവർത്തനം നിലച്ചതുമായ സ്ക്കൂൾ ആയിരിക്കണം എന്നാണ് പഴമക്കാരുടെ വാദം. ഒട്ടനവധി പ്രഗൽഭരുടെ സേവനങ്ങൾ ലഭ്യമായതും നിരവധി പ്രഗൽഭരെ വാർത്തെടുത്തതുമായ ഈ സരസ്വതീ ക്ഷേത്രങ്ങൾക്കെല്ലാം മറക്കാനാകാത്ത മുൻകാല ചരിത്രങ്ങളും ഒട്ടേറെ കഥകളും പറയാനുണ്ടത്രെ.

# ഔപചാരിക വിദ്യാഭ്യാസം

## സ്ഥാപനങ്ങൾ

ഈ പഞ്ചായത്തതിർത്തിയിൽ ഒരു ഹൈസ്ക്കൂളും (യു.പി. ചേർന്നത്) 2 യു.പി. സ്ക്കൂളുകളും 6 എൽ.പി. സ്ക്കൂളുകളും ഒരു സാങ്കേതിക സ്കൂളും 2 ഗവൺമെൻറ് അംഗീകാരമുള്ള നേഴ്സറികളും 23 അങ്കണ വാടികളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പേര്, സ്ഥിതി ചെയ്യുന്ന സ്ഥലം, ഉടമസ്ഥത എന്നിവ താഴെ കാണുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

| നമ്പർ | വിദ്യാലയം | സ്ഥിതി ചെയ്യുന്ന സ്ഥലം | ഉടമസ്ഥത |
|---|---|---|---|
| 1 | G.H.S. എരുമപ്പെട്ടി | എരുമപ്പെട്ടി | സർക്കാർ |
| 2 | GLPS എരുമപ്പെട്ടി | എരുമപ്പെട്ടി | സർക്കാർ |
| 3 | GLPS കുട്ടഞ്ചേരി | കുട്ടഞ്ചേരി | സർക്കാർ |
| 4 | RCCLPS ഈസ്റ്റ് മങ്ങാട് | മങ്ങാട് | എയിഡഡ് |
| 5 | സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | ആറ്റത്ര | എയിഡഡ് |
| 6 | സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | കുണ്ടന്നൂർ | എയിഡഡ് |
| 7 | ജ്ഞാനോദയം UPS ചിറ്റണ്ട | ചിറ്റണ്ട | എയിഡഡ് |
| 8 | BMPVLPS കാഞ്ഞിരക്കോട് | കാഞ്ഞിരക്കോട് | എയിഡഡ് |
| 9 | നിർമ്മല ഇംഗ്ലീഷ് LPS എരുമപ്പെട്ടി | എരുമപ്പെട്ടി | അൺ എയിഡഡ് |

കൂടാതെ താഴെയുള്ള രേഖാചിത്രം ഈ സ്ഥാപനങ്ങളുടെ ദൂരവ്യത്യാസവും സ്ഥാനവും വ്യക്തമാക്കുന്നു.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വിദ്യാലയങ്ങളുടെ സ്ഥാനം




1. നിർമ്മല ഇംഗ്ലീഷ് സ്ക്കൂൾ എരുമപ്പെട്ടി
2. ജി.എച്ച്.എസ് എരുമപ്പെട്ടി
3. ജി.എൽ.പി.എസ്. എരുമപ്പെട്ടി
4. ജി.എൽ.പി.എസ്. കുട്ടഞ്ചേരി
5. ആർ.സി.സി.എൽ.പി.എസ്. മങ്ങാട്
6. എൽ.പി.എസ്. ആറ്റത്ര
7. എ.യു.പി.എസ്. കുണ്ടന്നൂർ
8. എ.യു.പി.എസ്. ചിറ്റണ്ട
9. എ.എൽ.പി.എസ്. കാഞ്ഞിരക്കോട്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് വിവിധ വിദ്യാലയങ്ങളിലേക്കുള്ള ദൂരം

| | |
|---|---|
| എരുമപ്പെട്ടി, ജി.എച്ച്.എസ്. | = 3 കി.മീ. |
| ജി.എൽ.പി.എസ്. കുട്ടഞ്ചേരി | = 2.75 കി.മീ. |
| ആർ.സി.സി.എൽ.പി.എസ്. മങ്ങാട് | = 0 കി.മീ. |
| ജ്ഞാനോദയം യു.പി.എസ്. ചിറ്റണ്ട | = 4 കി.മീ. |
| സെൻറ്. ജോസഫ്സ് കുണ്ടന്നൂർ | = 2.5 കി.മീ. |
| സെൻറ്. ഫ്രാൻസീസ് എൽ.പി.എസ്. ആറ്റത്ര | = 2. കി.മീ |
| ബി.എം.പി.ബി.എൽ.പി.എസ്. കാഞ്ഞിരക്കോട് | = 3.75 കി.മീ |

## വിദ്യാർത്ഥികൾ

ഈ വിദ്യാലയങ്ങളിൽ ആകെ 6531 കുട്ടികൾ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്നു. താഴെയുള്ള പട്ടിക ഈ വിദ്യാലയങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളുടെ എണ്ണം തരംതിരിച്ച് കൊടുത്തിരിക്കുന്നു.

| | വിദ്യാലയം പേര് | വിദ്യാർത്ഥികൾ | | ആകെ |
|---|---|---|---|---|
| | | ആൺ | പെൺ | |
| 1 | G.H.S. എരുമപ്പെട്ടി | 1562 | 1573 | 3135 |
| 2 | GLPS കുട്ടഞ്ചേരി | 113 | 110 | 223 |
| 3 | RCCLPS ഈസ്റ്റ് മങ്ങാട് | 197 | 196 | 393 |
| 4 | സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | 66 | 69 | 135 |
| 5 | സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 430 | 381 | 811 |
| 6 | ജ്ഞാനോദയം UPS ചിറ്റണ്ട | 327 | 301 | 628 |
| 7 | BMPVLPS കാഞ്ഞിരക്കോട് | 118 | 113 | 231 |
| 8 | നിർമ്മല ഇംഗ്ലീഷ് LPS എരുമപ്പെട്ടി | 190 | 88 | 197 |
| 9 | GLPS എരുമപ്പെട്ടി | 409 | 369 | 778 |

ഇവയിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിൽ നിന്ന് വ്യക്തമാക്കാം.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വിദ്യാർത്ഥികൾ ആൺ പെൺ അനുപാതം




ഉടമസ്ഥത വ്യക്തമാക്കുന്നു. കുട്ടികളുടെ അംഗസംഖ്യ

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വിദ്യാർത്ഥികൾ
ഗവൺമെൻറ്, എയിഡഡ്, അൺ എയിഡഡ് മേഖല അനുപാതം




വിദ്യാർത്ഥികളുടെ അംഗസംഖ്യ പരിശോധിക്കുമ്പോൾ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവാണെന്നു കാണുന്നു. ഹൈസ്കൂളിൽ വിദ്യാർത്ഥി ബാഹുല്യം ഉള്ളതായി കാണപ്പെടുന്നു.

മുൻവർഷങ്ങളിലെ അംഗസംഖ്യ താരതമ്യപ്പെടുത്തുമ്പോൾ എൽ.പി., യു.പി. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ജനനനിരക്കിലുണ്ടായ വ്യത്യാസവും പരിസരപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്കും ഈ കുറവിന് കാരണമാകുന്നു. ഈ ഗ്രാമപഞ്ചായത്തിൽ നിന്ന് വിവിധ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം 125ന് മുകളിലാണ്.

ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പോയി പഠിച്ചാലേ കുട്ടികൾ കേമൻമാരാകൂ എന്ന മിഥ്യാ ധാരണയാണ് സാധാരണക്കാരെപ്പോലും ഇതിന് പ്രേരിപ്പിക്കുന്നത്. കൂടാതെ ഈ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ പഠനനിലവാരക്കുറവും രക്ഷിതാക്കളുടെ ശരിയായ അറിവില്ലായ്മയുമാണ് ഇതിനു കാരണമായി കാണുന്നത്.

എന്നാൽ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ സാധാരണ പ്രവൃത്തി സമയത്തിനുശേഷവും അതതു സ്കൂളുകളിൽ അദ്ധ്യാപകർ ട്യൂഷൻ നടത്തിയിട്ടും കൂടാതെ 'ഹൗസ് ട്യൂഷൻ' നൽകിയിട്ടും ധാരാളം കുട്ടികൾ തോറ്റുപഠിക്കുന്നതും കാണുന്നു.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്
വിദ്യാലയങ്ങളും വിദ്യാർത്ഥികളും അനുപാതം




| | | |
|---|---|---|
| 3135 | 1 | G.H.S. എരുമപ്പെട്ടി |
| 778 | 2 | GLPS എരുമപ്പെട്ടി |
| 223 | 3 | GLPS കുട്ടഞ്ചേരി |
| 393 | 4 | RCCLPS ഈസ്റ്റ് മങ്ങാട് |
| 135 | 5 | സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര |
| 811 | 6 | സെൻറ് ജോസഫ് AUPS കുണ്ടന്നൂർ |
| 628 | 7 | ജ്ഞാനോദയം UPS ചിറ്റണ്ട |
| 231 | 8 | BMPVLPS കാഞ്ഞിരക്കോട് |
| 197 | 9 | നിർമ്മല ഇംഗ്ലീഷ് LPS എരുമപ്പെട്ടി |
| ആകെ 6531 | | |

മുകളിൽ നിന്ന് ഓരോ വിദ്യാലയങ്ങളിലെയും കുട്ടികളുടെ എണ്ണം ലഭിക്കുന്നു.

## സ്കോളർഷിപ്പ്

ഈ പഞ്ചായത്താതിർത്തിയിലുള്ള വിദ്യാലയങ്ങളിലെ മുസ്ലീം സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾ

| നമ്പർ | സ്കൂൾ | ആകെ കുട്ടികൾ | മുസ്ലീം പെൺകുട്ടികൾ |
|---|---|---|---|
| 1. | ജി.എച്ച്.എസ്. എരുമപ്പെട്ടി | – | 58 |
| 2. | യു.പി.എസ്. ചിറ്റണ്ട | – | 21 |
| 3. | യു.പി.എസ്. കുണ്ടന്നൂർ | – | 25 |

മറ്റു സ്കോളർഷിപ്പുകൾ 1995 - 96

| | |
|---|---|
| മെറിറ്റ് സ്കോളർഷിപ്പ് | 19 |
| ജവാൻ സ്കോളർഷിപ്പ് | 8 |
| ബീഡിതൊഴിലാളി സ്കോളർഷിപ്പ് | 23 |
| മത്സ്യത്തൊഴിലാളി സ്കോളർഷിപ്പ് | 3 |
| വികലാംഗർ സ്കോളർഷിപ്പ് | 26 |

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ സമുദായങ്ങളിലെ കുട്ടികൾക്കും സ്കോളർഷിപ്പ് സംവിധ ഏർപ്പെടുത്തേണ്ടതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

ഇതര സമുദായത്തിലെ കുട്ടികളുമായി താരതമ്യപ്പെടുത്തുമ്പോൾ പട്ടികജാതിയിൽ ഉൾപ്പെടുന്ന കുട്ടി 20.27 ശതമാനം ഈ പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിൽ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഓരോ വിദ്യാലയത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം താഴെയുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

| സ്കൂൾ | ആകെ കുട്ടികൾ | SC/ST കുട്ടികൾ | SC/ST കുട്ടികൾ ശതമാനം |
|---|---|---|---|
| G.H.S. എരുമപ്പെട്ടി | 3135 | 665 | 21 % |
| GLPS എരുമപ്പെട്ടി | 778 | 132 | 17 % |
| GLPS കുട്ടഞ്ചേരി | 223 | 80 | 36 % |
| RCCLPS ഈസ്റ്റ് മങ്ങാട് | 393 | 74 | 19 % |
| സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | 135 | 24 | 18 % |
| സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 811 | 156 | 19 % |
| ജ്ഞാനോദയം UPS ചിറ്റണ്ട | 628 | 127 | 20 % |
| BMPVLPS കാഞ്ഞിരക്കോട് | 231 | 64 | 28 % |
| നിർമ്മല ഇംഗ്ലീഷ് LPS എരുമപ്പെട്ടി | 197 | 2 | 1 % |
| ആകെ | 6531 | 1324 | 20 % |

ഈ പട്ടികയിൽ നിന്ന് ആകെ 1324 വിദ്യാർത്ഥികൾ പട്ടികജാതിയിൽ ഉൾപ്പെടുന്നതായി കാണാവുന്നതാണ്.

തോറ്റുപഠിക്കുന്ന പട്ടികജാതി കുട്ടികളുടെ കണക്കും പഠനം നിർത്തിപ്പോയ കുട്ടികളുടെ കണക്കും വ്യക്തമാണ്. താഴെയുള്ള പട്ടിക നോക്കുക.

പഠനം നിർത്തിയവരുടെ / തോറ്റു പഠിക്കുന്നവരുടെ

| സ്കൂൾ | ആകെ കുട്ടികൾ | തോറ്റു പഠിക്കുന്നവർ | പഠനം നിർത്തിയവർ (96 - 97 വർഷം) |
|---|---|---|---|
| G.H.S. എരുമപ്പെട്ടി | 665 | 125 | 18 |
| GLPS എരുമപ്പെട്ടി | 132 | 13 | - |
| GLPS കുട്ടഞ്ചേരി | 80 | 2 | - |
| RCCLPS ഈസ്റ്റ് മങ്ങാട് | 74 | 6 | 1 |
| സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | 24 | 2 | - |
| സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 156 | 28 | 2 |
| ജ്ഞാനോദയം UPS ചിറ്റണ്ട | 127 | 28 | 2 |
| BMPVLPS കാഞ്ഞിരക്കോട് | 64 | 13 | - |
| ആകെ | 1322 | 217 | 22 |

പഠനം നർത്തിയവരുടെ എണ്ണം ആകെ 22 ആണ്. തോറ്റുപഠിക്കുന്ന പട്ടികജാതി കുട്ടികൾ ആകെ 217 ആണ്. അതായത് 3.32% കുട്ടികൾ 1995 - 96ൽ തോറ്റു പഠിക്കുന്നവരാണ്.

പഠനഗുണനിലവാരം പരിശോധിക്കുമ്പോൾ, ഇതര സമുദായങ്ങളിലെ കുട്ടികളുമായി താരതമ്യപ്പെടുത്തുമ്പോൾ മോശമാണെന്നു കാണുന്നു. എന്നാൽ ഇവരുടെയിടയിൽ മിടുക്കൻമാരും ഇല്ലാതെവരുന്നില്ല. രക്ഷിതാക്കളുടെ ശരിയായ അറിവില്ലായ്മയും അവരുടെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയും പഠനനിലവാരത്തകർച്ചക്ക് പ്രധാന കാരണമാകുന്നു. ഈയൊരു കാരണം തന്നെയാണ് പഠനം നിർത്തിപോകുന്നതിനും തോറ്റു പഠിക്കുന്നതിനും വഴി വെക്കുന്നത്. ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സർക്കാരിൽ നിന്നും ലംപ്സംഗ്രാൻറ് ലഭിക്കുന്നുണ്ട്. ആകെ ലംപ്സംഗ്രാൻറ് ലഭിക്കുന്ന കുട്ടികളുടെ വിവരം തരം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| നമ്പർ | സ്കൂൾ | ആകെ കുട്ടികൾ | ലംപ്സംഗ്രാൻറ് വാങ്ങുന്നവർ |
|---|---|---|---|
| 1 | G.H.S. എരുമപ്പെട്ടി | 3135 | 657 |
| 2 | GLPS എരുമപ്പെട്ടി | 778 | 131 |
| 3 | GLPS കുട്ടഞ്ചേരി | 223 | 80- |
| 4 | RCCLPS ഈസ്റ്റ് മങ്ങാട് | 393 | 92 |
| 5 | സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | 135 | 24 |
| 6 | സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 628 | 155 |
| 7 | ജ്ഞാനോദയം UPS ചിറ്റണ്ട | 628 | 130 |
| 8 | BMPVLPS കാഞ്ഞിരക്കോട് | 231 | 64 |
| | ആകെ | 6531 | 1333 |

ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെ അലട്ടുന്ന പ്രശ്നമാണ് എൽ.പി.ക്കുശേഷം യു.പി. സ്കൂളും, യു.പി.ക്കുശേഷം ഹൈസ്കൂളുകളുടെ കുറവ്.

വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തെ പരിഗണിക്കുമ്പോൾ കരിയന്നൂർ ഭാഗത്തുള്ള വിദ്യാർത്ഥികൾക്ക് ഒരു എൽ.പി. സ്കൂൾ ആവശ്യമാണ്. കുട്ടഞ്ചേരി എൽ.പി. സ്കൂളിൽ നിന്ന് ജയിച്ച്പുറത്തു വരുന്ന കുട്ടികൾക്ക് ഒരു യു.പി. സ്കൂളിൻെറ ആവശ്യം ഒഴിച്ചു കൂടാനാകാത്തതാണ്. ഇതേ ബുദ്ധിമുട്ട് പഞ്ചായത്തിലുള്ള മങ്ങാട്, ആറ്റത്തറ പ്രദേശങ്ങളിലുള്ള കുട്ടികൾക്കും അനുഭവപ്പെടുന്നുണ്ട്.

കൂടാതെ ഈ പഞ്ചായത്തിൻെറ വാർഡ് 5 മുതൽ 11 വരെ ഉൾപ്പെടുന്ന 7 വാർഡുകളിലെ കുട്ടികളുടെ അസൗകര്യങ്ങൾ കണക്കിലെടുക്കുമ്പോഴും പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ വിദ്യാർത്ഥി ബാഹുല്യം പരിഗണിക്കുമ്പോഴും ഈ പഞ്ചായത്തിൻെറ മദ്ധ്യം മുതൽ കിഴക്കു പ്രദേശത്ത് ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്കും തൊട്ടടുത്ത് കിടക്കുന്ന പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്കുകൂടി ഉപകരിക്കുന്ന ഒരു ഹൈസ്കൂൾ അത്യാവശ്യമാണ്

## അധ്യാപകർ

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ സേവനം നടത്തുന്ന അധ്യാപകരുടെ എണ്ണവും സ്ത്രീ പുരുഷ അനുപാതവും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു. പട്ടികയിലെ കണക്കനുസരിച്ച് പഞ്ചായത്തിൽ ആകെ 168 അധ്യാപകർ സേവനം നടത്തി വരുന്നു. ഇതിൽ 33 പുരുഷ അധ്യാപകരും 135 സ്ത്രീ വിഭാഗത്തിൽപെടുന്ന അധ്യാപകരും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ പുരുഷ അധ്യാപകരുടെ എണ്ണം വളരെ കുറവാണെന്നു വ്യക്തമാണല്ലോ.

അദ്ധ്യാപകാനുപാതം സ്ത്രീ പുരുഷ വ്യത്യാസത്തിൽ :

ആകെ 168 ആൺ 33 പെൺ 135

**എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിലെ അധ്യാപകർ**

| സ്കൂൾ | വിദ്യാർത്ഥികൾ | അധ്യാപകർ | | | ആവശ്യമായ അധ്യാപകർ |
|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | |
| G.H.S. എരുമപ്പെട്ടി | 3135 | 20 | 56 | 76 | 20 |
| GLPS എരുമപ്പെട്ടി | 778 | 4 | 17 | 21 | - |
| GLPS കുട്ടഞ്ചേരി | 223 | - | 4 | 4 | 1 |
| RCCLPS ഈസ്റ്റ് മങ്ങാട് | 393 | 1 | 10 | 11 | - |
| സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | 135 | - | 3 | 3 | 1 |
| സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 811 | 4 | 19 | 23 | - |
| ജ്ഞാനോദയം UPS ചിറ്റണ്ട | 628 | 3 | 18 | 21 | 1 |
| BMPVLPS കാഞ്ഞിരക്കോട് | 231 | 1 | 8 | 9 | - |
| ആകെ | 6531 | 33 | 135 | 168 | 23 |

സമയത്തിനനുസരിച്ച് പുസ്തകം ലഭിക്കുന്നില്ല എന്നത് വിദ്യാർത്ഥികൾക്കും അധ്യാപർക്കും പ്രശ്നങ്ങൾ നേരിടുന്നു എന്നതും ഈ പഞ്ചായത്തിൽ ഇടക്ക് അനുഭവപ്പെടുന്നു.

കുട്ടികളുടെ എണ്ണവും അധ്യാപകരുടെ എണ്ണവും താരതമ്യപ്പെടുത്തുമ്പോൾ 38 കുട്ടിക്ക് 1 അധ്യാപകൻ എന്ന അനുപാതം കാണാം. അധ്യപകരുടെ ഈ കുറവ് കുട്ടികളുടെ പാഠനഗുണനിലവാരത്തിൽ വളരെയധികം ബാധിക്കുന്നുണ്ട്.

എരുമപ്പെട്ടി ഗവ. ഹൈസ്കൂളിൽ ആകെ 20 അധ്യാപകരുടെ കുറവും കുട്ടഞ്ചേരി ഗവൺമെൻറ് എൽ.പി. സ്കൂളിൽ 1 അധ്യാപകൻെറ കുറവും ആറ്റത്ര സെൻറ് ഫ്രാൻസീസ് സ്കൂളിൽ 1 അധ്യാപകൻെറ കുറവും നിലനിൽക്കുന്നു. അധ്യയനവർഷാരംഭത്തിൽ തന്നെ പകുതിയോളം അധ്യാപകരുടെ കുറവ് കുട്ടഞ്ചേരി ഗവ.എൽ.പി. സ്കൂളിനെ സാരമായി ബാധിക്കുന്നു. ചാവക്കാട് വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ പരീക്ഷയെഴുതുന്ന എരുമപ്പെട്ടി ഗവ. ഹൈസ്കൂളിൽ ഇത്രയും അധ്യാപകരുടെ അഭാവം അടിയന്തിരമായി നികത്തേണ്ടതാണ്.

മെച്ചപ്പെട്ട തൊഴിലവസരങ്ങൾ തേടിപ്പോകുന്നതുകൊണ്ടാണ് 'അധ്യാപികമാരെ' അപേക്ഷിച്ച് പുരുഷ വിഭാഗ ത്തിൽപ്പെടുന്ന അധ്യാപകരുടെ ഇത്രയും കുറവ് വരുന്നത്. എങ്കിലും ലിംഗഭേദമില്ലാതെ അധ്യാപകരുടെ സേവനം പാഠ്യേതരവിഷയ ങ്ങളിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും ഒന്നുകൂടി സജീവമായാൽ വിദ്യാർത്ഥികളിൽ അഭിലഷണീയമായ പരിവർത്തനം സൃഷ്ടിക്കുക എന്ന വിദ്യാഭ്യാസത്തിൻെറ പരമമായ ലക്ഷ്യത്തിന് കൂടുതൽ സഹായകമാണ്. കൂടാതെ, പഴഞ്ചൻ അധ്യാപനരീതി ഇപ്പോഴും മിക്ക വിദ്യാലയങ്ങളിലും നിൽനിൽക്കുന്നുണ്ട്. അധ്യാപകർക്ക് നൂതന പഠനസമ്പ്രദായം സ്വീകരിക്കുന്നതിന് പുനർ പരിശീലനം നടപ്പിലാക്കണം. ഇതിനെല്ലാം പുരമെ അധ്യാപകരുടെ ഓരോ വിഷയത്തിലുമുള്ള പരിജ്ഞാനം പരസ്പരം പങ്കുവെ ക്കുന്ന വേദിയൊരുക്കുന്നത് വളരെ ഉപകാരപ്രദംതന്നെ.

## ഭൗതിക സാഹചര്യങ്ങൾ

ഒരു വിദ്യാലയത്തിൻെറ ഭൗതിക സാഹചര്യങ്ങൾ ആ വിദ്യാലയത്തിൻെറ പുരോഗതിയെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. പഞ്ചായത്തിലെ ഓരോ വിദ്യാലയത്തിൻേറയും ഭൗതിക സാഹചര്യങ്ങൾ താഴെ തരംതിരിച്ച് കൊടുത്തിരി ക്കുന്നു.

### നിലവിലുള്ളവ

| സ്കൂൾ | വിസ്തീർണ്ണം (ഏക്കർ) | കളിസ്ഥലം (ഏക്കർ) | കക്കൂസ് മൂത്രപ്പുര | ചുറ്റു മതിൽ | വെള്ളം പൈപ്പ് | കെട്ടിടങ്ങൾ മുറികൾ | ബെഞ്ച് | ഡസ്ക് | മേശ | കസേര | അലമാര |
|---|---|---|---|---|---|---|---|---|---|---|---|
| G.H.S. എരുമപ്പെട്ടി | 3.22 | 2.28 | 3 + 5 | ഇല്ല | | 65 | | | | | |
| GLPS എരുമപ്പെട്ടി | 1.10 | 1 | 2 + 3 | ഇല്ല | | 19 | | | | | |
| GLPS കുട്ടഞ്ചേരി | 1 | ഇല്ല | 0 + 1 | ഇല്ല | ഇല്ല | 10 | | | | | |
| RCCLPS മങ്ങാട് | 1 | ഇല്ല | 0 + 1 | | | 4 | | | | | |
| സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | 1 | 1 | 1 + 1 | ഇല്ല | | 4 | | | | | |
| സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 2.09 | 0.82 | 1 + 1 | | | 21 | | | | | |
| ജ്ഞാനോദയം UPS ചിറ്റണ്ട | 0.80 | 0.55 | 1 + 1 | ഇല്ല | | 21 | | | | | |
| BMPVLPS കാഞ്ഞിരക്കോട് | 0.24 | ഇല്ല | 1 + 1 | ഇല്ല | | 9 | | | | | |
| നിർമ്മല ഇംഗ്ലീഷ് | - | ഇല്ല | 2 | - | | 11 | | | | | |
| ആകെ | 10.46 | 5.66 | | | | | | | | | |

## ആവശ്യമുള്ളവ

| സ്ക്കൂൾ | ചുറ്റു മതിൽ | മൂത്രപ്പുര കക്കൂസ് | കസേര | മേശ | ബെഞ്ച് | ഡസ്ക് | മുറികൾ | അലമാര |
|---|---|---|---|---|---|---|---|---|
| G.H.S. എരുമപ്പെട്ടി | വേണം | 5 | 146 | 102 | 60 | 200 | 10 | 5 |
| GLPS എരുമപ്പെട്ടി | വേണം | 1 | 2 | 2 | 80 | 125 | 4 | 2 |
| GLPS കുട്ടഞ്ചേരി | വേണം | 2 | | 1 | 2 | 2 | 2 | 1 |
| RCCLPS മങ്ങാട് | – | | – | – | – | – | – | – |
| സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | – | 1 | 4 | 2 | 10 | 10 | 2 | 1 |
| സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | – | – | – | – | – | – | – | – |
| ജ്ഞാനോദയം UPS ചിറ്റണ്ട | വേണം | 1 | – | – | – | – | – | – |
| BMPVLPS കാഞ്ഞിരക്കോട് | | | | | | | | |
| നിർമ്മല ഇംഗ്ലീഷ് | – | 2 | 1 | 1 | 10 | 10 | – | – |
| ആകെ | | 12 | 153 | 118 | 162 | 347 | 18 | 10 |

ഈ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ ഫർണീച്ചർ വിഭാഗത്തിൽ 327 ഡെസ്ക്, 142 ബെഞ്ച്, 51 മേശ, 50 കസേര, 8 അലമാര എന്നിവയുടെ കുറവ് പരിഹരിക്കേണ്ടതുണ്ട്. എയ്ഡഡ് സ്കൂളുകളിൽ 3 മേശ 20 ഡസ്ക് 5 കസേര 2 അലമാര 1 ക്ലോക്ക് 20 ബെഞ്ച് എന്നിവയുടെ അപര്യാപ്തത പരിഹരിക്കപ്പെടണം. ഏറ്റവും കൂടുതൽ ഭൗതിക വസ്തുക്കളുടെ അപര്യാപ്തത നേരിടുന്ന സ്കൂൾ ഗവ. എച്ച്.എസ്. ആണ്. 200 ബെഞ്ചും 60 ഡെസ്കും കുറവുവരുന്ന ഈ സ്കൂളിൽ തീർച്ചയായും ഇത് പഠന നിലവാരത്തകർച്ചക്കും വിദ്യാലയത്തിൻെറ സുഗമമല്ലാത്ത പ്രവർത്തനത്തിനും ഇടവരുത്തുന്നു. ഈ സ്കൂളിൽ 10 മുറികളുള്ള ഒരു കെട്ടിടവും അടിയന്തിരമായി നിർമ്മിക്കണം.

കുട്ടഞ്ചേരിയിലുള്ള എൽ.പി. സ്കൂളിൽ 4 മുറികളുള്ള ഒരു കെട്ടിടവും കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾക്കായി കക്കൂസും മൂത്രപുരയും അടിയന്തിരമായി നിർമ്മിക്കണം. എയ്ഡഡ് സ്കൂളായ ആറ്റത്തറ സെൻറ്. ഫ്രാൻസീസ് സ്കൂളിൽ ഫർണിച്ചർ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ചിറ്റണ്ടയിലുള്ള യു.പി. സ്കൂളിൽ മൂത്രപ്പുര സൗകര്യം ഒന്നുകൂടി വർദ്ധിപ്പിച്ചാൽ എല്ലാം തൃപ്തികരമായി കാണുന്നു. ചുറ്റുമതിലുകളുടെ അഭാവം സർക്കാർ സ്കൂളുകൾക്കാണ് കൂടുതൽ.

BMPVLPS കാഞ്ഞിരക്കോട് സ്കൂളിൽ തട്ടികകളുടെ കേടുപാടുകൾ തീർക്കേണ്ടതാണ്. അറ്റകുറ്റ പണികൾ തൃപ്തകരമാവുന്ന രീതിയിൽ തീർക്കണം.

ചിറ്റണ്ട ജ്ഞാനോദയം യു.പി. സ്കൂളിൽ ചുറ്റുമതിൽ അപൂർണമാണ് റേഡിയോ, മൈക്ക് സംവിധാനമില്ല. നിർമ്മല ഇംഗ്ലീഷ് മീഡിയം സ്കൂളിന് മൂത്രപുര സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്. ഫർണിച്ചർ സൗകര്യങ്ങൾ അപര്യാപ്തമാണ്. ദൃശ്യശ്രവ്യോപകരണങ്ങളുടെ കുറവ് മിക്ക സ്കൂളുകളിലും കാണുന്നു. ലബോറട്ടറി സംവിധാനവും തൃപ്തകരമല്ല. ലൈബ്രറികൾ തീരെ ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് ഈ പഞ്ചായത്തിലെ മിക്ക സ്കൂളുകളുടെയും ഏറ്റവും വലിയ പോരായ്മ.

വേനൽക്കാലത്ത് മിക്ക സ്കൂളിലും കുടിവെള്ള പ്രശ്നം ഉണ്ടാകാറുണ്ടെങ്കിലും കുട്ടഞ്ചേരി ഗവ. എൽ.പി. സ്കൂളിന് ഇതൊരു പ്രധാന പ്രശ്നം തന്നെ. 3 മാസത്തോളം ഇവിടുത്തെ കിണറ്റിൽ വെള്ളം ഉണ്ടാകാറില്ല എന്നതും സ്കൂളിൽ പൈപ്പ് സൗകര്യങ്ങൾ ഇല്ല എന്നുള്ളതും പരിഹരിക്കപ്പെടണം.

> അകത്തും പുറത്തും എല്ലാം പട്ടാളചിട്ടയോടെ തന്നെ വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിൽ ബുദ്ധിമുട്ടുണ്ടെങ്കിലും സൻമാർഗങ്ങളും ഗുണപാഠങ്ങളും അച്ചടക്കമില്ലാത്തവരിൽ സൗമ്യമായി അവതരിപ്പിച്ചാൽ അച്ചടക്കപ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ.

## അക്കാദമിക് നിലവാരം

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ അക്കാദമിക നിലവാരം വ്യക്തമാക്കുന്ന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

### പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ എൽ.പി. വിഭാഗം നിലവാരം 1996 – 97 പാദവർഷം

| | 30% താഴെ കുട്ടികൾ | | 30% – 40% ഇടക്ക് | | 40% – 60% ഇടക്ക് | | 60% മുകളിൽ മുകളിൽ | | ആകെ കുട്ടികൾ |
|---|---|---|---|---|---|---|---|---|---|
| സ്ക്കൂൾ | STD 3 | STD 4 | STD 3 | STD 4 | STD 3 | STD 4 | STD 3 | STD 4 | TOTAL |
| GLPS എരുമപ്പെട്ടി | 55 | 57 | 51 | 31 | 67 | 63 | 37 | 66 | 427 |
| GLPS കുട്ടഞ്ചേരി | 35 | 34 | 3 | 2 | 7 | 6 | 6 | 7 | 100 |
| RCCLPS മങ്ങാട് | 30 | 23 | 24 | 27 | 24 | 20 | 9 | 5 | 152 |
| സെൻറ് ഫ്രാൻസീസ് ALPS ആറ്റത്ര | | | | | | | | | |
| സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 14 | 15 | 13 | 8 | 16 | 35 | 20 | 22 | 153 |
| ജ്ഞാനോദയം UPS ചിറ്റണ്ട | 36 | 14 | 24 | 12 | 18 | 22 | 23 | 22 | 171 |
| BMPVLPS കാഞ്ഞിരക്കോട് | 6 | 6 | 15 | 13 | 16 | 19 | 20 | 19 | 114 |
| ആകെ | 176 | 149 | 130 | 93 | 148 | 165 | 115 | 141 | 1117 |

മുകളിലെ പട്ടികയനുസരിച്ച് ഈ പഞ്ചായത്തിലെ 3-ാം സ്റ്റാൻഡേർഡിലെ 569 കുട്ടികളിൽ 176 പേരും 30% മാർക്കിനു താഴെയാണ്. = 31%

4-ാം സ്റ്റാൻഡേർഡിലെ 548 കുട്ടികളിൽ 149 പേർ 30% മാർക്കിനു താഴെയാണ് = 27%

### പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ യു.പി. വിഭാഗം നിലവാരം 1996 – 97 പാദവർഷം

| | 30% താഴെ കുട്ടികൾ | | | 30% – 40% ഇടക്ക് | | | 40% – 60% ഇടക്ക് | | | 60% മുകളിൽ മുകളിൽ | | | ആകെ കുട്ടികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്ക്കൂൾ | 5 | 6 | 7 | 5 | 6 | 7 | 5 | 6 | 7 | 5 | 6 | 7 | TOTAL |
| UPS എരുമപ്പെട്ടി | 67 | 146 | 175 | 91 | 153 | 175 | 48 | 77 | 108 | 82 | 84 | 41 | |
| GLPS കുട്ടഞ്ചേരി | 28 | | | 5 | | | 13 | | | 4 | | | 50 |
| RCCLPS മങ്ങാട് | 29 | | | 30 | | | 19 | | | 5 | | | 83 |
| സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | | | | | | | | | | | | | |
| ജ്ഞാനോദയം UPS ചിറ്റണ്ട | 30 | 45 | 29 | 32 | 28 | 31 | 19 | 14 | 27 | 23 | 14 | 21 | |
| ആകെ | 154 | 191 | 204 | 158 | 181 | 206 | 99 | 91 | 135 | 114 | 98 | 63 | 1694 |
| | 5 = 525 | | | 6 = 561 | | | 7 = 608 | | | | | | |

മുകളിൽ മുമ്പ് പ്രദർശിപ്പിച്ച ഗ്രാഫിൽ നിന്ന് 30% താഴെ മാർക്കു വാങ്ങുന്ന എൽ.പി. വിഭാഗം കുട്ടികൾ 325 ആണ്. 30% താഴെ മാർക്കു വാങ്ങുന്ന യു.പി. വിഭാഗം കുട്ടികൾ 176 ആണ്. 60%ത്തിൽ കൂടുതൽ മാർക്കു നേടുന്ന കുട്ടികൾ എൽ.പി. 256, യു.പി. 265 എന്ന് വ്യക്തമാകുന്നു.

ഈ പഞ്ചായത്തിലെ ഹൈസ്കൂളിൽ എസ്.എസ്.എൽ.സി. വിജയശതമാനം ഓരോ വർഷം തോറും

കുറഞ്ഞുവരുന്ന ചിത്രമാണ് കാണാൻ കഴിയുന്നത്. 1996 - 96 വർഷത്തിൽ 480 കുട്ടികളിൽ 26% കുട്ടികളാണ് വിജയിച്ചത്.

ഈ പഠനഗുണനിലവാര തകർച്ച പരിഹരിക്കപ്പെടേണ്ടതാണ്. എൽ.പി., യു.പി. വിഭാഗത്തിൽ ആകെ 12% കുട്ടികൾ നിരക്ഷരരിൽപെടുന്നു. അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും അധ്യാപകക്കുറവ് പരിഹരിച്ചും അധ്യാപക രക്ഷാകർതൃസമിതിയുടെ സജീവ പ്രവർത്തനവും ഉണ്ടാക്കിയും അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ് ഈ പ്രശ്നങ്ങൾ.

ഒന്നാം ക്ലാസിലെ മുഴുവൻ പ്രമോഷൻ സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതായും 90% കുട്ടികളെ പ്രൊമോട്ട് ചെയ്യുക എന്ന രീതി പാടെ മാറ്റേണ്ടതായും അനിവാര്യമായിത്തീർന്നിരിക്കുന്നു. അവശ്യം അറിഞ്ഞതിനുശേഷം കുട്ടികളെ അടുത്ത ക്ലാസിലേക്ക് അയക്കുന്നത് ഇവരിൽ പുരോഗതി സൃഷ്ടിക്കും.

ഹൈസ്കൂൾ നിലവാരം

| സ്റ്റാൻഡേർഡ് 8 വിദ്യാർത്ഥികൾ 736 | | സ്റ്റാൻഡേർഡ് 9 വിദ്യാർത്ഥികൾ 649 | | സ്റ്റാൻഡേർഡ് 10 വിദ്യാർത്ഥികൾ 529 | |
|---|---|---|---|---|---|
| 30% താഴെ 319 | 30% - 40% ഇടക്ക് 73 | 30% താഴെ 433 | 30% - 40% ഇടക്ക് 76 | 30% താഴെ 309 | 30% - 40% ഇടക്ക് 79 |
| 40%-50% താഴെ 49 | 50%-60% ഇടക്ക് 123 | 40%-50% താഴെ 54 | 50%-60% ഇടക്ക് 65 | 40%-50% താഴെ 53 | 50%-60% ഇടക്ക് 44 |
| 60% മുകളിൽ 172 | | 60% മുകളിൽ 21 | | 60% മുകളിൽ 44 | |

എട്ടാം ക്ലാസ്സിൽ 736 കുട്ടികളിൽ 319 പേർ 30 % മാർക്കിനു താഴെയാണ്

ഒമ്പതാം ക്ലാസിൽ 649 കുട്ടികളിൽ 433 പേർ 30% മാർക്കിനു താഴെയാണ്

പത്താം ക്ലാസിൽ 529 കുട്ടികളിൽ 309 പേർ 30% മാർക്കിനു താഴെയാണ്.

## സാങ്കേതിക വിദ്യാലയങ്ങൾ

ഈ പഞ്ചായത്തിലെ ഏക സാങ്കേതിക വിദ്യാലയം 1992ലാണ് സ്ഥാപിച്ചത്. ഹരിജൻ വെൽഫയർ വ്യവസായ പരിശീലന കേന്ദ്രം എന്ന ഈ സ്ഥാപനത്തിൽ 90% പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ് പഠിക്കുന്നത്. 7 സ്റ്റാഫിൻെറ കീഴിൽ 47 വിദ്യാർത്ഥികളടങ്ങിയ ഈ ഒരു കൊച്ചു സ്ഥാപനത്തിൽ പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ, സിവിൽ ലാണ് അഭ്യസിച്ചുവരുന്നത്.

തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനം എന്ന പേരിലറിയപ്പെടുന്ന ഇവിടെ വിവിധതരം തൊഴിൽ പരിശീലനം നൽകേണ്ടതാണ്.

ഈ പഞ്ചായത്തിലെ വ്യവസായ മേഖലക്കുവേണ്ട തൊഴിലാളികൾക്ക് പ്രത്യേക പരിശീലനവും ഈ സ്ഥാപനത്തിലൂടെ നൽകണം.

## അങ്കണവാടികൾ

നരൻെറ താതൻ ശിശുവാണ് നിർണയം - എന്ന ലോകസത്യം മുൻനിർത്തി പ്രവർത്തിക്കുന്ന അങ്കണവാടികളുടെ 23 ശാഖകൾ എരുമപ്പെട്ടി പഞ്ചായത്തതിർത്തിയിൽ നിലവിലുണ്ട്. 845ഓളം പിഞ്ചോമനകളെ പാട്ടുപാടിയും, ചിരിപ്പിച്ചും, കൊഞ്ചിച്ചും അച്ചടക്കത്തോടെ വളർത്തിയെടുക്കുന്ന 23 അധ്യാപികമാരും അത്രതന്നെ ഹെൽപ്പർമാരും ഈ പഞ്ചായത്തതിർത്തി യിൽ കാണാം.

എന്നാൽ അങ്കണവാടികൾക്ക് സ്വന്തമായ കെട്ടിടങ്ങൾ കുറവായതിനാൽ ഒരു സ്ഥലത്തു നിന്ന് മറ്റൊരിടത്തേക്ക് സഞ്ചരിക്കുന്ന പതിവും ദൃശ്യമാണ്. അങ്കണവാടി അധ്യാപകരുടെയും ഹെൽപ്പർമാരുടെയും വേതനം ഇനിയും ഉയർത്തേണ്ടത് ആവശ്യമാണ്.

എരുമപ്പെട്ടിയിൽ കുരുന്നുകൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവ. അംഗീകാരത്തോടുള്ള 2 നേഴ്സറി സ്കൂളുകളും ഭാരതീയ വിദ്യാനികേതൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു നേഴ്സറി സ്കൂൾ ചിറ്റണ്ടയിലും പ്രവർത്തിക്കുന്നുണ്ട്.

## സമയക്രമത്തിലും വ്യത്യാസപ്പെടുത്തണം

കാലത്തു പുസ്തകം പഠിക്കട്ടെ ഉച്ചക്കുശേഷം ജോലി ചെയ്ത് പഠിക്കട്ടെ.

ബോധന സമ്പ്രദായത്തിലെ സമയത്തിലും അല്പം ഭേദഗതി വരുത്തേണ്ടതാണ്. പ്രവൃത്തി സമയം നഷ്ടപ്പെടുത്താതെ ചിട്ടയായ സമയക്രമത്തിൽ തന്നെ പഠനം തുടരട്ടെ. കാലത്ത്പുസ്തകപഠനവും ഉച്ചക്ക് പ്രവൃത്തിപഠനവും എന്നതിൽ വിദ്യാഭ്യാസ സമയക്രമ പട്ടിക തയ്യാറാക്കിയാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും കലാകായിക വിദ്യാഭ്യാസവും സാധ്യമാക്കുവാൻ നിഷ്പ്രയാസം തന്നെ.

## പ്രോഗ്രസ് കാർഡ്

എൽ., യു.പി. വിഭാഗത്തിനു കൂടിയും പ്രോഗ്രസ് കാർഡ് സമ്പ്രദായം തുടങ്ങണം. പ്രോഗ്രസ് കാർഡ് ഉണ്ടായതുകൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയരുമോ എന്ന ചോദ്യത്തിനുത്തരം കിട്ടിയില്ലെങ്കിലും പ്രോഗ്രസ്കാർഡ് ഏർപ്പെടുത്താത്തതിനേക്കാൾ ഗുണം ചെയ്യുന്നതാണ് ഏർപ്പെടുത്തുക വഴി ലഭിക്കുന്നത്.

## അധ്യാപക രക്ഷാകർതൃസമിതി

വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിനും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർച്ചക്കും അധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനത്തിന് വളരെയധികം പ്രാധാന്യമുണ്ട്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഈ സമിതി നിലവിലുണ്ട്. എന്നാൽ ചില സ്കൂളുകളിൽ പി.ടി.എ.യുടെ പ്രവർത്തനം ഉച്ചകഞ്ഞി വിതരണത്തിൽ ഒതുങ്ങി നിൽക്കുന്നു.

വിദ്യാലയങ്ങളിലെ ഗുണപരമായ മാറ്റത്തിന് രക്ഷാകർത്താക്കളുടെ ഇടപെടൽ അനിവാര്യമാണ്. താഴെപ്പറയുന്ന കാര്യങ്ങളിൽ രക്ഷാകർത്താക്കളുടെ സജീവമായ പങ്കാളിത്തം വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ പരിവർത്തനങ്ങൾ സൃഷ്ടിക്കും

1. സ്ക്കൂളിലെ നിരന്തര സമ്പർക്കം കുട്ടികളിലും അധ്യാപകരിലും ബോധനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ തൊട്ടറിഞ്ഞ് അവയ്ക്ക് പരിഹാരങ്ങൾ സൃഷ്ടിക്കുക
2. സ്കൂളിൻെറ അറ്റകുറ്റ പണികൾക്കും ഇതര ചെലവുകൾക്കും നിധി ശേഖരിക്കുക.
3. റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയ ആഘോഷ പരിപാടികളിൽ സജീവമായി പങ്കെടുക്കുക
4. പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിൽ അധ്യാപകരെയും വിദ്യാർത്ഥികളെയും സഹായിക്കുക
5. വിദ്യാലയങ്ങളിൽ തൊഴിലവസര വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുവേണ്ടി അധ്യാപകരുമായി സഹകരിച്ചു പ്രവർത്തിക്കുക
6. പഠന യാത്രകൾ സംഘടിപ്പിക്കുകയും സ്കൂൾ ബാലകലോത്സവം ഏറ്റെടുത്ത് നടത്തുകയും ചെയ്യുക
7. സ്കൂൾ ശുചീകരണ പ്രവർത്തനത്തിന് മുൻകയ്യെടുക്കുക
8. കുട്ടികളെ സ്വന്തം പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ ചേർത്തു പഠിപ്പിക്കുന്നതിന് മറ്റ് രക്ഷാകർത്താക്കളെ പ്രോത്സാഹിപ്പിക്കുക
9. കലാ കായികരംഗത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും ഇതിൻെറ പുരോഗമനത്തിനുവേണ്ടി വിദ്യാലയങ്ങളിൽ ബന്ധപ്പെട്ടു പ്രവർത്തിക്കുക

## മാതൃസംഗമം

ഈ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും മാതൃസംഗമ യൂണിറ്റ് നിലവിലുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി മാതൃസംഗമം ഇനിയും സജീവമായി

പ്രവർത്തിക്കണം. അമ്മമാരും അധ്യാപകരും തമ്മിലുള്ള സമ്പർക്കവും കുട്ടികളുടെ പഠനത്തിലുള്ള പ്രശ്നങ്ങൾ പരസ്പരം ചർച്ച ചെയ്യാനും പരിഹാരങ്ങൾ കണ്ടെത്തുന്നതിനും ഉതകുന്നു.

## ഉച്ചക്കഞ്ഞി വിതരണം

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി നൽകിപോരുന്ന സമ്പ്രദായം നിലവിലുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉച്ചകഞ്ഞി നൽകുന്നതിന്റെ ചെലവ് സർക്കാരിൽ നിന്നും ഉണ്ടെങ്കിലും അവ തീരെ അപര്യാപ്തമാണ്. കഞ്ഞി വാങ്ങുന്ന ഒരു കുട്ടിക്ക് 10 പൈസ എന്ന തോതിൽ സർക്കാർ ചെലവ് വഹിക്കുന്നുണ്ടെങ്കിലും എല്ലാ സ്കൂളുകളിലും ഉച്ചക്കഞ്ഞി തയ്യാറാക്കുന്നതിന്റെ ചെലവ് ഭാരം വഹിക്കുന്നത് അതതു വിദ്യാലയങ്ങളിലെ പി.ടി.എ.യാണ്. ഇത് പലപ്പോഴും ഉച്ചക്കഞ്ഞി വിതരണത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസം നേരിടുന്നു. ഉച്ചകഞ്ഞിയിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു.

| നമ്പർ | സ്കൂൾ | ആകെ കുട്ടികൾ | ഉച്ചകഞ്ഞിയിൽ ഏർപ്പെട്ടിരിക്കുന്നവർ | ചെലവ്, വരവ് വ്യക്തമായി ലഭിച്ചിട്ടില്ല |
|---|---|---|---|---|
| 1 | G.H.S. എരുമപ്പെട്ടി | 3135 | | |
| 2 | GLPS എരുമപ്പെട്ടി | 778 | 396 | |
| 3 | GLPS കുട്ടഞ്ചേരി | 223 | 173 | |
| 4 | RCCLPS ഈസ്റ്റ് മങ്ങാട് | 393 | 192 | |
| 5 | സെൻറ് ഫ്രാൻസീസ് ALPS ആറ്റ്ത്ര | 135 | 100 | |
| 6 | സെൻറ് ജോസഫ് AUPS കുണ്ടന്നൂർ | 811 | 381 | |
| 7 | ജ്ഞാനോദയം UPS ചിറ്റണ്ട | 628 | 207 | |
| 8 | BMPVLPS കാഞ്ഞിരക്കോട് | 231 | 182 | |
| 9 | നിർമ്മല ഇംഗ്ലീഷ് LPS എരുമപ്പെട്ടി | 197 | - | |

# പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

## ലൈബ്രറി

മിക്ക വിദ്യാലയങ്ങളുടെ ലൈബ്രറികളും ആവശ്യത്തിന് പുസ്തകങ്ങൾ ഇല്ലാത്തവയും വർഷങ്ങൾക്കുമുമ്പ് പൂട്ടിക്കിടക്കുന്നതുമാണ്. ഈ ലൈബ്രറികൾ ഉപയോഗപ്പെടുത്തുന്നതിൽ കുട്ടികൾക്കും അധ്യാപകർക്കും താല്പര്യമില്ല. ആയിതനാൽ ലൈബ്രറികൾ വേണ്ടവിധം ഉപയോഗപ്പെടുത്തേണ്ടതാണ്. ഏറ്റവും കൂടുതൽ പുസ്തകങ്ങൾ ഉള്ള ലൈബ്രറി എരുമപ്പെട്ടിയിലുള്ള ഹൈസ്കൂളിലാണ്.

## കല, കായികം

ബാലകലോത്സവം സ്കൂളുകളിൽ നടത്താറുണ്ടെങ്കിലും, കലാ, കായികരംഗത്ത് പ്രത്യേക വാസനയുള്ളു കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കേണ്ടതുണ്ട്. മുമ്പുണ്ടായിരുന്ന തുന്നൽ, പാട്ട്, ഡ്രോയിംഗ് പോസ്റ്ററുകൾ പ്രൈമറി തല സ്കൂളുകളിൽ ഈ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് ഇത്തരം മേഖലകൾക്ക് വളരെ പ്രാധാന്യം നൽകേണ്ടതാണ്.

## തൊഴിലധിഷ്ഠിതം

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രൈമറി തലത്തിൽ നിന്നുതന്നെ തുടക്കം കുറിക്കണം. പുസ്തക നിർമ്മാണം, ചോക്കു നിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയവയിലെല്ലാം കുട്ടികൾക്ക് പരിശീലനം നൽകിയാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം താഴെ തലത്തിൽ നിന്നും തുടങ്ങുന്നു എന്നുള്ളത് വളരെ പ്രശംസനീയമാകും.

## സ്കൂൾ കോപ്ലക്സ്

നിലവിലുള്ള സ്കൂൾ കോംപ്ലക്സിൻെറ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ ഈ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് ഒട്ടേറെ പരിഹാരം കാണാൻ കഴിയും. വിദ്യാലയങ്ങൾ തമ്മിലുള്ള അകൽച്ച ഒഴിവാക്കുന്നതിനും ബോധന സമ്പ്രദായം പരസ്പരം കൈമാറുന്നതിനും ഇതിലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. മാസത്തിൽ ഒരു തവണ നിർബന്ധമായും പഞ്ചായത്ത് സമിതി അംഗങ്ങളുടെ സാന്നിധ്യത്തിൽ യോഗം ചേരണം.

## പഠനയാത്രകൾ

ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളെ വിവിധ പ്രദേശങ്ങളിലേക്ക് പഠനയാത്രക്കായി കൊണ്ടുപോകുക പതിവാണ്. പുതിയ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും പല കാര്യങ്ങൾ നേരിൽ കണ്ട് പഠിക്കുന്നതിനും ഇത്തരം പഠനയാത്രകൾ ഉപകരിക്കുന്നു. ആദ്യമായി ഈ പഞ്ചായത്തതിർത്തിയിലുള്ള കുട്ടികളെ ഈ പഞ്ചായത്തിൽ തന്നെയുള്ള സ്ഥലങ്ങളും സവിശേഷതകളുമാണ് കാണിക്കേണ്ടത്. ക്വാറി, പുഴ, കാട്, മറ്റു തൊഴിൽമേഖലകൾ എന്നിവ 90% കുട്ടികളും കണ്ടിട്ടില്ലാത്തതുകൊണ്ട് നടത്തണം. പണച്ചെലവ് കുറഞ്ഞതും പരിസരവിജ്ഞാനം ലഭിക്കുന്നതുമായ ഇത്തരം പര്യടനങ്ങളെയും അവഗണിക്കാനാവുന്നതല്ല.

# അനൗപചാരിക വിദ്യാഭ്യാസം

## ദേശീയ പ്രസ്ഥാനം

സ്വാതന്ത്ര്യ സമരപോരാട്ടങ്ങളിൽ ഈ പഞ്ചായത്തിൽ നിന്നുള്ളവരുടെ പങ്കാളിത്തം അത്രകണ്ട് എടുത്തുപറയാൻ കഴിയില്ലെങ്കിലും ഔപചാരിക അനൗപചാരിക വിദ്യാഭ്യാസപ്രക്രിയയിൽ ഇവരുടെ സ്വാധീനം തള്ളിക്കളയാവുന്നതില്ല. ജനങ്ങളിൽ ദേശീയബോധം, ദേശഭക്തി എന്നിവ സൃഷ്ടിക്കുന്നതിനും, വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം ജനങ്ങളിൽ കരുപ്പിടിപ്പിക്കുന്നതിനും പ്രവർത്തിച്ച മൺമറഞ്ഞവർ പത്തിലധികം വരും. നെല്ലുവായ് കെ.എൻ. നമ്പീശൻ, ചിറ്റണ്ട പുഴങ്കര രാമമേനോനും കൂട്ടരെയും ഇക്കാര്യത്തിൽ വിസ്മരിക്കാവുന്നതല്ല.

## നവോത്ഥാനപ്രസ്ഥാനം

നാടിൻെറ ശാപമായ ജാതിവ്യവസ്ഥയെയും മതങ്ങളിലെ അനാചാരങ്ങളെയും എതിർത്തിരുന്ന വ്യക്തികളും സംഘടനകളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. അന്ധവിശ്വാസങ്ങളെ എതിർത്തുകൊണ്ടും ജനങ്ങളെ ശരിയായ അറിവിലേക്കു നയിച്ചിരുന്നതുമായ ശ്രീനാരായണഗുരുവിൻെറ ശിഷ്യൻമാരും ഇവിടെ പ്രവർത്തിച്ചിരുന്നു. എസ്.എൻ.ഡി.പി. എന്ന സംഘടനയുടെയും മറ്റു വ്യക്തികളുടെയും മുൻകാല പ്രവർത്തനങ്ങളെ മറക്കാനാകാത്തതാണെന്നു പഴമക്കാർ പറയുന്നു. ശ്രീ അയ്യങ്കാളിയുടെ പ്രസംഗം ഒട്ടേറെ കാര്യങ്ങൾ പറയുന്നു.

ഈ പഞ്ചായത്തിൽ പ്രത്യക്ഷമായും പരോക്ഷമായും അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളും മേഖലകളും താഴെ കാണുന്ന വിധത്തിൽ തരംതിരിക്കാം.

ക്ലബ്ബുകൾ, വായനശാലകൾ, ശാസ്ത്രസാഹിത്യ പരിഷത്ത്, പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, പ്രക്ഷേപണങ്ങൾ, ട്യൂഷൻ സെൻററുകൾ, സാക്ഷരതാ പ്രസ്ഥാനം

## ക്ലബ്ബുകൾ

ഈ പഞ്ചായത്തിൽ 25ലധികം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. കലാ-കായിക മേഖലയിലാണ് കൂടുതൽ ഏർപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവ വിരളമായിട്ടു മാത്രമെയുള്ളൂ. പഞ്ചായത്തിൽ ഇവയുടെ വിതരണം ഇപ്രകാരമാണ്. രജിസ്റ്റർ ചെയ്തതും അല്ലാത്തവയും

| | |
|---|---|
| ചിറ്റണ്ട | : കലാകേന്ദ്ര, റെഡ്സ്റ്റാർ ആർട്ട് & സ്പോർട്ട്സ് ക്ലബ്ബ്, കളിക്കളം, സംഗമം, ത്ഡാൻസി, സനാതന, വിവേകാനന്ദ |
| കുണ്ടന്നൂർ | : ഉദയ |
| എരുമപ്പെട്ടി | : മാഫിയ, സ്റ്റാലിയൻസ്, ഹീറോ |
| കരിയന്നൂർ | : കൈരളി |
| മങ്ങാട് | : നവോദയ, യുവഭാവന |
| നെല്ലുവായ് | : എൻ.ഒ.സി. |
| കോട്ടപ്പുറം | : സ്റ്റാറോ റിക്രിയേഷൻ, രാഗം തിയ്യറ്റേഴ്സ് |

## ശാസ്ത്ര സാഹിത്യപരിഷത്ത്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനം 1982 മുതൽ ആരംഭിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, പരിസരം, വികസനം എന്നി ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്ന പരിഷത്ത് വിദ്യാഭ്യാസ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ഈ സംഘടന ഔപചാരിക വിദ്യാഭ്യാസ രംഗത്തും അനൗപചാരിക വിദ്യാഭ്യാസ രംഗത്തും പ്രവർത്തിച്ചുവരുന്നതിന് ധാരാളം തെളിവുകൾ ഉണ്ട്.

സ്കൂളുകളിൽ നിലനിൽക്കുന്ന നിരക്ഷരതയെ നിർമ്മാർജ്ജനം ചെയ്യാൻ അക്ഷരവേദി തുടങ്ങിയ പ്രവർത്തനങ്ങളും മൂല്യനിർണ്ണയത്തിൽ നൂതന മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതും പരിഷത്താണ്.

അധ്യാപകർക്കുള്ള പുനർ പരിശീലനങ്ങൾ നടത്തുക കൂടാതെ സ്കൂളുകളിൽ വിജ്ഞാനോത്സവ പരീക്ഷകൾ സംഘടിപ്പിക്കുന്നു. വർഷംതോറും തെരഞ്ഞെടുക്കപ്പെട്ട മൂന്നൂറോളം വിദ്യാർത്ഥികളെ പഞ്ചായത്ത് തലത്തിൽ പങ്കെടുപ്പിച്ച് വിജ്ഞാനോത്സവ പരീക്ഷ നടത്തി സമ്മാനങ്ങൾ നൽകുകയും അതിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ ബ്ലോക്ക് മേഖല വിജ്ഞാനോത്സവത്തിലേക്കയക്കുന്നതും പരിഷത്തുതന്നെ.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നതിന്റെ തെളിവാണ് സാക്ഷരതാ പ്രവർത്തനത്തിൽ പരിഷത്ത് ഏർപ്പെട്ടിരിക്കുന്നത്. വിവിധ വിജ്ഞാന വിഷയങ്ങളെ ബന്ധപ്പെടുത്തി പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ജനങ്ങളിൽ അന്ധവിശ്വാസം നിർമ്മാർജ്ജനം ചെയ്ത് ശരിയായ അറിവുണ്ടാക്കുന്നതിനും ഒരു പരിധിവരെ പരിഷത്തിനു കഴിഞ്ഞിട്ടുണ്ട്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ പരിഷത്തിന്റെ പങ്ക് വളരെ വിലപ്പെട്ടതാണ്. ഇതിന്റെ അടിസ്ഥാന രേഖയായി കണക്കാക്കപ്പെടുന്ന പഞ്ചായത്ത് വികസന സഹായി എന്ന പുസ്തകം പരിഷത്ത് പ്രസിദ്ധീകരണമാണ്.

## വായനശാലകൾ

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വായനശാലകളുടെ പ്രവർത്തം ഈ പഞ്ചായത്തിൽ തള്ളിക്കളയാവുന്നതല്ല. താഴെ പറയുന്നവയാണ് പഞ്ചായത്തിലെ പ്രധാന വായനശാലകൾ

| | |
|---|---|
| ഗ്രാമീണ വായനശാല | – നെല്ലുവായ് |
| ഗ്രാമീണ വായനശാല | – എരുമപ്പെട്ടി |
| കൈരളി വായനശാല | – കരിയന്നൂർ |
| യുവജന സംഘം വായനശാല | – ചിറ്റണ്ട |
| ഗ്രാമീണ വായനശാല | – ആറ്റത്തറ |
| ഗ്രാമീണ വായനശാല | – കാഞ്ഞിരക്കോട് |

ഇവയിൽ ചിറ്റണ്ട പ്രദേശത്തുള്ള യുവജനസംഘം വായനശാല പുസ്തക സ്റ്റോക്കിലും വിതരണത്തിലും 'ബി' ഗ്രേഡ് ആണെന്നുള്ളതും ഇതിന്റെ കീഴിൽ ഒരു സ്കൂൾ (ജി.യു.പി.എസ്. ചിറ്റണ്ട) പ്രവർത്തിക്കുന്നു എന്നുള്ളതും എടുത്തു പറയേണ്ട വസ്തുതയാണ്. മൊത്തത്തിൽ വായനശാലകളെ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ മാന്ദ്യത സംഭവിച്ചുകൊണ്ടിരിക്കുന്നു.

## ട്യൂഷൻ സെൻററുകൾ

പഞ്ചായത്തിലെ ട്യൂഷൻ സെൻററുകളുടെ വിവരം താഴെ രേഖപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| വിദ്യാനികേതൻ | – എരുമപ്പെട്ടി |
| പ്രതിഭ (പാരലൽ കോളേജ്) | – എരുമപ്പെട്ടി |
| മേരിമാത | – കുണ്ടന്നൂർ |
| വിവേകാനന്ദ | – ചിറ്റണ്ട |

ഇവ കൂടാതെ ചെറിയ ട്യൂഷൻ സെൻററുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്ക് പരീക്ഷയിൽ കൂടുതൽ മാർക്ക് നേടിക്കൊടുക്കുന്നതിൽ ഈ ട്യൂഷൻ സെൻററുകളുടെ സേവനം പ്രധാനപ്പെട്ടതാണ്. ചില ട്യൂഷൻ സെൻററുകളിൽ അടിച്ചു പഠിപ്പിക്കുന്ന സമ്പ്രദായം ഇപ്പോഴും നിലവിലുണ്ട്. കൂടാതെ കാണാപാഠം പഠിപ്പിക്കുന്ന പതിവും നിൽനില്ക്കുന്നു. ഇത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

1 മുതൽ 10 വരെ

ഷിരുവൈട്ടി ഗ്രാമപഞ്ചായത്ത് പഠനനിലവാരം - 1996-97 - വർഷത്തെ വാർഷിക പരീക്ഷ - മാർക്കിന്റെ അടിസ്ഥാനത്തിൽ -

(ക്ലാസ് III to X വരെ)
(3 — 10)




| മാർക്ക് | കുട്ടികൾ % |
|---|---|
| 30ൽ താഴെ | 33.60 |
| 30-40 | 18.63 |
| 40-50 | 9.56 |
| 50-60 | 8.45 |
| 60% മേൽ | 12.94 |
| 30% മേൽ | 50- |

# എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

## SSLC. വിജയശതമാനം

1991 onwords

G.H.S. Erumapetty

| വർഷം | ശതമാനം |
|---|---|
| 1991-92 | 41% |
| 92-93 | 38 |
| 93-94 | 34 |
| 94-95 | 25 |
| 95-96 | 26 |



## സാക്ഷരതാ പ്രവർത്തനം

സാക്ഷരതാ പ്രസ്ഥാനം ഈ പഞ്ചായത്തിൽ 1990ൽ നിലവിൽ വന്നു. ഒരു ഓഫീസ് കെട്ടിടമില്ലാത്ത ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി 91ൽ ഈ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 100 ശതമാനത്തിലെത്തി. ഇപ്പോൾ പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം മിക്കവാറും നിലച്ചിരിക്കുകയാണ്. അതിന്റെ ഫലമായി സാക്ഷരതാ നിരക്ക് 92% മായി കുറഞ്ഞുപോയി. ആയതിനാൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടി വന്നിരിക്കുന്നു. വിരമിച്ച അധ്യാപകരുടെയും ഉദ്യോഗസ്ഥൻമാരുടെയും ക്ലബ്ബുകൾ വായനശാലകൾ തുടങ്ങിയവയുടെയും താല്പര്യമുള്ള വ്യക്തികളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ വീണ്ടും സാക്ഷരതാ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്.

## പത്രങ്ങൾ

അനൗചാരിക വിദ്യാഭ്യാസരംഗം പുഷ്ടിപ്പെടുത്തുന്ന നിരവധി പത്രങ്ങളും മാസികകളും ഈ പഞ്ചായത്തിൽ ലഭ്യമാണ്. ശാസ്ത്രരംഗം, സ്പോർട്ട്സ്, കല, കൃഷിരംഗം, വിദ്യാഭ്യാസ മേഖല, ലോക പരിജ്ഞാനം എന്നീ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകി പുറത്തിറങ്ങുന്ന നിരവധി പത്രങ്ങൾ ഈ പഞ്ചായത്തതിർത്തിയിലുള്ള ജനങ്ങളുടെ വിജ്ഞാന മണ്ഡലം വ്യാപിപ്പിക്കുന്നു. മിക്ക പത്രങ്ങളും വിവിധ രാഷ്ട്രീയ കക്ഷികളെ ചാരിനിന്നെഴുതുന്നു എന്ന ആക്ഷേപമുണ്ടെങ്കിലം വിജ്ഞാനം പകരുന്നതിലുള്ള പ്രാധാന്യം വലുതാണ്. ഈ പഞ്ചയത്തതിർത്തിയിൽ ലഭ്യമാകുന്ന പത്രങ്ങൾ താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. മാതൃഭൂമി | 2. ദേശാഭിമാനി | 3. മലയാള മനോരമ | 4. മാധ്യമം | 5. ജൻമഭൂമി |
| 6. രാഷ്ട്രദീപിക | 7. ഹിന്ദു | 8. ഇൻഡ്യൻ എക്സ്പ്രസ്സ് | 9. മംഗളം | 10. എക്സ്പ്രസ്സ് |

കൂടാതെ വിജ്ഞാനപ്രദമായ മാസികകളും ആഴ്ചപ്പതിപ്പുകളും ലഭ്യമാണ്. നിരുത്സാഹപ്പെടുത്തേണ്ടതായ ആഴ്ചപ്പതിപ്പുകൾ പഞ്ചായത്തിൽ വിറ്റഴിയുന്നുണ്ട്.

## വിജ്ഞാനപ്രദമായ പുസ്തകങ്ങൾ

വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കും വിജ്ഞാനം വരദ്ധിപ്പിക്കുന്നതിനുതകുന്ന ആനുകാലികമായ പുസ്തകങ്ങൾ നിലവിലുള്ളവയുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 1. തളിര് മാസിക | 2. യുറീക്ക മാസിക | 3. ശാസ്ത്രകേരളം മാസിക |
| 4. വിദ്യാരംഗം | 5. കരിയർ മാഗസിൻ | 6. ലേബർ ഇന്ത്യ |

ഇത്തരം പുസ്തകങ്ങൾ വായിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

## പ്രശ്നങ്ങളും സാധ്യതകളും

ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളും സാധ്യതകളും താഴെ ചേർക്കുന്നു.

1. വിദ്യാഭ്യാസത്തിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക എന്നത് മിക്കവാർഡുകളും ആവശ്യപ്പെട്ടിരിക്കുന്നു.
2. പഞ്ചായത്തതിർത്തിയിൽ 5 മുതൽ 11 വാർഡു വരെ, 7 വാർഡുകളിലെ വിദ്യാർത്ഥികൾക്ക് ഉപകരിക്കുന്നതും എരുമപ്പെട്ടിയിലുള്ള ഹൈസ്കൂളിന്റെ വിദ്യാർത്ഥി ബാഹുല്യം കണക്കിലെടുത്തും ഈ പഞ്ചായത്തതിർത്തിയുടെ കിഴക്കുവശം കണ്ട് ഉചിതമായ സ്ഥലത്ത് ഒരു ഹൈസ്ക്കൂൾ അടിയന്തിരമായി നിർമ്മിക്കുക ഈ സ്കൂൾ വരവൂർ, വടക്കാഞ്ചേരി ഉൾപ്പെടുന്ന പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കുപകരിക്കുന്നതും യാത്രാക്ലേശം പരിഹരിക്കുന്നതിനും സാധിക്കുന്നു.
3. അധ്യാപകരുടെ കുറവ് പരിഹരിക്കുക എന്നത് 1, 4, 7 വാർഡിലെ ഗ്രാസഭകൾ ഊന്നിപ്പറയുന്നു. ഇത് ഗുണനിലവാരത്തെ സഹായിക്കുന്നു.
4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക - യു.പി. തലത്തിൽ നിന്ന് മുതൽ ചോക്ക്, ബുക്ക് ബൈൻറിങ്ങ് തുടങ്ങിയവ പരിശീലിപ്പിക്കുക
5. പി.ടി.എ.യുടെ പ്രവർത്തനം സജീവമാക്കുക
6. സ്വന്തം നാട്ടിൻപ്രദേശങ്ങളിൽ തങ്ങളുടെ കുട്ടികളെ ചേർത്തുപഠിപ്പിക്കുവാൻ രക്ഷിതാക്കളെ പ്രോത്സാഹിപ്പിക്കുക

7. പഞ്ചായത്തിലെ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുകൊടുക്കുക, ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക കുട്ടഞ്ചേരിയിൽ അങ്കണവാടി സ്ഥാപിക്കുക

8. കരിയന്നൂർ ഭാഗത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കു

9. കുട്ടഞ്ചേരി എൽ.പി. സ്ക്കൂൾ യു.പി. സ്കൂൾ ആയി ഉയർത്തുക

10. മങ്ങാട് ആർ.സി.സി.എൽ.പി. സ്കൂൾ യു.പി. സ്കൂൾ ആയി ഉയർത്തുക

11. കുണ്ടന്നൂർ, ചിറ്റണ്ട യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്താൻ അതതു ഗ്രാമസഭകൾ ആവശ്യപ്പെടുന്നു.

12. നിർദ്ദേശിക്കപ്പെട്ട കേന്ദ്രീയ വിദ്യാലയത്തിൻെറ പണി ആരംഭിക്കുക

13. ഹൈസ്ക്കൂളിൻെറ കെട്ടിട സൗകര്യം മെച്ചപ്പെടുത്തി പ്ലസ് ടു കോഴ്സും വി.എച്ച്.എസ്.സി.യും ആരംഭിക്കുക

14. കുട്ടഞ്ചേരി സ്കൂളിലെ കുടിവെള്ളം പ്രാഥമിക സൗകര്യപ്രശ്നങ്ങൾ എന്നിവ പരഹരിക്കപ്പെടണം.

15. സാക്ഷാതാ പ്രവർത്തനം ശക്തമാക്കാൻ എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.

16. ഐ.ടി.സി.യുടെ സമഗ്ര വികസനം നടത്തുക

17. സഹകാണ മേഖലയിൽ കോളേജ് ആരംഭിക്കുക

18. നിലവിലുള്ള വായനശാലകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക. മൂന്നാം വാർഡിൽ വായനശാല സ്ഥാപിക്കുക. പത്താം വാർഡിലും വായനശാലയുടെ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. വാർഡ് ആറിൽ വായനശാല സ്ഥാപിക്കണം.

19. ആറ്റത്താ സെൻറ്. ഫ്രാൻസീസ് എൽ.പി. സ്കൂൾ യു.പി.യായി ഉയർത്തുക

20. സ്കൂൾ ലൈബ്രറി സൗകര്യം ഉയർത്തുക. ലൈബ്രറികൾ വേണ്ടവിധം ഉപയോഗപ്പെടുത്തുക

21. വാർഡ് പത്തിൽ സർക്കാർ എൽ.പി. സ്കൂൾ സ്ഥാപിക്കുക

22. കുട്ടികളുടെ കൊഴിഞ്ഞുപോകൽ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുക

23. ഹരിജൻ വിദ്യാർത്ഥികളുടെ പഠന കാര്യങ്ങളിൽ പ്രാധാന്യം നൽകുക

24. കുട്ടികൾക്ക് കൃഷിയിൽ താല്പര്യം വർദ്ധിപ്പിക്കാനായി പച്ചക്കറി കൃഷിയിൽ പ്രോത്സാഹനം നടത്തുക



# കുടിവെള്ളം - പൊതുജനാരോഗ്യം - ശുചിത്വം

## കുടിവെള്ളം

എരുമപ്പെട്ടി പഞ്ചായത്തിലെ പ്രധാന ശുദ്ധജല സ്രോതസ്സ് കിണറുകളാണ്. ഭൂരിപക്ഷം ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലമാകുമ്പോൾ കിണറുകളിലെ ജലലഭ്യത തീരെ അപര്യാപ്തമായിത്തീരുന്നു

ഈ പഞ്ചായത്തിൽ നിലവിലുള്ള മറ്റു ജലസ്രോതസ്സുകളിൽ പൊതു കുഴൽകിണറുകൾ ആറെണ്ണവും പൊതുകിണറുകൾ 36 എണ്ണവും പൊതു ടാപ്പുകൾ 68 എണ്ണവുമാണ് ഉള്ളത്. ഇവയിൽ വേനൽക്കാലത്ത് ജലലഭ്യതയുള്ളതായി 45 പൊതു ടാപ്പുകൾ മാത്രമാണുള്ളത്. പല കോളനികളിലും ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലലഭ്യതയില്ല.

## നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ

### 1. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, നെല്ലുവായ് (ആർ.ഡബ്ല്യു.എസ്.എസ്. നെല്ലുവായ്)

ഈ പദ്ധതിയിൽ, മണിക്കൂറിൽ 50,000 ലിറ്റർ ജലം ലഭിക്കുന്ന 150 മി.മീ. വ്യാസമുള്ള കുഴൽകിണറിൽ, 12.5 എച്ച്.പി. കുതിശക്തിയുള്ള മോട്ടോർ ഉപയോഗിച്ച് 30000 ലി. സംഭരണശേഷിയുള്ള ടാങ്കിൽ നിറച്ച്, 16 ടാപ്പുകളിലൂടെ മുട്ടിക്കൽ, ഉമിക്കുന്ന്, കരിയന്നൂർ കോളനി എന്നിവിടങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നു. 10.03 ലക്ഷം രൂപ ചെലവിൽ പൈപ്പ് ലൈൻ നീട്ടി, 25 ടാപ്പുകൾ കൂടുതലായി നിർമ്മിച്ച് ഈ പദ്ധതി 1994ൽ വിപുലീകരിച്ചു.

### 2. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, ചിറ്റണ്ട

ചിറ്റണ്ടയിലുള്ള 18000 ലിറ്റർ ശേഷിയുള്ള കുഴൽക്കിണറിൽ 18 എച്ച്.പി. കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിച്ച് 25 ടാപ്പുകളിലൂടെ ശുദ്ധജലം വിതരണം നടത്തിവന്ന പദ്ധതി 1989 മുതൽ ജലലഭ്യത കുറവായതിനാൽ പമ്പിങ്ങ് മോട്ടോറിന്റെ കുതിരശക്തി ആദ്യം 15 എച്ച്.പി. ആയും പിന്നീട് 12 എച്ച്.പി. ആയും കുറച്ചുകൊണ്ടുവന്ന്, ഇപ്പോൾ വേനൽക്കാലങ്ങളിൽ കേവലം 10 ടാപ്പുകളിലൂടെ മാത്രം ജലവിതരണം നടക്കുന്ന അവസ്ഥയാണുള്ളത്.

ഇതിനു പരിഹാരമായി പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി, കൊാട്ടിയാംകുന്നിലേക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചെങ്കിലും പുതിയ കുഴൽകിണർ, പൈപ്പ് ലൈൻ തുടങ്ങിയവയിൽ വന്ന വ്യതിയാനം കാരണമായി അടങ്കൽ തുക വർദ്ധിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഈ ഘടക പദ്ധതി പ്രാവർത്തികമാക്കപ്പെടുന്നതോടെ നിലവിലുള്ള പദ്ധതിയുടെ ജലലഭ്യത വർദ്ധിക്കുന്നതാണ്.

ഇതിൽ നിന്നും കോട്ടക്കുന്ന്, വെള്ളക്കുന്ന്, മുട്ടിക്കൽ ലക്ഷം വീട് കോളനി, മുശാരി കോളനി എന്നിവിടങ്ങളിലേക്ക് വിതരണം വ്യാപിപ്പിക്കാൻ പദ്ധതി തയ്യാറാക്കി അനുമതി കാത്തിരിക്കുന്നു. ഇപ്പോൾ വർഷകാലങ്ങളിൽ 31 ടാപ്പുകളിലും വേനൽക്കാലങ്ങളിൽ 8 ടാപ്പുകളിലും മാത്രമേ ജലം ലഭ്യമാകുന്നുള്ളൂ.

### 3. കൊടുമ്പ് - കാഞ്ഞിരക്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

വടക്കാഞ്ചേരി പഞ്ചായത്തിലെ കുഴൽക്കിണറിൽ നിന്ന് ചാത്തൻചിറ കോളനിയിലേക്ക് ജലമെത്തിക്കുന്ന ഈ പദ്ധതി 10 ടാപ്പുകളിലൂടെ ജലം എത്തിക്കുന്നു. രാജീവ്ഗാന്ധി ദേശീയ കുടിവെള്ള മിഷൻ പദ്ധതിപ്രകാരം 2 ടാപ്പുകൾ കൂടി പുതിയതായി ചേർത്ത്, ഇത് വിപുലീകരിക്കുകയുണ്ടായി.

### 4. കടങ്ങോട്ട് സമഗ്ര ശുദ്ധജല വിതരണ പദ്ധതി

ഈ പദ്ധതി 2000-ാമാണ്ടോടുകൂടി പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമാകും എന്നു പ്രതീക്ഷിക്കുന്നു. ഇത് ഈ പഞ്ചായത്തിന്റെ 85 ശതമാനം ഭൂപ്രദേശത്തും ശുദ്ധജല വിതരണം സുഗമമാക്കുന്നതിന്നുതകും.

പട്ടിക 1.
വിവിധ പദ്ധതികളും ഉപയോക്തൃ മേഖലയും

| പദ്ധതി | ടാപ്പുകളുടെ എണ്ണം | ഉപയോക്തൃമേഖല |
|---|---|---|
| RWSS നെല്ലുവായ് | 16 | മുട്ടിക്കൽ, ഉമിക്കുന്ന്, കരിയന്നൂർ |
| RWSS ചിറ്റണ്ട | 31 | കോട്ടക്കുന്ന്, വെള്ളക്കുന്ന്, മുട്ടിക്കൽ, മുശാരിക്കോളനി |
| RWSS കൊടുമ്പ് - കാഞ്ഞിരക്കോട് | 12 | ചാത്തൻചിറ കോളനി |
| കടങ്ങോട് സമഗ്ര ശുദ്ധജല വിതരണ പദ്ധതി | പദ്ധതി പൂർത്തിയായിട്ടില്ല | പഞ്ചായത്തിലെ 85 ശതമാനം ഭൂവിഭാഗത്തേയും ഉൾക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. |

## പൊതുജനാരോഗ്യം

എരുമപ്പെട്ടിയിൽ സ്ഥിതിചെയ്യുന്ന ഒരു ബ്ലോക്ക് പി.എച്ച്.

ഡി.യും, എരുമപ്പെട്ടി, മുരിങ്ങത്തേരി, മങ്ങാട്, കുണ്ടന്നൂർ, കൊടുമ്പ് എന്നിവിടങ്ങളിലുള്ള സബ് സെൻററുകളും മങ്ങാട് പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിയും എരുമപ്പെട്ടി ആസ്ഥാനമായി പ്രവർത്തിക്കുന്ന ലെപ്രസി കൺട്രോൾ യൂണിറ്റും ഉൾപ്പെട്ടതാണ് എരുമപ്പെട്ടി പഞ്ചായത്തിലെ പൊതുജനാരോഗ്യ സംവിധാനം.

എരുമപ്പെട്ടി ബ്ലോക്ക് പി.എച്ച്.സി.യുടെ സബ്സെൻററുകളിൽ എരുമപ്പെട്ടി, മങ്ങാട്, കുണ്ടന്നൂർ എന്നീ സബ് സെൻററുകൾക്ക് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. കൊടുമ്പ് സബ് സെൻററിന് കെട്ടിടം പണി കഴിഞ്ഞെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. മുരിങ്ങത്തേരി സബ് സെൻററിന് സ്ഥലം ലഭിച്ചെങ്കിലും കെട്ടിടം പണി തുടങ്ങിയിട്ടില്ല.

മങ്ങാട്ടുള്ള ആയുർവ്വേദ ഡിസ്പെൻസറി ഇപ്പോഴും വാടകക്കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ഡിസ്പെൻസറിക്കുള്ള പുതിയ കെട്ടിടം പണി കഴിഞ്ഞെങ്കിലും ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. എരുമപ്പെട്ടി ലെപ്രസി കൺട്രോൾ യൂണിറ്റ് ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

## പ്രാഥമികാരോഗ്യ കേന്ദ്രം, എരുമപ്പെട്ടി.

1962ൽ ആണ് എരുമപ്പെട്ടി പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിതമായത്. ഇത് ഒരു ബ്ലോക്ക് പി.എച്ച്.സി. ആണ്. ഇതിൻെറ കീഴിൽ 7 മിനി പി.എച്ച്.സി.കൾ പ്രവർത്തിക്കുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ട് ആണ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനങ്ങൾ നടക്കുന്നത്.

പത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമേ എരുമപ്പെട്ടി പി.എച്ച്.സി.യിൽ ഉള്ളൂ. ഓരോ വർഷത്തിലും ഇൻ–പേഷ്യൻറ് വിഭാഗത്തിൽ ഇവിടെ വരുന്ന രോഗികളുടെ സേവനത്തിന് ഈ സൗകര്യം പര്യാപ്തമല്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം, ചുരുങ്ങിയത് 25 പേർക്കെങ്കിലും ലഭ്യമാക്കേണ്ടതാണ്.

ഇവിടെ വർഷത്തിൽ 24000 ത്തിനും 25000 ത്തിനും ഇടയ്ക്ക് രോഗികൾ എത്തുന്നു. ഇത്രയും പേർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ തോതിൽ മരുന്നുകൾ ഇവിടെ ലഭ്യ മല്ല. വർഷംതോറും ലഭിച്ചുവരുനന മരുന്നിൻെറ അളവ് ഇരട്ടിയാക്കിയെങ്കിൽ മാത്രമേ ഈ പ്രശ്നം അല്പമെങ്കിലും പരിഹൃതമാകൂ.

കഴിഞ്ഞ തുടർച്ചയായ നാലു വർഷങ്ങളിലെ രോഗികളുടെ എണ്ണവും മരുന്നിൻെറ ലഭ്യതയും മറ്റും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2
രോഗികളും മരുന്നു ലഭ്യതയും പി.എച്ച്.സി. എരുമപ്പെട്ടി

| വർഷം | രോഗികളുടെ എണ്ണം | | മരുന്നു ലഭ്യത (രൂ.) |
|---|---|---|---|
| | IP | OP | |
| 1992–93 | 1357 | 23515 | 98232.83 |
| 1993–94 | 1030 | 28826 | 81039.73 |
| 1994–95 | 1050 | 21045 | 87424.79 |
| 1995–96 | 1851 | 24759 | 153319.84 |

പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ സേവനസമയം കാലത്ത് 8 മണി മുതൽ 11.30 വരെ ആണ്. ഇവിടെ ഇപ്പോൾ 3 ഡോക്ടർമാർ ആണ് ഉള്ളത്. സ്റ്റാഫ് നഴ്സ് ഒന്നുമാത്രവും. ദിവസം മുഴുവൻ - രാത്രി സമയം ഉൾപ്പെടെ ഡോക്ടർമാരുടെ സേവനം ലഭ്യമാകണമെങ്കിൽ ചുരുങ്ങിയത് 7 ഡോക്ടർമാരേയും 3 സ്റ്റാഫ് നഴ്സുമാരേയും കൂടുതലായി നിയമിക്കേണ്ടതുണ്ട്.

ജില്ലയിൽ ആകെയുള്ള 22 ബ്ലോക്ക് പി.എച്ച്.സി.കളിൽ കഴിഞ്ഞ 35 കൊല്ലമായി കാര്യമായ ഒരു വികസനവും ഇല്ലാതെ കിടക്കുന്ന ഒന്നാണ് എരുമപ്പെട്ടി. പി.എച്ച്.സി. വടക്കാഞ്ചേരി ബ്ലോക്ക് അതിർത്തിയിൽ വരുന്ന 9 പഞ്ചായത്തുകളുടെ രോഗപ്രതിരോധ പ്രവർത്തനങ്ങളിലും പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും മേൽനോട്ടം വഹിക്കേണ്ട പി.എച്ച്.സി. ആണ് ഇത്. ഭൂകമ്പ ബാധിതമായ ഈ പ്രദേശത്തുള്ള ഏക ബ്ലോക്ക് പി.എച്ച്.സി. ആയ ഇവിടെ ടെലിഫോൺ കണക്ഷൻ ഇല്ല എന്നുള്ളത് വലിയ ഒരു പോരായ്മതന്നെയാണ്.

1962ൽ സ്ഥാപിതമായ ഇതിൻെറ കെട്ടിടം ചോർന്ന് ഒലിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. രോഗികളുടെ ബാഹുല്യവും ജീവനക്കാരുടെ കുറവും – സ്റ്റാഫ് നഴ്സ് ഒന്നാണ് ഉള്ളതെന്നതും പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഇത് ഇവിടത്തെ പ്രവർത്തനങ്ങൾ ദുഷ്കരമാക്കുന്നുണ്ട്. പലപ്പോഴും ഫീൽഡ് ഡ്യൂട്ടിക്ക് പോകേണ്ട ജെ.പി.എച്ച്.എൻ.മാരെ ഡ്യൂട്ടിക്ക് നിയോഗിച്ചാണ് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്.

ഈ നാട്ടിലെ സ്ത്രീകൾക്ക് പ്രസവസംബന്ധമായ സേവനങ്ങൾ ഈ പി.എച്ച്.സി.യിൽ ലഭ്യമല്ല. പ്രസവ കേസ്സുകൾ അഡ്മിറ്റ് ചെയ്യുന്നതിന് ഒരു ഗൈനക്കോളജിസ്റ്റിൻെറയും ശിശുരോഗ വിദഗ്ധൻെറയും ആവശ്യമുണ്ട്. അവരുടെ സേവനം ഇവിടെ ലഭ്യമല്ലാത്തതിനാൽ പ്രസവക്കേസുകൾ അഡ്മിറ്റ് ചെയ്യുന്നില്ല.

എരുമപ്പെട്ടി പ്രാഥമികാരോഗ്യ കേന്ദ്രം വഴി നടപ്പിലാക്കി വരുന്ന ദേശിയ ആരോഗ്യ പരിപാടികൾ താഴെപ്പറയുന്നവയാണ്.

### 1. ദേശിയ കുടുംബാസൂത്രണ – കുടുംബക്ഷേമ പരിപാടി.

1952 മുതൽ ഗവൺമെൻറ് നടപ്പിലാക്കിവരുന്ന ഈ പരിപാടി വളരെ വിജയകരമായി ഇവിടെയും നടപ്പിലാക്കിവരുന്നു. എരുമപ്പെട്ടി പഞ്ചായത്തിൽ അർഹരായ 3857 ദമ്പതികളിൽ 2528 പേർ – അതായത് 75 ശതമാനം പേർ – ഏതെങ്കിലും തരത്തിലുള്ള കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്.

### 2. ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

മൊത്തം ജനസംഖ്യയുടെ 0.4% പേർക്ക് ക്ഷയരോഗം കണ്ടുവരുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. നിലവിലുള്ള രോഗികൾ ചികിത്സക്ക് എത്തുന്നത് വളരെ കുറവാണ്. ഇതുവരെ പതിനൊന്നര വർഷം നീണ്ടുനില്ക്കുന്ന ചികിത്സയാണ് നിലവിലിരുന്നത്. ഇതുമൂലം ചികിത്സ ഇടയ്ക്കുനിർത്തി പോകുന്നത് പതിവാണ്. ഈ സാഹചര്യത്തിൽ 1996 മുതൽ ഗവൺമെൻറ് "സൂപ്പർവൈസ്ഡ് ഷോർട്ട് കോഴ്സ് കീമോതെറാപ്പി" എന്ന പുതിയ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ ചി

കിത്സയുടെ കാലാവധി ആറു മാസമാണെന്നതിനാൽ ഇത് കൂടുതൽ ഫലപ്രദമാകുന്നു. മരുന്ന് തികച്ചും സൗജന്യമാണ്. വിപുലമായ ബോധവത്ക്കരണം ഈ രംഗത്ത് ഇനിയും വേണ്ട തായിട്ടാണിരിക്കുന്നത്. എന്തെന്നാൽ, ഈ പദ്ധതിയിൽ പോലും ചില രോഗികൾ സഹകരിക്കാതെയാണിരിക്കുന്നത്. വാർഡ് പ്രതിനിധികളുടെ സഹകരണം ഈ രംഗത്ത് കൂടുതലായി ഉണ്ടാകേണ്ടതുണ്ട്.

എയ്ഡ്സ് രോഗത്തോടൊപ്പം ക്ഷയരോഗവും പ്രത്യക്ഷപ്പെടുന്നുവെന്നത് ആശങ്കാജനകമായ സാഹചര്യം സൃഷ്ടിക്കുന്നു.

## 3. ദേശീയ മലമ്പനി നിർമ്മാർജ്ജന പദ്ധതി

മലമ്പനി കേരളത്തിൽ നിയന്ത്രണ വിധേയമാണ്. ഇവിടത്തെ മലമ്പനി രോഗികൾ എല്ലാം കേരളത്തിനു വെളിയിൽ നിന്നു വരുന്നവരാണ്. മലമ്പനി പ്രതിരോധ പ്രവർത്തനം എന്ന നിലയ്ക്ക് മൊത്തം ജനസംഖ്യയുടെ 10% രക്ത പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ഡി.ഡി.റ്റി. തളിക്കൽ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഫണ്ട് വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ കഴിഞ്ഞ കുറച്ചു കാലങ്ങളായി നടക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സഹകരണം കൊതുകുനശീകരണ രംഗത്ത് അത്യാവശ്യമാണ്. കഴിഞ്ഞ നാലു വർഷങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ട രോഗികളുടെ എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക 3

രോഗികളുടെ എണ്ണം പി.എച്ച്.സി. എരുമപ്പെട്ടി

| വർഷം | രോഗികളുടെ എണ്ണം |
|---|---|
| 1992 - 93 | 11 |
| 1993 - 94 | 12 |
| 1994 - 95 | 13 |
| 1995 - 96 | 8 |

## 4. വയറിളക്ക രോഗനിയന്ത്രണ പരിപാടി

വയറിളക്ക രോഗങ്ങൾ ഈ പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്നു. ശുദ്ധജലത്തിന്റെ അഭാവവും പരിസര മലിനീകരണവും ഇതിന്നു കാരണമാണ്. ശുദ്ധജല വിതരണം കാര്യക്ഷമമായും ഗുണനിലവാരം പുലർത്തുന്ന തരത്തിലും നടപ്പിലാക്കുക, സാനിറ്ററി കക്കൂസുകളുടെ ഉപയോഗം ഉറപ്പു വരുത്തുക, പരിസരശുചിത്വം പാലിക്കുക എന്നിവകൊണ്ട് ഈ രോഗത്തെ ഫലപ്രദമായി നിയന്ത്രിക്കുവാനാകും. പുതിയ ഒ.ആർ.എസ്. ഡിപ്പോകൾ സ്ഥാപിക്കുകയും ചെയ്യുന്നത് രോഗാതുരത കുറക്കുന്നതിന് സഹായിക്കും.

വയറിളക്ക രോഗങ്ങളുടെ സ്ഥിതിവിവരപ്പട്ടിക

(1992 മുതൽ 96 വരെ)

പട്ടിക 4

വയറിളക്കം ബാധിച്ചവരുടെ എണ്ണം പി.എച്ച്.സി. എരുമപ്പെട്ടി

| വർഷം | രോഗികളുടെ എണ്ണം |
|---|---|
| 1992 - 93 | 2546 |
| 1993 - 94 | 1602 |
| 1994 - 95 | 1458 |
| 1995 - 96 | 855 |

## 5. സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പു പരിപാടി

രോഗപ്രതിരോധത്തിനു കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട്, ആറു മാരക രോഗങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പരിപാടി. ഇത് വളരെ വിജയകരമായി ഈ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ രംഗത്തും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണം ഒഴിച്ചുകൂടാനാകാത്തതാണ്. യാതൊരുവിധ പ്രതിരോധ മാർഗ്ഗങ്ങളും സ്വീകരിക്കാൻ തയ്യാറാകാത്തവരെ പ്രേരിപ്പിക്കാൻ വാർഡ് പ്രതിനിധികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണം ആത്യാവശ്യമാണ്.

മൊത്തം കുട്ടികളിൽ 4.5% യാതൊരുവിധ പ്രതിരോധ മാർഗ്ഗങ്ങളും സ്വീകരിക്കാത്തവരാണ്.

## 6. ദേശീയ അന്ധതാ നിവാരണ പദ്ധതി

എരുമപ്പെട്ടി പഞ്ചായത്തിൽ തിമിര രോഗികളുടെ എണ്ണം 252 ആണ്. ഇത് ജനസംഖ്യാനുപാതികമായി 1000ത്തിന് 6 ആണ്. 2000-ാമാണ്ടോടുകൂടി 1000ത്തിന് 4 ആക്കി കുറയ്ക്കുകയാണ് ലക്ഷ്യം.

ഈ പരിപാടിയനുസരിച്ച് തിമിര ശസ്ത്രക്രിയാ ക്യാമ്പുകൾ നടത്തിവരുന്നു. കഴിഞ്ഞ വർഷം 1995 - 96ൽ 13 പേർ ഇവടെ തിമിര ശസ്ത്രക്രിയയ്ക്ക് വിധേയരാകുകയുണ്ടായി. ഈ പദ്ധതിയുടെയും പൂർണ്ണ വിജയത്തിന് ജനങ്ങളെ ബോധവത്ക്കരിക്കേണ്ടത് അത്യാവശ്യമാണ്. നേത്രദാനത്തെക്കുറിച്ചുള്ള ശരിയായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുകയും അന്ധതാ നിവാരണത്തിന്നുവേണ്ടി പ്രവർത്തിക്കുന്നതിന്നു വിവിധ സാമൂഹ്യ സന്നദ്ധ സംഘടനകളെ ഏകോപിച്ചുകൊണ്ട് പ്രവർത്തന പരിപാടികൾക്ക് രൂപം കൊടുക്കുകയും വേണം.

## 7. സ്കൂൾ ആരോഗ്യ പരിപാടി

ഈ പഞ്ചായത്തിലെ എട്ടു സ്കൂളുകളിലെ അർഹരായ മുഴുവൻ കുട്ടികളേയും ആരോഗ്യപരിശോധനയ്ക്കും പ്രതിരോധ കുത്തിവെയ്പുകൾക്കും വിധേയമാക്കിയിട്ടുണ്ട്. ദന്തരോഗങ്ങൾ, വിളർച്ച, ചെവിക്കുണ്ടാകുന്ന അസുഖങ്ങൾ എന്നിവയാണ് കുട്ടികളിൽ പ്രധാനമായും കണ്ടുവരുന്നത്. സ്കൂൾ അധികാരികളുടെയും അധ്യാപക - രക്ഷാകർതൃ സംഘടനകളുടെയും സഹകരണം പരിപാടിയുടെ വിജയത്തിന് ആവശ്യമാണ്.

ടൈഫോയ്ഡ്, മഞ്ഞപ്പിത്തം, വയറിളക്കരോഗങ്ങൾ

എന്നിവ ഈ പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്നു. 91 - 92ൽ ടൈഫോയ്ഡ് വ്യാപകമായ തോതിൽ പടർന്നു പിടിച്ചിരുന്നു. ഈ വർഷാരംഭത്തിൽ 40 ഓളം കേസുകൾ ഇവിടെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

## ലെപ്രസി കൺട്രോൾ യൂണിറ്റ്, എരുമപ്പെട്ടി

എരുമപ്പെട്ടി ലെപ്രസി കൺട്രോൾ യൂണിറ്റിന്റെ പ്രവർത്തനം വടക്കാഞ്ചേരി, ചൊവ്വന്നൂർ, പുഴയ്ക്കൽ എന്നീ ബ്ലോക്കുകളിലെ 21 പഞ്ചായത്തുകളിലായി വ്യാപിച്ചിരിക്കുന്നു. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായുള്ള വിവിധൗഷധ ചികിത്സ (മൾട്ടി ഡ്രഗ് തെറാപ്പി) 1990 ഒക്ടോബർ മുതൽ നടപ്പിലാക്കി വരുന്നു. എരുമപ്പെട്ടി പഞ്ചായത്തു നിവാസികൾക്കായി എരുമപ്പെട്ടി S.E.T. സെന്റർ, തിച്ചൂർ F.W. സെന്റർ, മങ്ങാട് S.E.T. സെന്റർ, കുണ്ടന്നൂർ F.W. സെന്റർ എന്നിവിടങ്ങളിൽ രോഗപരിശോധനയും വിവിധൗഷധ ചികിത്സയും നല്കിവരുന്നു.

1975ൽ ആണ് ലെപ്രസി കൺട്രോൾ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. മെഡിക്കൽ ഓഫീസർ അടക്കം 33 ജീവനക്കാരാണ് ഇവിടെയുള്ളത്. ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. സ്ഥല സൗകര്യങ്ങൾ വളരെ പരിമിതമാണ് യൂണിറ്റിന്. എരുമപ്പെട്ടി പി.എച്ച്.സി.യിൽ പ്രവർത്തിക്കുന്ന എസ്.ഇ.ടി. സെൻറർ ആവശ്യമായ സൗകര്യങ്ങളോടെ വിപുലീകരിച്ചാൽ കൺട്രോൾ യൂണിറ്റ് അവിടെ പ്രവർത്തിക്കാൻ കഴിയും.

എരുമപ്പെട്ടി പഞ്ചായത്തിലെ കുഷ്ഠരോഗബാധ വർഷങ്ങളായി കുറഞ്ഞുവരികയാണ്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു

പട്ടിക 5
കുഷ്ഠരോഗികളുടെ എണ്ണം എൽ.സി. യൂണിറ്റ്, എരുമപ്പെട്ടി

| വർഷം | രോഗികളുടെ എണ്ണം |
|---|---|
| 1992 - 93 | 49 |
| 1993 - 94 | 18 |
| 1994 - 95 | 51 |
| 1995 - 96 | 6 |

1990ൽ രോഗസാന്ദ്രത 1000ത്തിന് 9 ആയിരുന്നത് ഇപ്പോൾ 0.3 ആയി കുറഞ്ഞിട്ടുണ്ട്. രണ്ടായിരമാണ്ടോടെ കുഷ്ഠരോഗം ഈ നാട്ടിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

## ഗവ. ആയുർവ്വേദ ഡിസ്പെൻസറി, കരിയന്നൂർ

ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് സ്വന്തം കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ടെങ്കിലും അതു തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടില്ല. രോഗികൾക്ക് പരിശോധനയ്ക്ക് വിധേയമാകുന്നതിന് പരിശോധനാ മുറി - കൺസൾട്ടിംഗ് റൂം -, മരുന്നുകൾ സൂക്ഷിക്കുന്നതിനും കഷായം പാകം ചെയ്യുന്നതിനും വിറക്, കഷായച്ചട്ടി എന്നിവ സൂക്ഷിക്കുന്നതിനായുള്ള സൗകര്യങ്ങൾ എന്നിവ ഇവിടെ അപര്യാപ്തമാണ്.

ഡോക്ടർ ഉൾപ്പെടെ ഇവിടെ മൂന്നു ജീവനക്കാരാണ് ഉള്ളത്. സ്ഥാപനത്തിൽ മരുന്നുകൾ കൈകാര്യം ചെയ്യുന്നതിന് ഫാർമസിസ്റ്റ് ഇല്ലാത്തതിനാൽ ഡോക്ടർതന്നെ മരുന്നുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നു. ഡോക്ടറുടെ സേവനം പൂർണ്ണമായും രോഗികൾക്ക് ലഭ്യമാകുന്ന തരത്തിൽ, ഫാർമസിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ച്, നിയമിക്കുന്നതിന്നു വേണ്ട നടപടികൾ ആവശ്യമാണ്.

ഒ.പി.യിൽ എത്തുന്ന രോഗികൾക്ക് മരുന്ന് ആവശ്യത്തിന് നല്കാനാകുന്നില്ല എന്നതും ഈ സ്ഥാപനത്തിന്റെ പ്രധാന പോരായ്മയാണ്. ഇപ്പോൾ ലഭ്യമാകുന്ന മരുന്നുകൾ ചുരുങ്ങിയത് 10 ഇരട്ടിയെങ്കിലുമാക്കി വർദ്ധിപ്പിക്കേണ്ടതാണ്.

കഴിഞ്ഞ നാലു വർഷങ്ങളിലെ മരുന്നു ലഭ്യതയും രോഗികളുടെ സംഖ്യയും തമ്മിലുള്ള പൊരുത്തമില്ലായ്മയ താഴെ കൊടുത്തിരിക്കുന്ന സ്ഥിതി വിവരപ്പട്ടികയിൽ നിന്നും വ്യക്തമാകുന്നു.

പട്ടിക 6
രോഗികളുടെ മരുന്നു ലഭ്യതയും
(ഗവ. ആയുർവേദ ഡിസ്പെൻസറി)

| വർഷം | രോഗികളുടെ എണ്ണം | മരുന്നു ലഭ്യത (രൂപ.) |
|---|---|---|
| 1992 - 93 | 13500 | 15000 |
| 1993 - 94 | 15687 | 12500 |
| 1994 - 95 | 15600 | 12300 |
| 1995 - 96 | 14772 | 20300 |

ഔഷധച്ചെടികൾ ഡിസ്പൻസറി കോമ്പൗണ്ടിൽ വെച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശം, സ്ഥലസൗകര്യത്തിന്റെ അപര്യാപ്തതയാൽ പ്രാവർത്തികമായിട്ടില്ല.

പച്ച മരുന്നുകളുടെയും മറ്റു അസംസ്കൃത ഔഷധങ്ങളുടെയും ദൗർലഭ്യത പരിഹരിക്കപ്പെടണം. ഇതിന്നായി കൃഷി വനം വകുപ്പുകളുമായി സഹകരിച്ച് ഔഷധച്ചെടികൾ വളർത്തുന്നതിന് പരിപാടികൾ തയ്യാറാക്കേണ്ടതുണ്ട്.

ക്ഷീര വ്യവസായ മേഖലയുടെ സഹകരണത്തോടെ ഔഷധ നിർമ്മിതിക്കാവശ്യമായ പാൽ, നെയ്യ്, വെണ്ണ എന്നിവയുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ലൈസൻസ് സമ്പ്രദായം നടപ്പിലാക്കി, ലൈസൻസ് ഉള്ളവർക്ക് മാത്രമേ ഔഷധ നിർമ്മാണത്തിന്നവകാശമുള്ളൂ എന്നതുറപ്പു വരുത്തുകയും വേണം. പഞ്ച കർമ്മ ചികിത്സാ രീതി എല്ലാ ആയുർവ്വേദ ആശുപത്രികളിലും നടപ്പിൽ വരുത്തുന്നതിനു സൗകര്യപ്പെടുത്തണം.

ആയുർവ്വേദ ചികിത്സയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ബോധവത്ക്കരണ പരിപാടികൾ

നടപ്പിൽ വരുത്തേണ്ടതാവശ്യമാണ്. അനധികൃതമായ ഔഷധ സേവ ജനത്തിന്റെ ആരോഗ്യത്തിന് ഉത്തമമല്ല.

മേൽപറഞ്ഞ ഗവ. സ്ഥാപനങ്ങൾ കൂടാതെ സ്വകാര്യ മേഖലയിൽ രണ്ട് ആശുപത്രികൾ കൂടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മൊത്തം നാലു ഡോക്ടർമാർ ഇവയിൽ സേവനമനുഷ്ഠിക്കുന്നു. മൊത്തം 36 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമാണ് ഇവയിലുള്ളത്. മറ്റു ചികിത്സാ സമ്പ്രദായങ്ങളിൽ, ഹോമിയോ ചികിത്സാ സൗകര്യം ഈ പഞ്ചായത്തിൽ ലഭ്യമല്ല എന്നുള്ളത് പ്രധാന വസ്തുതയാണ്.

ഈ പഞ്ചായത്തിലെ പൊതു മരണനിരക്ക് 1000ത്തിന് 3 എന്ന തോതിലാണ്. ഇത് സംസ്ഥാന ശരാശരിയായ 5.9ൽ നിന്നും വളരെ താഴെയാണ്. ശിശുമരണ നിരക്ക് 1000ത്തിന് 9.5ഉം ജനന നിരക്ക് 1000ത്തിന് 4 ഉം ആണ്. സംസ്ഥാന ശരാശരി, ശിശുമരണത്തിന്റേത് 1000ത്തിന് 16ഉം ജനനത്തിന്റേത് 1000ത്തിന് 17 ഉം ആണ്.

പഞ്ചായത്തിലെ വികലാംഗരുടെ എണ്ണം 115 ആണ്. വൈകല്യനിരക്ക് 1000ത്തിന് 3.76 ആണ്.

പട്ടിക 7
വികലാംഗരുടെ വിവരം

| വയസ്സ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 0 - 5 | 1 | - | 1 |
| 5 - 10 | 3 | 6 | 9 |
| 10 - 18 | 9 | 5 | 14 |
| 15 - 25 | 6 | 13 | 19 |
| 25 - 45 | 19 | 16 | 35 |
| 45 - 60 | 19 | 6 | 25 |
| 60ന് മുകളിൽ | 8 | 4 | 12 |
| ആകെ | 65 | 50 | 115 |

## രോഗാതുരത

പഞ്ചായത്തിലെ ക്ഷയം, കുഷ്ഠം, മലമ്പനി, തിമിരം, വയറിളക്ക രോഗങ്ങൾ, ടൈഫോയ്ഡ് എന്നിവയെ സംബന്ധിച്ച് വിവിധ ആരോഗ്യ പദ്ധതികളുടെ അവലോകനത്തിൽ സൂചിപ്പിച്ചിരുന്നതാണ്.

ഇവയ്ക്കുപുറമെ മഞ്ഞപ്പിത്തം, അഞ്ചാംപനി, ചിക്കൻ പോക്സ് തുടങ്ങിയ സാംക്രമിക രോഗങ്ങളും കണ്ടുവരുന്നുണ്ട്. എലിപ്പനി, എയ്ഡ്സ് എന്നീ രോഗങ്ങൾ ജില്ലയിലെ പല സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ഈ പഞ്ചായത്തിലും ഇവയ്ക്കെതിരെയുള്ള മുൻകരുതലും ബോധവത്കരണ പരിപാടികളും അനിവാര്യമാണ്.

## കുട്ടികളുടെ പോഷണ നിലവാരം.

പട്ടിക 8
പോഷണ നിലവാരം.

| കുട്ടികൾ | പോഷണ നിലവാരം | | |
|---|---|---|---|
| | 0 - 1 | 1 - 3 | 3 - 5 |
| നോർമ്മൽ | 260 | 409 | 449 |
| 1-ാം ഗ്രേഡ് | 190 | 368 | 146 |
| 2-ാം ഗ്രേഡ് | 26 | 86 | 109 |
| 3-ാം ഗ്രേഡ് | - | - | - |
| 4-ാം ഗ്രേഡ് | - | - | - |

പഞ്ചായത്തിൽ ശരാശരിയേക്കാൾ താഴെ വരുന്ന കുട്ടികൾ 927 ആണ്. എന്നാൽ ഗുരുതരമായ പോഷണ നിലവാരത്തിൽ കുട്ടികൾ തുലോം കുറവാണ്. അംഗൻവാടികളിൽ മുഴുവൻ കുട്ടികളേയും എത്തിക്കുകയും പോഷകാഹാരം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

## വിസർജ്ജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ

പഞ്ചായത്തിൽ ആകെയുള്ള 6093 വീടുകളിൽ സ്വന്തമായി കക്കൂസ് ഉള്ളതിൽ 4043 ആണ്. 2050 വീടുകൾക്ക് സ്വന്തമായി കക്കൂസ് ഇല്ല. സാമ്പത്തിക ശേഷി ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതിനു നടപടികൾ ഉണ്ടാകണം. ചെലവു കുറഞ്ഞ രീതിയിലുള്ള കക്കൂസ് നിർമ്മാണത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.

## മാലിന്യങ്ങൾ

വ്യാവസായിക മാലിന്യങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. എങ്കിലും ഹോട്ടലുകൾ, ഇറച്ചി വില്പന ശാലകൾ, പച്ചമീൻ സ്റ്റാളുകൾ എന്നിവ പരിസര മലിനീകരണത്തിന് ഇടയാക്കുന്നുണ്ട്. ചപ്പുചവറുകൾ റോഡിലേക്കും വെള്ളം ഒഴുകിപ്പോകുന്ന കാനകളിലേക്കും നിക്ഷേപിക്കുന്നത് സാധാരണ സംഭവമായി ത്തീർന്നിരിക്കുന്നു. കാനകളിലും ഓടകളിലും വെള്ളം കെട്ടിക്കിടന്ന് ഈച്ച, കൊതുക് മുതലായവ വളർന്നു പെരുകുന്നതിന് കാരണമാകുന്നുണ്ട്. മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിനും സുരക്ഷിതമായി മറവു ചെയ്യുന്നതിനും ഉള്ള സംവിധാനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. കാനകൾ വൃത്തിയാക്കുന്നതിനും മലിനജലം കെട്ടിക്കിടക്കാതെ നോക്കുന്നതിനും ശ്രദ്ധിക്കുകയും, വെള്ളം കെട്ടിക്കിടക്കുന്ന ഓടകളിലും കാനകളിലും കൊതുകുനിവാരണ മരുന്നുകൾ തളിക്കുകയും ചെയ്യേണ്ടതുണ്ട്.

പരിസരശുചിത്വത്തിന് പ്രാമുഖ്യം നല്കി ബോധവത്ക്കരണ പരിപാടികൾ വിവിധ സാമൂഹ്യസന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കേണ്ടതുണ്ട്.

ശുദ്ധമായ ജലം, വൃത്തിയായ പരിസരം എന്നിവ രോഗ സാധ്യത വളരെ കുറക്കുന്നു എന്നതിനാൽ ആരോഗ്യപരിപാലന

രംഗത്തെ ചെലവു കുറക്കുന്നതിനും വളരെയധികം സഹായക മാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മിക്ക സ്ഥലങ്ങളിലും വേനൽക്കാല മായാൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. പൈപ്പുവെള്ളം പഞ്ചായത്തിൻെറ ചുരുക്കം സ്ഥലങ്ങ ളിൽ മാത്രമേ ലഭിക്കുന്നുള്ളൂ. കോളനി നിവാസികൾക്കാ യുള്ള പദ്ധതികളുടെ പ്രയോജനം അവർക്കു ലഭിക്കു ന്നില്ല.
3. ശുദ്ധജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച് വിതരണം ചെയ്യ പ്പെടുന്നില്ല.
4. പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് പൊതുജന സഹകരണവും വിവിധ സാമൂഹ്യസന്നദ്ധ സംഘടനകളു ടെയും വകുപ്പുകളുടെ സഹായവും ആവശ്യമാണ്.
5. പരിസരമലിനീകരണം നിയന്ത്രണ വിധേയമാക്കണം
6. ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യപ്പെടുകയും സംസ്കരിക്കുകയും ചെയ്യുന്നില്ല.
7. പൊതു മാർക്കറ്റുകൾ ഇല്ല
8. അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്നു.
9. തെരുവുനായ്ക്കളുടെ വർദ്ധിച്ച ശല്യം.
10. ആവശ്യമായ സ്ഥലങ്ങളതി കംഫർട്ടു സ്റ്റേഷനുകൾ ഇല്ല.
11. പണി പൂർത്തിയായിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്.
12. പി.എച്ച്.സി.യിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമല്ല.
13. കിടത്തി ചികിൽസിക്കാനുള്ള ആശുപത്രിയിലെ (പി. എച്ച്.സി.) സൗകര്യം വർദ്ധിപ്പിക്കണം
14. ഡോക്ടർമാരെയും നഴ്സുമാരെയും കൂടുതൽ നിയമി ക്കണം.
15. ലേഡി ഡോക്ടറുടെ സേവനം ആശുപത്രിയിൽ ഇല്ല. പ്രസവ സൗകര്യങ്ങൾ ഇല്ല.
16. പി.എച്ച്.സി.യിൽ X-ray യൂണിറ്റ് ഇല്ല.
17. സബ് സെൻററുകളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.
18. ലെപ്രസി കൺട്രോൾ യൂണിറ്റ്, മുരിങ്ങത്തേരി സബ് സെൻറർ എന്നിവക്ക് കെട്ടിടം പണി തുടങ്ങിയിട്ടില്ല.
19. ആശുപത്രികളിൽ മരുന്നു വിതരണം പര്യാപ്തമല്ല.
20. ഹോമിയോ ആസ്പത്രി പഞ്ചായത്തിൽ ഇല്ല.
21. പൊതു ശ്മശാനം ഇല്ല.
22. ആരോഗ്യ സേവനരംഗത്ത് പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തണം.
23. ആയുർവേദ ആസ്പത്രിയിൽ ഫാർമസിസ്റ്റ് ഇല്ല. ഔഷധ ങ്ങൾക്ക് സസ്യങ്ങളുടെയും, പാലുല്പന്നങ്ങളുടെയും ലഭ്യത കുറവാണ്.

## സാധ്യതകൾ

1. നിലവിലുള്ള കുടിവെള്ള പദ്ധതികൾ വിപുലീകരിക്കു കയും പരിഷ്ക്കരിക്കുകയും ചെയ്യുക. എല്ലാ റോഡുക ളിലും 100 മീറ്ററിന് 1 എന്ന തോതിൽ പൈപ്പുകൾ സ്ഥാ പിക്കുക.
2. അംഗൻവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ പൊതു ടാപ്പ് അനുവദിക്കുക
3. നിലവിലുള്ള പൊതുകിണറുകൾ ആഴം കൂട്ടുകയും വൃത്തിയാക്കുകയും ചെയ്യുക. ജലദൗർലഭ്യം അനുഭവപ്പെ ടുന്ന സ്ഥലങ്ങളിൽ പുതിയ കിണറുകൾ, കുഴൽക്കിണറു കൾ എന്നിവ നിർമ്മിച്ച് ടാങ്ക് കെട്ടി വെള്ളം ലഭ്യമാക്കുക
4. ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക. കുളങ്ങൾ സംരക്ഷിക്കുക. തടയണകൾ കെട്ടി തോടുകളിലേയും അരുവികളിലേയും ജലനിരപ്പ് ഉയർത്തുക
5. ജലമലിനീകരണം തടയുന്നതിന് നടപടികൾ എടുക്കുക. ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുക
6. ചെലവു കുറഞ്ഞ കക്കൂസുകളുടെ നിർമ്മാണത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും ആവശ്യമുള്ളവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക
7. പരിസരശുചിത്വം ഉറപ്പുവരുത്തുന്നതിന് ചപ്പുചവറുകൾ നീക്കം ചെയ്യുകയും സംസ്കരിക്കുകുയം ചെയ്യുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുക
8. ബഹുജന പങ്കാളിത്തത്തോടെ സേവനമേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. കൊതുക്, ഈച്ച ഇവ യുടെ നശീകരണത്തിന് നടപടികൾ സ്വീകരിക്കുക
9. വിവിധ സ്ഥാപനങ്ങളിൽ ആവശ്യമുള്ളത്ര സ്റ്റാഫിനെ നിയമിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുക
10. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്ന തിന് പഞ്ചായത്തിനുള്ളിൽ നിന്നുള്ളവർക്ക് പരിശീലനം നല്കി പൊതുജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാ ക്കുക
11. ഔഷധ സസ്യകൃഷി പരിപോഷിപ്പിക്കുന്നതിന് കർഷക രെ പ്രേരിപ്പിക്കുക, തേൻ, നെയ്യ്, വെണ്ണ, പാൽ എന്നിവയു ടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി കൾ സ്വീകരിക്കണം.
12. ബോധവത്ക്കരണ പരിപാടിക്ക് വിവിധ സാമൂഹ്യ സന്നദ്ധസംഘടനകളെ ഏകോപിപ്പിച്ച് വിവിധ വകുപ്പുക ളുടെ സഹകരണത്തോടെ കമ്മിറ്റികൾ രൂപീകരിക്കുക
13. പൊതു മാർക്കറ്റിനും ചപ്പുചവറുകൾ നിക്ഷേപിക്കുന്ന തിനും സംസ്കരിക്കുന്നതിനും അനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതികൾ തയ്യാറാക്കുക, കാനകൾ വൃത്തി യാക്കുക

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### വാർഡ് ഒന്ന്

1. കക്കൂസ് ഇല്ലാത്ത എല്ലാവർക്കും കക്കൂസ് നല്കുക
2. എരുമപ്പെട്ടി പി.എച്ച്. സെൻററിൽ ലേഡി ഡോക്ടറെ നിയമിക്കുക, പ്രസവ വാർഡ് പണിയുക. X-ray യൂണിറ്റ് ആരംഭിക്കുക
3. മരുന്ന് ലഭ്യമാക്കണം
4. ചപ്പുചവറുകൾ നിക്ഷേപിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാക്കണം. ശുചീകരണ പ്രവർത്തനം നടത്തണം
5. പൊതു ശ്മശാനം നിർമ്മിക്കുക
6. പൊതു മാർക്കറ്റ് സ്ഥാപിക്കുക
7. തെരുവു നായ്ക്കളെ നശിപ്പിക്കാൻ ഏർപ്പാടുകൾ വേണം.

### വാർഡ് രണ്ട്

1. വാർഡിൽ എല്ലായിടത്തും കുടിവെള്ളം എത്തിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക
2. ലക്ഷംവീട് കോളനി, എരുമപ്പെട്ടി കോളനി എന്നിവിടങ്ങിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ തിപ്പല്ലൂരിൽ കിണർ കുഴിച്ച് കോളനികൾ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക
3. പ്രസവ വാർഡ് പി.എച്ച്.സി.യിൽ പണിയുക
4. ചുരുങ്ങിയത് 25 പേരെയെങ്കിലും കിടത്തി ചികിൽസിക്കാനുള്ള സൗകര്യം പി.എച്ച്.സി.യിൽ ഏർപ്പെടുത്തുക
5. X-ray യൂണിറ്റ് സ്ഥാപിക്കുക
6. കക്കൂസില്ലാത്ത താഴ്ന്ന വരുമാനക്കാർക്ക് അവ നിർമ്മിച്ചു നല്കുക
7. പൊതുമാർക്കറ്റ് സ്ഥാപിക്കണം
8. കാനകൾ വൃത്തിയാക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തണം

### വാർഡ് മൂന്ന്

1. നെല്ലുവായ് സെൻററിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക
2. പൊതു ശ്മശാനം സ്ഥാപിക്കുക
3. കുടിവെള്ളം ലഭ്യമാക്കണം
4. ചപ്പുചവറുകൾ നിക്ഷേപിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക
5. തെരുവു നായ്ക്കളുടെ ശല്യം ഒഴിവാക്കുക
6. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് മരുന്നുകൾ നല്കാൻ സൗകര്യം ചെയ്യുക
7. പാണാട്ടുകാവിനും ആലിനും ഇടയിൽ പൈപ്പുകൾ സ്ഥാപിക്കുക
8. മാരിയമ്മൻ റോഡിൽ പൈപ്പ് സ്ഥാപിക്കുക
9. പതിയാരം പള്ളി പരിസരം, പതിയാരം കോളനി, അംഗൻവാടി സെൻറർ എന്നിവിടങ്ങളിൽ ടാപ്പ് സ്ഥാപിക്കുക
10. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് അവ നിർമ്മിച്ചുകൊടുക്കണം.

### വാർഡ് നാല്

1. വാർഡിൽ എല്ലാ സ്ഥലത്തും ശുദ്ധജലം എത്തിക്കുക
2. വാർഡിൽ ഹെൽത്ത് സെൻറർ രണ്ട് എണ്ണം സ്ഥാപിക്കുക
3. വാർഡിൻെറ കിഴക്കൻ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഫോറസ്റ്റ് ഏരിയായിലെ യൂക്കാലി, അക്കേഷ്യ എന്നീ മരങ്ങൾ പൊതുജനാരോഗ്യത്തിനു ഹാനികരമായതിനാൽ നാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കുക
4. എരുമപ്പെട്ടി പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി തുടങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
5. എരുമപ്പെട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനു കൂടുതൽ ജീവനക്കാരെയും ഡോക്ടർമാരെയും കിടക്കകളും സൗകര്യങ്ങളും വർദ്ധിപ്പിക്കുക
6. ഈ വാർഡിലെ മുഴുവൻ ഹരിജൻ കുടുംബങ്ങൾക്കും സൗജന്യമായി കക്കൂസുകൾ നിർമ്മിക്കുക
7. ഹരിജന വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പോഷകാഹാരത്തിനെ കുറിച്ച് പഠനം നടത്തി വേണ്ട സഹായം ചെയ്യുക
8. ഹരിജൻ കോളനികളിൽ മൂന്നു മാസം കൂടുമ്പോൾ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഗൃഹസന്ദർശനം നടത്തി ബോധവത്ക്കരണം നടത്തുക
9. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മരുന്ന് തുടങ്ങിയവ വാങ്ങാനുള്ള ഫണ്ടും അധികാരങ്ങളും പഞ്ചായത്തിനു നല്കുക. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെ പ്രൈവറ്റ് സർവ്വീസ് നിറുത്തലാക്കുക. എരുമപ്പെട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രാത്രി സമയത്ത് ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക.
10. ജലസംരക്ഷണത്തിന് ബണ്ടുകൾ നിർമ്മിക്കുക

### വാർഡ് അഞ്ച്

1. വാർഡിൽ എല്ലായിടത്തും ശുദ്ധജലം എത്തിക്കുന്നതിനുള്ള സംവിധാനം ചെയ്യുക
2. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
3. പൊതുജനാരോഗ്യത്തിനു ഹാനികരമായ നെല്ലുവായ്, ചാത്തൻചിറ, നെല്ലുവായ് 590 വനഭൂമികളിൽ വെച്ചുപിടിപ്പിച്ച യൂക്കാലി, അക്കേഷ്യ എന്നിവ പുഴുതമാറ്റി നാടൻ വൃക്ഷത്തൈകൾ വെച്ച്പിടിപ്പിക്കുക
4. മങ്ങാട് വടക്കുമുറി പി.എച്ച്. സബ് സെൻററിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുക

5. പൊതു കക്കൂസ് നിർമ്മിക്കുക. വീടുതോറും കക്കൂസ് അനുവദിക്കുക

6. എരുമപ്പെട്ടി പഞ്ചായത്തിൽ ഒരു ഹോമിയോ ആസ്പത്രി ആരംഭിക്കുക

വാർഡ് ആറ്

1. വാർഡിൽ എല്ലാ സ്ഥലത്തും കുടിവെള്ളം എത്തിക്കുക (സ്കൂൾ പരിസരം നെല്ലുവായ് ബസ് സ്റ്റോപ്പ്, പാക്കുത്ത് റോഡിൽ പി.ജെ. സണ്ണിയുടെ പരിസരം ടാപ്പ് വെക്കുക)

2. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നല്കുക

3. മലിനജലം, ചപ്പുചവറുകൾ എന്നിവ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക

4. ആയുർവേദ ആസ്പത്രി ഉടൻ തുറന്ന് പ്രവർത്തിപ്പിക്കുക

5. കോട്ടപ്പുറം റോഡിൽ ഇട്ടൂപ്പ് വൈദ്യരുടെ വീടിനു പരിസരം, തോട്ടുപാലം കുമ്പാരൻ കോളനി, പന്തലൻകാട് കേശവൻ വീടിനു പരിസരം എന്നിവിടങ്ങളിൽ പൈപ്പു സ്ഥാപിക്കുക

വാർഡ് ഏഴ്

1. വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക

2. കോട്ടപ്പുറം ലക്ഷംവീട് കോളനിയിലെ പഞ്ചായത്ത് കിണർ വർഷംതോറും വൃത്തിയാക്കുക

3. അറ്റത്തറ ചാഴിക്കുളം മുക്കിലെ പള്ളിക്കാട്ട് കുളത്തിൻെറ ആഴം വർദ്ധിപ്പിച്ച് ചെറുകിട ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക

4. പഞ്ചായത്തിൻെറ പടിഞ്ഞാറതിർത്തിയിൽ നിന്നു തുടങ്ങി വടക്കാഞ്ചേരി പുഴയിൽ തടയിണകൾ കാലാകാലങ്ങളിൽ നിർമ്മിക്കുക

5. വാർഡിലെ എല്ലാ കോളനി പ്രദേശങ്ങളിലും കക്കൂസിൻെറ അഭാവമുള്ളിടത്ത് കക്കൂസ് സൗകര്യങ്ങൾ ഏർപ്പെടുത്തുക

6. ഒരു ഫാമിലി വെൽഫയർ സെൻറർ സ്ഥാപിക്കുക

7. ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക

വാർഡ് എട്ട്

1. 8-ാം വാർഡിലും വെള്ളക്കുന്ന് കോളനിയിലും പൈപ്പ് ലൈൻ സ്ഥാപിക്കുക

2. അറവുശാലയിലെ അവശിഷ്ടം പുഴയിൽ തള്ളുന്നത് നിയന്ത്രിക്കുക

3. കക്കൂസുകളില്ലാത്ത മുഴുവൻ വീടുകൾക്കും ഈ ആവശ്യത്തിന് ധനസഹായം നല്കുക

4. കുണ്ടന്നൂർ ചുങ്കം, പള്ളി എന്നീ സെൻററുകളിൽ ചവറ്റുകൊട്ടകൾ സ്ഥാപിക്കുക

വാർഡ് ഒമ്പത്

1. ചിറ്റണ്ട ശുദ്ധജല പദ്ധതിക്ക് ടാങ്ക് നിർമ്മിച്ച് വാർഡിൽ എല്ലാ സ്ഥലത്തും ശുദ്ധജലം എത്തിക്കുക

2. മിനി പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിക്കുക

3. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് തൊട്ടി വേണം.

4. പൊതു അറവുശാല, മത്സ്യ മാർക്കറ്റ് തുടങ്ങിയവ സ്ഥാപിക്കണം

5. പൊതു മാർക്കറ്റം വേണം

6. പഞ്ചായത്തു കിണറുകൾ ആഴംകൂട്ടുകയും ശുചീകരിക്കുകയും ചെയ്യുക

വാർഡ് പത്ത്

1. നിലവിലുള്ള പബ്ലിക് ഹെൽത്ത് സെൻററിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക

2. എല്ലാ ഭാഗത്തും കുടിവെള്ളം ലഭ്യമാക്കുക

3. ചിറ്റണ്ട ശുദ്ധജല പദ്ധതിക്ക് ടാങ്ക് നിർമ്മിച്ച് ശുദ്ധജല വിതരണം ആരംഭിക്കുക

4. കക്കൂസ് ഇല്ലാത്ത എല്ലാവർക്കും കക്കൂസ് നിർമ്മാണത്തിന് സഹായം നല്കുക

5. ചിറ്റണ്ട സെൻററിൽ മലിനവസ്തുക്കൾ നിക്ഷേപിക്കുന്നതിന് പെട്ടി സ്ഥാപിക്കുക

6. ജനങ്ങൾക്ക് ആരോഗ്യബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക

7. തെരുവുനായ്ക്കളെ നശിപ്പിക്കാനുള്ള പരിപാടി എത്രയും വേഗം നടപ്പിലാക്കുക

8. പതിയാരം ഭാഗത്ത് ഒരു പഞ്ചായത്തു കിണർ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കുക

9. ചിറ്റണ്ട കുന്നത്തുപടി ചാത്തയുടെ പറമ്പിൽ കുഴിച്ചിട്ടുള്ള പഞ്ചായത്തുകിണർ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

10. നിലവിലുള്ള കാനകൾ വൃത്തിയാക്കി സൂക്ഷിക്കുക

11. പ്രതിരോധ കുത്തിവെയ്പ്, പോഷകാഹാരക്കുറവ് എന്നീ പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക

വാർഡ് പതിനൊന്ന്

1. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടറുടെയും നഴ്സിൻെറയും സേവനം ലഭ്യമാക്കുക

2. കുടിവെള്ളക്ഷാമം പരിഹരിക്കുക

3. പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നല്കുക

4. ചാത്തൻചിറ പദ്ധതി നീട്ടികൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക

5. പ്രാഥമികാരോഗ്യകേന്ദ്രം ഉടൻ തുറന്നു പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക

# മാർക്കറ്റുകൾ

വിപണനവും, വിതരണവും ശരിയായ തോതിൽ നടക്കണമെങ്കിൽ ഉല്പാദകന്റെ ഉല്പന്നം പൊതുപ്രദർശനത്തിനും, വില്പനയ്ക്കും സഹായിക്കുന്ന ഒരു പൊതുരംഗം വേണമല്ലോ. അപ്രകാരം ജനങ്ങളെ സഹായിക്കുന്ന ഒരു സേവനരംഗമാണ് മാർക്കറ്റുകൾക്ക് നിർവഹിക്കാനുള്ളത് അന്നും., ഇന്നും. പണ്ട് മുതൽക്കേ വിപണി ആവശ്യമായവയ്ക്കെല്ലാം ഒരു പ്രദരശന വില്പനസ്ഥലം അതതു ഗ്രാമങ്ങളിൽ സംഘടിപ്പിച്ചിരുന്നു. ആഴ്ചചന്തയെന്നോ, പൊതു ചന്തയെന്നോ അറിയപ്പെട്ടിരുന്ന അവയെല്ലാം പൊതുജനോപകാരപ്രദങ്ങളായിരുന്നു. ആ ഗ്രാമത്തിലെ എല്ലാ ജനങ്ങൾക്കും ഒത്തുകൂടാൻ കഴിയുന്ന ഒരു പൊതു സ്ഥലമായിരുന്നു മാർക്കറ്റിനുവേണ്ടി തെരഞ്ഞെടുത്തിരുന്നത്. കർഷകരായിരുന്ന അക്കാലത്തുള്ളവർക്ക് കാർഷികോപകരണങ്ങളും, കന്നുകാലികളും, ഉല്പന്നങ്ങളും കൈമാറ്റം ചെയ്യാൻ അവ സഹായകമായിരുന്നു. ഗ്രാമത്തിൽ ഒന്നോ, രണ്ടോ ചന്തകൾ ആണ് അന്നുണ്ടായിരുന്നത്. തരക് വ്യവസ്ഥയിലായിരുന്നു അതിന്റെ നടത്തിപ്പ്. "തരകന്മാർ" എന്ന ഒരു വീടുടമസ്ഥപ്പേർ വരാൻ തന്നെ കാരണം തരക് പിരിക്കാൻ ചുമതലപ്പെട്ടവൻ എന്ന വാക്കിൽനിന്നാണെന്ന് കേട്ടിട്ടുണ്ട്. ചന്തപ്പടി, ചന്തമുക്ക് എന്നീ സ്ഥലനാമങ്ങളും ചന്തയോടു ബന്ധപ്പെടുത്തി പറഞ്ഞുവരാറുള്ളതാണ്.

ഉല്പന്നങ്ങളുട വർദ്ധനവ് വിപണനസാധ്യതകൾ കൂടി. വ്യവസായിക വൽക്കരണം അതിൽ ഘടനാപരമായ മാറ്റം വരുത്തുകയും ചെയ്തു. മാർക്കറ്റുകളുടെ പഴയ മട്ടും നിലയും മാറി. അവ ആകർഷകമാക്കുകയും ചെയ്യപ്പെട്ടു. ഇന്നത്തെ സാംസ്ക്കാരിക വ്യവസ്ഥയിൽ ആഴ്ചകൾകക് പ്രസക്തിയില്ലാതായി. ദിനംപ്രതി എല്ലാ വസ്തുക്കളും ലഭിക്കുന്ന സൂപ്പർമാർക്കറ്റുകൾ ഇന്ന് മിക്കവാറും എല്ലാ ഗ്രാമങ്ങളിലും കാണാം. ഒരു കൂരയ്ക്കു കീഴിൽ എല്ലാ വസ്തുക്കളും ലഭ്യമാകുന്ന ഇടം എന്നാണല്ലോ സൂപ്പർ മാർക്കറ്റിന്റെ സ്വഭാവം. ഉപഭോക്തൃ സംസ്ക്കാരം വളരുകയും, ഉപഭോഗത്തിന് കൂടുതൽ വസ്തുക്കൾ ലഭ്യമാക്കേണ്ടി വരികയും ചെയ്തതോടെ ഇവയുടെ പ്രസക്തിയേറിവരികയുമാണ്.

1932–ന് മുമ്പ് മുരിങ്ങത്തേരി തറവാട്ടുവകയായിരുന്ന, എരുമപ്പെട്ടി ഹൈസ്കൂളിന് മുമ്പിൽ പോലീസ് സ്റ്റേഷനടുത്തുണ്ടായിരുന്ന മാർക്കറ്റായിരുന്നു അറിയപ്പെടുന്ന ആദ്യത്തേതായി ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പിന്നീട്; 32–ൽ ഫാദർ ജി.എഫ്.ചൂണ്ടൽ, എരുമപ്പെട്ടി പള്ളിയോടനുബന്ധമായി "പൊതുമാർക്കറ്റ്" സ്ഥാപിച്ചതോടുകൂടി അങ്ങോട്ടാക്കി മാറ്റി. എല്ലാ വസ്തുക്കളും, മത്സ്യം, മാംസം ഉൾപ്പെടെയുള്ളവയെല്ലാം ലഭിക്കുന്ന സ്ഥലമായിട്ടായിരുന്നു അത് കരുതപ്പെട്ടിരുന്നത്. തുലാമാസത്തിൽ ആഘോഷമായി 'മഹാവാണ്യം' എന്ന പേരിൽ ഒരു വാർഷിക വാണിഭം ആ പൊതുമാർക്കറ്റിൽ നടത്തിവന്നിരുന്നു. പിന്നീട് 1967–77 വരെ ചുരുങ്ങിയ മട്ടിൽ നടന്നുവന്നിരുന്ന പൊതുമാർക്കറ്റ് തീരെ നിലയ്ക്കുകയും അതിനുശേഷം ഒരു സ്വകാര്യ വ്യക്തി താത്കാലികമായി മാർക്കറ്റ് കൊണ്ടുനടക്കുകയും ചെയ്തു. പിന്നീട് അതും നിലച്ചു. കുണ്ടന്നൂർ പ്രദേശത്തും അത്തരം ചെറിയ മാർക്കറ്റ് നിലനിന്നിരുന്നത് ഇന്നും തുടർന്നു വരുന്നുണ്ട്. ഈ പഞ്ചായത്തിന്റെ മറ്റിടങ്ങളിൽ പൊതുമാർക്കറ്റിന്റെ സ്വഭാവമുള്ളതും അംഗീകാരമുള്ളതുമായ ഒരു ചന്ത നടക്കുന്നതായി അറിവില്ല. കാർഷിക വിളകളുടെ വിപണനത്തിന് തദ്ദേശീയമായ മാർക്കറ്റുകൾ വളരെ സഹായകമാണ്. മുഖ്യമായും കാർഷിക വിളകൾ സംഭരിച്ചു വെയ്ക്കുന്നതിനും, അവ ഫലപ്രദമായി വിപണനം ചെയ്യുന്നതിനും ഒരു പൊതു മാർക്കറ്റ് സഹായകമാണ്. അതല്ല,ഒരാവശ്യം കൂടിയാണ്. അത്തരം ഒരു മാർക്കറ്റ് ഈ പഞ്ചായത്തിൽ ഇല്ലാത്തത് ഒരു ന്യൂനതയാണ്. പഞ്ചായത്തിൽപെട്ടവർക്കെല്ലാം അവരവരുടെ ഉല്പന്നങ്ങൾ ഉടനെ വിറ്റഴിക്കാൻ സാധിക്കുന്നതോടൊപ്പം, അവയുടെ വിതരണം പഞ്ചായത്തിൽത്തന്നെ സാധിതമാക്കാനും ഇതുകൊണ്ട് കഴിയും. വിപണി തേടി അന്യദേശങ്ങളിലേക്ക് വസ്തുക്കൾ മാറ്റപ്പെടുന്നതിന്റെ തീവ്രത കുറയ്ക്കാനും ഇത്തരം ഒരു സംരംഭംകൊണ്ട് കഴിയുന്നതാണ്. പെട്ടെന്ന് നശിച്ചുപോകുന്ന പച്ചക്കറികൾ, മത്സ്യം, മാംസം തുടങ്ങിയവയ്ക്ക് പ്രാദേശികമായ വിപണന കേന്ദ്രങ്ങൾ ആവശ്യവുമാണ്.

## പ്രശ്നങ്ങൾ

മേൽ സൂചിപ്പിച്ചവ തന്നെയാണ് പ്രധാന പ്രശ്നങ്ങൾ എന്നിരിയ്ക്കിലും പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിൽ മാർക്കറ്റുകൾക്ക് ഒരു പങ്കു വഹിക്കാൻ

കഴിയും. വിലനിലവാരം പിടിച്ചു നിർത്തുന്നതിനും, പ്രാദേശികമായ ഉല്പന്നങ്ങൾക്ക് ഉപഭോക്താക്കളെ കണ്ടെത്തുന്നതിനും, വസ്തുക്കൾ അമിത ചാർജ്ജ് നൽകി ദൂര സ്ഥലങ്ങളിലുള്ള മാർക്കറ്റുകളിൽ കൊണ്ടു പോയി വിപണനം ചെയ്യുന്നതിനുമുള്ള നഷ്ടം നികത്തുന്നതിനും, ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് കർഷകർക്ക് അവനവന്റെ ഉല്പന്നം അവനവനുതന്നെ തരക് നൽകി വിപണനം നടത്തുവാനുള്ള സാധ്യത കൈവരുന്നതിനും മാർക്കറ്റുകൾ വളരെയേറെ സഹായിക്കുന്നു. കാലിചന്ത; അടയ്ക്കാ ചന്ത തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

## സാധ്യതകൾ

ഇവിടെ ഒരു പൊതുമാർക്കറ്റിനുള്ള സാധ്യത തള്ളിക്കളയാനാവുന്നതല്ല. പഞ്ചായത്തിൽ രണ്ടോ മൂന്നോ ചന്തകൾ ആകാം. വസ്തുക്കളുടെ ലഭ്യതയ്ക്കനുസരിച്ചും, പ്രാദേശികമായ വിപണനസാധ്യത കണക്കിലെടുത്തും ഇവയെ തരം തിരിക്കാം. പഞ്ചായത്തിന് ലാഭം കിട്ടുന്ന തരത്തിൽ ഇവ പൊതു പുറമ്പോക്കുകളിൽ സംഘടിപ്പിയ്ക്കാവുന്നതേയുള്ളൂ. കെട്ടിടങ്ങൾ ആവശ്യമുള്ള ചന്തകൾക്ക് ഷെഡ്ഡുകൾ കെട്ടി മറച്ച് അവ ആരംഭിയ്ക്കാവുന്നതാണ്. അവയുടെ നടത്തിപ്പും, ശുചിത്വ നടപടികളും പഞ്ചായത്തിൽനിന്ന് ആക്ഷേപത്തിനിടവരത്താതെ സംവിധാനം ചെയ്യപ്പെട്ടാൽ ചന്തകൾ ലാഭകരമായിത്തന്നെ നടത്തിക്കൊണ്ടുപോകാം.

ഇവിടെ ഒന്നാം വാർഡിലും, രണ്ടാം വാർഡിലും ഒഴിഞ്ഞു കിടക്കുന്ന പുറമ്പോക്കു സ്ഥലത്ത് ജനവാസം കുറഞ്ഞയിടങ്ങളിൽ ചന്ത സംഘടിപ്പിക്കാൻ ഗ്രാമസഭകളിൽ നിർദ്ദേശം വന്നതായി കാണുന്നു. മറ്റുള്ള വാർഡുകളിൽ ആ നിർദ്ദേശം ഉന്നയിക്കപ്പെട്ടിട്ടില്ലെങ്കിലും അപ്രകാരം ഒരു സംവിധാനം ആവശ്യമുള്ള സ്ഥലങ്ങളിൽ പഞ്ചായത്തിന് നടത്താവുന്നതേയുള്ളൂ. ജനകീയാസൂത്രണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് വിഭവസമാഹരണം കൂടിയേതീരൂ എന്നതുകൊണ്ട് ഇത്തരെ കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളാനും അതുവഴി കർഷക ജനതയ്ക്ക് സഹായം ലഭ്യമാക്കാനും വികസനത്തിന്റെ പാതയിൽ ഒരു വഴികാട്ടിയാകാനും നമുക്കും കഴിയും.

# വ്യവസായം

ഈ പഞ്ചായത്തിലെ വ്യവസായമേഖലയിലേക്ക് ആദ്യമായി കടന്നുവരുന്ന ഒരു സംരംഭകൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തന്നെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിലും അഭിമുഖീകരിക്കേണ്ടി വന്നത്. പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കളും തൊഴിൽ വൈദഗ്ദ്ധ്യവും ഉപയോഗിച്ചു കൊണ്ടു പരിസ്ഥിതിക്ക് ദോഷം വരാത്ത നിർമ്മാണ പ്രക്രിയയിലൂടെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുകയാണ് ശാസ്ത്രീയ വ്യവസായ വികസനത്തിന്റെ അടിസ്ഥാനമാകേണ്ടത്. എന്നാൽ ഒരു വ്യവസായ സംരംഭകന് ഇവിടുത്തെ വിഭവങ്ങളെക്കുറിച്ചും തൊഴിൽ വൈദഗ്ദ്ധ്യത്തെക്കുറിച്ചും വിശദ വിവരങ്ങളൊന്നും ലഭ്യമല്ലെന്നതാണ് സങ്കടകരമായ അവസ്ഥ. അതുകൊണ്ട് തന്നെ പുതിയതായി ഈ പഞ്ചായത്തിൽ ആരംഭിച്ച ചെറുകിട വ്യവസായങ്ങൾ ശാസ്ത്രീയമായ വ്യവസായ വികസനത്തിന്റെ പാതയിലുള്ളവയല്ല. നിലവിലുള്ള അവസ്ഥ പരിശോധിക്കുമ്പോൾ പ്രവർത്തന മൂലധനത്തിന്റെ കുറവ്, വിവിധ ലൈസൻസുകളും വായ്പയും ലഭിക്കുന്നതിലുള്ള താമസവും തടസ്സങ്ങളും, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള താമസം എന്നിവയാണ്. ഈ പഞ്ചായത്തിലെ വ്യവസായമേഖല അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങൾ എന്ന് ബോദ്ധ്യപ്പെട്ടു. വായ്പാ സൗകര്യങ്ങളും ലൈസൻസുകളും വൈദ്യുതി കണക്ഷനുള്ള അനുമതിയും സിംഗിൾ വിൻഡോ സിസ്റ്റത്തിലൂടെ വ്യവസായ സംരംഭകന് ലഭ്യമാകുകയാണെങ്കിൽ ഒരുപരിധിവരെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനാവും. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് 'കൃഷിഭവൻ' പോലെ, വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഒരു സ്ഥാപനം എല്ലാ പഞ്ചായത്തിലും ആരംഭിക്കണമെന്നതാണ്. പുതുതായി ഈ രംഗത്തേയ്ക്ക് കടന്നുവരുന്ന ഒരു സംരംഭകന് എല്ലാ അടിസ്ഥാന വിവരങ്ങളും ആ സ്ഥാപനത്തിൽ നിന്ന് ലഭ്യമായിരിക്കണം. കൂടാതെ കൃഷിഭവനിൽ നിന്ന് വ്യത്യസ്തമായി വ്യവസായ മേഖലയിലെ ഓരോ ഘടകത്തിലും പ്രാവീണ്യമുള്ള ഉദ്യോഗസ്ഥർ ആ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഉദാഹരണത്തിന് നിർമ്മാണപ്രക്രിയയിലൂടെ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുന്ന ഒരു പരിസ്ഥിതി വിദഗ്ദ്ധൻ ആ സ്ഥാപനത്തിൽ നിർബന്ധമാണ്. അതുപോലെ തന്നെ ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കണം. ഇത്തരം പ്രശ്നങ്ങൾ പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ ജില്ലാ തലത്തിലെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. പിന്നെ ഈ മേഖല അഭിമുഖീകരിക്കുന്ന പൊതുവായ മറ്റു പ്രശ്നങ്ങൾ സ്ഥല ദൗർലഭ്യതയുമായും റോഡിന്റെ വികസനവുമായും ബന്ധപ്പെട്ടതാകണം. ഉല്പാദനമേഖലയുമായി ബന്ധപ്പെടുത്തി കൊണ്ടല്ല ഇവിടുത്തെ റോഡ് വികസനം നടത്തിയിരിക്കുന്നത് എന്നതാണ് ഇതിനു പ്രധാന കാരണം.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 65 വ്യവസായ സ്ഥാപനങ്ങളുണ്ട്. ഏകദേശം മൂന്നൂറോളം തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നു. ഇരുമ്പുരുക്ക് വ്യവസായം, തടി വ്യവസായം, ഫ്ലവർമിൽ, തയ്യൽ വ്യവസായം തുടങ്ങിയ മേഖലകളിലാണ് ഇവ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കുന്ന പദ്ധതികളുടേയും പരിപാടികളുടേയും ആനുകൂല്യം ലഭിച്ചവരുടെ എണ്ണം ഈ പഞ്ചായത്തിൽ വളരെ തുച്ഛമാണ്.

## വൻകിട വ്യവസായമേഖല

ഈ പഞ്ചായത്തിൽ ഒറ്റ വൻകിട വ്യവസായവും ഇല്ലാത്തതുകൊണ്ട് അതിനെകുറിച്ചുള്ള സ്ഥിതി വിശകലനം സാധ്യമല്ല.

## ചെറുകിട വ്യവസായ മേഖല

ചെറുകിട വ്യവസായ മേഖലയെ സൗകര്യാർത്ഥം പരമ്പരാഗതം എന്നും ആധുനികം എന്നു വേർതിരിച്ച് വിശകലനം ചെയ്യാം.

## പരമ്പരാഗത വ്യവസായങ്ങൾ

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന ഏതാണ്ട് അതേ പ്രതിസന്ധികൾ തന്നെയാണ് പഞ്ചായത്തിലെ മേൽപറഞ്ഞ വ്യവസായങ്ങൾ അഭിമുഖീകരിക്കുന്നത്.

## ഖാദി

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 2 ഖാദി നിർമ്മാണ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. എരുമപ്പെട്ടിയിൽ (1-ാം വാർഡ്) ഏകദേശം നാൽപത് വർഷമായി പ്രവർത്തിച്ചുവരുന്ന ഖാദി നിർമ്മാണ കേന്ദ്രത്തിൽ 65 സ്ത്രീകൾ ഇപ്പോൾ ജോലി ചെയ്തു വരുന്നു. ഇതിൽ 25 പേർ നൂൽ ഉൽപാദനത്തിലും 40 പേർ ഖാദി തുണി ഉല്പാദനത്തിലുമാണ് ജോലി ചെയ്യുന്നത്. കുണ്ടന്നൂരിൽ (10-ാം വാർഡ്) പ്രവർത്തിച്ചുവരുന്ന ഖാദി നിർമ്മാണ കേന്ദ്രത്തിൽ 30 നൂൽപ്പുകാരും 17 നെയ്ത്തുകാരുമായി 47 സ്ത്രീകൾ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു മാസത്തിൽ 18 മുതൽ 23 തൊഴിൽദിനങ്ങൾ ലഭ്യമാണ്. ഒരു ദിവസം ഏതാണ്ട് എട്ടു മണിക്കൂറോളം ജോലിചെയ്യുന്ന ഇവർക്ക് ശരാശരി 25 രൂപയാണ് കൂലി ലഭിക്കുന്നത്. വിലകയറ്റത്തിന്റെ രൂക്ഷതയുമായി ബന്ധപ്പെടുത്തി, കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് മറ്റു തൊഴിൽമേഖലകളിൽ ഉണ്ടായ വേതന വർദ്ധനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഖാദി തൊഴിലാളികളുടെ ദയനീയാവസ്ഥ നമുക്ക് ബോദ്ധ്യപ്പെടും. ഖാദിയുടെ വിലയും കൂലിയും

സംസ്ഥാനങ്ങളിൽ ഏകീകൃത സ്വഭാവം ഉണ്ടാകുന്നതിനായി കേന്ദ്രഗവൺമെൻറിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഖാദി കമ്മീഷനാണ് കൂലി നിശ്ചയിക്കുന്നത്. ആറുമാസം മുമ്പ് ഖാദി മേഖലയിൽ കൂലി പുതുക്കി നിശ്ചയിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ തീരുമാനം ഉണ്ടായെങ്കിലും അതു നടപ്പാക്കുന്നതിന് കേന്ദ്ര ഓഫീസിൽ നിന്ന് ഇനിയും അനുമതി ലഭിച്ചിട്ടില്ല. ഇത്തരം കാര്യങ്ങളിൽ സംസ്ഥാന തലത്തിലെങ്കിലും തീരുമാനം എടുക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കാതെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാവില്ല.

ഇന്ത്യയിലും പൊതുവെ കേരളത്തിലും തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുകയും ജോലിഭാരം കുറയുകയും ചെയ്തുവരുന്ന കാലഘട്ടമാണ് നാം കണ്ടുവരുന്നത്. എന്നാൽ ഖാദി ഗ്രാമവ്യവസായത്തിൽ ഈ വിധത്തിലുള്ള മാറ്റങ്ങൾ ചെറിയ തോതിൽ മാത്രമേ അനുഭവപ്പെടുന്നുള്ളു. ഒരു നെയ്ത്ത് തൊഴിലാളിക്ക് നെയ്ത് കിട്ടുന്ന തുണിക്ക് മീറ്ററിന്റെ അടിസ്ഥാനത്തിലാണ് കൂലി നൽകുന്നത്. 25 ദിവസം നെയ്ത് തുണിയുണ്ടാക്കണമെങ്കിൽ ചുരുങ്ങിയത് എട്ടു ദിവസമെങ്കിലും 'പാവ്' (നൂൽ പശ കൊടുത്തുണ്ടാകുന്ന പ്രോസ്സസ്) ഉണ്ടാക്കാൻ വേണ്ടി വരുന്നു. അദ്ധ്വാനഭാരം കൂടുതലാണ് എന്നതിനാൽ ഈ കേന്ദ്രങ്ങളിലെ നെയ്ത്ത് തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. നെയ്ത്തുകാർക്ക് നെയ്യുന്നതിനാവശ്യമായ പാവ് ഉണ്ടാക്കി കൊടുത്താൽ അദ്ധ്വാനഭാരം കുറയുകയും വേതനം വർദ്ധിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി ജില്ലാതലത്തിലെങ്കിലും ഒരു പാവു നിർമ്മാണയൂണിറ്റ് ആരംഭിക്കേണ്ടിയിരിക്കുന്നു. അത്തരം ഒരു യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിൽ തന്നെ രണ്ടു വാർഡിന് ഒരു ഖാദി നിർമ്മാണ കേന്ദ്രമെങ്കിലും തുടങ്ങുവാനുള്ള സാധ്യതകളുണ്ട്. അതിലൂടെ പുതിയതായി കുറെ പേർക്ക് തൊഴിൽ നൽകുന്നതിനും സാധിക്കും. കൂടാതെ ചർക്കകളുടെ സ്പിൻറിലിന്റെ എണ്ണം കൂട്ടി ഉല്പാദനം വർദ്ധിപ്പിച്ചാൽ നൂൽനൂൽപ് തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകും.

## കുട്ടനെയ്ത്ത്

ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനം കാഞ്ഞിരക്കോട് (വാർഡ് 10) ആസ്ഥാനമായി പ്രവർത്തിക്കുന്ന കുട്ടനെയ്ത്ത് തൊഴിലാളി പട്ടികജാതി സഹകരണ സംഘമാണ്. 1980ൽ പ്രവർത്തനം ആരംഭിച്ച സംഘം അങ്കമാലി ബാംബൂ കോർപ്പറേഷനിൽ നിന്ന് ഈറ്റ വാങ്ങി കൊണ്ട്വന്ന് സംഘാംഗങ്ങൾക്ക് തൊഴിൽ കൊടുക്കുകയും തൊഴിലാളികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയുമാണ് പ്രധാന പ്രവർത്തനം. കഴിഞ്ഞ വർഷം വരെ വെറ്റില കുട്ടകളും മാങ്ങാ കുട്ടകളും മാത്രമാണ് നെയ്തിരുന്നത്. അതിനുശേഷം ചൂരൽകുട്ട നെയ്ത് ഉപജീവനം നയിക്കുന്ന തൊഴിലാളികളെ കൂടി സംഘത്തിന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവരികയും അവർക്ക് കൂടുതൽ കൂലി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ചൂരൽ കുട്ടനെയ്ത്ത് ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ നൂറിൽപരം തൊഴിലാളികൾക്ക് സംഘം ദിവസേന തൊഴിൽ നൽകുന്നു. കാഞ്ഞിരക്കോട്, മങ്ങാട്, പഴവൂർ (വേലൂർ പഞ്ചായത്ത്) എന്നിവിടങ്ങളിൽ സംഘത്തിന് വർക്ക്ഷോപ്പുകളുണ്ട്. സംഘത്തിന്റെ പ്രവർത്തനാരംഭത്തിൽ തരക്കേടില്ലാത്ത നിലയിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞു. എങ്കിലും 1986 – '87 വർഷത്തിൽ സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും, സാമ്പത്തിക ഭദ്രത മോശമാകുകയും ചെയ്തു. ഇപ്പോൾ നഷ്ടം നികത്തി പ്രവർത്തനം സജീവമായിട്ടുണ്ട്.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പാരമ്പര്യമായി ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്ന ഇരുന്നൂറ്റിയമ്പതോളം കുടുംബങ്ങളുണ്ട്. അവരെ മുഴുവൻ ഈ സംഘത്തിൽ പ്രവർത്തനപരിധിയിൽ കൊണ്ടുവരുകയാണ് പ്രധാന ലക്ഷ്യം. കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുവാനുള്ള സാദ്ധ്യത ഈ മേഖലയിൽ ഉണ്ട്. എന്നാൽ അസംസ്കൃത വസ്തുവായ ഈറ്റയുടെ ദിനംപ്രതിയുള്ള വിലവർദ്ധനവും മാർക്കറ്റിലുള്ള സ്വകാര്യ വ്യക്തികളുടെ ഇടപെടലും കാരണം സംഘം ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കേരളത്തിൽ അവശേഷിക്കുന്ന ഈറ്റക്കാടുകൾ കൂടി നശിപ്പിച്ചാൽ അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം ഒന്നുകൂടി രൂക്ഷമാകുകയും ഈ മേഖല നാശത്തിലേക്ക് നീങ്ങുകയും ചെയ്യും.

ഈ മേഖലയെ രക്ഷിക്കുന്നതിന് ബാംബൂ കോർപ്പറേഷനിൽ നിന്ന് കുറഞ്ഞ വിലക്ക് ഈറ്റ ലഭ്യമാക്കുക എന്നതാണ് മാർഗ്ഗം. പഞ്ചായത്ത് പ്രദേശത്ത് നീർത്തട വികസന പദ്ധതി നടപ്പാക്കുകയും അതിന്റെ ഭാഗമായി കുന്നിൻ ചെരുവുകളിൽ അടിക്കാടുകളായി ഈറ്റയും മുളയും വെച്ചുപിടിപ്പിക്കുവാനുള്ള സാദ്ധ്യതകൾ ആരായുകയും ചെയ്യാവുന്നതാണ്.

കൂടാതെ വിപണിയിലെ മത്സരം നേരിടുന്നതിന് ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണം സഹായകമാകും. ഉത്പാദന വർദ്ധനവിനും ഗുണനിലവാരത്തിനും ഉതകുന്ന സാങ്കേതിക വിദ്യകൾ വളർത്തിക്കൊണ്ടുവരുന്നതിന് നിലവിലുള്ള സംഘത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. തൊഴിൽ വൈദഗ്ദ്ധ്യപരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടതുമാണ്.

## ബീഡി നിർമ്മാണം

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നത് ഈ മേഖലകളിലാണ്. ഏകദേശം ആയിരത്തിലേറെ സ്ത്രീകൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഈ മേഖലയിലെ പ്രധാന സ്ഥാപനം 1985ൽ എരുമപ്പെട്ടിയിൽ പ്രവർത്തനമാരംഭിച്ച കാജാ ബീഡിക്കമ്പനിയുടെ ഏജൻസിയാണ്. അവിടെ തന്നെ 320 പേർ തൊഴിലെടുക്കുന്നു. ഔട്ട്വർക്കർ സിസ്റ്റമാണ് ഈ മേഖലയിൽ നിലവിലുള്ളത്. ബീഡിയുടെ എണ്ണത്തിനനുസരിച്ചാണ് ഈ മേഖലയിൽ കൂലിനിരക്ക്. കാജാബീഡി തൊഴിലാളികൾക്ക് 1000 ബീഡിയ്ക്ക് ഡി.എ. അടക്കം 48 രൂപ നൽകുമ്പോൾ മറ്റ് ഏജൻസികൾ 38 മുതൽ 40 രൂപ വരെയാണ് കൂലി നൽകുന്നത്. ഗുണനിലവാരത്തിൻേറയും സമയനിഷ്ഠയുടേയും കാര്യത്തിൽ കാജാബീഡിക്കമ്പനി നിഷ്ക്കർഷ പുലർത്തുമ്പോൾ മറ്റ് ഏജൻസികൾ അയവേറിയ സമീപനം സ്വീകരിക്കുന്നുവെന്നാണ് നിരക്കിലുള്ള വ്യത്യാസത്തിന് കാരണമായി പറയുന്നത്. എന്നാൽ കേരള സർക്കാർ പ്രഖ്യാപിച്ച മിനിമം

കൂലിയാകട്ടെ 48 രൂപ 50 പൈസയാണ്.

പഞ്ചായത്തിലെ തന്നെ വികസിത മേഖലയിൽ ഈ തൊഴിലിനെത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നത് കാണാം. എന്നാൽ അവികസിത മേഖലയിൽ പുരുഷൻമാരുടെ തൊഴിലില്ലായ്മ രൂക്ഷമായതുകൊണ്ട് കുടുംബഭാരം സ്ത്രീകൾ ചുമക്കേണ്ടിവന്നതിനാൽ പുതിയതായി ഈ മേഖലയിലേക്ക് പലരും കടന്നുവരുന്നുണ്ട്. തൊഴിലിൻെറ മാന്യതക്കുറവും കൂലിനിരക്കുമാണ് ഈ വൈരുദ്ധ്യത്തിന് കാരണം.

ബീഡി വ്യവസായം പൊതുവെ മാന്ദ്യതയിലാണ് പുതിയ തലമുറയിൽ മാന്യതയുടെ പ്രതീകം ഫിൽട്ടർ സിഗരറ്റ് ആയതിനാലും പുത്തൻ ഉപഭോക്തൃ സംസ്കാരത്തിൻെറ ഭാഗമായി പ്രചരിച്ച പാൻപരാഗ് പോലുള്ള ഉൽപ്പന്നങ്ങളും. കാരണം ബീഡിയ്ക്ക് വിപണിയിൽ പിടിച്ചുനിൽക്കാതാവാതായിരിക്കുന്നു. കൂടാതെ പുതിയ ബഡ്ജറ്റിൽ നീളം കുറഞ്ഞ സിഗററ്റിന് നികുതിയിളവ് പ്രഖ്യാപിച്ചത് കൂനിൻമേൽ കുരു എന്നു പറഞ്ഞതുപോലെയായി.

ജില്ലാതലത്തിലോ ബ്ലോക്ക്തലത്തിലോ ദിനേശ്ബീഡിയുടെ മാതൃകയിൽ ഒരു സഹകരണസംഘം രൂപീകരിക്കുകയും ഔട്ട്വർക്ക് സിസ്റ്റവും, കമ്പനി സിസ്റ്റവും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു രീതി അവലംഭിക്കുകയും ചെയ്താൽ ഈ വ്യവസായത്തിന് ഒരു പരിധിവരെ പിടിച്ചുനിൽക്കാനാവും. മാത്രമല്ല, സ്വകാര്യ മേഖലയിൽ കൂലി വർദ്ധനവിന് ഇത് പ്രേരണയാകുന്നതാണ്.

### റെക്സിൻ, തുകൽ ഉൽപ്പന്ന വ്യവസായം.

ധാരാളം സാദ്ധ്യതകളുള്ള ഈ മേഖലയിൽ ഒരു വ്യവസായം മാത്രമേ ഈ മേഖലയിലുള്ളൂ. 1994ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം എരുമപ്പെട്ടിയിലാണ് സ്ഥിതി ചെയ്യുന്നത്. എസ്.എസ്.ഐ. രജിസ്ട്രേഷനുള്ള ഈ സ്ഥാപനത്തിൽ റെക്സിൻ ബാഗുകൾ, കോംപ്ലിമെൻററി ഐറ്റംസ്, പാദരക്ഷകൾ എന്നിവ നിർമ്മിക്കുന്നു. മൂന്ന് പേർക്ക് ഈ സ്ഥാപനം തൊഴിൽ നൽകുന്നു. വിദഗ്ധ തൊഴിലാളികൾക്ക് ദിവസവേതനമായി 70 രൂപയ്ക്കുമേൽ ലഭിക്കുന്നുണ്ട്.

ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തതയാണ്. പരിഹാരമായി വായ്പാതുകയിൽ ആവശ്യമായ വർദ്ധനവ് വരുത്തുകയും വായ്പാ നിബന്ധനകൾ ലളിതവൽക്കരിക്കുകയും ചെയ്യേണ്ടതാണ്. എരുമപ്പെട്ടിയിൽ പ്രവർത്തിക്കുന്ന ഐ.ടി.സി.യിൽ തുകൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുകയാണെങ്കിൽ ഈ മേഖലയിലേക്ക് വിദഗ്ധ തൊഴിലാളികളെ ലഭിക്കുന്നതാണ്. വിപണനരംഗത്തെ മത്സരം നേരിടുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും പഞ്ചായത്ത് തലത്തിൽ പൊതു വിപണനസ്ഥാപനം ആരംഭിക്കുകയാണെങ്കിൽ ചെറുകിട വ്യവസായ സംരംഭകർക്ക് സഹായകരമായിരിക്കും.

### ബേക്കറി ഉല്പന്നങ്ങൾ

ഈ പഞ്ചായത്ത് പ്രദേശത്ത് ബേക്കറി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എസ്.എസ്.ഐ. രജിസ്ട്രേഷനുള്ള ഈ സ്ഥാപനങ്ങൾ ചിറ്റണ്ട - കുണ്ടന്നൂർ ഭാഗങ്ങളിലാണ്. പത്തിലേറെ പേർക്ക് ഈ വ്യവസായം തൊഴിൽ നൽകുന്നു. തൊഴിലാളികളിൽ സ്ത്രീകളുടെ പങ്കാളിത്തവുമുണ്ട്. കേക്ക്, റൊട്ടി, ബൺ, ബിസ്ക്കറ്റ്, റസ്ക്ക് എന്നിവയാണ് പ്രധാന ഉല്പന്നങ്ങൾ. വിദഗ്ദ തൊഴിലാളികൾക്ക് 90 രൂപ മുതൽ 120 രൂപ വരെയും അവിദഗ്ദ തൊഴിലാളികൾക്ക് 40 രൂപ മുതൽ 60 രൂപ വരേയും ദിവസക്കൂലി ലഭിക്കുന്നു.

അസംസ്കൃത വസ്തുവായ മൈദയുടെ വിലവർദ്ധനവാണ് മുഖ്യപ്രശ്നം. സംരംഭകർക്ക് മൈദ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതിന് ക്വാട്ട സിസ്റ്റം ഏർപ്പെടുത്തേണ്ടതുണ്ട്. അവർക്ക് വേണ്ടത്ര വായ്പാ സൗകര്യം ഏർപ്പെടുത്തുകയും വായ്പാ തിരിച്ചടവിൻെറ കാലദൈർഘ്യം വർദ്ധിപ്പിക്കേണ്ടതുമാണ്. വിപണിയിലെ മത്സരം നേരിടുന്നതിന് പൊതുവിപണന സ്ഥാപനം ആവശ്യമാണ്.

നമ്മുടെ പ്രധാന കാർഷികോൽപ്പന്നങ്ങളായ നേന്ത്രക്കായയും മരച്ചീനിയും ശീമചക്കയും (കടച്ചക്ക) ഉപയോഗിച്ചുള്ള ചിപ്പ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്. കൂടാതെ പ്രാദേശികമായിത്തന്നെ ധാരാളം ലഭ്യതയുള്ള മാങ്ങ, നാരങ്ങ, നെല്ലിക്ക എന്നിവ ഉപയോഗിച്ചുള്ള അച്ചാറുകൾ ഉണ്ടാക്കാം. മുളക്, പയറ്, കയ്പക്ക, മുതലായവ ഉപയോഗിച്ച് വറ്റലും, സീസൺ സമയത്ത് പാഴായിപ്പോകുന്ന ചക്ക, പപ്പായ, മാങ്ങ, കശുമാങ്ങ എന്നിവ സംസ്കരിച്ച് Mango Bar (മാന്തിര) പോലുള്ള ഉൽപ്പന്നങ്ങളും നിർമ്മിക്കാം. കൂടാതെ പഴവർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ജാമുകളും നിർമ്മിക്കാം. ഇതിനുവേണ്ടി മുകളിൽപ്പറഞ്ഞ കാർഷിക വിളകൾക്ക് കൃഷിഭവൻ വഴി വേണ്ടത്ര പ്രോത്സാഹനം നൽകേണ്ടതാണ്.

### ചുടുകട്ട (ഇഷ്ടിക) നിർമ്മാണം

പഞ്ചായത്തിൽ നിലവിലുള്ള രണ്ട് യൂണിറ്റുകളിൽ ഒന്ന് ആറ്റത്ര പാടത്ത് മണ്ണുതൃക്കോവിൽ പരിസരത്തിനടുത്താണ്. മറ്റൊന്ന് നെല്ലുവായ് പാടത്താണ്. രണ്ട് യൂണിറ്റുകളും കഴിഞ്ഞ വർഷമാണ് പ്രവർത്തനം ആരംഭിച്ചത്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലത്ത്. 100ൽ ഏറെ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ ലഭിക്കുന്നു. തൊഴിലാളികളിൽ 50 ലേറെ പേർ വിദഗ്ദ്ധ തൊഴിലാളികളാണ്. അവരെല്ലാം പാലക്കാട് ജില്ലയിൽ നിന്നുള്ളവരാണ്. അവിദഗ്ദ്ധ തൊഴിലാളികളിൽ പഞ്ചായത്തിലെ സ്ത്രീ തൊഴിലാളികൾ തന്നെയാണ്. വിദഗ്ദ്ധ തൊഴിലാളിക്ക് 1000 കട്ടയ്ക്ക് 130 രൂപയാണ് കൂലിനിരക്ക്. എന്നാൽ അവിദഗ്ദ്ധ തൊഴിലാളികളായ സ്ത്രീകൾക്ക് 55 രൂപയാണ് ദിവസക്കൂലി. യൂണിറ്റുകൾ വികസിപ്പിക്കുവാൻ ഉടമകൾക്ക് താൽപര്യമുണ്ട്. പക്ഷേ യൂണിറ്റ് വികസനത്തിനനുസൃതമായി കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുവാൻ സാധ്യതയില്ല. കാരണം ഈ രംഗത്ത് യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ പോവുകയാണ്.

സ്ഥായിയായ വികസന സങ്കൽപ്പത്തിൻെറ എതിർദിശയിൽ നിൽക്കുന്ന ഈ വ്യവസായം കൃഷിയിടത്തെ

തരിശാക്കുകയും ജലസേചന രീതിയെ തകിടം മറിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നത് ഗുണകരമല്ല. എന്തായാലും ഈ രംഗത്തെ സ്ഥാപനങ്ങളുടെ എണ്ണം പഞ്ചായത്തിൽ കുറഞ്ഞുവരികയാണ്.

ആധുനിക ചെറുകിട വ്യവസായങ്ങൾ

ഡിനി റബ്ബർ പ്രോഡക്ട്സ് - ഇത് സ്ഥിതി ചെയ്യുന്നത് വടക്കാഞ്ചേരി പുഴയുടെ തീരത്ത് മുട്ടിയ്ക്കൽ ചിറയുടെ സമീപമാണ്. ഈ സ്ഥാപനം ഉൽപ്പാദനം ആരംഭിച്ചത് 1989 - 90 സാമ്പത്തിക വർഷത്തിലാണ്. വെറും 5 പേർക്ക് മാത്രമാണ് ഈ സ്ഥാപനം തൊഴിൽ നൽകുന്നത്.

ത്രെഡ് റബ്ബർ ഷീറ്റിൽ നിന്ന് സംസ്കൃത റബ്ബർഷീറ്റ് ഉൽപ്പാദനമാണ് ഇവിടെ നടക്കുന്നത്. ത്രെഡ് റബ്ബർഷീറ്റ് നമ്മുടെ നാട്ടിൽ ലഭ്യമാണെങ്കിലും അതിനെ ആശ്രയിക്കാതെ പുറത്തുള്ള ഏജൻസി മുഖേനയാണ് ശേഖരണം നടത്തുന്നത്. ഉൽപ്പാദന ശേഷി മാസം 25 ടൺ ആണെങ്കിലും പ്രവർത്തന മൂലധനത്തിൻെറ കുറവ് കാരണം ശരാശരി 6 ടൺ മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ.

നമ്മുടെ നാട്ടുകാർ ആ സ്ഥാപനത്തിൽ തൊഴിൽ തേടിയെത്താത്തതിനാൽ ആശ്ചര്യപ്പെടുന്ന തൊഴിലുടമ സ്ഥാപനത്തിലെ തൊഴിൽ സാഹചര്യത്തെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നു. ഉൽപ്പാദന പ്രക്രിയയിൽ ധാരാളം കാർബൺ ഉപയോഗിക്കുന്നതിനാൽ ഫാക്ടറി കോമ്പൗണ്ടും ഓഫീസും കരി പിടിച്ചിരിക്കുകയാണ്. പൊടി നിയന്ത്രിക്കാനുള്ള യന്ത്രം ഫാക്ടറിയിൽ സ്ഥാപിച്ചിട്ടില്ല. തൊഴിലാളികൾക്ക് യാതൊരു വിധ മുൻകരുതലും നൽകിയിട്ടില്ല. അതുകൊണ്ട് തന്നെ അവർ ഗുരുതരമായ ശ്വാസകോശ രോഗങ്ങളുടെ ഭീഷണി നേരിടുകയാണ്. തൊഴിലാളികൾ ദിവസക്കൂലിക്കാരായതിനാൽ യാതൊരുവിധ തൊഴിൽ സംരക്ഷണവുമില്ല. കൂലിയോ ദിവസം 50 രൂപമാത്രം.

ഫാക്ടറിക്ക് ഈ സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങൾ സ്ഥലത്തിൻെറ വിലക്കുറവ്, വൈദ്യുതിയുടെ ലഭ്യത, ജലലഭ്യത എന്നിവയാണ്. പാടം നികത്തിയാണ് ഫാക്ടറി സ്ഥാപിച്ചിരിക്കുന്നത്. ഉൽപ്പാദനപ്രക്രിയയിൽ ഉപയോഗിക്കുന്ന വെള്ളം പുറത്ത് വിടുന്നില്ലെന്നാണ് ഉടമയുടെ വാദം. പക്ഷേ ഇതേക്കുറിച്ച് കൂടുതൽ അന്വേഷിക്കേണ്ടിയിരിക്കുന്നു. അതുമാത്രമല്ല, ഈ സ്ഥാപനം ചുറ്റുപാടുള്ള പരിസ്ഥിതിയിൽ എന്ത് വിഘാതം ഉണ്ടാക്കുന്നുവെന്ന് കൂടുതൽ പഠിക്കേണ്ടിയിരിക്കുന്നു. ഗതാഗത സൗകര്യക്കുറവാണ് ഈ വ്യവസായം നേരിടുന്ന മറ്റൊരു പ്രശ്നം. മുട്ടിയ്ക്കൽ നിന്ന് ഫാക്ടറിയിലേക്കുള്ള റോഡ് റിപ്പയർ ചെയ്ത് പ്രശ്നം പരിഹരിക്കാം. പരിസ്ഥിതി പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളുടെ പോരായ്മയും പരിഹരിച്ചാൽ ഈ സ്ഥാപനത്തിന് പഞ്ചായത്തിൻെറ വ്യവസായ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുവാൻ കഴിയും. അതായത് ഈ സ്ഥാപനത്തിൽ ഉൽപ്പാദിപ്പിക്കുന സംസ്കൃത റബ്ബർഷീറ്റ് ഉപയോഗിച്ച് ഫിനിഷ്ഡ് റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ധാരാളം വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കാം. മാത്രമല്ല പഞ്ചായത്തിൽ ലഭ്യമായ ത്രെഡ് റബ്ബർ ഷീറ്റുകൾ തന്നെ അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ ഉടമയെ പ്രേരിപ്പിക്കുകയും ചെയ്യാം.

## പ്ലാസ്റ്റിക് ചെയർ അസംബ്ലിംഗ് യൂണിറ്റ്

കഴിഞ്ഞ മാർച്ചിൽ പ്രവർത്തനമാരംഭിച്ച ഈ യൂണിറ്റിൽ അസംബ്ലി ചെയ്തുണ്ടാക്കുന്ന ഉൽപ്പനങ്ങൾ പൈപ്പ് കസേര, റിബ്ബൺ കസേര, റിബ്ബൺ കട്ടിൽ, സൈക്കിൾ കൊട്ട, ടീപ്പോയ്, ഓഫീസ് ചെയർ എന്നിവയാണ്. 30000 രൂപ മുതൽമുടക്കിൽ ആരംഭിച്ച സ്വയംതൊഴിൽ സംരംഭമാണിത്. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. ഫൈബർ കസേരകളുടെ കടന്നുകയറ്റം ഈ മേഖലയിലെ വികസന സാദ്ധ്യതകളെ മങ്ങലേൽപ്പിക്കുന്നു

## സ്റ്റീൽ ഫർണീച്ചർ നിർമ്മാണം

പഞ്ചായത്തിൽ നെല്ലുവായ്, കുണ്ടന്നൂർ മേഖലകളിലായി 5 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലെല്ലാം കൂടി ഇരുപതോളം വിദഗ്ദ്ധ തൊഴിലാളികളും മുപ്പതോളം അവിദഗ്ദ്ധ തൊഴിലാളികളും പണിയെടുക്കുന്നു. സ്റ്റീൽ അലമാര, മേശ, സ്റ്റൂൾ എന്നിവയാണ് പ്രധാന ഉൽപ്പനങ്ങൾ. കൂടാതെ 6-ാം വാർഡിൽ ആശുപത്രിക്കുവേണ്ട സ്റ്റീൽ ഫർണീച്ചറുകൾ നിർമ്മിക്കുന്ന ശാസ്താ സർജിക്കൽസും പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ വിദഗ്ദ്ധ തൊഴിലാളി ഒരാൾ മാത്രമേയുള്ളൂ. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ദ്രുതഗതിയിൽ വളർന്നുവരുന്ന വ്യവസായ മേഖലയാണിത്. ഈ രംഗത്തെ തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നത് കുറയ്ക്കുന്നതിന് കൂലിനിരക്ക് ഏകീകരിക്കുകയും തൊഴിൽ സംരക്ഷണം ഏർപ്പെടുത്തുകയും വേണം.

## കല്ലാര വ്യവസായം

ഈ മേഖലയിൽ പഞ്ചായത്തിലുള്ള ഏക സ്ഥാപനം മങ്ങാട്ട് കാവിനടുത്തുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഏജൻസി വ്യവസ്ഥയാണ് ഈ രംഗത്തുള്ളത്. വ്യവസായത്തിൽ പണിയെടുക്കുന്നവരും ഏജൻസികളും മലയാളികളാണെങ്കിലും വ്യവസായത്തെ നിയന്ത്രിക്കുന്നത് ഗുജറാത്തികളായ സേട്ടുമാരാണ്. അവരിൽ നിന്ന് കല്ല് വാങ്ങുന്ന ഏജൻസിയുടമ ഇവിടുത്തെ തൊഴിൽ വൈദഗ്ദ്ധ്യത്തെ ഉപയോഗിച്ച് കല്ലിനെ ഫിനിഷ് ചെയ്ത് തിരിച്ചുകൊടുക്കുന്നു.

മങ്ങാട് യൂണിറ്റിൽ 13 തൊഴിലാളികളാണ് പണിയെടുക്കുന്നത്. അവരിൽ 7 പേർ വിദഗ്ദ്ധ തൊഴിലാളികളാണ്. ശരാശരി മാസവരുമാനം 1000 രൂപയാണ്. വിദഗ്ദ്ധ തൊഴിലാളികളിൽ 3 പേർ സ്ത്രീകളാണ്.

പഞ്ചായത്തിൽ 3 യൂണിറ്റുകളുണ്ടായിരുന്നത് ഒരെണ്ണമായി ചുരുങ്ങിയിരിക്കുകയാണ്. ഇതിന് പ്രധാന കാരണം വ്യവസായത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തു ഈ നാട്ടിലേതല്ല. മാത്രവുമല്ല, ഉൽപ്പന്നത്തിൻെറ മാർക്കറ്റും ഇവിടെയില്ല. അതിനാൽ വ്യവസായത്തിന് കാര്യമായി വേര് പിടിക്കാനായില്ല. കൂടാതെ വ്യവസായത്തെ നിയന്ത്രിക്കുന്നത് ഇടത്തട്ടുകാരായ

സേട്ടുമാരാണ്. ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം ഇടത്തട്ടുകാരുടെ ചൂഷണമാണ്. അതവസാനിപ്പിക്കാനുള്ള ശ്രമമെന്ന നിലയിൽ ഏജൻസി ഉടമകൾ അംഗങ്ങളായി ഒരു ഡയമണ്ട് കോർപ്പറേഷൻ രൂപീകരിക്കാനുള്ള ശ്രമം നടന്നു കൊണ്ടിരിക്കുകയാണ്. തുടർച്ചയായി വൈദ്യുതി ലഭിക്കാത്തതാണ് ഈ വ്യവസായം നേരിടുന്ന മറ്റൊരു പ്രശ്നം. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് കണ്ണിനെ ബാധിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

## എൻജിനിയറിംഗ് വ്യവസായം

മൂന്ന് സ്ഥാപനങ്ങളാണ് ഈ മേഖലയിൽ നിലവിലുള്ളത്. ഇരുമ്പുകൊണ്ടുള്ള ഗേയ്റ്റ്, ഗ്രിൽ എന്നിവയാണ് ഉല്പന്നങ്ങൾ. പത്തിൽ താഴെ പേർക്കുമാത്രമെ ഈ മേഖലയിൽ തൊഴിൽ ലഭിക്കുന്നുള്ളു. വിദഗ്ദ്ധ തൊഴിലാളികളുടെ ദിവസക്കൂലി 75 രൂപ മുതൽ 110 രൂപ വരെയാണ്

| | 10 വർഷം മുമ്പ് | 5 വർഷം മുമ്പ് | 1996 |
|---|---|---|---|
| വിദഗ്ദ്ധ തൊഴിലാളിക്ക് | 30 | 50 | 75 രൂപ മുതൽ 110 രൂപവരെ |

ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പ്രവർത്തന മൂലധനത്തിൻെറ കുറവും ഇടയ്ക്കിടയ്ക്കുണ്ടാകുന്ന വോൾട്ടേജ് ക്ഷാമവുമാണ്.

## റെഡിമെയ്ഡ് വസ്ത്ര വ്യാപാരം

ഈ രംഗത്തുള്ള പ്രധാന സ്ഥാപനം സഹകരണ രംഗത്തുള്ളതാണ്. എരുമപ്പെട്ടി വനിതാ വ്യവസായ സഹകരണ സംഘം എന്ന പേരിൽ മങ്ങാട് സെൻററിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ 76 അംഗങ്ങളുണ്ട്. അവരിൽ 15 സ്ത്രീകൾക്കു മാത്രമേ തൊഴിൽ നൽകാൻ ഈ സ്ഥാപനത്തിന് കഴിയുന്നുള്ളൂ. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തതയാണ് ഇതിനു കാരണം. സ്വന്തമായി സ്ഥലമുള്ള ഈ സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള ഫണ്ടില്ല. വൈദ്യുതി ബിൽ അടയ്ക്കാൻ പോലും ഈ സംഘം ബുദ്ധിമുട്ടുകയാണ്.

എന്നാൽ സംഘത്തിൻെറ ഉല്പന്നങ്ങളായ പാവാട, മാക്സി എന്നിവയ്ക്ക് മാർക്കറ്റിൽ ഡിമാൻറുണ്ട്. എന്നാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള മൂലധനം ലഭ്യമല്ല. ഈ രംഗത്തെ തൊഴിലാളികളെ സ്വകാര്യസംരംഭകർ ചൂഷണം ചെയ്യുന്നതിൽ ഒരു പരിധിവരെ തടയുവാൻ സംഘത്തിനു കഴിയുന്നുണ്ട്. ജോലി ചെയ്യുന്ന തൊഴിലാളിക്ക് ശരാശരി ദിവസ വരുമാനം 50 രൂപയ്ക്കു മുകളിലായിരിക്കുമ്പോൾ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർക്ക് പരമാവധി ലഭിക്കുന്നത് 20 രൂപയാണ്.

ഈ പഞ്ചായത്തിലെ തയ്യൽ തൊഴിലറിയുന്ന, സ്വന്തമായി തയ്യൽമെഷീനുകളുള്ള എല്ലാ വനിതകളേയും സംഘത്തിൽ അംഗങ്ങളാക്കണം. ആ അംഗങ്ങൾക്ക് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിനുവേണ്ട തുണി മുൻകൂട്ടി തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് കട്ടിങ്ങ് ചെയ്ത് അവരെ ഏൽപ്പിക്കുകയും അവരത് ഉല്പന്നമാക്കി തിരിച്ച് ഏൽപ്പിക്കുകയും ചെയ്യുന്ന ഔട്ട് വർക്കർ സിസ്റ്റം ഈ രംഗത്ത് വളരെയധികം ഫലപ്രദമാണ്. അംഗത്വഫീസിലൂടെ ലഭിക്കുന്ന തുക മൂലധനത്തിലേക്ക് സമാഹരിക്കാവുന്നതാണ്. പോരാതെ വരുന്ന പ്രവർത്തന മൂലധനത്തിന് നിലവിലുള്ള വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യാം. അങ്ങനെ സംഘം പ്രതിസന്ധിയെ മറികടക്കുകയാണെങ്കിൽ പഞ്ചായത്തിലെ വ്യവസായിക മേഖലയെ സംബന്ധിച്ചിടത്തോളം അതൊരു മുതൽക്കൂട്ടായിരിക്കും.

## മരം ഫർണിച്ചർ നിർമ്മാണം

ഈ മേഖലയിൽ 3 സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. പുതിയതായി പലരും ഈ രംഗത്തേക്ക് വരാൻ താല്പര്യപ്പെടുന്നു. പക്ഷെ പഞ്ചായത്ത് പ്രദേശം ഫോറസ്റ്റ് ഏരിയ ആയതിനാൽ എസ്.എസ്.ഐ. രിജസ്ട്രേഷൻ ലഭിക്കുന്നതിനു ധാരാളം തടസ്സങ്ങളുണ്ട്. ഇതുകാരണം സംരക്ഷിത വൃക്ഷങ്ങളിൽ പ്പെടാത്ത അസംസ്കൃത വസ്തുക്കൾ ഈ വ്യവസായത്തിനു വേണ്ടി ഉപയോഗിക്കാൻ കഴിയാതെ വരുന്നു. ഇത്തരം വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുവേണ്ട വ്യവസ്ഥകളിൽ അയവു വരുത്തേണ്ടിയിരിക്കുന്നു. അതേസമയം തന്നെ ദുരുപയോഗപ്പെടുത്തുവാനുള്ള സാധ്യത കൂടി പരിഗണിച്ചുകൊണ്ട് ലൈസൻസ് ചട്ടങ്ങളിൽ അഴിച്ചുപണി നടത്തേണ്ടതുണ്ട്. ഈ മേഖലയിൽ ഇപ്പോൾ 10 തൊഴിലാളികൾ ജോലി ചെയ്തു കൊണ്ടിരിക്കുന്നുണ്ട്.

കൂലിനിരക്ക് ദിനംപ്രതി

| | 10 വർഷം മുമ്പ് | 5 വർഷം മുമ്പ് | 1996 |
|---|---|---|---|
| വിദഗ്ധതൊഴിലാളിക്ക് | 45 രൂപ | 60 രൂപ | 125 രൂപ |

വളരെയധികം പുരോഗതി പ്രാപിക്കുന്ന വ്യവസായിക മേഖലയാണിത്. പരമ്പരാഗത വാസ്തുശില്പവിദ്യ നിലനിറുത്തുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനും ഈ മേഖലയെ പ്രയോജനപ്പെടുത്താവുന്നതാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വിപണന സ്ഥാപനവുമായി ബന്ധപ്പെടുത്തേണ്ടതാണ്. ഈ മേഖല നേരിടുന്ന മറ്റു പ്രധാന പ്രശ്നങ്ങൾ പ്രവർത്തന മൂലധനത്തിൻെറ കുറവ്, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം, വോൾട്ടേജ് ക്ഷാമം എന്നിവയാണ്.

## സോഡാ നിർമ്മാണം

പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്. 6 യൂണിറ്റുകളാണ് ഈ പഞ്ചായത്തിലുള്ളത്. 6 യൂണിറ്റുകളിലും പ്രധാനമായും ഉടമസ്ഥർ മാത്രമാണ് തൊഴിലെടുക്കുന്നത്. ഈ മേഖലയിലെ പ്രധാന പ്രശ്നം വിപണിയിലെ

കിട മത്സരമാണ്. വൻകിട കമ്പനികളിൽ നിന്നുള്ള ഭീഷണിക്കു പുറമേ ഇവർ തമ്മിലുള്ള മത്സരവും രൂക്ഷമാണ്. ഇതിനുള്ള ഏക പരിഹാരം പഞ്ചായത്തുതലത്തിൽ പൊതുവിപണന സ്ഥാപനത്തിലൂടെ ഉൽപ്പന്നം മാർക്കറ്റിലെത്തിക്കുക എന്നതാണ്. മറ്റൊരു പ്രശ്നം പരാമരനിരോധനം കാരണം വിപണിയിൽ അനുഭവപ്പെടുന്ന മാന്ദ്യതയാണ്. തിളപ്പിച്ചാറിയ വെള്ളമാണ് സോഡ നിർമ്മാണത്തിന് ഉപയോഗിക്കുന്നത് എന്നതിനാൽ ഈ സ്ഥാപനങ്ങൾക്ക് മണ്ണെണ്ണയ്ക്ക് ക്വാട്ട സിസ്റ്റം ഏർപ്പെടുത്തേണ്ട തുണ്ട്.

## കിടയ്ക്ക തലയിണ നിർമ്മാണം

ഏതാണ്ട് ഒന്നരവർഷം മുൻപ് മുട്ടിയ്ക്കലിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ 15 പേർ തൊഴിലെടുക്കുന്നു. അവരിൽ 3 പേർ വിദഗ്ദ്ധ തൊഴിലാളികളാണ്. തൊഴിലാളികളിൽ 13 പേർ സ്ത്രീകളാണ്. വിദഗ്ദ്ധ തൊഴിലാളികളുടെ ശരാശരി ദിവസ വരുമാനം 150 രൂപയാണ്. എന്നാൽ വിദഗ്ദ്ധ തൊഴിലാളികളിൽ സ്ത്രീയുടെ കൂലിനിരക്ക് 100 രൂപയാണ്. അവിദഗ്ദ്ധ തൊഴിലാളികളെല്ലാം സ്ത്രീകളാണ്. അവരുടെ ശരാശരി ദിവസവരുമാനം 40 രൂപയാണ്.

കിടക്കയിലും തലയിണയിലും നിറയ്ക്കുന്നതിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തു പോളീഫൈബർ ആണ്. അത് ലഭിക്കുന്നത് മദ്രാസ്, ബാംഗ്ലൂർ എന്നീ നഗരങ്ങളിൽ നിന്നുമാണ്. സീസൺ സമയത്തു മാത്രമേ കുറഞ്ഞ വിലയ്ക്ക് ഇവ ലഭിക്കുകയുള്ളൂ. അതിനാൽ മാർക്കറ്റ് മുൻകൂട്ടി മനസ്സിലാക്കി അസംസ്കൃത വസ്തു സംഭരിച്ച് വെക്കേണ്ടിവരുന്നു. അതിനുവേണ്ടി ചെലവഴിക്കേണ്ട പ്രവർത്തന മൂലധനത്തിന്റെ കുറവ് സ്ഥാപനത്തിനുണ്ട്. ഈ മേഖലയുടെ വികസന സാദ്ധ്യത പരിമിതമാണ്. കാരണം മാർക്കറ്റിന്റെ പരിമിതി.

## അലുമിനിയം ഫാബ്രിക്കേഷൻ

പഞ്ചായത്തിൽ 5 സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. പ്രധാന ഉൽപ്പന്നങ്ങൾ അലമാര, മേശ, ഷോകെയ്സ്, ഡോർ, വിഡോറാസ്, ഹാൻഡ് റെയിൽ എന്നിവയാണ്. ഏതാണ്ട് 35ഓളം തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നു. വിദഗ്ദ്ധ തൊഴിലാളികളുടെ ശരാശരി ദിവസവരുമാനം 100 രൂപയാണ്. ഈ മേഖലയിൽ സ്ത്രീ തൊഴിലാളികൾക്കും സാധ്യതയുണ്ട്.

ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം അസംസ്കൃത വസ്തുവിൻമേൽ ഏർപ്പെടുത്തിയ നികുതി നിയന്ത്രണങ്ങളാണ്. അവ ലഘൂകരിക്കുകയാണെങ്കിൽ ഈ മേഖല പുരോഗതി പ്രാപിക്കും. കുടാതെ വിപണിയിലെ കിടമത്സരം മറ്റൊരു പ്രശ്നമാണ്. അതിനെ നേരിടാൻ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന പൊതു വിപണന സ്ഥാപനവുമായി ഈ മേഖലയെ ബന്ധപ്പെടുത്താവുന്നതാണ്. തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുകയും വേണം

## കുടിൽ വ്യവസായങ്ങൾ

പഞ്ചായത്തിലെ കുടിൽ വ്യവസായങ്ങൾ ഏതാണ്ട് അന്യം നിന്ന് പോകുന്ന അവസ്ഥയിലാണ്. ആധുനിക ഉപഭോക്തൃ സംസ്കൃതിയെ പ്രതിരോധിച്ചുകൊണ്ട് നിവനിൽക്കുന്ന ഏതാനും വ്യവസായങ്ങളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്.

## വട്ടക്കണ്ണി നിർമ്മാണം

നിലവിൽ ഏതാണ്ട് 10ലേറെ കുടുംബങ്ങൾ ഈ മേഖലയിൽ തൊഴിലെടുത്തു കൊണ്ടിരിക്കുന്നു. കരിയന്നൂർ പതിയാരം ഭാഗങ്ങളിലുള്ളവരാണിവർ. പല വലിപ്പത്തിലുള്ള വട്ടക്കണ്ണികൾ നിർമ്മിക്കുകയാണ് ഇവർ ചെയ്യുന്നത്. ധാരാളം വികസന സാദ്ധ്യതകളുള്ള മേഖലയാണിത്. വേണ്ടത്ര മുതൽ മുടക്കുണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന ജനവാതിലുകളുടെ കുറ്റികളും, കൊളുത്തുകളും നിർമ്മിക്കാം.

### കൂലിനിരക്ക് 150 എണ്ണത്തിന്

| 10 വർഷം മുമ്പ് | 5 വർഷം മുമ്പ് | 1996 |
|---|---|---|
| 10 രൂപ | 20 രൂപ | 30 രൂപ |

അസംസ്കൃത വസ്തു ലഭിക്കുന്നത് കുന്നംകുളത്തെ ഇരുമ്പുകടകളിൽ നിന്നാണ്. പ്രവർത്തന മൂലധനത്തിന്റെ കുറവാണ് പ്രധാന പ്രശ്നം. ഈ വ്യവസായത്തിന്റെ നിലനിൽപ്പിന് പഞ്ചായത്ത് തലത്തിൽ സഹകരണ സംഘം രൂപീകരിക്കുകയും ഔട്ട്വർക്ക് സിസ്റ്റത്തിലൂടെ ഉൽപ്പാദന വർദ്ധനവ് സാദ്ധ്യമാക്കുകയും വേണം

## പപ്പട നിർമ്മാണം

ഏതാണ്ട് ഒമ്പതോളം കുടുംബങ്ങൾ പഞ്ചായത്തിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഈ തൊഴിൽ എടുത്തിരുന്നവരിൽ പലരും മറ്റ് മേഖലകളിലേക്ക് ചേക്കേറുകയാണ്. വരുമാനത്തിലെ കുറവും തൊഴിലിന്റെ മാന്യതക്കുറവുമാണ് ഇതിന് പ്രേരണയായിട്ടുള്ളത്. ഈ മേഖലയിലെ പ്രധാന പ്രശ്നം വിപണിയിലെ കിടമത്സരമാണ്. അസംസ്കൃത വസ്തുക്കളുടെ വിലയിലുള്ള ചാഞ്ചല്യവും ഒരു പ്രശ്നമാണ്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുള്ളത് പഞ്ചായത്ത് തലത്തിൽ ഒരു മാതൃസ്ഥാപനം തുടങ്ങുകയും ഔട്ട്വർക്കർ സിസ്റ്റം ഏർപ്പെടുത്തുകയുമാണ്.

## കളിമൺ പാത്ര നിർമ്മാണം

പഞ്ചായത്തിലെ ഏറ്റവും ക്ഷയോൻമുഖമായ കുടിൽ വ്യവസായമാണ് കളിമൺ പാത്ര നിർമ്മാണം. മനുഷ്യചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ സ്ഥാനം നേടിയ കളിമൺ പാത്ര നിർമ്മാണ വിദ്യ തലമുറകളായി കൈമാറിവന്ന സമുദായം അതുപേക്ഷിക്കേണ്ടി വരുന്ന ദുരവസ്ഥയിലാണ്. ഉപഭോക്തൃ സംസ്കാരത്തിന്റെ കുത്തൊഴുക്കിൽ പിടിച്ചു നിൽക്കാനാവതെ

ആ നാട്ടറിവും നമുക്ക് നഷ്ടപ്പെടുകയാണ്.

ഈ വിദ്യ അറിയാവുന്ന 30ലേറെ കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഈ കുടുംബങ്ങളിലെ പുതിയ തലമുറ മറ്റു മേഖലകളിൽ തൊഴിൽ തേടുകയാണ്. ഈ പ്രതിസന്ധിക്ക് കാരണം പലതാണ്.

1. നമ്മുടെ കാർഷികോൽപ്പാദന രംഗത്തെ യന്ത്രവൽക്കരണം കാരണം കളിമണ്ണ് വയലുകളിൽ നിന്ന് കുഴിച്ചെടുക്കുവാനാവുന്നില്ല.
2. കാർഷിക മേഖലയിലും മൃഗപരിപാലനത്തിലും വന്ന മാറ്റങ്ങൾ വിപണിയുടെ വലിപ്പം കുറയ്ക്കുന്നതിന് കാരണമായി
3. അലുമിനിയം, പ്ലാസ്റ്റിക് എന്നിവയുടെ പ്രചാരണം ഇവയുടെ സ്ഥിതി ഒന്നുകൂടി രൂക്ഷമാക്കി
4. തൊഴിലിന്റെ മാന്യതക്കുറവും വരുമാനക്കുറവും യുവാക്കളെ ഈ രംഗത്ത് നിന്ന് വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചു.

ദുരവസ്ഥയിൽ ഈ വ്യവസായത്തിന് അൽപ്പമെങ്കിലും പിടിച്ചുനിൽക്കണമെങ്കിൽ നമ്മൾ അടിയന്തിരമായി ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. അസംസ്കൃതവസ്തു കുറഞ്ഞ ചിലവിൽ ലഭ്യമാക്കുക, സാങ്കേതികവിദ്യയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഉൽപ്പന്നങ്ങളിൽ വൈവിധ്യവൽക്കരണം നടത്തുക. (മലപ്പുറം ജില്ലയിലെ നിലമ്പൂരിനടുത്തുള്ള അരുവാക്കോട് പരീക്ഷണം)

പഞ്ചായത്ത് തല ഊർജ്ജാസൂത്രണവുമായി ബന്ധപ്പെട്ട ദക്ഷതയേറിയ അടുപ്പുകളുടെ നിർമ്മാണം ഇവരെ ഏൽപ്പിക്കാവുന്നതാണ്. സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതയും ആരായാവുന്നതാണ്.

### തഴ്പ്പായ നെയ്ത്ത്

ഈ സാങ്കേതിക വിദ്യ അറിയാവുന്നവർ നാട്ടിൽ കുറച്ച് പേരെങ്കിലുമുണ്ട്. ഒരു തലമുറ കൂടിക്കഴിഞ്ഞാൽ ഈ കുടിൽ വ്യവസായം നാശോൻമുഖമാകും. അതേസമയം ഇതിനുവേണ്ട അസംസ്കൃത വസ്തു യാതൊരു ചെലവുമില്ലാതെ വേണ്ടത്ര ലഭ്യമാണ്. ആ പാഴായിപ്പോകുന്ന വിഭവത്തെ ഉപയോഗിക്കുന്നതിനായി കുട്ടനെയ്ത്ത് സഹകരണ സംഘത്തെപ്പോലെയുള്ള ഒരു സ്ഥാപനം രൂപപ്പെടുത്തുകയാണെങ്കിൽ കുറേയേറെ പേർക്ക് തൊഴിൽ നൽകാനാവും.

### ഇരുമ്പ്പണി ആയുധങ്ങളുടെ നിർമ്മാണം

പാരമ്പര്യമായി ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന കുറച്ച് പേർ ഈ മേഖലയിലുണ്ട്. അവരുടെ നാട്ടറിവിനെ കാലാനുസൃതമായി പരിവർത്തനപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്നതിനു വേണ്ടി വേണ്ടത്ര സാമ്പത്തിക സഹായം ലഭ്യമാക്കണം.

### തൊഴിൽ മേഖല

1991ലെ സെൻസസ് കണക്ക് പ്രകാരമുള്ള എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ തൊഴിൽ ശക്തിയുടെ വിഭജനരീതി താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

| | തൊഴിൽ മേഖല | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1. | കർഷകർ | 793 | 130 |
| 2. | കർഷകതൊഴിലാളി | 1538 | 1445 |
| 3. | മൃഗസംരക്ഷണം, മത്സ്യബന്ധനം, തോട്ടപ്പണി മുതലായവ | 161 | 13 |
| 4. | ഖനനം | 54 | 15 |
| 5. | കുടിൽവ്യവസായം | 211 | 242 |
| 6. | മറ്റു വ്യവസായങ്ങൾ | 733 | 586 |
| 7. | കെട്ടിട നിർമ്മാണം | 411 | 25 |
| 8. | വ്യാപാരം | 817 | 47 |
| 9. | ഗതാഗതം, വാർത്താവിനിമയം | 404 | 9 |
| 10. | മറ്റുള്ളവ | 630 | 408 |
| 11. | ജോലിയില്ലാത്തവർ | 6339 | 10,570 |

### മെറ്റൽ നിർമ്മാണം

ഏതാണ്ട് 400 പേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. തൊഴിലുകളിൽ 90%വും സ്ത്രീകളാണ്. പഞ്ചായത്തിലെ ചിറ്റണ്ട, മങ്ങാട്, വടക്കുമുറി, എരുമപ്പെട്ടി എന്നിവടിങ്ങളിലുള്ള കരിങ്കൽ ക്വാറികളോട് അനുബന്ധിച്ചാണ് അവരുടെ പ്രവർത്തന മേഖല. പഞ്ചായത്തിൽ 10 വർഷം മുൻപ് 280 പേരും 5 വർഷം മുൻപ് 350 തൊഴിലാളികൾ ഈ മേഖലയിൽ ഉണ്ടായിരുന്നു. ഇതിൽനിന്ന് ഓരോ വർഷവും തൊഴിലാളികൾ വർദ്ധിച്ചുവരുന്നതായി കാണാം. സാങ്കേതികമായി അറിവ് ആവശ്യമില്ലാത്തതിനാൽ ചെറിയ കുട്ടികൾ പോലും തൊഴിലിൽ ഏർപ്പെടുന്നുണ്ട്. ഒരു പെട്ടി മെറ്റലിന് 6 രൂപ 50 പൈസയാണ്. ഈ മേഖലയിലെ കൂലിനിരക്ക്. ഒരു തൊഴിലാളിയുടെ ശരാശരി ദിവസവരുമാനം 35 രൂപയാണ്. സൂക്ഷിച്ചില്ലെങ്കിൽ കണ്ണിൽ കരിങ്കൽ ചീളുകൾ തറക്കുമെന്നതിനാൽ അപകട സാദ്ധ്യതയുള്ള തൊഴിൽമേഖലയാണിത്. കൂടാതെ ദിവസങ്ങളോളം കുത്തിയിരുന്ന് ജോലി ചെയ്യുന്നതിനാൽ ശ്വാസകോശത്തിനും, അരക്കെട്ടിനും രോഗം ബാധിക്കാനുള്ള സാദ്ധ്യതയും കൂടുതലാണ്. ഈ തൊഴിലാളികൾക്ക് അടിയന്തിരമായി ക്ഷേമനിധി ഏർപ്പെടുത്തേണ്ടതാണ്. ഈ മേഖല നേരിടുന്ന ഭീഷണി ആധുനിക മെറ്റൽ ക്രഷർ യൂണിറ്റുകളിൽ നിന്നുള്ളവയാണ്. പഞ്ചായത്തിൽ മെറ്റൽ ക്രഷർ യൂണിറ്റുകളില്ലെങ്കിലും തൊട്ടടുത്ത പഞ്ചായത്തുകളിൽ അവയുടെ സാന്നിദ്ധ്യമുള്ളതിനാൽ തൊഴിലാളികളുടെ വില പേശൽ ശക്തിക്ക് ഇടിവ് സംഭവിക്കുന്നു. ഇതിനാൽ

കൂലിനിരക്കിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ഭാവിയിൽ പഞ്ചായത്തിൽ മെറ്റൽ ക്രഷറുകൾക്ക് ലൈസൻസ് നൽകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ നടക്കുന്ന കോൺക്രീറ്റ് വർക്കുകളിലും റോഡ് നിർമ്മാണത്തിലും കൈകൊണ്ട് നിർമ്മിച്ച മെറ്റൽത്തന്നെ ഉപയോഗിക്കുന്നത് തൊഴിലാളികളുടെ ഉന്നമനത്തിന് ഉതകുന്നതാണ്. ഇപ്പോൾ പലരും വഴിയോരങ്ങളിലും, പുറമ്പോക്കുകളിലും ഇരുന്നാണ് മെറ്റൽ ഉടക്കുന്നത്. ഇതിനുപകരം ഈ തൊഴിലാളികൾക്ക് ക്വാറികളോടനുബന്ധിച്ച് സ്ഥലം അനുവദിക്കേണ്ടതാണ്.

## സ്വയം തൊഴിൽമേഖല

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപര്യപ്പെട്ട് മുന്നോട്ട് വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് പരിമിത അറിവേ ഉണ്ടായിരിക്കുകയുള്ളൂ. അതിനുവേണ്ടി ഒരു സമാഹാരം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രസിദ്ധീകരിക്കുന്നത് നന്നായിരിക്കും. സ്വയംതൊഴിൽ മേഖലയിലെ മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആസൂത്രിത സ്വയംതൊഴിൽ പദ്ധതി നടപ്പാക്കാവുന്നതാണ്. സാങ്കേതിക ജ്ഞാനം, അസംസ്കൃത വസ്തുക്കളുടെയും ആവശ്യമായ യന്ത്രസാമഗ്രികളുടെയും ലഭ്യത, ബാങ്ക് വായ്പ, വിപണന സൗകര്യങ്ങൾ എന്നിവ ഉറപ്പ് വരുത്തുന്നതാണ് ഈ പദ്ധതി. ഇതിലൂടെ സംരംഭകർക്ക് സ്ഥായിയായ സ്വയംതൊഴിലും വരുമാനവും ഉറപ്പാക്കാൻ കവിയും. ഈ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിലെങ്കിലും "സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്" ആരംഭിച്ച് രജിസ്ട്രേഷൻ ആരംഭിക്കണം

## കാർഷികോൽപ്പന്നങ്ങൾ ആശ്രയിച്ചുള്ള വ്യവസായങ്ങൾ

സാദ്ധ്യതകൾ :

1. കൊപ്ര സംസ്കരിച്ച് എണ്ണ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക
2. ത്രഡ് റബ്ബർഷീറ്റ് ഉപയോഗിച്ച് വൈവിദ്ധ്യം നിറഞ്ഞ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട ഫാക്ടറികളുടെ ശൃംഖല
3. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒരു റീലിംഗ് സെൻറർ സ്ഥാപിക്കുകയാണെങ്കിൽ പട്ടുനൂൽകൃഷിയെ പുനരുജ്ജീവിപ്പിക്കാം
4. അടയ്ക്ക സംസ്കരിച്ച് സുപ്പാരി, പാക്ക് പോലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാം. അതിനുവേണ്ടി ബ്ലോക്ക് തലത്തിലോ പഞ്ചായത്ത് തലത്തിലോ ഒരു യൂണിറ്റ് ആരംഭിക്കുക
5. മാങ്ങ, പൈനാപ്പിൾ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുക
6. നീർത്തട വികസന പദ്ധതിയുടെ ഭാഗമായി കുന്നിൻചെരുവുകളിൽ ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കുകയാണെങ്കിൽ ഔഷധനിർമ്മാണ യൂണിറ്റ് ആരംഭിക്കാം.

## വൈദഗ്ദ്ധ്യപോഷണം

### പഞ്ചായത്ത് തല സാദ്ധ്യതകൾ

മറ്റ് പഞ്ചായത്തുകളിലെപ്പോലെത്തന്നെ ഈ പഞ്ചായത്തിലും തൊഴിലില്ലായ്മ ഒരു പ്രശ്നം തന്നെയാണ്. ഒരുഭാഗത്ത് തൊഴിലില്ല എന്നു പറയുമ്പോൾ മറുഭാഗത്ത് തൊഴിലെടുക്കാൻ ആവശ്യമുള്ള സമയത്ത് നല്ല വിദഗ്ദ്ധ തൊഴിലാളിയെ കിട്ടാനില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്. ഈ വൈരുദ്ധ്യം കുറച്ചുകൊണ്ട് വരികയാണ് തൊഴിലില്ലായ്മ പരിഹരിക്കാൻ ചെയ്യേണ്ടത്.

### തൊഴിൽസർവ്വേ

പഞ്ചായത്തിലെ തൊഴിലെടുക്കുന്നവരുടേയും അവരുടെ കഴിവുകളേയും പറ്റി ഒരു സർവ്വേ നടത്തുക. ഓരോ മേഖലയിലേയും അവസരങ്ങളെപ്പറ്റിയും അവിടെ ജനങ്ങൾ എങ്ങിനെ ജീവിക്കുന്നു എന്നും കണ്ടെത്തി തൊഴിൽമേഖലയിലെ പ്രശ്നങ്ങൾ ഗ്രാമപഞ്ചായത്തിനു പരിഹരിക്കാൻ കഴിഞ്ഞാൽ കൂടുതൽ പേർക്ക് അവസരങ്ങൾ മുതലാക്കാൻ കഴിയും

### തൊഴിൽസംഘങ്ങൾ

തൊഴിൽ മേഖലയിൽ പൊതുവേ അവിദഗ്ദ്ധരുടെ സേവനം ആരും ഇഷ്ടപ്പെടുന്നില്ല. വിദഗ്ദ്ധരുടെ സേവനമാണ് ഏറെപ്പേരും ഇഷ്ടപ്പെടുന്നത്. ഇങ്ങനെ വന്നാൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് ജോലിയില്ലാതാവുകയും ജീവിക്കാൻ വരുമാനമില്ലാതെ വിഷമിക്കുകയും ചെയ്യും. ഇത്തരക്കാർക്ക് പ്രത്യേകിച്ചും മറ്റുള്ളവർക്കും തൊഴിൽ സംഘങ്ങൾ രൂപീകരിക്കുന്നത് ആശ്വാസകരമായിരിക്കും. പറമ്പിലോ, പാടത്തോ, മറ്റ് സേവനമേഖലയിലോ, പണിചെയ്യിക്കേണ്ടവർ തൊഴിൽ സംഘവുമായി ബന്ധപ്പെടുക. പണി നിശ്ചയമുള്ള സംഘം പ്രതിനിധി ചെയ്യുന്ന പണിയുടെ അളവും സ്വഭാവവും മനസ്സിലാക്കി പ്രതിഫലം നിശ്ചയിക്കുക (കരാർ പണിപോലെ). തൊഴിലാളിയുടെ വേതനത്തിൽ ഒരുഭാഗം പ്രോവിഡണ്ട് ഫണ്ട്, പെൻഷൻ മുതലായവക്കും സംഘത്തിൻെറ ചിലവിലേക്കായും മാറ്റിവെക്കുക

### വിഭവങ്ങൾ ഒരുക്കൽ

പരമ്പരാഗത തൊഴിൽ മേഖലയെ കച്ചവടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാവുന്നതിൻെറ സാദ്ധ്യത ഇവിടെയുണ്ട്. വിവാഹനിശ്ചയം, അടിയന്തിരം, പിറന്നാൾ എന്നിവയോടനുബന്ധിച്ചുള്ള പാർട്ടികളും സദ്യകളും തൊഴിൽസംഘം മുഖേന ഏറ്റെടുത്ത് തയ്യാർ ചെയ്ത് ഭക്ഷണസാധനങ്ങൾ ആവശ്യസമയത്ത് വേണ്ട സ്ഥലത്ത് എത്തിക്കുക, അതോടൊപ്പം, അച്ചാറുകൾ, വറ്റൽമുളക് എന്നിവ തയ്യാറാക്കി ആവശ്യക്കാർക്കും, വിപണിയിലും എത്തിക്കുക. ഇത് ഈ മേഖലയിലെ തൊഴിലാളികൾക്ക് ഗുണകരമായിരിക്കും.

### കൃഷിസഹായ സംഘങ്ങൾ

പഞ്ചായത്തിലെ എല്ലാ വീട്ടിലും പച്ചക്കറി കൃഷി ചെയ്യാൻ വേണ്ടി ആവശ്യത്തിനുള്ള വിത്ത് ലഭ്യമാക്കി പച്ചക്കറി ത്തോട്ടം ഉണ്ടാക്കാൻ സഹായിക്കുക. അതോടൊപ്പം വീട്ടാവശ്യ ത്തിനുവേണ്ട പച്ചക്കറി പുറമേ കടകളിൽ അന്വേഷിച്ചു നടന്ന് അമിതമായ വിലകൊടുത്ത് വാങ്ങേണ്ട സ്ഥിതി കുറയുകയും ഓരോ വീടും സ്വയം പര്യാപ്തതയിലേക്ക് നീങ്ങുകയും ചെയ്യും.

### സോപ്പ്, പനമ്പ്

ഭക്ഷ്യസംസ്കരണത്തിൻെറ കാര്യത്തിലെന്ന പോലെ ത്തന്നെ സോപ്പ്, പനമ്പ് തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് വളരെയ ധികം സാദ്ധ്യതയുണ്ട്. സോപ്പ് നിർമ്മാണത്തിന് ആവശ്യമായ സഹായവും പ്രോത്സാഹനവും താൽപര്യമുള്ളവർക്ക് സാങ്കേ തിക വൈദഗ്ദ്ധ്യവും ലഭ്യമാക്കുകയാണെങ്കിൽ വ്യവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുകയും തൊഴിൽ കൊടുക്കാൻ കഴിയുന്ന മേഖലയുമാണിത്. അതുപോലെത്തന്നെ വളരെ യധികം സാദ്ധ്യതയുള്ളതാണ് പനമ്പ് നെയ്ത്ത്. അസംസ്കൃത വസ്തു ലഭ്യമാക്കുകയും വ്യവസായിക അടിസ്ഥാനത്തിൽ ഉൽ പ്പാദിപ്പിക്കുകയും ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ വളരെയധികം വിദഗ്ദ്ധ തൊഴിലാളികൾ ഉള്ള മേഖലയാണിത്.

### പ്രശ്നങ്ങൾ

1. പുതിയതായി കടന്നുവരുന്ന വ്യവസായ സംരംഭകന് പഞ്ചായത്ത് തലത്തിൽ അടിസ്ഥാന വിവരങ്ങൾ ലഭ്യ മല്ല.
2. അശാസ്ത്രീയമായ റോഡുകളുടെ വികസനം വ്യവസായ പുരോഗതിക്ക് തടസ്സമാകുന്നു.
3. ലൈസൻസുകൾ ലഭിക്കാൻ സംരംഭകന് പല ഓഫീസു കൾ പല പ്രാവശ്യം കയറിയിറങ്ങേണ്ടിവരുന്നു
4. കൂലിനിരക്കിലെ കുറവുകാരണം പരമ്പരാഗത വ്യവസായ മേഖലയിൽ നിന്നും തൊഴിലാളികൾ മറ്റു മേഖലകളി ലേക്ക് ചേക്കേറുന്നു.
5. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്
6. ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടത്ര പ്രവർത്തന മൂല ധനം ഇല്ല
7. വായ്പ ലഭിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കു ന്നതിനും കാലതാമസം നേരിടുന്നു.
8. ചെറുകിട വ്യവസായ സംരംഭകരുടെ വിപണിയിലെ കിടമത്സരം
9. സ്വയം തൊഴിൽ പദ്ധതിപ്രകാരം ലഭിക്കുന്ന വായ്പ അപ ര്യാപ്തമാണ്.
10. സ്വയംതൊഴിൽ വായ്പാ പദ്ധതിയിൽ വായ്പ ലഭിക്കുന്ന തിനും തിരിച്ചടച്ചു തുടങ്ങുന്നതിനും ഇടയിലുള്ള കാലദൈർഘ്യം ചെറുതാണ്.
11. പ്രാദേശിക അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിലെ വ്യവസായ മേഖല വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തു ന്നില്ല.
12. പഞ്ചായത്തിലെ പുത്തൻതലമുറയിൽ വേണ്ടത്ര സംരംഭ കത്വ സ്വഭാവമില്ല.
13. പല മേഘലകളിലും വേണ്ടത്ര തൊഴിൽ സാഹചര്യവും തൊഴിൽ സംരക്ഷണവും നിലവിലില്ല.
14. വൈദഗ്ദ്ധ്യ പോഷണത്തിന് വേണ്ടത്ര സൗകര്യങ്ങൾ പഞ്ചായത്തിലില്ല.

### സാദ്ധ്യതകൾ

1. പഞ്ചായത്ത് പ്രദേശത്തെ വ്യവസായ സംരംഭകർക്കു വേണ്ടി കൃഷിഭവൻ മാതൃകയിൽ വ്യവസായ വകുപ്പു മായി ബന്ധപ്പെട്ട ഒരു സ്ഥാപനം ആരംഭിക്കണം.
2. ഭാവിയിലെ റോഡുകളുടെ വികസനത്തിൻെറ മുൻഗണന ഉത്പാദനമേഖലയുമായി ബന്ധപ്പെട്ടതായിരിക്കണം.
3. ലൈസൻസുകൾ നൽകുന്നതിന് സിംഗിൾ വിൻഡോ സിസ്റ്റം ഏർപ്പെടുത്തുക
4. പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്ക് സാങ്കേ തിക വിദ്യയിൽ കാലാനുസൃതമായ മാറ്റങ്ങളും, ഉത്പന്ന ങ്ങളുടെ വൈവിധ്യവൽക്കരണവും നടത്തേണ്ടതാണ്.
5. ദൗർലഭ്യമുള്ള അസംസ്കൃത വസ്തുക്കൾക്ക് ക്വാട്ട സിസ്റ്റം ഏർപ്പെടുത്തുക
6. വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വായ്പ ലഭി ക്കുവാനുള്ള കാലതാമസം അവസാനിപ്പിക്കുകയും ചെ യ്യുക.
7. ചെറുകിട സംരംഭകരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെ ത്തുവാൻ പഞ്ചായത്ത് തലത്തിൽ പൊതുവിപണന സ്ഥാപനം ആരംഭിക്കുക
8. സ്വയം തൊഴിൽ വായ്പാ തുക വർദ്ധിപ്പിക്കുകയും, വായ്പ തിരിച്ച് അടച്ചു തുടങ്ങുന്നതിനുള്ള കാലദൈർ ഘ്യം വർദ്ധിപ്പിക്കുക
9. ബ്ലോക്ക് തലത്തിൽ ആസൂത്രിത തൊഴിൽ പദ്ധതി, ആരംഭിക്കുക
10. തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
11. തൊഴിൽ സംരക്ഷണം ഇല്ലാത്ത മേഖലകളിൽ ക്ഷേമനി ധിപോലുള്ള ക്ഷേമപദ്ധതികൾ ആരംഭിക്കുക
12. മിനിമം കൂലി സമ്പ്രദായം എല്ലാ മേഖലകളിലും ഏർപ്പെ ടുത്തുക
13. പ്രാദേശികമായ കാർഷികോത്പന്നങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായങ്ങൾ ആരംഭിക്കുക

14. എരുമപ്പെട്ടി ഹൈസ്ക്കൂളിൽ വ്യവസായിക സംരംഭകത്വ ക്ലബ്ബ് ആരംഭിച്ച് സംരംഭകത്വ സ്വഭാവം വിദ്യാർത്ഥികളിൽ വളർത്തികൊണ്ടുവരിക

15. ഹൈസ്ക്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക

16. ഹരിജൻ വെൽഫെയർ വ്യവസായ പരിശീലന കേന്ദ്ര (ഐ.ടി.സി.)ത്തിൽ പഞ്ചായത്തിലെ വ്യവസായ മേഖല ക്കുവേണ്ടതായ വിദഗ്ദ്ധ തൊഴിലാളികളെ സംഭാവന ചെയ്യാവുന്ന തരത്തിലുള്ള കോഴ്സുകൾ ആരംഭിക്കുക

## ഗ്രാമസഭാ നിർദ്ദേശങ്ങൾ (വ്യവസായം)

വാർഡ് ഒന്ന്

1. കുടിൽ വ്യവസായങ്ങൾക്ക് സഹായങ്ങൾ നൽകുക (വനിതകൾക്ക് മുൻഗണന കൊടുക്കുക)

2. തൊഴിൽ രഹിതർക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക

വാർഡ് രണ്ട്

1. ചെറുകിട വ്യവസായങ്ങൾക്ക് മുൻഗണന നൽകുക

2. സഹകരണ മേഖലയിൽ അടയ്ക്ക സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുക

വാർഡ് മൂന്ന്

1. ബീഡി, വട്ടക്കണ്ണി, അലമാര, കളിമൺ, കരിങ്കൽ ക്വാറി, ചെങ്കൽ ക്വാറി എന്നിവയുടെ യൂണിറ്റുകൾ തുടങ്ങുക

വാർഡ് നാല്

1. താഴെ പറയുന്ന വ്യവസായങ്ങൾ ആരംഭിക്കുക

   1. മെഴുകുതിരി 2. നൂൽതിരി 3. ചന്ദനത്തിരി 4. റെഡിമെയ്ഡ് വസ്ത്രങ്ങൾ 5. മെറ്റൽ യൂണിറ്റ് 6. അച്ചാർ യൂണിറ്റ്

വാർഡ് അഞ്ച്

1. സഹകരണ മേഖലയിൽ ബീഡി വ്യവസായ യൂണിറ്റ് ആരംഭിക്കുക

2. നിലവിലുള്ള വനിതാ സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാൻ സാമ്പത്തിക സഹായം നല്കുക.

3. അടയ്ക്ക സംസ്കരണം, റബ്ബർ സംസ്കരണം എന്നിവയ്ക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക

4. ക്ഷീരോല്പന്ന യൂണിറ്റ്, പഴം, പച്ചക്കറി യൂണിറ്റ് എന്നിവ നടപ്പിലാക്കുക

5. വ്യവസായ മേഖലയിൽ പവർലൂം, പട്ടുനൂൽ വ്യവസായം എന്നിവക്കുള്ള യൂണിറ്റുകൾ ആരംഭിക്കുക

വാർഡ് ആറ്

1. അടയ്ക്ക സംസ്ക്കരണം, കരകൗശല യൂണിറ്റ്, പഴ സംസ്ക്കരണം, അച്ചാർ യൂണിറ്റ്, സോപ്പ് നിർമ്മാണം, വനിത ടൈലറിങ്ങ്, ബീഡി, കളിമൺ വ്യവസായം എന്നിവയ്ക്ക് യൂണിറ്റ് ഉണ്ടാക്കുക

വാർഡ് ഏഴ്

1. ഖാദി നിർമ്മാണ കേന്ദ്രം ആരംഭിക്കുക (അലക്കുസോപ്പ്, മെഴുകുതിരി)

2. കുട്ടനെയ്ത്ത് സഹകരണ സംഘം ആരംഭിക്കുക

3. റെഡിമെയ്ഡ് വസ്ത്രം, പായ, ഫർണീച്ചർ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക

4. കുട്ട നിർമ്മാണത്തിനാവശ്യമായ മുളകൾ വെച്ചു പിടിപ്പിക്കുവാനുള്ള സൗകര്യം ചെയ്യുക

വാർഡ് എട്ട്

1. അടയ്ക്ക സംസ്ക്കരണയൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക

2. തീപ്പെട്ടി വ്യവസായം ആരംഭിക്കുക

3. അച്ചാർ, മെഴുകുതിരി, ഫർണീച്ചർ എന്നീ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക

വാർഡ് ഒമ്പത്

1. നൂറു പേർക്കെങ്കിലും തൊഴിൽ ലഭിക്കത്തക്ക വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക

2. ക്വാറി വ്യവസായം ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ ആക്കുക

3. കുട്ട നെയ്ത്ത്, തീപ്പെട്ടി കമ്പനി, നെല്ലുകുത്ത്, ബുക്കു ബയൻറിംഗ് എന്നീ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക

(ചിറ്റണ്ട ക്വാറിയിലെ തൊഴിലാളികളുടെ ക്ഷേമത്തിന് ഒരു ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീം നടപ്പിലാക്കുക)

വാർഡ് പത്ത്

1. ബീഡി വ്യവസായം (സഹകരണമേഖലയിൽ) ആരംഭിക്കുക

2. മാമ്പഴ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക (അച്ചാർ, ജാം, സ്ക്വാഷ്)

3. തീപ്പെട്ടി വ്യവസായം ആരംഭിക്കുക (അസംസ്കൃത വസ്തുക്കൾ സുലഭമാണ്)

4. കുട്ടനെയ്ത്ത് സംഘത്തിനാവശ്യമായ ഉല്പന്നങ്ങൾ ലഭ്യമാക്കുകയും വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക

വാർഡ് പതിനൊന്ന്

1. മാങ്ങ സംസ്ക്കരണം, അച്ചാർ നിർമ്മാണം, അടയ്ക്ക സംസ്ക്കരണം എന്നീ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക

# ഗതാഗതം

കേരളത്തിന്റെ സാമൂഹിക മേഖലയിലുണ്ടായ മാറ്റവും ജനസംഖ്യ വർദ്ധനവും കാരണം പഞ്ചായത്ത് റോഡുകളുടെ എണ്ണം വർദ്ധിക്കാൻ ഇട വന്നിട്ടുണ്ട്. "വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണ്". ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്നാൽ റോഡിന്റെ വികാസം ആണ് എന്ന ധാരണയുടെ ഫലമായി പഞ്ചായത്ത് റോഡുകളുടെ എണ്ണം വർദ്ധിച്ചതിനാൽ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലേക്ക് പഞ്ചായത്തിന്റെ വിവിധ ഫണ്ടുകളിൽനിന്ന് 50%ത്തിലധികം തുക റോഡുകൾക്കായി മാത്രം വിനിയോഗിച്ചിട്ടുണ്ട്.

ജനസംഖ്യാ വർദ്ധനവിന്റേയും സാമൂഹിക മേഖലയിൽ വന്ന് മാറ്റത്തിന്റേയും ഫലമായി കാർഷിക മേഖലയിൽനിന്ന് മറ്റിതര തൊഴിൽ മേഖലകളിലേക്കുള്ള പരിവർത്തനവും മൂലം ഗതാഗതാവശ്യങ്ങളും വർദ്ധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി പഞ്ചായത്തിൽ 10 വർഷ കാലയളവിൽ സ്വന്തമായി വാഹനമുള്ളവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഇവിടെ ജലഗതാഗതം, റെയിൽഗതാഗതം എന്നീ ഗതാഗതമാർഗ്ഗങ്ങൾ ഇല്ല. ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് ബസ്സ് ഗതാഗതംതന്നെയാണ്. 10 വർഷത്തിനുള്ളിൽ ബസ്സ് ഗതാഗതവും മറ്റിതരവാഹനങ്ങളും വർദ്ധിച്ചിട്ടുണ്ട്. വാഹനഗതാഗതം വർദ്ധിച്ചെങ്കിലും ഗതാഗതത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ല.

പഞ്ചായത്തിലെ എരുമപ്പെട്ടി, നെല്ലുവായ്, മങ്ങാട്, കുണ്ടന്നൂർ, ചിറ്റണ്ട, കാഞ്ഞിരക്കോട് എന്നീ സ്ഥലങ്ങളാണ് വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ. നെല്ലുവായ്, കുണ്ടന്നൂർ എന്നിവിടങ്ങളിൽ പാർക്കിംഗ് അസൗകര്യം രൂക്ഷമായി അനുഭവപ്പെടുന്നു. പാർക്കിംഗ് കേന്ദ്രങ്ങൾ എല്ലാംതന്നെ പഞ്ചായത്ത് അംഗീകൃത പാർക്കിംഗ് കേന്ദ്രങ്ങളല്ല.

പഞ്ചായത്തിൽ മൊത്തം 127.091 കി.മീ. റോഡ് ശൃംഖലയുണ്ട്. ഇതിൽ 18 കി.മീ. P.W.D. റോഡ് ഉണ്ട്. ഇതിൽ ഒരു എം.എൽ.എ. റോഡും ഉൾപ്പെടുന്നു. വടക്കാഞ്ചേരിയിൽനിന്ന് കുന്ദംകുളത്തേക്ക് പോകുന്ന പ്രധാന P.W.D. റോഡ് എരുമപ്പെട്ടി റോഡ് Ist സെക്ഷൻ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്നു. കാഞ്ഞിരകോടുനിന്ന് ആരംഭിച്ച് കരിയന്നൂർ വരെയാണ്. ഈ P.W.D റോഡിലൂടെയാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വാഹനഗതാഗതം അനുഭവപ്പെടുന്നത്.

കഴിഞ്ഞ 5 വർഷ കാലയളവിൽ പഞ്ചായത്തിലെ P.W.D റോഡുകൾക്ക് കാര്യമായി പണികൾ ഒന്നും നടത്തിയിട്ടില്ല എന്നതിനാൽ P.W.D റോഡുകളുടെ സ്ഥിതി ശോചനീയമാണ്.

പഞ്ചായത്തിൽ 154 പഞ്ചായത്ത് റോഡുകൾ ഉണ്ട്. ഈ റോഡുകളുടെ മൊത്തം ദൈർഘ്യം 109.091 കി.മീ ആണ്. ഇതിൽ ടാർ ചെയ്തത് 10.609 കി.മീ. ആണ്. മെറ്റൽ റോഡുകൾ 7.900 കി.മീ. ആണ് മൺ റോഡുകൾ 90.591 കി.മീ ആണ്. മൺറോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്.

**പ്രശ്നങ്ങൾ** :

1. P.W.D. റോഡ്
2. P.W.D. റോഡുകളുടെ വീതിയില്ലായ്മ
3. ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ
4. എരുമപ്പെട്ടി, നെല്ലുവായ് എന്നീ ജംഗ്ഷനുകളിൽ മഴക്കാലത്ത് റോഡുകളിൽ വെള്ളം കെട്ടിനിൽക്കുന്നു.
5. P.W.D റോഡുകളിലെ പാലങ്ങളുടെ കാലപഴക്കം

**പഞ്ചായത്ത് റോഡുകൾ**

1. പഞ്ചായത്ത് റോഡുകൾക്ക് കാനകൾ ഇല്ല
2. സ്വകാര്യവ്യക്തികൾ റോഡുകൾ കയ്യേറി വീതി കുറയ്ക്കുന്നു.

3. ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ

**നിർദ്ദേശങ്ങൾ**

1. റോഡുകൾ ശുചീകരണപ്രവർത്തനങ്ങൾ ജനങ്ങളുടെ കൂട്ടായ് സഹകരണത്തോടുകൂടി നടപ്പാക്കുക

2. കാലപഴക്കം വന്നതും, വീതിയില്ലാത്തതുമായ പാലങ്ങൾ പുതുക്കിപണിയുക.

3. ഗതാഗതയോഗ്യമല്ലാത്ത P.W.D റോഡുകൾ പണിയുക. കാനങ്ങൾ വൃത്തിയാക്കുക

4. പഞ്ചായത്തിലുള്ള തൊഴിലാളികളെ തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് റോഡുപണിക്ക് വിനിയോഗിക്കുക.

5. പാർക്കിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പാക്കി പാർക്കിംഗ് ഫീ ഏർപ്പെടുത്തുക.

**ഗ്രാമസഭ നിർദ്ദേശങ്ങൾ**

**വാർഡ് – 1**

**നിർദ്ദേശങ്ങൾ**

1. എരുമപ്പെട്ടി വായനശാല റോഡ് നന്നാക്കുക

2. കരിയന്നൂർ കാവിൽവട്ടം റോഡ് നന്നാക്കുക

3. അയ്യപ്പക്ഷേത്രം റോഡ്, പാടത്തേക്കുള്ള റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക.

4. എരുമപ്പെട്ടി ഹൈസ്കൂളിന് മുൻവശത്തുള്ള കൽവർട്ട് ഉയർത്തിപണിയുക.

5. മുസ്ലിം പള്ളി മുതൽ ആലുക്കൽചിറവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

**വാർഡ് – 2**

1. ഉമിക്കുന്ന് കോളനി റോഡ് 2 KM ദൂരം ടാർ ചെയ്യണം

2. പോസ്റ്റാഫീസ് റോഡ് (L.P. School റോഡ്) ഗതാഗതയോഗ്യമാക്കണം.

3. എരുമപ്പെട്ടി മുതൽ മണ്ടംപറമ്പ് സ്കൂൾ വരെയുള്ള റോഡ് ടാർ ചെയ്യണം.

4. എരുമപ്പെട്ടി–തിപ്പല്ലൂർ, കരിയന്നൂർ വരെയുള്ള റോഡ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം

5. എരുമപ്പെട്ടി കടങ്ങോട് ജംഗ്ഷനിൽ കാനകൾ വൃത്തിയാക്കി ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിച്ച് റോഡ് സംരക്ഷിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

6. കുന്നത്തേരി ഞാറ്റുവെട്ടി റോഡ്, ശങ്കരൻകാവ് അമ്പലം റോഡ്, കരിയന്നൂർ–കടങ്ങോട് റോഡ് എന്നീ റോഡുകൾ നന്നാക്കുക.

**വാർഡ് – 3**

1. മുരിങ്ങത്തേരി – പതിയാരം ലിംങ്ക് റോഡ് നന്നാക്കുക.

2. കാവാലൻ ചിറ മുതൽ അന്ത്യാളൻ വരെ കൃഷിക്കാവശ്യമായ റോഡ് നിർമ്മിക്കുക

3. പതിയാരം കുറുപ്പു വീട്ടിൽ ഇടവഴി വീതികൂട്ടി ട്രാക്ടർ കൊണ്ടു പോകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

4. നെല്ലുവായ്–പട്ടാമ്പി P.W.D റോഡ് ഗതാഗതയോഗ്യമാക്കുക.

**താഴെപറയുന്ന റോഡുകൾ നന്നാക്കുക**

a. നെല്ലുവായ് തോട് വഴി

b. മാരിയമ്മൻ കാവിൽനിന്നും മുല്ലയ്ക്കൽ അമ്പലത്തേക്കുള്ള വഴി

c. പടിഞ്ഞാറ്റു മുറി റോഡ്

d. കാവാലൻ ചിറയിലേക്കുള്ള വഴി

e. പതിയാരം പടിഞ്ഞാറ്റുവഴി റോഡ്, കിഴക്കുമുറി റോഡ്, ചേറ്റുവട്ടി റോഡ്

**വാർഡ് 4.**

1. കുട്ടഞ്ചേരി ഭരണച്ചിറ റോഡ് മെറ്റലിംഗ്, ടാറിങ്ങ് പണി നടത്തുക.

2. കുറമ്പിലാംകുന്ന് കോളനി റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് പണി നടത്തുക.

3. മുരിങ്ങത്തേരി മുണ്ടംകോട് കോളനി റോഡ് മെറ്റലിങ്ങ് & ടാറിങ്ങ് നടത്തുക.
4. നെല്ലിക്കുന്ന് കോളനി റോഡ് മെറ്റലിങ്ങ് & ടാറിങ്ങ് നടത്തുക.
5. കുഞ്ചൻ റോഡ് പണി പൂർത്തീകരിക്കുക.
6. മുരിങ്ങത്തേരി Estate Road ഗതാഗതയോഗ്യമാക്കുക.
7. കുട്ടഞ്ചേരി 5 മൂല റോഡ് പണിപൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുക.

**വാർഡ് – 5**

1. മങ്ങാട് ചാത്തംകുളം എടക്കാട് കോളനി – ചിറ്റണ്ട ലിങ്ക് റോഡ് പണി പൂർത്തീകരിക്കുകയും പ്രസ്തുത റോഡിൽ ബസ്സ് ഗതാഗതം ആരംഭിക്കുക.
2. മങ്ങാട് കിഴക്കേകര ചിറ്റണ്ട ഫാം റോഡ് മെറ്റൽ വിരിച്ച് ടാർ ചെയ്യുക.
3. മുട്ടിക്കൽ മോസ്ക് റോഡ് മെറ്റൽ ചെയ്ത് ടാറിങ്ങ് നടത്തുക.
4. നാലാംകല്ല് നായാട്ടുപാറ കോളനി റോഡ്

   പുന്നക്കോട് പ്രിയദർശിനി റോഡ് കുമ്പാര കോളനി റോഡ്

   നായാട്ടുപാറ ഹരിജൻ കോളനി റോഡ്

   പുലിക്കോട്ടിൽ ഇടവഴി

   മങ്ങാട് കുരിശ് പള്ളി വഴി

   എന്നീ റോഡുകൾ നന്നാക്കി സഞ്ചാരയോഗ്യമാക്കി തീർക്കുക
5. മുട്ടിക്കൽ ഹരിജൻ കോളനി റോഡ് അറ്റകുറ്റപണി നടത്തി സഞ്ചാരയോഗ്യമാക്കുക.

**വാർഡ് – 6**

താഴെപറയുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുക

1. മങ്ങാട് കോട്ടപ്പുറം P.W.D ഗതാഗത യോഗ്യമാക്കുക
2. തോട്ടുപാലം തെക്കോട്ടുള്ള റോഡ്
3. നെല്ലുവായ് തെക്കുമുറി റോഡ്
4. പാക്കത്ത് റോഡ്
5. ആയുർവേദാശുപത്രി റോഡ്

**വാർഡ് – 7**

**താഴെപറയുന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുക**

1. മുട്ടിക്കൽ ആറ്റത്ര ചർച്ച റോഡ്
2. ചേങ്ങോട്ട് കൊട്ടിളമുക്ക് റോഡ്
3. ഇടശ്ശേരി വളപ്പിൽ ഇടവഴി റോഡ്
4. കല്ലാട്ടിൽ ഇടവഴി റോഡ്
5. പള്ളി അങ്ങാടി ഇടവഴി ആറ്റത്ര
6. കല്ലൂക്കാരൻ ഇടവഴി
7. മണ്ണത്രക്കാവ് വഴി
8. മങ്ങാട്–കോട്ടപ്പുറം P.W.D. റോഡ്
9. അഴകമല ക്ഷേത്രറോഡ് നിർമ്മാണം പൂർത്തിയാക്കുക.
10. കൃഷി ആവശ്യത്തിന് – ചേങ്ങോട് റോഡിൽ നിന്നും കളത്തിൽ റോഡിലേക്ക് യോജിപ്പിച്ചുകൊണ്ടുള്ള റോഡ്
11. ചുങ്കത്ത് പടിക്കൽ നിന്നും മനപ്പടി റോഡിലേക്ക് ലിങ്ക് റോഡ്

**വാർഡ് – 8**

1. കുണ്ടന്നൂർ തെക്കേക്കര റോഡിന്റെ പണി എത്രയും പെട്ടെന്ന് നടത്തുക.
2. പടിഞ്ഞാറെ കര M.G. റോഡ്, ശ്രീകൃഷ്ണപുരം അമ്പലംറോഡ്, മുസ്ലിംപള്ളി റോഡ്, എന്നിവയ്ക്കാവശ്യമായ പുരോഗമന പ്രവർത്തനം നടത്തുക.
3. വടക്കുംമുറി റോഡ്, ടാർ ചെയ്യുക.
4. കോളനി റോഡ് ടാർ ചെയ്യുക.

**വാർഡ് - 9**

1. ചിറ്റണ്ട - മങ്ങാട് റോഡ് ടാറിംങ്ങ് പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുക.
2. 8-ാം വാർഡും, 9-ാം വാർഡും ബന്ധപ്പെടുത്തുന്ന ചിറ്റണ്ട കണ്ടന്നൂർ ലിങ്ക് റോഡ് പണിപൂർത്തീക രിച്ച് ഗതാഗതയോഗ്യമാക്കുക.
3. കോഴിക്കോട്ട് മുക്ക് റോഡും അതുമായി ബന്ധി പ്പിക്കുന്ന കോളനി റോഡും, ഗതാഗതയോഗ്യമാ ക്കുന്നതിന് ആവശ്യമായി പ്രാരംഭ നടപടികൾ തുട ങ്ങുക.
4. മനയ്ക്കൽപടി പുളിക്കത്തോട് റോഡ് അമ്പലം റോഡിനോട് ബന്ധിപ്പിക്കുക.
5. ചിറ്റണ്ട കുണ്ടന്നൂർ ലിങ്ക് റോഡിനോട് അമ്പലം റോഡ് ബന്ധിപ്പിക്കുക.
6. ചിറ്റണ്ട കോളനി റോഡ് ഗതാഗതയോഗ്യമാക്കുക
7. മുശാലി കുന്ന് കോളനി റോഡ് ഗതാഗതയോഗ്യ മാക്കുക.
8. ഇനഞ്ഞാട്ടുചിറ റോഡ് ഗതാഗത യോഗ്യമാക്കുക
9. ചിറ്റണ്ട ശിവക്ഷേത്രം ഇടവഴി (ലക്ഷം വീട് മുതൽ) വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
10. ചിറ്റണ്ട പടിഞ്ഞാറ്റുമുറി കുന്നുംപുറം റോഡ് മഠ ത്തിൽ പടികോളനി റോഡ് സഞ്ചാരയോഗ്യമാ ക്കുക.

**വാർഡ് - 10**

1. റോഡുകളുടെ കാനകൾ വൃത്തിയാക്കുക
2. ചിറ്റണ്ട ചെറുതാണി റോഡ് ഗതാഗതയോഗ്യമാ ക്കുക.
3. തൃക്കണപതിയാരം-കാഞ്ഞിരക്കോട് റോഡ് ടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കുക.
4. കാഞ്ഞിരക്കോട് ബസ്സ് സ്റ്റോപ്പിൽനിന്നും പറാത്തു കുളം റോഡ് ഗതാഗതയോഗ്യമാക്കുക
5. കുന്നത്തുകാട് കോളനി റോഡ് ഗതാഗതമാക്കുക.
6. കുന്നത്ത് കാട് കോളനി നിവാസികൾക്ക് കുളി യ്ക്കാൻ എത്തിച്ചേരുന്നതിനുവേണ്ടി പഞ്ചായത്ത് വഴിയിലുള്ള കയ്യേറ്റക്കാരെ ഒഴിവാക്കി ഗതാഗത യോഗ്യമാക്കുക.
7. കൊരട്ടിയാംകുന്ന് കോളനി റോഡ് തൃക്കണപതി യാരം വഴി ചിറ്റണ്ട സ്കൂൾ വരെയുള്ള റോഡ് ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.

**വാർഡ് 11**

1. ചുക്കിരിയാൻപ്പടി മോസ്കോ-കോട്ടക്കുന്ന് കോളനി വഴി റോഡ് നിർമ്മിക്കുക
2. കാഞ്ഞിരക്കോട് കൊടുമ്പ് പള്ളി റോഡ് ഗതാഗ തയോഗ്യമാക്കുക.
3. കാഞ്ഞിരക്കോട് വളവിൽനിന്ന് മോസ്ക് റോഡ് ഗതാഗതയോഗ്യമാക്കുക.
4. വെള്ളിച്ചിരിപ്പാറ റോഡ് ഗതാഗതയോഗ്യമാക്കുക.
5. ചന്ദനത്തോടും റോഡ് ഗതാഗതയോഗ്യമാക്കുക.
6. കൊടുമ്പ് പള്ളി മദ്രസ്സ റോഡ് ഗതാഗതയോഗ്യ മാക്കുക.
7. പാലാഴി റോഡ് ഗതാഗതയോഗ്യമാക്കുക.

# ഊർജ്ജം

മനുഷ്യ ചരിത്രത്തിലെ പ്രധാനപ്പെട്ട വഴിത്തിരിവായിരുന്നു തീയുടെ കണ്ടുപിടുത്തം. അന്നുമുതൽ ഊർജ്ജത്തിന്റെ ഉപയോഗം പുരോഗതിയുടെ അളവുകോലായി കണക്കാക്കപ്പെടുന്നു.

"ആളോഹരി ഊർജ്ജോപയോഗം രാഷ്ട്രപുരോഗതിയുടെ അളവുകോലായി കണക്കാക്കപ്പെടുന്നു" മനുഷ്യപുരോഗതിക്കാവശ്യമായ ഊർജ്ജം കണ്ടെത്താനുള്ള പ്രയത്നഫലമായി വണ്ടികൾ വലിക്കുന്നതിനും കാർഷികാവശ്യങ്ങൾക്കും മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ആധുനികയുഗത്തിൽ ആണവ വൈദ്യുതനിലയങ്ങൾ വരെ ഉപയോഗിച്ച് ലോകത്തിന്റെ ഊർജ്ജാവശ്യം എങ്ങിനെയെല്ലാം നിറവേറ്റാം എന്ന പരീക്ഷണത്തിലൂടെ കടന്നുപോയി കൊണ്ടിരിക്കുന്ന യുഗത്തിലാണ് നാം ജീവിയ്ക്കുന്നത്.

എരുമപ്പെട്ടി പഞ്ചായത്തിൽ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നത് വിറക്, എണ്ണ, വൈദ്യുതി, വാതകം എന്നിവയിലൂടെയാണ്. ഈ പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സ് വിറക് തന്നെയാണ്.

95% ജനങ്ങളും ആശ്രയിക്കുന്നത് വിറകിനെയാണ്. വിറക്.വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നത് ഇഷ്ടിക നിർമ്മാണത്തിനുമാത്രമാണ്. വളരെ ചെറിയ അളവ് മാത്രമാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്. വിറകിനായി അടുത്തകാലം വരെയും ഈ പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്നത് വനങ്ങളെയാണ്. എന്നാൽ അടുത്ത കാലത്ത് വനസംരക്ഷണപ്രവർത്തനങ്ങളുടെ ഭാഗമായി വിറകിന് വനത്തെ ആശ്രയിക്കാൻ കഴിയാതെ വന്നിരിയ്ക്കുകയാണ്.

എണ്ണ ഉപയോഗിച്ച് ഊർജ്ജാവശ്യം നിറവേറ്റുന്നത് വളരെ വിരളമാണ്. പാചകം, കൃഷി, വാഹനങ്ങൾ എന്നീ ആവശ്യങ്ങൾക്കാണ് എണ്ണ ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ വാതകം ഉപയോഗിക്കുന്നത് വീടുകളിലും വർക്ക് ഷോപ്പുകളിലുമാണ്.

കാർഷികാവശ്യങ്ങൾ നിറവേറ്റുന്നതിന് മനുഷ്യപ്രയത്നം ഉപയോഗിച്ചും കന്നുകാലികളെ ഉപയോഗിച്ചും നിറവേറ്റിയിരുന്ന നാം ഇന്ന് പ്രധാനമായും ആശ്രയിക്കുന്നത് യന്ത്രങ്ങളെയാണ്. അതുകൊണ്ട് ഊർജ്ജത്തിന്റെ ലഭ്യതയുടെ കുറവുകൾ കാർഷിക [illegible]യെയും ബാധിക്കുന്നു. പ്രധാനമായും പമ്പു[illegible] പ്രവർത്തിക്കുന്നത് വൈദ്യുതിയും ഇന്ധനങ്ങളും ഉപയോഗിച്ചാണ്. വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം കർഷകരെ ബാധിക്കുന്നുണ്ട്. കാർഷികാവശ്യ[illegible] പെർമിറ്റ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ [illegible] കാവശ്യത്തിന് തികയാത്തതും അവ യഥാസമയം പദ്യമാകാത്തകും കർഷകർക്ക് ഒരു പ്രശ്നംതന്നെയാണ്. ഗ്രാമീണ മേഖലയിൽ ഗോബർഗ്യാസ് മുതലായ ഊർജ്ജ മാർഗ്ഗങ്ങളുപയോഗിച്ച് ഒരു പദ്ധതിയ്ക്ക് നാം ലക്ഷ്യമിടേണ്ടിയിരിക്കുന്നു.

ഗാർഹികാവശ്യത്തിനാണ് പഞ്ചായത്തിൽ ........ കുടുതൽ വൈദ്യുത കണക്ഷനും നൽകിയിരിക്കുന്നത്. എരുമപ്പെട്ടി പഞ്ചായത്തിലെ വൈദ്യുതി കണക്ഷന്റെ പട്ടിക താഴെകൊടുക്കുന്നു.

| *ഗാർഹികം* | *കാർഷികം* | *വ്യാപാരം* | *വ്യവസായം* | *ആകെ* |
|---|---|---|---|---|
| *2880* | *1170* | *490* | *68* | *4608* |

പഞ്ചായത്തിൽ വൈദ്യുത വോൾട്ടേജ്ക്ഷാമം [illegible]രെയധികം രൂക്ഷമാണ്. വൈദ്യുതി ലൈനുകളിൽ മര[illegible]ക്കൊമ്പുകൾ തട്ടി പ്രസരണനഷ്ടം അനുഭവപ്പെട[illegible]ന്നു. വൈദ്യുതബോർഡിന്റെ ജീവനക്കാരുടെ അഭാവ[illegible]ാണ് പ്രധാനകാരണം.

വൈദ്യുത രംഗത്തുണ്ടാകുന്ന വിതരണ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് തൊഴിലാളികളുടെ അപര്യാപ്തത മൂലം സമയ ദൈർഘ്യം നേരിടുന്നു.

ഗാർഹികാവശ്യത്തിനാണ് പഞ്ചായത്തിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണ ഭൂരിഭാഗവും ചിലവാക്ക[illegible] പാചകാവശ്യത്തിന് മണ്ണെണ്ണ മാത്രം ഉപയോഗിക്കുന്നവർ വളരെ വിരളമാണ്. പാചക വാതകം ഉപയോഗക്കുന്നവർ ഈ പഞ്ചായത്തിൽ 5% മാത്രമാണ്.

വിറക് ഉപയോഗിച്ചാണ് പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും പാചകാവശ്യം നിറവേറ്റുന്നത്. അ[illegible] സ്ത്രീയ വിറകടുപ്പുകൾ ഉപയോഗിക്കുന്നതുമൂലം 15% ഊർജ്ജ നഷ്ടം അനുഭവപ്പെടുന്നു. വിറകിന്റെ ആവശ്യകതയും ലഭ്യതയും തമ്മിൽ വലിയ വ്യത്യാസം അനുഭവപ്പെടുന്നതുകൊണ്ട് ഈ രീതിയിലുള്ള ഊർജ്ജ

നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മുഖ്യപ്രശ്നങ്ങൾ**

1. ജനങ്ങളുടെ മുഖ്യ ഊർജ്ജ ഉറവിടമായ വിറകിന്റെ അഭാവം, വിറകിന്റെ വിലവർധനവ്, വനപ്രദേശത്തുനിന്ന് വിറക് ശേഖരിക്കാനുള്ള പ്രയാസം, സ്വകാര്യ ഭൂമി വെട്ടി തെളിയച്ച് മറ്റ് നാണ്യവിളകൾ കൃഷി ചെയ്യുന്നതുമൂലം വിറകിനാവശ്യമായ നാടൻ മരങ്ങൾ അഭാവം.
2. വോൾട്ടേജ് കുറവ്, തുടരെ തുടരെയുള്ള അപ്രഖ്യാപിത പവർകട്ടുകൾ എന്നിവ ഈ പ്രദേശത്തെ മുഖ്യസംഭവങ്ങളാണ്.
3. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെകുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മ.
4. ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപയോഗവും ലഭ്യതയും തമ്മിലുള്ള വിടവ്.
5. വഴിവിളക്കുകൾ കത്തുന്നില്ല, എണ്ണംകുറവാണ്.
6. കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ അപര്യാപ്തവും യഥാസമയം ലഭിക്കുന്നില്ല.
7. വൈദ്യുതിയുടെ അമിതോപയോഗവും, ബില്ലിംഗ് സംവിധാനത്തിലെ പോരായ്മകളും.
8. വൈദ്യുതി വിതരണ തകരാറുകൾ പു:നർ വിതരണം നടത്തുന്നതിനുള്ള സമയ ദൈർഘ്യം.

**പരിഹാരങ്ങളും നിർദേശങ്ങളും**

1. പഞ്ചായത്ത് അതിർത്തയിലുള്ള റിസർവ് വനങ്ങളിലും സാമൂഹ്യ വനവത്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി വിറക് ഉത്പാദിപ്പിച്ച് വിതരണം നടത്തുക.
2. വൃക്ഷതൈ നേഴ്സറികൾ പഞ്ചായത്ത് തലത്തിൽ വളർത്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
3. ക്ഷമത കൂടിയ വിറക് അടുപ്പുകൾ പ്രചരപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരക്കുക.
4. ബയോഗ്യാസ്,ഗോബർ ഗ്യാസ് പ്ലാൻറുകൾ നടപ്പാക്കുക.
5. ചിറകെട്ടിചോല, ചാത്തൻചിറ എന്നീ ഭാഗങ്ങളിൽ മിനി വൈദ്യുതി പദ്ധതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കുക.
6. വൈദ്യുതി ലാഭിക്കുന്ന കോംപാക്ട് ഫ്ളൂറസെന്റ് ലാബുകൾ, ഇലക്ട്രോണിക് ചോക്കുകൾ എന്നീ ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
7. ഗ്രാമീണ ഊർജ്ജാസൂത്രണത്തിന് പറ്റിയ പദ്ധതികൾ ആവിഷ്കരിച്ച് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതിന് മുൻഗണന നൽകുക.
8. വഴിവിളക്കുകളിലെ ബൾബുകൾ മാറ്റാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക.
9. പാചക വാതകം ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരഹരിക്കുക.
10. കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണയുടെ അളവ് കൂട്ടുകയും യഥാസമയത്ത് വിതരണം ചെയ്യുകയും ചെയ്യുക.
11. കാറ്റിൽനിന്നും സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പദ്ധതിക്ക് രൂപം നൽകുക.
12. വൈദ്യുത കമ്പികളിൽ മരക്കൊമ്പുകൾ തട്ടിയുള്ള വൈദ്യുത പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് വൈദ്യുത ബോർഡ് ജീവനക്കാരെ ഉൾപ്പെടുത്തി വാർഡ് തലത്തൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
13. ഫീഡറുകൾ, ജംബറുകൾ തുടങ്ങിയ വൈദ്യുതി വിതരണ ഉപകരണങ്ങളുടെ പോരായ്മകൾ പരിഹരക്കുക.
14. കൃത്യമായ വിതരണ സംവിധാനം ഉറപ്പാക്കുന്നതിനും, വൈദ്യുതിയുടെ അമിതോപയോഗം കണ്ടുപിടിക്കുന്നതിനും മാസം തോറുമുള്ള ബില്ലിംങ്ങ്, ചെക്കിംങ്ങ് സമ്പ്രദായം നടപ്പാക്കുക.
15. വൈദ്യുത വിതരണ തകരാറുകൾ പുന:വിതരണം നടത്തുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുന്നതിന് ആവശ്യമായ ജീവനക്കാരെയും അവരുടെ കാര്യക്ഷമതയും ഉറപ്പുവരുത്തുക.

**ഗ്രാമസഭ നിർദേശങ്ങൾ**

**വാർഡ്-1**

1. നിലവിലുള്ള തെരുവ് വിളക്കുകൾ കത്തിക്കുക.
2. പുതിയ ലൈറ്റുകൾ സ്ഥാപിക്കുക

വർഡ്–2

1. വാർഡിൽ എല്ലായിടത്തും വൈദ്യുതി എത്തിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക

വാർഡ്–3

1. വാർഡിൽ എല്ലായിടത്തും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

വാർഡ്–4

1. വാർഡിൽ വൈദ്യുതി എത്താത്ത എല്ലാ സ്ഥലത്തും വൈദ്യുതി എത്തിക്കുക.
2. കുട്ടഞ്ചേരി ഭരണച്ചറ റോഡ്, കുറിമ്പിലാംകുന്ന് കോളനി റോഡ് എന്നീ റോഡുകൾ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
3. മുരിങ്ങത്തേരി, മുണ്ടംകോട് കോളനി റോഡൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
5. ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

വാർഡ്–5

1. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
2. ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
3. തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

വാർഡ്–6

1. എല്ലാ വഴികളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

വാർഡ്–7

1. തെരുവ് വിളക്ക് ആറ്റത്ര ചാഴിക്കുളം ഭാഗത്ത് സ്ഥാപക്കുക.
2. തെരുവ് വിളക്ക് ഇല്ലാത്ത എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കുകയും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക.

വാർഡ്–8

1. ഇലക്ട്രിസിറ്റി ഓഫീസിന് സ്ഥലം സൗജന്യമായി കൊടുക്കുവാൻ സന്നദ്ധമാണ്. അവിടെ ഓഫീസ് നിർമിക്കുക.
2. കുണ്ടന്നൂർ തെക്കേക്കര റോഡ്, എം.ജി.റോഡ് എന്നിവിടങ്ങളിൽ ഇലക്ട്രിസിറ്റി ലൈൻ സ്ഥാപിക്കുക.
3. സോഡിയം ലാമ്പുകൾ സ്ഥാപക്കുക.

വാർഡ്–9

1. 9–ാം വാർഡിലെ ഹരജൻ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കു.
2. തെരുവ് വിളക്കുകൾ കത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

വാർഡ്–10

1. ആവത്തുകാട് കോളനിയിലെ 12 ഹരിജൻ വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.
2. 10–ാം വാർഡിന്റെ മുഴുവൻ വഴിയോരങ്ങളിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക.

വാർഡ്–11

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. എല്ലാ സ്ഥലത്തും തെരുവ് വിളക്ക് സ്ഥാപിക്കുക.
3. ചാത്തൻചിറ ഭാഗത്തെ വീടുകൾ വൈദ്യുതീകരിക്കുക.
4. കാർഷികാവശ്യങ്ങൾക്ക് ത്രീഫേസ് കണക്ഷൻ നല്കുക.
5. എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

# പാർപ്പിടം - സാമൂഹ്യക്ഷേമം

എരുമപ്പെട്ടി പഞ്ചായത്തിൽ ആകെ 5065 വീടുകളും, 5107 കുടുംബങ്ങളുമാണ് 1991ലെ സെൻസസ് കണക്കുകൾ പ്രകാരമുള്ളത്. അതിന് ശേഷം പഞ്ചായത്ത് പ്രദേശത്ത് പുതിയതായി നിർമ്മിച്ചതും, സർക്കാരിൻെറ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെയും മറ്റും വീടുകൾ അനുവദിച്ചത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 1995 - 96 ലെ കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ അനുസരിച്ച് ആകെ 7233 കെട്ടിടങ്ങൾ ഉണ്ട്. അത്രയും കെട്ടിടങ്ങളിൽ 59% കെട്ടിങ്ങൾക്കും നികുതി ഈടാക്കി വരുന്നുണ്ട്. നികുതി ഈടാക്കുന്ന കെട്ടിടങ്ങളിൽ 68% കെട്ടിങ്ങൾ ഓടുമേൽക്കൂരയുള്ള വീടുകളാണ്. മുഴുവനായും കോൺക്രീറ്റിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ 21% ഉണ്ട്. അതിനു പുറമെ ബാക്കിയുള്ളവ കോൺക്രീറ്റ് ഉപയോഗിച്ച് ഒന്നിൽ കൂടുതൽ നിലകളുള്ളവയും, പഴയ കെട്ടിടങ്ങളിൽ ഭാഗികമായി ഓടു മേൽക്കൂരയും കോൺക്രീറ്റ് മേൽക്കൂരയും രണ്ടും ഉപയോഗിച്ച് കൂട്ടിച്ചേർത്ത് പണിതിട്ടുള്ള വീടുകളും ഉണ്ട്.

പൊതുവെ സാമ്പത്തിക നിലവാരം വളരെ ഉയർന്ന കുടുംബങ്ങളുടെ വീടുകളുടെ നിലം മൊസൈക്ക്, ഗ്ലേസ്ഡ് ടൈൽസ്, മാർബിൾ എന്നിവ ഉപയോഗിച്ച് മോടിപിടിപ്പിച്ചിട്ടുള്ള കോൺക്രീറ്റ് വീടുകളാണ്. അവയുടെ ചുവരുകൾ ക്രോൺക്രീറ്റ് ഹോളോബ്രിക്സ്, ഇഷ്ടിക, ചെങ്കല്ല് എന്നിവ സിമൻറ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളവയാണ്. ചുരുക്കം ചില വീടുകളിൽ ഗ്രാനൈറ്റ്, മാർബിൾ എന്നിവ ഉപയോഗിച്ച് ചുവരുകൾ മോടിപിടിപ്പിച്ചിട്ടുണ്ട്. ഇവരുടെ വീടുകളിൽ ആവശ്യത്തിലധികം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. ഇത്തരം വീടുകളിൽ ആധുനിക, ഇലക്ട്രിക്, ഇലക്ട്രോണിക്, വാർത്താവിനിമയ സൗകര്യങ്ങളും വേണ്ടത്രയുണ്ട്. കേരളത്തിൻെറ വാസ്തു ശില്പ മാതൃകയിൽ നിന്നും ഇത്തരം വീടുകൾ അതിവിദൂരം വ്യതിചലിച്ചു കൊണ്ടിരിക്കുകയാണ്. ഉയർന്ന വരുമാനക്കാരായ ആളുകൾ പണിയുന്ന പുതിയ വീടുകളിൽ നിന്നും ഓടിട്ട് മേൽക്കൂര പണിയുന്നതും, മരങ്ങൾ ഉപയോഗിച്ച് മരത്തട്ട് ഇട്ടിരുന്നതുമായ നിർമ്മാണ രീതിക്കുപകരം, ആസ്ഥാനം കോൺക്രീറ്റ് മേൽക്കൂരകൾക്ക് വഴിമാറിയിരിക്കുകയാണ്. പരമ്പരാഗതമാതൃകയിലുള്ള വീടുകളും, പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നുണ്ട്. ദുർവ്യയകെട്ടിട നിർമ്മാണത്തിനെതിരെ ജനങ്ങൾക്ക് ബോധവൽക്കരണം ആവശ്യമാണ്.

കോൺക്രീറ്റ് ഭ്രമം ഇവിടങ്ങളിൽ വ്യാപിച്ചതിന് കാരണം വിദേശത്ത് ജോലിയുള്ള ആളുകൾ ഈ പ്രദേശങ്ങളിൽ പണിതിട്ടുള്ള ആധുനിക രീതിയിലുള്ള കെട്ടിടങ്ങളുടെയും, വീടുകളുടെയും സ്വാധീനമാണെന്ന് പറയാം. ഇത്തരം മാതൃക അവലംബിച്ച് നാട്ടിൽ ജോലി ചെയ്യുന്നവരും ഉയർന്ന വരുമാനമുള്ളവരും പുതിയ വീടുകൾ പണിയുനതിൽ "ഗൾഫ് മേഖല" വൻ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതുവഴി ധാരാളം പണം ദുർവ്യയം ചെയ്യുന്നുണ്ട്.

കേരളത്തിൻെറ കാലാവസ്ഥക്കും, പരിമിതമായ വിഭവശേഷിക്കും അനുസൃതമായ തരത്തിലല്ല, അത്തരത്തിലുള്ള വീടുകൾ നിർമ്മിക്കുന്നത്.

മരം, ഓട് എന്നിവ ഉപയോഗിച്ച് മേൽക്കൂര പണിതിട്ടുള്ള ഇടത്തരം വരുമാനക്കാരുടെ വീടുകളിൽ ചിലത് മരത്തട്ട് ഇട്ടവയാണ്. ചുവരുകൾ മണ്ണിഷ്ടിക, മണ്ണ്, ചെങ്കല്ല്, ചൂള ഇഷ്ടിക എന്നിവ ഉപയോഗിച്ചും മറ്റുള്ളവ സിമൻറ്, ഇഷ്ടിക ചെങ്കല്ല് എന്നിവ ഉപയോഗിച്ചും പണിതിട്ടുണ്ട്. ഇത്തരം വീടുകളുടെ നിലം സിമൻറ്, മണൽ എന്നിവ ഉപയോഗിച്ചും, സിമൻറിൽ ചാന്തു ചേർത്ത് പണിതവയും മണ്ണ് ഉപയോഗിച്ച് മിനുക്കി ചാണകം മെഴുകിയ വീടുകളും ഉണ്ട്. മിക്ക വീടുകൾക്കും അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്.

പഞ്ചായത്തിൽ ആകെയുള്ള കെട്ടിടങ്ങളിൽ 46% ഓല മേഞ്ഞവയാണ്. ഇവയിൽ 25% ആൾത്താമസമുള്ള വീടുകളാണ്. ബാക്കിയുള്ളവ സാധനസാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകളും മറ്റും ആണ്. ഓല മേഞ്ഞ വീടുകൾക്ക് കെട്ടിട നികുതി സൗജന്യമാണ്. അതുപോലെ തന്നെ സർക്കാരിൻെറ വിവിധ ഭാവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി വായ്പയായും, ഗ്രാൻറ് നൽകിയും നിർമ്മിച്ചിട്ടുള്ളതുമായ ഓടു മേൽക്കൂരയുള്ള എല്ലാ വീടുകൾക്കും കെട്ടിട നികുതി സൗജന്യമാണ്. ഓല മേഞ്ഞ വീടുകളുടെ ചുവരുകൾ മണ്ണിഷ്ടിക, ഓല എന്നിവകൊണ്ട് നിർമ്മിച്ചവയാണ്. നിലം ചാണകം മെഴുകിയ വീടുകളാണ് മിയ്ക്കവയും. ഇത്തരം വീടുകളിൽ താമസിക്കുന്നവരുടെ അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറവാണ്. വൈദ്യുതി, റോഡ്, കുടിവെള്ളം എന്നിവയുടെ സൗകര്യങ്ങളും കുറവാണ്.

പഞ്ചായത്തിൽ ആകെ 22 പട്ടികജാതി കോളനികളും ലക്ഷം വീട് കോളനികൾ നാല് എണ്ണവും ഉണ്ട്. അവയുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. കാഞ്ഞിരക്കോട് ഓരു പുനരധിവാസ കോളനിയും ഐ.ആർ.ഡി.പി. സർവ്വെപ്രകാരം വീടുകൾ ആവശ്യമുള്ള 1297 കുടുംബങ്ങളിൽ 78 വീടുകളാണ് കഴിഞ്ഞ അഞ്ചു വർഷക്കാലം പണിതിട്ടുള്ളത്. അതിനും പുറമെ ഓല മേഞ്ഞ തുറ, ഓടു മേഞ്ഞതുമായ 350 വീടുകൾ പുനരുദ്ധരിക്കേണ്ടതായ വീടുകളാണ്. പഞ്ചായത്തിൽ നല്ല വീടില്ലാത്തവരായി 1225 കുടുംബങ്ങളുണ്ട്.

പഞ്ചായത്തിൽ ആകെ 315 കുടുംബങ്ങൾ ഭൂരഹിത കുടുംബങ്ങളാണ്.

ഐ.ആർ.ഡി.പി. പദ്ധതികൾക്ക് പുറമെ ജില്ലാ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ബ്ലോക്കിൽ നിന്നും നൽകുന്ന സഹായധനംകൊണ്ട് പഞ്ചായത്തിലെ വിവിധ കോളനികളിലായി വീടുകൾ നിർമ്മിച്ച് താമസിക്കുന്ന നിരവധി കുടുംബങ്ങളും ഉണ്ട്.

പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി ഉരൽ, അമ്മി

കല്ല് എന്നിവ നിർമ്മിക്കുന തൊഴിലെടുത്ത് ഉപജീവനം നടത്തുന്ന തമിഴ്നാട്ടുകാരായ കുടിയേറ്റക്കാർ താമസിക്കുന്നുണ്ട്. പുറമ്പോക്ക് ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവരായ നിരവധി കുടുംബങ്ങളും താമസിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കെട്ടിട നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, ചെങ്കല്ല്, ഇഷ്ടിക, മെറ്റൽ എന്നിവ ഉത്പാദിപ്പിക്കുന്നുണ്ട്. മരക്കമ്പനികളിൽ മരത്തടികൾ അറുത്തു പാകമാക്കി ആളുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കുന്നുണ്ട്.

കാർഷിക മേഖലയെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ തൊഴിൽ രംഗത്ത് സ്ത്രീ - പുരുഷതൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നുണ്ട്. ഇപ്പോൾ പുതിയ കെട്ടിടങ്ങൾ വീടുകൾ എന്നിവ നിർമ്മിക്കുന്നത് കരാർ അടിസ്ഥാനത്തിലാണ്. ചില വീടുകൾ ഉടമസ്ഥരുടെ സ്വന്തം മേൽനോട്ടത്തിൽ നിർമ്മിക്കുന്നവയാണ്.

കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന മരം, കമ്പി, സിമന്റ്, മെറ്റൽ എന്നിവയുടെ വർദ്ധിച്ച വിലയും, മരം ഭൂമി എന്നിവയുടെ ലഭ്യത കുറവും, വില വർദ്ധനവും പാർപ്പിട രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

കെട്ടിട നിർമ്മാണ രംഗത്തെ ദുർവ്യയം കുറക്കുന്നതിനും ചെലവു കുറഞ്ഞ നിർമ്മാണ രീതികൾ നടപ്പാക്കുന്നതിനുള്ള വിദഗ്ദരുടെ അഭാവം ഈ പഞ്ചായത്തിലുണ്ട്. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണരീതികൾ പ്രചരിപ്പിക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്നതിന് "നിർമ്മിതി കേന്ദ്ര"യുടെ ഒരു യൂണിറ്റ് എരുമപ്പെട്ടി പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന മുഴുവൻ കെട്ടിടങ്ങളും, മറ്റു ഡിപ്പാർട്ട്മെന്റ് ഓഫീസുകളും നിർമ്മിക്കുമ്പോൾ "നിർമ്മിതി കേന്ദ്ര'യുടെ പ്ലാനിൽ നിർമ്മിതി കേന്ദ്രത്തേയോ, കോസ്റ്റ് ഫോർഡ് എന്ന സന്നദ്ധ സംഘടനയെയോ ഏൽപ്പിക്കാവുന്നതാണ്. ഇത് പഞ്ചായത്തിന്റെ വിഭവശേഷി വിപുലപ്പെടുത്തുന്നതിനുപകരിക്കുന്നതാണ്.

പഞ്ചായത്തിൽ ഭവന നിർമ്മാണ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് 10 വീടുകൾ പുതുതായി പണിയുന്നതിനായി 3,31,000 രൂപ പഞ്ചായത്തു പ്രദേശത്ത് വായ്പ നൽകിയിട്ടുണ്ട്. കൊച്ചിൻ കാർഷിക വികസന ബാങ്കിൽ നിന്നും 6 വീടുകൾ പണിയുന്നതിന് 5,47,000 രൂപ ഈ പഞ്ചായത്തിൽ ഭവന വായ്പയായി നൽകിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ നിന്നും പഞ്ചായത്തിലെ നിരവധി വീടുകൾ പുതുക്കി പണിയുന്നതിനും, റിപ്പയർ ചെയ്യുന്നതിനുമായി ഭവന വായ്പകൾ നൽകിയിട്ടുണ്ട്. മറ്റു ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങളും ഈ പ്രദേശത്ത് ഭവന വായ്പകൾ നൽകിയിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ ജനങ്ങൾക്ക് ഭവനവായ്പകൾ ലഭിക്കുന്നതിനും വായ്പ ലഭിക്കാനെടുക്കുന്ന കാലതാമസം ലഘൂകരിക്കുന്നതിനും ഹൗസിംഗ് സൊസൈറ്റികളുടെയും ബാങ്കുകളുടെയും പ്രവർത്തനം ഈ മേഖലയിൽ ഊർജ്ജിതമാക്കണം.

## പരിസ്ഥിതി പ്രശ്നങ്ങൾ

ഇക്കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് പഞ്ചായത്ത് പ്രദേശത്ത് 1314 പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. വയലുകൾ നികത്തി പുതിയ കെട്ടിടങ്ങളും വീടുകളും മറ്റു വ്യവസായ സ്ഥാപനങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിർമ്മിച്ചിട്ടുണ്ട്. വയൽ നികത്തി ഇത്തരം കെട്ടിടങ്ങൾ പണിയുമ്പോൾ അടുത്ത വയലിൽ കൃഷി ചെയ്യുന്ന കർഷകന് അത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മഴക്കാലത്ത് അധികമുണ്ടാകുന്ന ജലം പാടങ്ങളിൽ പരന്നൊഴുകാതെ കെട്ടിടങ്ങളുടെ തൊട്ടടുത്ത വയലിലൂടെ ഒന്നിച്ചൊഴുകി പോകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അതുവഴി കൃഷി നശിക്കുന്നതിന് ഇടയാക്കാറുണ്ട്. അതുപോലെ തന്നെ പുതിയ കെട്ടിടങ്ങളും, വീടുകളും പണിയുമ്പോൾ ജൈവവേലികൾക്ക് പകരം മതിൽ കെട്ടുന്ന പ്രവണത വ്യാപകമായി കണ്ടുവരുന്നുണ്ട്. ജൈവവേലികൾ അപ്രത്യക്ഷമാകുന്നതോടൊപ്പം വേലിയരുകിൽ നിൽക്കുന്ന പല സസ്യലതാദികളും ഔഷധചെടികളും നഷ്ടപ്പെടുന്നതിനും കാരണമായിതീരുന്നു, റോഡുകൾക്കിരുവശവും പ്രത്യേകിച്ച് പഞ്ചായത്ത് റോഡുകളിൽ ഇരുവശവും വീടുകൾക്ക് മതിൽ കെട്ടുമ്പോൾ ആവശ്യമായ ഡ്രെയിനേജ് സൗകര്യം ചെയ്യാത്തതിനാൽ റോഡുകളിൽ മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നത് മൂലം വഴിയാത്രക്കാർക്ക് വിഷമതകൾ നേരിടാറുണ്ട്.

## സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളുണ്ട്. വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇവർക്കായി ഫലപ്രദമായ ദാരിദ്ര നിർമ്മാർജ്ജന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ സമൂഹത്തിലെ അവശത അനുഭവിക്കുന്ന എല്ലാത്തരം ആളുകൾക്കുമുള്ളതായ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. വികലാംഗർ, സ്ത്രീകൾ, കുട്ടികൾ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മാനസികവും ശാരീരികവും ആയ അവശത അനുഭവിക്കുന്ന വൃദ്ധജനങ്ങൾ, യാചക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർ, മിശ്രവിവാഹം ചെയ്തവർ തുടങ്ങി സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാത്തരം ആളുകളുടെയും കഷ്ടതകൾ ഇല്ലായ്മ ചെയ്യുന്നതിന് നിരവധി ധനസഹായ വിതരണപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്.

400 കുടുംബങ്ങൾക്ക് 8-ാം പദ്ധതിക്കാലത്ത് ജെ.ആർ.വൈ., ഐ.എ.വൈ., എം.എൻ.എസ്., സി.ആർ.എസ്.പി., ഐ.ആർ.ഡി.പി., സി.എസ്.എസ്., ആർ.എ.പി. എന്നീ പദ്ധതികളിലായി ധനസഹായം നൽകുകയും പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

ഐ.ആർ.ഡി.പി. സർവ്വെ അനുസരിച്ച് 1225 വീടുകളും, 2050 കക്കൂസുകളു ആവശ്യമുള്ള കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വൈദ്യുതീകരിക്കാത്ത 398 പട്ടികജാതി വീടുകളുമുണ്ട്. ട്രൈസം പദ്ധതിപ്രകാരം 21 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. 5 പേർ പരിശീലനം ലഭിച്ച തൊഴിൽ മേഖലയിൽ തന്നെ ജോലി നോക്കുന്നുണ്ട്. അവർക്ക് സ്വന്തമായി വരുമാന മാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർ ഇതര തൊഴിലുകളിൽ ഏർപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതി പ്രകാരം

2 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി 22 പേർക്ക് പുതിയതായി അവസരങ്ങൾ ലഭിച്ചു. രണ്ട് യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിച്ച്വരുന്നു.

പഞ്ചായത്തിൽ ആകെ 23 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം വളരെ തൃപ്തികരമാണ്. അംഗൻവാടികളിൽ സൂക്ഷിച്ചിട്ടുള്ള സർവ്വെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒന്നുമുതൽ അഞ്ച് വയസ്സ് വരെയുള്ള 1118 കുട്ടികളും ആരോഗ്യസ്ഥിതിയിൽ മുൻപന്തിയിലാണ്. 704 കുട്ടികൾ ഒന്നാം ഗ്രേഡിലും, 221 കുട്ടികൾ രണ്ടാം ഗ്രേഡിലും ഉൾപ്പെട്ടവരാണ്. അതിനേക്കാൾ താഴ്ന്ന പോഷകനിലവാരത്തിലുള്ള കുട്ടികൾ ഇല്ല. അംഗൻവാടികളിലെ ഫീഡിംഗ് നിലവാരം ഉയർത്തേണ്ടതുണ്ട്. കുട്ടികൾക്കും, അമ്മമാർക്കും ഉള്ള പ്രതിരോധ കുത്തിവെപ്പുകൾ അംഗൻവാടികളെ കേന്ദ്രീകരിച്ച് നടപ്പാക്കാവുന്നതാണ്. വനിതകൾക്കായി കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിന്റെ ഭാഗമായി കൂടുതൽ ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകൾ ആരംഭിക്കുന്നതും നന്നായിരിക്കും.

സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്ന നിരവധി പേർ ഈ പഞ്ചായത്തിലുണ്ട്. എന്നിരുന്നാലും അർഹരായ മുഴുവൻ വിഭാഗത്തിനും പെൻഷനുകൾ ലഭിക്കുന്നില്ല. എല്ലാ വിധത്തിലും ഉള്ള പെൻഷനുകളേയും, മറ്റു വിധത്തിൽ ലഭിക്കുന്ന ധനസഹായങ്ങളെകുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മയെയും കുറിച്ച് ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്. പഞ്ചായത്ത് പ്രദേശത്ത് വിവിധ പെൻഷനുകൾ ലഭിച്ചവരുടെ എണ്ണവും തുകയും ചുവടെ ചേർക്കുന്നു.

### പെൻഷൻ വിവരപട്ടിക

| സഹായധനത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം | തുക ഒരാൾക്ക് | തീരുമാനമാകാത്ത അപേക്ഷകൾ |
|---|---|---|---|
| വികലാംഗ പെൻഷൻ | 115 | 100 രൂ. | ഇല്ല |
| കുഷ്ഠരോഗി പെൻഷൻ | 1 | 115 | ഇല്ല |
| കാൻസർരോഗി പെൻഷൻ | 4 | 115 | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 298 | 75 | ഇല്ല |
| തൊഴിലില്ലായ്മ വേതനം | 188 | 75 | ഇല്ല |
| മത്സ്യതൊഴിലാളി പെൻഷൻ | 7 | 85 | ഇല്ല |

രണ്ടായിരമാണ്ടോടെ വീടില്ലാത്ത എല്ലാവർക്കും വീട് എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തിന്റെ വിഭവശേഷിയും, മനുഷ്യ പ്രയത്നവും സംയോജിപ്പിച്ചുകൊണ്ട് കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്. അതുപോലെ തന്നെ സാമൂഹ്യക്ഷേമ വകുപ്പുകൾ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങളെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പെൻഷൻ തുടങ്ങി എല്ലാവിധ സഹായങ്ങളും അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിനുള്ള നടപടികൾ ചെയ്യേണ്ടതാണ്.

### പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും വിലക്കയറ്റം
2. വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം
3. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ദ്ധരുടെ അഭാവം
4. ഓല മേൽക്കൂരയുള്ള വീടുകൾക്ക് വർഷംതോറും ആവർത്തന ചെലവുണ്ടാകുന്നുണ്ട്.
5. ദിരദ്ര്യ രേഖക്കുതാഴെയുള്ള പട്ടികജാതി വിഭാഗക്കാർ ഒഴികെയുള്ള മറ്റു വിഭാഗക്കാർക്ക് വളരെ പരിമിതമായേ ഭവനനിർമ്മാണ സഹായം ലഭിക്കുന്നുള്ളൂ.
6. ഓരോ വർഷവും വളരെ പരിമിതമായ കുടുംബങ്ങൾക്ക് മാത്രമേ വീടു നിർമ്മിക്കുന്നതിന് ധനസഹായം ലഭിക്കുന്നുള്ളൂ.
7. പരമ്പരാഗതമായ വാസ്തുശില്പ മാതൃകയിൽ നിന്നുള്ള സാരമായ മാറ്റം
8. ഭവന നിർമ്മാണ സൊസൈറ്റികളുടെ പരിമിതമായ വിഭവശേഷി
9. എരുമപ്പെട്ടിയിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസ്, കരിയന്നൂരിൽ പ്രവർത്തിക്കുന്ന വൈദ്യുതി ഓഫീസ് എന്നീ ഓഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.
10. കാഞ്ഞിരക്കോട് പ്രവർത്തിക്കുന്ന വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.
11. എരുമപ്പെട്ടിയിൽ പ്രവർത്തിക്കുന്ന മൃഗാസ്പത്രി വാടകകെട്ടിടത്തിലാണ്.
12. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും, അടിസ്ഥാന സൗകര്യങ്ങളുമില്ല.
13. കുംബാരകോളനിയിൽ ഭവനരഹിതരായ കുടുംബങ്ങളുണ്ട്.
14. അവശത അനുഭവിക്കുന്ന കർഷകർ പഞ്ചായത്ത് പ്രദേശത്ത് ഉണ്ട്.
15. വയൽ നികത്തി വീടുകളും, മറ്റു തരത്തിലുള്ള കെട്ടിടങ്ങളും, വ്യവസായ സ്ഥാപനങ്ങളും പണിയുന്നതിന് ധാരാളം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്.

### സാദ്ധ്യതകൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്

തടയുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കണം.

2. ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി പഞ്ചായത്ത് പ്രദേശത്ത് ദേശസാൽകൃത ബാങ്കുകളും ഭവന നിർമ്മാണ സൊസൈറ്റിയും ആരംഭിക്കുക

3. വീട് നിർമ്മാണത്തിലെ ദുർവ്യയം അവസാനിപ്പിക്കുന്നതിന് പഞ്ചായത്തിൽ "നിർമ്മിതി കേന്ദ്ര"യുടെ ഒരു യൂണിറ്റ് ആരംഭിക്കുക

4. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ പണിയുന്ന എല്ലാവിധ കെട്ടിടങ്ങളും, പുതുതായി പണിയുന്ന വിവിധ ഡിപ്പാർട്ട്മെൻറ് ഓഫീസ് കെട്ടിടങ്ങളുടെയും നിർമ്മാണം നിർമ്മിതി കേന്ദ്രത്തെയോ, കോസ്റ്റ്ഫോർഡ് എന്ന സന്നദ്ധ സംഘടനയെയോ ഏൽപ്പിക്കുക

5. ദുർവ്യയ കെട്ടിട നിർമ്മാണം നിരുത്സാഹപ്പെടുത്തുന്നതിന് പഞ്ചായത്തിൻെറ കെട്ടിട നികുതി ഘടന പരിഷ്കരിക്കുക

6. നിർധനരായ കുടുംബങ്ങളുടെ ഓല മേഞ്ഞ വീടുകൾ ഓടു മേയുന്നതിന് ധനസഹായം നൽകുക

7. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എരുമപ്പെട്ടി സബ് രജിസ്ട്രാർ ഓഫീസും കരിയന്നൂർ വൈദ്യുതി ബോർഡ് ഓഫീസും എന്നിവക്ക്, എരുമപ്പെട്ടി ഒന്നാം വാർഡിൽ പത്തക്കൽ ഉള്ള പുറമ്പോക്ക് സ്ഥലത്ത് ഇരുനില കെട്ടിടം നിർമ്മിച്ച് അങ്ങോട്ട് മാറ്റുക

8. തൃശ്ശൂർ ജില്ലയിൽ അടുത്ത അഞ്ച് വർഷം കൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന "സമഗ്ര പാർപ്പിടപദ്ധതി" പ്രകാരം പഞ്ചായത്തിലെ വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിക്കാനുള്ള സഹായം നൽകുക

9. അംഗൻവാടികൾക്ക് കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുകുയം അതിന് വേണ്ടി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള പുറമ്പോക്കു ഭൂമി ഉപയോഗിക്കുക

10. പഞ്ചായത്തിലെ ഗ്രാമീണ ഭൂരഹിത തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി നൽകുന്ന പദ്ധതിപ്രകാരം "ഹൗസ് സൈറ്റ്" വാങ്ങുന്നതിന് ജില്ലാ കളക്ടർ മുഖേന നൽകുന്ന അനുവാദം ഉപയോഗപ്പെടുത്തിക്കൊണ്ട് വീടുകൾ നിർമ്മിച്ചുകൊടുക്കുക

11. എട്ടാം വാർഡിലുള്ള ആല പൊളിച്ച് മാറ്റി, ആ സ്ഥലത്ത് അംഗൻവാടി, കാഞ്ഞിരക്കോട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, സാംസ്കാരിക നിലയം അഥവാ വായനശാല എന്നിവക്കുവേണ്ടി ഇരുനില കെട്ടിടം നിർമ്മിക്കുക.

12. മൃഗാസ്പത്രിക്ക് വേണ്ടി എരുമപ്പെട്ടി രണ്ടാം വാർഡിൽ കുന്നത്തേരിയിൽ പുതാർകുളത്തിന് സമീപം ഉള്ള പുറമ്പോക്ക് ഭൂമിയിൽ കെട്ടിടം നിർമ്മിക്കുക

13. കുംബാരകോളനികളിലെ ഭവന രഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം നല്കുക

14. അവശത അനുഭവിക്കുന്ന കർഷകർക്ക് പെൻഷൻ പദ്ധതികൾ നടപ്പിലാക്കുക

15. ഒന്നാം വാർഡിൽ കരിയന്നൂരിലുള്ള അംഗൻവാടിക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക

16. വയൽ നികത്തി കെട്ടിടങ്ങളും വീടുകളും പണിയുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ചെയ്യുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### വാർഡ് ഒന്ന്

1. നിർധനരായ കുടുംബങ്ങൾക്ക് വീട് ഓല മേയുന്നതിനുള്ള ധനസഹായം നൽകുക

2. എരുമപ്പെട്ടി 1-ാം വാർഡിൽ പത്തക്കൽ ഉള്ള പുറമ്പോക്ക് സ്ഥലത്ത് രജിസ്ട്രാർ ഓഫീസ് കരിയന്നൂർ വൈദ്യുതി ബോർഡ് ഓഫീസ് എന്നിവക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക

3. അവശത അനുഭവിക്കുന്ന കർഷകർക്ക് പെൻഷൻ പദ്ധതി ആരംഭിക്കുക

### വാർഡ് രണ്ട്.

1. വീടില്ലാത്തവർക്ക് വീട് നൽകുക

2. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുക

3. ഐ.ടി.സി.യുടെ വിപുലമായ വികസനം

4. കക്കൂസ് സൗകര്യം ഇല്ലാത്ത മുഴുവൻ പേർക്കും കക്കൂസ് സൗകര്യം ഏർപ്പെടുത്തുക

5. എരുമപ്പെട്ടി രണ്ടാം വാർഡിൽ കുന്നത്തേരി പുതാർകുളത്തിന് സമീപമുള്ള പുറമ്പോക്ക് സ്ഥലത്ത് മൃഗാസ്പത്രിക്ക് സ്വന്തം കെട്ടിടം പണിയുക

### വാർഡ് മൂന്ന്

1. നിർദ്ധനരായ കുടുംബങ്ങൾക്ക് ഓല മേയുന്നതിന് ധനസഹായം നൽകുക

### വാർഡ് നാല്

1. കോളനികളിൽ ഭവനരഹിതരായ എല്ലാവർക്കും സൗജന്യമായി വീട് നിർമ്മിച്ച് നൽകുക

2. ദാരിദ്ര്യരേഖക്ക് താഴെ ഉള്ളവർക്ക് കക്കൂസും വീടും നിർമ്മിച്ചുകൊടുക്കുക

3. സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ കീഴിൽ മാവേലി സ്റ്റോർ അനുവദിക്കുക

### വാർഡ് അഞ്ച്

1. കുംബാരകോളനിയിലെ ഭവന രഹിതരായ എല്ലാവർക്കും

സൗജന്യമായി വീടുകൾ നിർമ്മിച്ച് കൊടുക്കുക

2. ദാരിദ്ര്യരേഖക്ക് താഴെയുള്ള ഭവനരഹിതരായ എല്ലാവർക്കും വീടുകൾ, കക്കൂസുകൾ എന്നിവ നിർമ്മിച്ച് കൊടുക്കുക

3. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഒരു മാവേലി സ്റ്റോർ തുടങ്ങുക

## വാർഡ് ആറ്

1. പഞ്ചായത്ത് പൊതു കിണർ ശുദ്ധീകരിക്കുക

## വാർഡ് ഏഴ്

1. പഞ്ചായത്തിൽ "നിർമ്മിതി കേന്ദ്ര"യുടെ യൂണിറ്റ് ആരംഭിക്കുക

2. ലക്ഷം വീട് കോളനിയിലെ പൊതുകിണർ എല്ലാവർഷവും വൃത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുക

## വാർഡ് എട്ട്

1. വീടുകളില്ലാത്തവരെ കണ്ടെത്തി അവർക്ക് വീട് നിർമ്മിക്കാനുള്ള സഹായം നൽകുക

2. ക്ഷേമ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിക്കുക

3. വി.ഇ.ഒ. ഓഫീസ് കെട്ടിടം, എട്ടാം വാർഡിൽ ഉള്ള ആല പൊളിച്ച് മാറ്റി ആ സ്ഥലത്ത് പണിയുക

4. മാവേലി സ്റ്റോർ സ്ഥാപിക്കുക

## വാർഡ് ഒമ്പത്

1. ഐ.ആർ.ഡി.പി. ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുക. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം ആ കുടുംബങ്ങളെ അറിയിക്കുക

2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീടു നിർമ്മിക്കുന്നതിനുള്ള സഹായം നൽകുക

3. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പുറമ്പോക്കു സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുക

4. കരിങ്കൽ ക്വാറി തൊഴിലാളികൾക്ക് അപകട ഇൻഷൂറൻസ് ഏർപ്പെടുത്തുക. ഇക്കാര്യത്തിൽ ആളുകളെ ബോധവൽക്കരിക്കുക

## വാർഡ് പത്ത്

1. വീടില്ലാത്തവർക്ക് വീടു വെയ്ക്കാൻ ധനസഹായം നൽകുക

## വാർഡ് പതിനൊന്ന്

1. വാർഡിൽ കിഴക്ക്വശത്തുള്ള ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് വീട് ഇല്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുക.

2. ക്ഷേമ പെൻഷനുകൾ മുടക്കമില്ലാതെ കിട്ടുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക

3. അംഗൻവാടികളിലെ പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുക

4. ആഴ്ച ചന്ത ആരംഭിക്കുക

## പൊതു വിതരണം

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ പതിനൊന്നു വാർഡുകളിലായി 14 റേഷൻ പൊതുവിതരണ കേന്ദ്രങ്ങളാണ് ഉള്ളത്. 14 റേഷൻ കടകളിലായി ആകെ 5356 കാർഡ് ഉടമകളാണ് ഭക്ഷ്യവസ്തുക്കൾ വാങ്ങിക്കുന്നത്. ഇതിൽ സ്വന്തമായി നെൽകൃഷി ഉള്ള കുടുംബങ്ങളൊഴികെ മറ്റു മുഴുവൻ പേരും ഭക്ഷ്യ വസ്തുക്കൾക്ക് വേണ്ടി പൊതുവിതരണ കേന്ദ്രങ്ങളെ ആശ്രയിക്കുന്നവരാണ്. കാർഡുടമകളിൽ 60% പേർക്കും വൈദ്യുതീകരിച്ച വീടുകളുണ്ട്. ഗ്രാമപഞ്ചായത്തിൽ റേഷൻ കടകളിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങിക്കുന്നവരിൽ 70% ഉപഭോക്താക്കളും 12 വയസ്സിനു മേൽ പ്രായമുള്ളവരാണ്. മറ്റുള്ളവർ 3നും 12നും ഇടക്കു പ്രായമുള്ളവരാണ്.

പൊതുവിതരണ കേന്ദ്രങ്ങളിൽ ഭക്ഷ്യവസ്തുക്കൾക്ക് പുറമെ മണ്ണെണ്ണയും വിതരണം നടത്തുന്നുണ്ട്. പാചക ആവശ്യത്തിനായി മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന നിശ്ചിത വരുമാനക്കാർക്ക് പെർമിറ്റുകൾ വഴി ഒരു മാസത്തെ ആവശ്യത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. അതുപോലെതന്നെ വൈദ്യുതീകരിക്കാത്ത വീടുകൾക്ക് മാസത്തിൽ 5 ലിറ്റർ മണ്ണെണ്ണ വീതം ഒരു കാർഡുടമക്ക് നൽകിവരുന്നുണ്ട്. വൈദ്യുതീകരിച്ച വീടുകൾക്ക് പ്രതിമാസം 2 ലിറ്റർ മണ്ണെണ്ണ വീതം റേഷൻ കടകളിൽ നിന്നും വിതരണം ചെയ്തുവരുന്നു. അതിനും പുറമെ കാർഷിക ആവശ്യങ്ങൾക്ക് മാത്രമായി വേനൽക്കാലത്ത് മാത്രം കൃഷി തോട്ടങ്ങൾ നനയ്ക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക പെർമിറ്റുകൾ വഴിയും മണ്ണെണ്ണ വിതരണം ചെയ്തുവരുന്നു. കൃഷിത്തോട്ടങ്ങളുടെ വിസ്തൃതി കണക്കാക്കി അതിന് ആനുപാതികമായി അനുവദിക്കുന്ന അളവിൽ മാത്രമേ ഓരോ പെർമിറ്റുടമകൾക്കും മണ്ണെണ്ണ ലഭിക്കുയുള്ളൂ. അങ്ങനെ ലഭിക്കുന്ന മണ്ണെണ്ണയുടെ അളവു വർദ്ധിപ്പിച്ചാൽ മാത്രമേ മണ്ണെണ്ണ ഉപയോഗിച്ച് പമ്പ്സെറ്റ് പ്രവർത്തിപ്പിച്ച് കൃഷിയിടത്തേക്ക് ആവശ്യമായ അളവിൽ വെള്ളം പമ്പ് ചെയ്യാൻ സാധിക്കയുള്ളൂ.

ഗ്രാമപഞ്ചായത്തിൽ റേഷൻകടകൾ വഴിയായി 71,869.08 ക്വിന്റൽ ഭക്ഷ്യവസ്തുക്കൾ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. കാർഡുടമകൾക്കും മറ്റും പെർമിറ്റുകൾ വഴിയായും, കാർഷിക ആവശ്യങ്ങൾക്കുമായി 13,51,840 ലിറ്റർ മണ്ണെണ്ണയും ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്തിട്ടുണ്ട്. ആകെ മണ്ണെണ്ണ വിതരണത്തിന്റെ 80%വും കാർഡ് വഴി വിതരണം ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ളവ കാർഷിക പെർമിറ്റ്, സ്റ്റൗ പെർമിറ്റ്, ഗവ. അർജന്റ് പെർമിറ്റ് എന്നിവ വഴി വിതരണം ചെയ്തിട്ടുള്ളവയാണ്. ഗ്രാമപഞ്ചായത്തിൽ ആകെ ഭക്ഷ്യധാന്യ വിതരണത്തിന്റെ 65% അരിയാണ്. 23.70% ഗോതമ്പും, റവ, മൈദ എന്നിവ 1.72%വും പഞ്ചസാര 10%വും വിതരണം ചെയ്തിട്ടുണ്ട്. ഒരു ശതമാനത്തിൽ താഴെ മാത്രമാണ് പാമോയിൽ വിതരണം നടത്തിയി

ട്ടുള്ളത്. വെളിച്ചെണ്ണ വിലയിൽ വളരെയധികം വർദ്ധനവ് ഉണ്ടാകുന്ന അവസരത്തിൽ മാത്രമാണ് പാമോയിലിൻെറ ഉപയോഗം വർദ്ധിക്കുന്നത്. അങ്ങനെയുള്ള കാലഘട്ടങ്ങളിൽ മാത്രമാണ് പാചക ആവശ്യത്തിന് പാമോയിൽ ഉപയോഗിക്കുന്നത്. അതിനും പുറമെ മറ്റു തരത്തിലുള്ള പാക്കറ്റിലടച്ച സസ്യ എണ്ണകൾ പലവ്യഞ്ജനകടകളിൽ നിന്നും ധാരാളം ലഭിക്കുന്നുണ്ട്. അതും പോമോയിലിൻെറ ഉപഭോഗം കുറയ്ക്കുന്നതിനിടയാക്കുന്നുണ്ട്. വീടുകളിൽ പാചക ആവശ്യത്തിന് കൂടുതലും വെളിച്ചെണ്ണ തന്നെയാണ് ഉപയോഗിച്ചുവരുന്നത്.

പലവ്യഞ്ജനം കടകളിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെയും, ഉയർന്ന വിലയും, മറ്റും ഇടത്തര വരുമാനക്കാരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെയും കുടുംബങ്ങൾക്ക് പലവ്യഞ്ജനകടകളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനും പലവ്യഞ്ജന സാധനങ്ങൾ വാങ്ങുന്നതിനും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

റേഷൻ കടകൾക്ക് പുറമെ സ്വകാര്യ വ്യക്തികൾക്ക് ലഭിച്ചിട്ടുള്ള ലൈസൻസ് ഉപയോഗിച്ച് മണ്ണെണ്ണ വിൽക്കുന്ന സ്ഥാപനങ്ങളും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഉണ്ട്. കാർഷിക ആവശ്യങ്ങൾക്ക് പമ്പ് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് മണ്ണെണ്ണ ഉപയോഗിക്കുന്ന ധാരാളം കർഷകൻ ഇവിടെയുണ്ട്. വർദ്ധിച്ച വൈദ്യുതി ക്ഷാമം നിമിത്തം ഇലക്ട്രിക് മോട്ടോറുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാനും മറ്റുമുള്ള ബുദ്ധിമുട്ടുകൾ കാരണം വളരെയധികം കർഷകർ മണ്ണെണ്ണയിൽ പ്രവർത്തിക്കുന്ന പമ്പുസെറ്റുകൾ ഉപയോഗിക്കുന്നുണ്ട്. പക്ഷേ അവർക്ക് ആവശ്യമായ മണ്ണെണ്ണ വിഹിതം റേഷൻകടകൾ വഴി പെർമിറ്റുകളിൻമേൽ ലഭിക്കുന്നില്ല. അതുകൊണ്ട് അവർ ഉയർന്ന് വിലക്ക് സ്വകാര്യ മണ്ണെണ്ണ ഏജൻസികളിൽ നിന്ന് മണ്ണെണ്ണ വാങ്ങിക്കുവാൻ നിർബന്ധിതരായി തീരുന്നു.

റേഷൻ കടകളിൽ നിന്നും കാർഡുടമകൾക്ക് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും അളവുതൂക്കങ്ങളും കൃത്യമായി ജനങ്ങൾക്ക് ലഭിക്കുന്നില്ലെയെന്ന പരാതികളും പരക്കെ ഉയർന്നു കേൾക്കുന്ന പ്രശ്നങ്ങളാണ്. വളരെയധികം കുടുംബങ്ങൾ അരിയും പലവ്യഞ്ജനങ്ങളും എണ്ണയും പലചരക്കു കടകളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നുണ്ട്. മുഖ്യ കാരണം റേഷൻ കടകൾ വഴി പലവ്യഞ്ജന സാധനങ്ങൾ വിതരണം ചെയ്യാറില്ലാത്തതുകൊണ്ടാണ്. അരിയുടെ കാര്യത്തിൽ; റേഷൻ കടകളെയും, പലചരക്കു കടകളിലെയും അരി വില താരതമ്യം ചെയ്യുമ്പോൾ പലചരക്കുകടകളിൽ നിന്നു ലഭിക്കുന്ന അരിക്ക് വില കൂടുതലുണ്ടെങ്കിലും റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന അരിയുടെ ഗുണനിലവാരത്തേക്കാൾ നല്ല അരിയും, അളവും തൂക്കവും ഉണ്ടാകുമ്പോഴാണ് ജനങ്ങൾ പലചരക്കുകടകളിൽ നിന്നും അരി വാങ്ങുന്നത്. എന്നാലും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും മറ്റു ഇടത്തരം വരുമാന ക്കാരും റേഷൻകടകളെയാണ് ആശ്രയിച്ചിരിക്കുന്നത്. പല വ്യഞ്ജന സാധനങ്ങൾ ന്യായവിലക്കു ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. അതോടൊപ്പം തന്നെ പൊതുവിതരണരംഗം ജനക്ഷേമകരവും കാര്യക്ഷമവും ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

### പ്രശ്നങ്ങൾ

1. ന്യായവിലക്ക് പലവ്യഞ്ജന സാധനങ്ങൾ ലഭിക്കു ന്നില്ല.
2. മാവേലി സ്റ്റോറിൻെറ പ്രവർത്തനം പഞ്ചായത്തുപ്രദേശങ്ങളിൽ ലഭിക്കുന്നില്ല.
3. റേഷൻ കടകളിൽ നിന്നും കൃത്യമായ തൂക്കത്തിലും ഗുണനിലവാരത്തിലും ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ല.
4. കാർഷിക ആവശ്യങ്ങൾക്കുള്ള പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നതിനുള്ള ആവശ്യമായ മണ്ണെണ്ണ വിഹിതം പെർമിറ്റ് ഉടമകളായ കൃഷിക്കാർക്ക് ലഭ്യമല്ല.

### സാദ്ധ്യതകൾ

1. എല്ലാവിധ പലവ്യഞ്ജന സാധനങ്ങളും പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
2. പഞ്ചായത്ത് പ്രദേശത്തേക്ക് മാവേലിസ്റ്റോർ അനുവദിക്കുക
3. റേഷൻ കടകളിലെ അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യതയും ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരവും മാസത്തിൽ ഒരു തവണയെങ്കിലും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
4. കാർഷിക പെർമിറ്റുകൾ വഴി കർഷകർക്ക് പമ്പുസെറ്റുകൾക്ക് ആവശ്യമായ അളവിൽ മണ്ണെണ്ണ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുക

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### വാർഡ് നാല്

1. സിവിൽ സപ്ലൈ കോർപ്പറേഷൻെറ കീഴിൽ മാവേലി സ്റ്റോർ അനുവദിക്കുക

### വാർഡ് അഞ്ച്

1. സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ കീഴിൽ ഒരു മാവേലി സ്റ്റോർ തുടങ്ങുക

### വാർഡ് എട്ട്

1. മാവേലി സ്റ്റോർ സ്ഥാപിക്കുക

# സംസ്ക്കാരം

നമ്മുടെ പഞ്ചായത്തിൻെറ സമ്പന്നമായ സാംസ്ക്കാരിക പൈതൃകത്തെക്കുറിച്ച് പ്രത്യേകമായൊന്നും അവകാശപ്പെടാനില്ലെങ്കിലും തലമുറകളിലൂടെ സിദ്ധിച്ച കലാസാംസ്ക്കാരിക നിലവാരം അല്പമെങ്കിലും നിലനിന്നുപോരുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. കാലക്രമേണ നാടൻ കലകളും അനുഷ്ഠാന കലകളും സമ്മിശ്രങ്ങളായ തിറ, പൂതം, കാളി, ചോഴിക്കളി, കാളക്കളി, വേലക്കളി, നായാടിക്കളി, തുയിലുണർത്തുപാട്ട്, തുടികൊട്ടിപ്പാട്ട്, പോത്തോട്ടം തുടങ്ങിയ കലകളും കാറക്കളി, തലപ്പന്തുകളി, കുട്ടിയും കോലും കളി തുടങ്ങിയ തുടങ്ങിയ നാടൻ കായിക വിനോദങ്ങളും ഓണം, വിഷു, തിരുവാതിര മുതലായ ആഘോഷങ്ങളിൽ ആചരിച്ചുപോന്നിരുന്നതും അല്ലാത്തതുമായ കലകളും കായിക വിനോദങ്ങളും മൂല്യച്ച്യുതി സംഭവിച്ചുപൊയ്ക്കൊണ്ടിരിക്കുന്നതായി കാണുന്നു. ഈ കലകളും കായിക വിനോദങ്ങളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിൽ ഹിന്ദു, മുസ്ലീം, കൃസ്ത്യൻ മതവിഭാഗങ്ങൾ ഇടകലർന്ന് താമസിച്ചുവരുന്നു. സമ്പന്നമായ സാസംകാരിക പൈതൃകത്തിന് സംഭാവന നൽകുന്ന മുഖ്യഘടകം വിവിധ മതങ്ങളിൽപ്പെടുന്ന ജനവിഭാഗങ്ങളാണല്ലോ. ഇവർക്കെല്ലാം തന്നെ വേണ്ടത്ര ആരാധനാലയങ്ങൾ ഇവിടെയുണ്ട്. ആർഭാട പൂർവ്വം ആഘോഷങ്ങളും നടത്തിവരാറുണ്ട്. ഓരോ വർഷം കഴിയുംതോറും ആഘോഷങ്ങൾക്ക് മോടി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഓണം, വിഷു എന്നീ ആഘോഷങ്ങൾ ജാതിമത ഭേതമന്യേ എല്ലാ വിഭാഗക്കാരും ആഘോഷിച്ചുവരുന്നു. കൂടാതെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിലും പള്ളിപെരുന്നാളുകളിലും മുസ്ലീം മതവിഭാഗക്കാരുടെ ആഘോഷങ്ങളിലും എല്ലാ വിഭാഗം ജനങ്ങളും ഏക മനസ്സോടെ പങ്കുകൊള്ളുന്നുണ്ട്.

പൈതൃകമായി സിദ്ധിച്ച അനുഷ്ഠാന കലകളും നാടൻ കലാരൂപങ്ങളും സാർവ്വത്രികമായി കണ്ടുവരാറുണ്ടെങ്കിലും നാടൻ കലാരൂപങ്ങൾ നാമാവശേഷമായി കൊണ്ടിരിക്കയാണ്. നാടൻ കലകളിൽ പ്രഗത്ഭരായ പലരും ഇന്ന് പഞ്ചായത്തിൽ ജീവിച്ചിരിപ്പുണ്ടെങ്കിലും അത്തരം കലാകാരൻമാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും അതോടൊപ്പം തന്നെ ഇന്നത്തെ വളർന്നുവരുന്ന തലമുറയെ മൺമറഞ്ഞുകൊണ്ടിരിക്കുന്ന ഈ കലാരൂപങ്ങളെക്കുറിച്ചുള്ള അറിവുകൾ പകർന്നുകൊടുക്കുവാനുള്ള സംവിധാനവും ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിൽ 92 ശതമാനം പേരും സാക്ഷരരാണ്. തുടർവിദ്യാഭ്യാസത്തിൻെറ അഭാവം മൂലം നവസാക്ഷരരിൽ പലരും ഇന്ന് നിരക്ഷരരായിക്കൊണ്ടിരിക്കുന്നു. തുടർവിദ്യാഭ്യാസ പരിപാടികൾ ഉടനെ തുടങ്ങുന്നതിനു വേണ്ട ഏർപ്പാടുകൾ ഉണ്ടാകേണ്ടതാണ്. ദേശീയ കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളും ഇവിടെയുണ്ട്. മതസംഘടനകളും പോഷകസംഘടനകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

സാംസ്ക്കാരിക രംഗത്തെ പ്രധാന പ്രവർത്തന മേഖലകളായ ഗ്രന്ഥശാലസംഘങ്ങളുടെ പ്രവർത്തനം ഇന്ന് തൃപ്തികരമല്ല. കുറച്ചുകാലങ്ങൾക്ക് മുമ്പ് ചില വായനശാലകൾ സാംസ്കാരിക രംഗത്ത് ചില പ്രവർത്തനങ്ങൾ നടത്തിയിരുന്നുവെങ്കിലും അടുത്തകാലത്തായി അത്തരം പ്രവർത്തനങ്ങളെല്ലാം പാടെ നിലച്ച മട്ടാണ്. ചിറ്റണ്ട വായനശാലയുടെ കീഴിൽ സ്വന്തമായി ഒരു വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്. വായനശാലകളിലെ പുസ്തകങ്ങൾ പരിശോധിച്ചാൽ ഭൂരിഭാഗം പുസ്തകങ്ങളും നിലവാരം കുറഞ്ഞവയാണെന്ന് മനസ്സിലാകും. ഗ്രന്ഥശാലകൾക്ക് ലഭിച്ചിട്ടുള്ള ടി.വി., റേഡിയോ മുതലായവയുടെ പ്രവർത്തനം നിലച്ചതായി കാണുന്നു. സാംസ്ക്കാരിക രംഗത്തുള്ള വായനശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. വായനശാലകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തേണ്ടതാണ്. മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, എക്സ്പ്രസ്സ്, മാധ്യമം, ജൻമഭൂമി, മംഗളം, രാഷ്ട്രദീപിക തുടങ്ങിയ പത്രങ്ങളും വിവിധതരം മാസികകളും വാരികകളും പഞ്ചായത്തിൽ പ്രചാരണമുള്ളവയാണ്. വാരികകളുടെ രംഗത്ത് നിലവാരമുള്ള വാരികകളുടെ എണ്ണം വളരെ കുറവാണ്. പ്രാദേശിക സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ അപൂർവ്വമായി കാണാറുണ്ടെങ്കിലും തുടർച്ചയായി പ്രസിദ്ധീകരിച്ചുകാണുന്നില്ല.

പഞ്ചായത്തിൽ ധാരാളം ക്ലബ്ബുകൾ റജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ടെങ്കിലും മിക്ക ക്ലബ്ബുകളുടെയും പ്രവർത്തനം തൃപ്തികരമല്ല. പല ക്ലബ്ബുകളും വർഷംതോറും നടത്തിവരുന്ന ഫുട്ബോൾ മത്സരമാണ് പ്രധാന പ്രവർത്തനം. പഞ്ചായത്തിൻെറ വകയായി ഒരു മിനി സ്റ്റേഡിയവും, എരുമപ്പെട്ടി ഹൈസ്ക്കൂളിൻെറ വകയായി ഒരു കളിസ്ഥലവും ഉണ്ട്.

ടിവിയുടെ സ്വാധീനം മൂലം നമ്മുടെ സാംസ്ക്കാരിക രംഗത്ത് ഗുണവാരമില്ലാത്ത പ്രവണതകൾ വളർന്ന് വരുന്നുണ്ട്. പര സ്യങ്ങളിലൂടെ ഗ്രാമീണ ജനങ്ങളെ ഉപഭോഗസംസ്കാരത്തിന് അടിമകളാക്കി മാറ്റുകയും നമ്മുടെ തനിമയാർന്ന സാംസ്കാരത്തെ തകർത്തുകൊണ്ട് ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. അക്രമവും അനാശാസ്യ വാസനയുമുള്ള ഒരു പുത്തൻ തലമുറയെ തന്നെ സൃഷ്ടിക്കുമോ എന്ന ആശങ്കയുമുണ്ട്. കുട്ടികളുടെ വായനാശീലത്തെ നശിപ്പിക്കുകയും അവരുടെ ചിന്താശക്തിയെ തകർക്കുകയും ചെയ്യുന്നു. ഇതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടതുണ്ട്.

കളരി, കരാട്ടെ തുടങ്ങിയ കായിക അഭ്യാസങ്ങൾ

പരിശീലിപ്പിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ പഞ്ചയാത്തിലുണ്ട്. കലാസാഹിത്യ രംഗങ്ങളിലും, ചിത്രരചന ശില്പ നിർമ്മാണ രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചവരും നമ്മുടെ പഞ്ചായത്തിലുണ്ട്.

## നവോത്ഥാന പ്രസ്ഥാനം

സാംസ്കാരിക നവോത്ഥാന പ്രസ്ഥാനത്തിൽ വിപ്ലവകരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള നവോത്ഥാന നായകരിൽ ചിലർ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ പ്രസ്ഥാനത്തിൻെറ മുൻനിരയിൽ പ്രവർത്തിച്ചിരുന്ന ഉമിക്കുന്നു കോളനിയിലെ ശ്രീ. കോതാരൻ തൻെറ അനുഭവത്തിൽ നിന്നും വിവരിക്കുന്ന ചില വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നു.

"സമൂഹത്തിലെ ഏറ്റവും താഴ്ന്ന വിഭാഗത്തിൽപെടുന്ന ജാതിക്കാരെ ഒറ്റപ്പെടുത്തിയിരുന്ന ഒരു കാലഘട്ടത്തിൽ അതിനെതിരെ പ്രവർത്തിച്ച് ചരിത്രപുരുഷനായിത്തീർന്ന ശ്രീ. അയ്യൻകാളിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് എരുമപ്പെട്ടി പഞ്ചായത്തിൽ അയിത്തത്തിനെതിരെ പത്തോളം പേരടങ്ങുന്ന ഒരു സംഘം പ്രവർത്തകർ രംഗത്തുവന്നു. അക്കാലത്ത് ചായക്കടകളിൽ കയറി ചായ കുടിക്കുന്നതിനോ, ബാർബർ ഷാപ്പുകളിൽ കയറി മറ്റുള്ളവർക്കൊപ്പമിരുന്ന് മുടി വെട്ടുന്നതിനോ അനുവദിച്ചിരുന്നില്ല. ഇതിനെതിരെ ഈ സംഘം ചിറ്റണ്ടയിലെ കുന്നത്തുപടിയിലുള്ള ഒരു സവർണ്ണൻെറ ചായക്കടയിൽ കയറി ചായ കുടിക്കുന്നതിന് തീരുമാനിച്ചു. താഴ്ന്ന ജാതിയിൽപ്പെടുന്നവർക്ക് അക്കാലത്ത് ചിരട്ടയിൽ ചായ കൊടുക്കുകയും കുടിച്ചു കഴിഞ്ഞാൽ ചിരട്ട കഴുകി വേലിക്കുറ്റിയിൽ കമഴ്ത്തി വെക്കുകയുമായിരുന്നു നാട്ടുനടപ്പ്. അവർ ചായക്കടയിൽ കയറി, ശക്തമായ എതിർപ്പിനെ നേരിട്ടുകൊണ്ട് നമ്പ്യാരുടെ ചായക്കടയിൽ നിന്ന് ഗ്ലാസ്സിൽ തന്നെ ചായ കുടിച്ചുകൊണ്ട് തങ്ങളുടെ പ്രക്ഷോഭത്തിന് തുടക്കമിട്ടു. പിന്നീട് കുണ്ടന്നൂരിലെ ബാർബർ ഷാപ്പിൽ കയറി മറ്റുള്ളവരുടെ മുടിവെട്ടിക്കൊടുക്കുന്നതുപോലെ തന്നെ തങ്ങളുടെ മുടിയും വെട്ടിപ്പിച്ചുകൊണ്ട് അവരുടെ സമരപരിപാടികൾ തുടർന്നു. ഇതോടുകൂടി പഞ്ചായത്തു പ്രദേശത്തെ ബാർബർ ഷാപ്പുകളിൽ എല്ലാ ഹരിജനങ്ങളുടെയും മുടി വെട്ടികിട്ടുന്നതിന് നടപടിയായി"

"1936 നവംബർ 12-ാം തിയ്യതി ക്ഷേത്ര പ്രവേശന വിളംബരം നടന്നെങ്കിലും ഹരിജനങ്ങൾക്ക് ക്ഷേത്ര പ്രവേശനം അന്നും നിഷിദ്ധമായിരുന്നു. 1937 ഏപ്രിൽ 14-ാം തിയ്യതി വിഷുദിനത്തിൽ 50 പേരടങ്ങുന്ന ഒരു സംഘം കൊടുമ്പ് ക്ഷേത്രം, പള്ളിമണ്ണ ക്ഷേത്രം, ചാലക്കൽ ക്ഷേത്രം, കർക്കിടത്തുകാവ്, മങ്ങാട്ട്കാവ് എന്നീ ക്ഷേത്രങ്ങളിൽ കയറി തൊഴുതു മടങ്ങിയതോടെ ഹരിജനങ്ങൾക്ക് എല്ലാ ക്ഷേത്രങ്ങളിലും ഭയം കൂടാതെ കടന്നു ചെല്ലാനും ആരാധിക്കാനും ഉള്ള സ്വാതന്ത്ര്യം അനുവദിച്ചുകിട്ടി.

### പ്രശ്നങ്ങൾ

1. ഭൂരിപക്ഷം ക്ലബ്ബുകളുടെയും വായനശാലകളുടെയും പ്രവർത്തനം കാര്യക്ഷമമല്ല.
2. കലാസാംസ്കാരിക രംഗങ്ങളിൽ വളരെ കുറച്ച് പ്രോത്സാഹനം മാത്രമേ നൽകുന്നുള്ളൂ.
3. സാമൂഹിക പ്രവർത്തനങ്ങളിൽ കൂട്ടായ പ്രവർത്തനം കുറഞ്ഞു വരുന്നു.
4. വനിതകളുടെ പങ്കാളിത്തം വളരെ കുറഞ്ഞു വരുന്നു.
5. നവസാക്ഷരർക്കും, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും വായിച്ച് മനസ്സിലാക്കുവാനുതകുന്ന പ്രസിദ്ധീകരണങ്ങളുടെ അഭാവം.
6. നിലവിലുള്ള നാടൻ കലകൾക്കും, കായിക വിനോദങ്ങൾക്കും വേണ്ടത്ര പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ല.
7. സാഹിത്യ രചനയിൽ ഗ്രാമീണർക്ക് വേണ്ടത്ര പങ്കാളിത്തമില്ല.

### സാദ്ധ്യതകൾ

1. വായനശാലകൾക്കും, ക്ലബ്ബുകൾക്കും ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന ഗ്രാൻറ് വർദ്ധിപ്പിക്കേണ്ടതാണ്
2. ഫുട്ബോൾ, ക്രിക്കറ്റ് കളി മുതലായവ നടത്തുന്നതോടൊപ്പം ഗ്രാമീണ കലകൾക്കും നാടൻ കലകൾക്കും പ്രോത്സാഹനം നല്കുന്നതിനുവേണ്ട മത്സരങ്ങളും മറ്റും നടത്തണം
3. സാമൂഹ്യമായ പ്രവർത്തനങ്ങളിൽ കൂട്ടായ്മ അത്യന്താപേക്ഷിതമാണ്.
4. വനിതകളെ ഈ രംഗത്തേക്ക് ആകർഷിക്കാൻ പ്രായപരിധി നോക്കാതെ മത്സരങ്ങൾ ഏർപ്പെടുത്തുക
5. ഇന്ന് ഗ്രന്ഥശാലകളിലുള്ള പുസ്തകങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും നവ സാക്ഷരർക്കും ഗുണപ്രദമായ പുസ്തകങ്ങൾ വിഭവസമാഹാരമായി സംഭരിക്കുക. അവർക്കായി ഒഴിവ് ദിവസങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
6. ചിത്രരചന, ശിൽപ്പ നിർമ്മാണം, കളിക്കോപ്പ് നിർമ്മാണം പാഴ്വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള അലങ്കാരവസ്തുക്കൾ പഠനത്തിനുതകുന്നതായ പഠനോപകരണങ്ങൾ മുതലായവയിൽ അഭിരുചി വളർത്തിയെടുക്കുന്നതിന് വർക്ക്ഷോപ്പുകളും മത്സരങ്ങളും പ്രദർശനങ്ങളും നടത്താവുന്നതാണ്.
7. കയ്യെഴുത്ത് മാസികയുടെ പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ക്ലബ്ബുകളും വായനശാലകളും ഇത് പ്രാവർത്തികമാക്കേണ്ടതാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ഇതിലേക്കായി കലാസാഹിത്യ സൃഷ്ടികൾ സ്വീകരിക്കാം.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

### വാർഡ് ഒന്ന്

1. സാംസ്ക്കാരിക നിലയം സ്ഥാപിക്കുക
2. എരുമപ്പെട്ടി ഗ്രാമീണ വായനശാലയിൽ ഒരു ടെലിവിഷൻ സ്ഥാപിക്കുക

### വാർഡ് രണ്ട്

1. ഉളിക്കുന്ന് കോളനിയിൽ വായനശാല – സാംസ്ക്കാരിക നിലയം മുതലായവ സ്ഥാപിക്കണം

### വാർഡ് മൂന്ന്

1. പതിയാരത്ത് വായനശാല സ്ഥാപിക്കുക

### വാർഡ് നാല്

1. കുട്ടഞ്ചേരിയിൽ വായനശാല സ്ഥാപിക്കുക
2. മുരിങ്ങത്തേരി കോളനിയിൽ ടി.വി. സെറ്റും വായനശാലയും സ്ഥാപിക്കുക
3. മുണ്ടംകോട് കോളനിയിലെ കരിംകുട്ടിത്തറ പരിസരത്ത് വായനശാല സ്ഥാപിക്കുക
4. നെല്ലിക്കുന്ന് കോളനിയിൽ ടി.വി. സെറ്റ് സ്ഥാപിക്കുക

### വാർഡ് അഞ്ച്

1. നായാട്ടുപാറ, മുട്ടിക്കൽ, അമ്പേദൻകുന്ന് കോളനിയിൽ ടി.വി. സെറ്റ് സ്ഥാപിക്കുക
2. വായനശാല സ്ഥാപിക്കുക
3. പഞ്ചായത്ത് മിനി സ്റ്റേഡിയം വികസിപ്പിക്കുക

### വാർഡ് ഏഴ്

1. വായനശാലയുടെ നിർജ്ജീവമായ പ്രവർത്തനം പുനർജീവിപ്പിക്കണം
2. സാംസ്ക്കാരിക നിലയം സ്ഥാപിക്കണം
3. ചീനിക്കുണ്ട് കോളനിയിൽ ടി.വി. സെറ്റ് സ്ഥാപിക്കണം
4. ലക്ഷംവീട് നിവാസികൾക്ക് പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണം

### വാർഡ് എട്ട്

1. പഞ്ചായത്ത് വക ആലയുടെ സ്ഥലത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം
2. ചെണ്ട കലാകാരൻമാർക്ക് സാമ്പത്തിക സഹായം നൽകണം

### വാർഡ് ഒമ്പത്

1. സാംസ്ക്കാരിക നിലയം സ്ഥാപിക്കുക
2. വായനശാല പ്രവർത്തനം കൂടുതൽ വിപുലീകരിക്കുക
3. സ്പോർട്ട്സ് വികസനത്തിന് വായനശാല മുഖേന ധനസഹായവും പ്രോൽസാഹനവും നൽകുക
4. ടെലിവിഷൻ പരിപാടികൾ കൂടുതൽ ആളുകൾക്ക് കാണുവാൻ സൗകര്യം ഉണ്ടാക്കുക
5. മദ്യനിരോധനത്തെ പരാജയപ്പെടുത്തുന്ന വ്യാജ മദ്യവിൽപ്പന തടയാൻ ജനപങ്കാളിത്തത്തോടുകൂടിയ സംവിധാനം ഉണ്ടാക്കുക
6. കലാകാരൻമാർക്ക് വളർന്നുവരുവാൻ പ്രോത്സാഹനം കൊടുക്കുക

### വാർഡ് പത്ത്

1. തൃക്കണെ പതിയാരത്ത് ഒരു ഗ്രന്ഥശാല വേണം
2. പഞ്ചായത്തിന്റെ ഒരു സാംസ്ക്കാരിക നിലയം ആവശ്യമാണ്.
3. പഞ്ചായത്ത് അടിസ്ഥാനത്തിൽ വാർഡ് തലത്തിൽ കലാകായിക മൽസരങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തണം
4. മഹിളാ സമാജം രൂപീകരിക്കണം
5. പൈങ്കിളി വാരികകൾ വായിക്കുന്നത് നിരുത്സാഹപ്പെടുത്തണം
6. മതജാതികൾ തമ്മിലുള്ള അന്തരം ഒഴിവാക്കാൻ വേണ്ട സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഗ്രാമസഭ സംഘടിപ്പിക്കുക

### വാർഡ് പതിനൊന്ന്

1. ഗ്രാമീണ വായനശാലയുടെ ശോചനീയാവസ്ഥ പരിഗണിക്കുക
2. ചെണ്ടവാദ്യം, പഞ്ചവാദ്യം എന്നിവ പ്രോത്സാഹിപ്പിക്കുക
3. യുവജന ക്ലബ്ബുകൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകുക

# വനിതാക്ഷേമം

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 13834 പേർ സ്ത്രീകളാണ്. ആകെ ജനസംഖ്യ 26222 വിദ്യാഭ്യാസ നിലവാരം കുറഞ്ഞ ഒരു പഞ്ചായത്ത് ആണ് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്. വനിതകൾ മാത്രം പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ഖാദി മാത്രമാണ്. ഇത്തരം മാതൃകാ സ്ഥാപനങ്ങൾ കൂടുതലായി ഉണ്ടാകേണ്ടതാണ്. അതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ തൊഴിൽ പരിശീലനം നേടിയിട്ടുള്ള യുവതികളുടെ ഗ്രൂപ്പുണ്ടാക്കി മാതൃകാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. തൊഴിൽ സംരംഭങ്ങൾ തുടങ്ങുക വഴി സ്ത്രീകളുടെ സാമ്പത്തിക പരാശ്രയത്വം അവസാനിപ്പിക്കുന്നതോടെ മാത്രമേ അവരെ സാമൂഹ്യ രംഗങ്ങളിൽ കർമ്മനിരതരാക്കാൻ കഴിയു. പുതിയ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നതോടുകൂടി പൊതുപ്രവർത്തകരായ സ്ത്രീകളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുവാൻ കഴിഞ്ഞിട്ടില്ല. കുട്ടികളേയും വൃദ്ധജനങ്ങളേയും പരിചരിക്കാൻ തൊഴിൽ അവസരബന്ധിതമേഖലയായി രൂപീകരിക്കാവുന്നതാണ്. ഇതിനായി സൊസൈറ്റികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ സ്ത്രീകളെ പരിശീലിപ്പിക്കുകയും ചെയ്യാവുന്നതാണ്. ഇത്തരം പുതിയ സാദ്ധ്യതകൾ കണ്ടെത്തുകയും നിലനിർത്തുകയും ചെയ്യുക. ഈ പഞ്ചായത്തിൽ രണ്ടു ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതു പ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം തീരെ കുറവാണ്. ഇതു ഗ്രാമപഞ്ചായത്തിൽ നാലു വനിതാ മെമ്പർമാർ ഉണ്ട്. തൊഴിൽ രംഗത്ത് അസമത്വങ്ങൾ അവസാനിപ്പിക്കാൻ നടപടിയെടുക്കേണ്ടതാണ്. മൊത്തം ഈ പഞ്ചായത്തിൽ 5107 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 25% കുടുംബങ്ങൾ വനിതകളുടെ നേതൃത്വത്തിലുള്ളതാണ്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരേക്കാൾ കുറവാണ്.

വിവിധ തൊഴിൽ മേഖലയിലെ സ്ത്രീ - പുരുഷ അന്തരം താഴെ പട്ടികയിൽ ചേർക്കുന്നു.

| | തൊഴിൽമേഖല | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|---|
| 1 | കാർഷികമേഖല | 1588 | 2492 |
| 2 | കുടിൽവ്യവസായം | 242 | 211 |
| 3. | വ്യവസായിക മേഖല | 586 | 733 |
| 4. | ഖനനം | 15 | 54 |
| 5. | സർവ്വീസ്മേഖല, മറ്റുള്ളവ | 489 | 2995 |

കർഷക തൊഴിലാളികൾ അധ്യാപകർ ഖാദിനെയ്ത്ത്, കൈത്തറി വസ്ത്ര നിർമ്മാണം, ബീഡി തൊഴിൽ, മെറ്റൽ വർക്ക്സ്, ടൈലറിംഗ് എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾക്ക് മുൻകൈയ്യുള്ളത്. കൈത്തറി മേഖലയിൽ നൂൽ നൂൽപ് സ്ത്രീകൾ മാത്രം ചെയ്യുന്ന തൊഴിലാണ്. കൈത്തറി മേഖലയിൽ സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണത കാണുന്നു. കൂലി നിരക്കിലുള്ള കുറവാണ് ഇതിനു പ്രദാന കാരണം. പൊതു പ്രവർത്തനത്തിന്റെ വിവിധ മേഖലകലിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകളുടെ അജ്ഞതയും പുരുഷമേധാവിത്വവും ഇവരുടെ അദൃശ്യതയ്ക്ക് ഒരു പ്രധാന കാരണമാണ്. ഇവരുടെ അജ്ഞത കുറയ്ക്കുന്നതിന് മഹിളാ സംഘടനകൾ മുഖേന ബോധവൽക്കരണം നടത്തേണ്ടതാണ്. സ്ത്രീകളുടെ പുരോഗതിക്കും ക്ഷേമത്തിനുമായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പല പദ്ധതികളും ഇന്നും കടലാസിൽ തന്നെയാണ്. വിദ്യാഭ്യാസരംഗത്തു സ്ത്രീകളിൽ മിക്കവർക്കും അടിസ്ഥാന വിദ്യാഭ്യാസം മാത്രമേ ഉള്ളൂ. 91ലെ കണക്കു പ്രകാരം സ്ത്രീകളുടെ സാക്ഷരതാ നിലവാരം 85% ആണെങ്കിലും പ്രായം ചെന്നവർ ഇപ്പോഴും പ്രത്യേകിച്ച് പട്ടികജാതിക്കാർ നിരക്ഷരർ തന്നെയാണ്. തുടർ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

ഇതിനു പഞ്ചായത്തു തലത്തിൽ സംവിധാനം ഉണ്ടാകേണ്ടതാണ്. ഇപ്പോൾ കെട്ടിട നിർമ്മാണരംഗത്തേക്കാണ് സ്ത്രീകൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിനു കാരണം കാർഷിക മേഖലയിലെ കൂലി നിരക്കിന്റെ കുറവാണ്. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന അശ്ലീല പോസ്റ്ററുകളും പ്രസിദ്ധീകരിക്കുന്നത് നിരോധിക്കേണ്ടത് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയുടെ കീഴിൽ വിവിധ കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചാൽ സ്ത്രീകൾക്ക് ഒരുപരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും. ബീഡി, നൂൽത്തിരി, മെഴുകുതിരി, ചന്ദനത്തിരി, വട്ടക്കണ്ണി, റെഡിമെയ്ഡ് വ്യവസായം എന്നിവ തുടങ്ങുക.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. വനിതാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക
2. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന അശ്ലീല പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും നിരോധിക്കുക
3. സ്ത്രീ പീഢനത്തിനെതിരെയും സ്ത്രീ മർദ്ദനത്തിനെതിരെയും കർശന നടപടി സ്വീകരിക്കുക
4. മദ്യനിരോധനം പൂർണ്ണമായും നടപ്പിലാക്കുക
5. മഹിളാ സമാജങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവ സ്ഥാപിക്കുക
6. സ്ത്രീധന സമ്പ്രദായത്തിനെതിരെ പഞ്ചായത്തു തലത്തിൽ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

### വാർഡ് ഒന്ന്

1. വനിതാ തൊഴിൽ സ്ഥാപനങ്ങൾക്ക് വേണ്ട വായ്പാ സൗകര്യം ഏർപ്പെടുത്തുക
2. വനിതകളുടെ ആഭിമുഖ്യത്തിൽ പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങുക

### വാർഡ് രണ്ട്

1. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക
2. സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണ പരിപാടി നടപ്പിലാക്കുക

### വാർഡ് നാല്

1. വനിത സഹകരണ സംഘം യൂണിറ്റ് തുടങ്ങുക
2. സ്ത്രീകൾക്ക് മാത്രമായ കുടിൽ വ്യവസായ യൂണിറ്റ് തുടങ്ങുക
    1. നൂൽത്തിരി യൂണിറ്റ്
    2. മെഴുകുതിരി യൂണിറ്റ്
    3. ചന്ദനത്തിരി യൂണിറ്റ്
    4. അച്ചാർ യൂണിറ്റ്
    5. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്
    6. മെറ്റൽ യൂണിറ്റ്
    7. ബീഡി യൂണിറ്റ്

### വാർഡ് അഞ്ച്

1. നിലവിലുള്ള മഹിളാ സമാജത്തിന് സ്വന്തം കെട്ടിടം ആവശ്യമാണ്.
2. സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള റെഡിമെയ്ഡ് വ്യവസായം (മങ്ങാട്) സ്വന്തം കെട്ടിടം ആവശ്യമാണ്
3. വനിതാ കുടിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുക
    1. മെഴുകുതിരി യൂണിറ്റ്
    2. നൂൽത്തിരി യൂണിറ്റ്
    3. ചന്ദനത്തിരി യൂണിറ്റ്
    4. വട്ടക്കണ്ണി യൂണിറ്റ്

### വാർഡ് ഏഴ്

1. സ്ത്രീ സാക്ഷരത വർദ്ധിപ്പിക്കുക
2. മഹിളാ സമാജങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുക

### വാർഡ് എട്ട്

1. വെട്ടിക്കൽ കടവിൽ സ്ത്രീകൾക്ക് കുളിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക
2. അവിടെയുള്ള കള്ള് ഷാപ്പ് മാറ്റി സ്ഥാപിക്കുക

### വാർഡ് ഒമ്പത്

1. ബീഡി, തയ്യൽ, കരിങ്കൽ എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തുക
2. മഹിളാ സമാജങ്ങൾക്ക് പ്രവർത്തിക്കുന്നതിനനുയോജ്യമായ സ്ഥല സൗകര്യം ഏർപ്പെടുത്തുക
3. ബീഡി, തയ്യൽ എന്നീ മേഖലയിലുള്ള വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക
4. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുക
5. വനിതാ സഹകരണ സംഘങ്ങൾ ഏർപ്പെടുത്തുക. വനിതകൾക്ക് അപകട ഇൻഷൂറൻസ് ഏർപ്പെടുത്തുക

### വാർഡ് പത്ത്

1. ബീഡി നിർമ്മാണത്തിലും ഖാദി നിർമ്മാണത്തിലും ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് സഹകരണ സംഘങ്ങൾ സ്ഥാപിച്ച് ഉന്നമന പ്രവർത്തനങ്ങൾക്ക് നടപടികൾ സ്വീകരിക്കുക

### വാർഡ് പതിനൊന്ന്

1. മഹിളാ സമാജങ്ങൾ രൂപീകരിക്കുക
2. കുട്ടികളെ സംരക്ഷിക്കുന്നതിനായി ഗ്രൂപ്പുകൾ സ്ഥാപിക്കുക
3. വനിതകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക
4. മദ്യം പൂർണ്ണമായി നിരോധിക്കുക
5. സ്ത്രീധനം, മദ്യം, മയക്കുമരുന്ന് എന്നിവക്കെതിരെ ബോധവൽക്കരണം നടത്തുക
6. റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുക
7. ചിപ്സ് ഉണ്ടാക്കുന്നതിന് യൂണിറ്റ് സ്ഥാപിക്കുക

# സഹകരണ മേഖല

എരുമപ്പെട്ടി പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സംഘങ്ങൾ

1. എരുമപ്പെട്ടി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്
2. വനിത വ്യവസായ സഹകരണ സംഘം
3. ക്ഷീര വ്യവസായ സഹകരണ സംഘം
4. റബ്ബർ ഉല്പാദന സഹകരണ സംഘം
5. പട്ടികജാതി കൊട്ട നെയ്ത്ത് സഹകരണ സംഘം
6. സെറികൾച്ചർ സഹകരണ സംഘം എന്നിവയ്ക്ക് പുറമെ കരിങ്കൽ, കോറി, ഹരിജൻ സഹകരണ സംഘം, ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച്, സൗത്ത് ഇന്ത്യൻ ബാങ്കിൻെറ ഒരു ശാഖ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ 30ഓളം സ്വകാര്യം പണമിടപാട് സ്ഥാപന ങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

എരുമപ്പെട്ടി പഞ്ചായത്തിൻെറ സർവ്വീസ് സഹകരണ ബാങ്കിൻെറ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപന വർഷം | 1962 |
| അംഗങ്ങളുടെ എണ്ണം | 8673 |
| ജീവനക്കാരുടെ എണ്ണം | 6 |
| അംഗീകൃത ഓഹരി മൂലധനം | 11,00,000 |
| വാർഷിക ടേണോവർ | 4,99,85,700 |
| ലാഭം / നഷ്ടം | 16,04,655.4 |

ചെറുകിട ജലസേചനം, റബ്ബർ, ഹ്രസ്വകാല കാർഷിക വായ്പ ക്ഷീര വികസനം, ഭവന നിർമ്മാണം, പണ്ടംപണയം, സാധാരണ വായ്പ, ഐ.ആർ.ഡി.പി., മദ്ധ്യകാല വായ്പ തുടങ്ങിയ വായ്പകൾ നൽകി വരുന്നുണ്ട്. വളം, കീടനാശിനി, തുണി എന്നീ വില്പന സ്റ്റോറുകളുണ്ട്.

| | |
|---|---|
| നിലവിലുള്ള ഓഹരി | 5,17,610 |
| സർക്കാർ ഓഹരി | 59,950 |
| കടം എടുക്കാവുന്ന പരിധി | 2,60,07,100 |
| നിക്ഷേപങ്ങൾ | 70,44,101 |

സാധാരണ ജനങ്ങൾ അവരുടെ വിവിധ വായ്പ ആവശ്യങ്ങൾക്ക് വേണ്ടി സമീപിക്കുന്നത് ഈ ബാങ്കിനെയാണ്. സാമ്പത്തിക പരാധീനത മൂലം ഈ ആവശ്യം നിറവേറ്റാൻ കഴിയുന്നില്ല. ഡെപ്പോസിറ്റുകളുടെ അഭാവവും ജില്ലാ ബാങ്കിൻെറ നിബന്ധനകളും ആണ് പ്രധാന കാരണം. വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പ സംഖ്യകൾ യഥാസമയം തിരിച്ചടയ്ക്കാൻ തയ്യാറാകാത്തതിനാലും പുനർവായ്പ തട സ്സപ്പെടുന്നുണ്ട്. കാർഷിക ജലസേചന മേഖലയിലെ വികസ നത്തിന് വലിയ പങ്ക് വഹിക്കാൻ കഴിയുന്ന സഹകരണ മേഖ ലയിൽ സാമ്പത്തിക ഭദ്രതയും കാര്യക്ഷമതയും കൈവരിക്കാൻ കഴിഞ്ഞാൽ ലാഭകരമാക്കാൻ കഴിയും. പ്രധാനമായും കാർ ഷിക മദ്ധ്യകാല വായ്പകൾ നൽകിവരുന്നത് ജില്ലാ ബാങ്ക് വഴിയാണ്. ജില്ലാ ബാങ്കാവട്ടെ അവരുടെ ലാഭത്തെ മാത്രം ലാക്കാക്കിയാണ് പ്രവർത്തിക്കുന്നത്. വായ്പാ വിതരണവും പിരിച്ചെടുക്കലും പ്രാഥമിക സംഘമാണെന്നിരിക്കെ പലിശയി നത്തിൽ 2%മാണ് ലഭിക്കുന്നത്. ഈ സ്ഥിതി മാറ്റിയെടുക്കാതെ പ്രാഥമിക സംഘങ്ങൾക്ക് നിലനില്കാനാവില്ല. വിദേശ തൊഴി ലാളികളുടെ ഡെപ്പോസിറ്റുകൾ ഉൾപ്പെടെ ഉള്ള ഭൂരിഭാഗവും ഷെഡ്യൂൾഡ് ബാങ്കുകളിലും ദേശസാൽകൃത ബാങ്കുകളിലും ആണ് നിക്ഷേപിക്കുന്നത്. ഇതിനുപുറമെ ഓരോ ദിവസവും രൂപം കൊള്ളുന്ന അനധികൃതവും അംഗീകൃതവും ആയ സ്വകാ ര്യ പണമിടപാടു സ്ഥാപനങ്ങൾ വലിയ പലിശക്ക് ഡെപ്പോസി റ്റുകൾ സ്വീകരിച്ചുവരുന്നതുകൊണ്ട് സംഘത്തെ പ്രതികൂലമായി ബാധിക്കുന്നു. സഹകരണ ഡിപ്പാർട്ടുമെൻറുകളുടെ നിയന്ത്രണ വും ഓഡിറ്റുരീതിയും സംഘത്തെ ക്ഷീണിപ്പിക്കുന്നുണ്ട്. ഈ അവസ്ഥയിൽ സഹകരണമേഖലയെ ശക്തിപ്പെടുത്താൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സഹായിക്കും. നിലവിലുള്ള വായ്പാ സമ്പ്രദായം നബാഡ് ജില്ലാ ബാങ്കിൽ നൽകുകയും ജില്ലാ ബാങ്ക് പ്രാഥമിക സംഘങ്ങൾക്ക് നൽകുകയും ചെയ്യുന്ന രീതി മാറ്റി നബാഡ് നേരിട്ട് പ്രാഥമിക സംഘങ്ങൾക്ക് വായ്പ നൽകുനന സമ്പ്രദായം നടപ്പിലാക്കുക. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുകയും പലിശ നിരക്ക് ഏകീകരി ക്കുകയും ഡെപ്പോസിറ്റുകളുടെ നല്ലൊരു ശതമാനം അതാതു പ്രദേശങ്ങളിൽ പ്രത്യുത്പാദനപരമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് നിർബന്ധം ചെലുത്തുവാൻ ആവശ്യ മായ നടപടി ക്രമങ്ങൾ ഉണ്ടാക്കുക, സഹകരണ ഡിപ്പാർട്ടു മെൻറിൻെറ അനർഹമായ നിയന്ത്രണങ്ങൾ ഒഴിവാക്കുകയും ഓഡിറ്റ് സമ്പ്രദായം സ്വതന്ത്രവും സോഷ്യൽ ഓഡിറ്റും നടപ്പി ലാക്കുകയും ചെയ്യുക. സാങ്കേതിക നവീകരണം നടപ്പിലാക്കു കയും അതു വഴി കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. സാധ്യതയുള്ള വിവിധ മേഖലകളുണ്ട്, അവിടങ്ങളിൽ ശാഖകൾ തുടങ്ങുക. കാർഷിക വിഭവങ്ങൾ ശേഖരിക്കുകുയം സംസ്കരി ക്കുകയും വിപണനം നടത്തുകയും ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

ക്ഷീരവ്യവസായ സഹകരണ സംഘം 1989ൽ മങ്ങാട് ആസ്ഥാനമാക്കി ആരംഭിച്ചു. എരുമപ്പെട്ടി പഞ്ചായത്ത് മുഴുവ നും പ്രവർത്തനമേഖലയായ ഈ സംഘം നാളിതുവരെയുള്ള പ്രവർത്തനം പരിശോധിച്ചാൽ കാര്യമായ പുരോഗതി ഒന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

**ക്ഷീരവികസന വകുപ്പുവഴി നടപ്പിലാക്കിവരുന്ന സ്കീമുകൾ,**

1. ക്ഷീരോൽപന്ന യൂണിറ്റ്
2. കാലിത്തൊഴുത്ത് നിർമ്മാണം
3. യൂറിയ പിറ്റ് നിർമ്മാണം എന്നിവയാണ്.

ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വനിതകളെ സംഘടിപ്പിച്ച് ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു എങ്കിലും വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കാലിത്തൊഴുത്തു നിർമ്മാണ യൂണിറ്റിനു നൽകുന്ന സബ്സിഡി നിർമ്മാണ ചിലവുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ പരിമിതമാണ്. സബ്സിഡി വർദ്ധിപ്പിക്കുകയും ക്ഷിരോല്പന്ന യൂണിറ്റ് ലാഭകരമായി പ്രവർത്തിപ്പിക്കാൻ മോഡലൈസേഷൻ നടപ്പിലാക്കുകയും ചെയ്യണം. പഞ്ചായത്തിൽ നിന്ന് ശേഖരിക്കാൻ കഴിയുന്ന പാൽ വിപണനം നടത്താൻ കഴിയാതെ വരുന്ന പക്ഷം പാൽ വിപണനമേഖല വിപുലീകരിക്കാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംഘത്തിന് സ്വന്തമായ സ്ഥലവും കെട്ടിടവും സംഘടിപ്പിക്കണം. സംഘം വഴി നല്ലയിനം പശുക്കളെ വിതരണം ചെയ്യുന്നതിനും ന്യായമായ വിലയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്യാനും ആകർഷകമായ രീതിയിൽ തീറ്റ പുൽകൃഷി വികസനം നടപ്പിലാക്കണം.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| സ്ഥാപന വർഷം | 1967 |
| അംഗങ്ങളുടെ എണ്ണം | 487 |
| ജീവനക്കാരുടെ എണ്ണം | 2 |
| ഓഹരി മൂലധനം | 60,000 |
| വാർഷിക ടേണോവർ | 1,88,403 |
| നഷ്ടം / ലാഭം | നഷ്ടം |

വർഷത്തിൽ ശരാശരി ശേഖരിക്കുന്ന പാൽ 20,514 ലിറ്റർ ആണ്. വില്പന 19194 ലിറ്റർ ആണ്. സെക്രട്ടറിയുടെ ശമ്പളം 900 രൂപയും മിൽക് മേൻെറ ശമ്പളം 850 രൂപയും ആണ്. ശേഖരിക്കാൻ കഴിയുന്നത്ര പാൽ ഈ പഞ്ചായത്തിൽ വിറ്റഴിക്കാൻ കഴിയാത്തതിനാൽ ക്ഷീര കർഷകരിൽ നിന്നും അവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഘത്തിന് വാങ്ങാൻ കഴിയാറില്ല. ഈ രംഗത്ത് സ്വകാര്യ എജൻസികൾ പ്രവർത്തിച്ചു വരുന്നുണ്ട്. അവരാകട്ടെ സംഘത്തേക്കാൾ ആകർഷകമായ വിലയ്ക്ക് പാൽ വാങ്ങി വില്പന നടത്തുന്നു. സംഘത്തിൻെറ ധനപരമായ ശേഷി വർദ്ധിപ്പിക്കുകയും കൂടുതൽ പാൽ ശേഖരിച്ച് വില്പന നടത്തുകയും ചെയ്താൽ സംഘത്തിന് ലാഭകരമായി പ്രവർത്തിക്കാനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

1995ൽ ചിറ്റണ്ട ആസ്ഥാനമായി കരികർ കോറി ഹരിജൻ സഹകരണ സംഘം ഖാദി ബോർഡിൻെറ കീഴിൽ റജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാമെങ്കിലും ഈ സംഘം പ്രവർത്തനരഹിതമാണ്.

കാഞ്ഞിരക്കോട് ആസ്ഥാനമായി കൊട്ട, പനമ്പ്, നെയ്ത്ത് തൊഴിലാളി സഹകരണ സംഘം പ്രവർത്തിക്കുന്നു. ഇതിൻെറ ഒരു ബ്രാഞ്ച് മങ്ങാട് പ്രവർത്തിക്കുന്നുണ്ട്. ഓട, മുള എന്നിവ ഉപയോഗിച്ചുള്ള കൊട്ട നിർമ്മാണമാണ് ഇവിടെ നടക്കുന്നത്. ഓട, മുള തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ല. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ പ്രവർത്തിക്കുന്ന ബാംബു കോർപ്പറേഷനിൽ നിന്നാണ് സംഘത്തിന് ഓട ലഭിക്കുന്നത്. ബാംബു കോർപ്പറേഷനിൽ നിന്നും സ്വകാര്യ മുതലാളിമാർ സ്വാധീനം ചെലുത്തി ഓട തട്ടിയെടുക്കുന്നതിനാലാണ് സംഘത്തിന് ഓട ലഭിക്കാത്തത്. ഇത് മൂലം മുഴുവൻ പേർക്കും ജോലി നൽകാൻ കഴിയുന്നില്ല. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസമാണ് ജോലി ലഭിക്കുന്നത്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഈ തൊഴിലാളികളുടെ അവസ്ഥ വളരെ മോശമായ നിലയിലാണ്. ഇവരുടെ തൊഴിലും അവകാശങ്ങളും സംരക്ഷിക്കാൻ രൂപീകൃതമായ ഈ സംഘത്തിൻെറ കാര്യക്ഷമത ഇല്ലായ്മയും പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പുവഴി നൽകുന്ന ധനസഹായങ്ങൾ ശരിയായവിധം വിനിയോഗിക്കാൻ കഴിയാതെ പോകുകയും ചെയ്യുക വഴി ഈ സംഘത്തിൻെറ പ്രവർത്തനം മുരടിപ്പിലാണ്.

നല്ല സാധ്യതയുള്ള ഈ പരമ്പരാഗത വ്യവസായം വികസിക്കാനുള്ള എല്ലാ സാധ്യതയും ഉണ്ട്. പ്രധാനമായും അസംസ്കൃത പദാർത്ഥമായ ഓട, മുള എന്നിവ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ബാംബു കോർപ്പറേഷൻ സഹായിക്കുകയാണെങ്കിൽ മുഴുവൻ അംഗങ്ങൾക്കും ജോലി നൽകാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ സാധിക്കും. ഇതിൻെറ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപന വർഷം | 1980 |
| അംഗങ്ങളുടെ എണ്ണം | 169 |
| ജീവനക്കാരുടെ എണ്ണം | 1 |
| ഓഹരി മൂലധനം | 60,000 |
| വാർഷിക ടേണോവർ | - |
| ലാഭം / നഷ്ടം | - |

# വനിത വ്യവസായം

മങ്ങാട് ആസ്ഥാനമായി വനിത വ്യവസായ സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. റെഡിമെയ്ഡ് ഗാർമെൻറ്സ് ഉല്പാദിപ്പിക്കുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ മേക്സിയും പാവാടയും മാത്രമെ ഉല്പാദിപ്പിക്കുന്നുള്ളു. എല്ലാ അംഗങ്ങൾക്കും ജോലി നൽകാൻ ഈ സ്ഥാപനത്തിന് കഴിയുന്നില്ല. ടൈലറിംഗ് പരിശീലനമുള്ള വിദഗ്ദരായ തൊഴിലാളികളുടെ അഭാവവും കട്ടിങ്ങ് എക്സ്പേർട്ടിൻെറ കുറവും മൂലം മേൻമയേറിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് കഴിയുന്നില്ല. ഇതിനാവശ്യമായ തുണി ഹോൾസെയിൽ വിലയ്ക്ക് വാങ്ങുന്നതിന് പലപ്പോഴും കഴിയാറില്ല. സാമ്പത്തിക പരാധീനതയാണ് ഇതിനു കാരണം. സ്വകാര്യ മേഖലയിൽ ഉല്പാദിപ്പിക്കുന്ന മേൻമയേറിയ റെഡി

മെയ്ഡ് ഉല്പന്നങ്ങളോട് മത്സരിക്കാൻ സഹകരണ മേഖലയ്ക്ക് കഴിയാതെ വരുന്നു. ഇതുമൂലം ഇവരുടെ ഉല്പന്നങ്ങൾക്ക് വേണ്ടത്ര മാർക്കറ്റ് ലഭിക്കുന്നില്ല. ഇപ്പോൾ വാടക കെട്ടിടത്തിലാണ് സംഘം പ്രവർത്തിക്കുന്നത്. സ്വന്തമായ മൂന്ന് സെൻറ് ഭൂമി സംഘത്തിനുണ്ട്.

ഈ സ്ഥാപനം ഇപ്പോൾ കടുത്ത പ്രതിസന്ധിയിലാണ്. കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായി മോഡേൺ റെഡിമെയ്ഡ് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയണം. ഇതിന് ആവശ്യമായ കട്ടിംങ്ങ് വിദഗ്ദരുടെ അഭാവം പരിഹരിക്കാൻ കഴിയണം. നിലവിലുള്ള അംഗങ്ങൾക്ക് കാര്യക്ഷമമായ പ്രായോഗിക പരിശീലനം നൽകണം. പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുകയും സംഘത്തിനാവശ്യമായ സാമ്പത്തിക സഹായം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും വേണം. റെഡിമെയ്ഡ് ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള ഏജൻസി സംഘടിപ്പിക്കണം.

| | |
|---|---|
| സ്ഥാപന വർഷം | 21-1-1980 |
| അംഗങ്ങളുടെ എണ്ണം | 76 |
| ജീവനക്കാരുടെ എണ്ണം | 1 |
| ഓഹരി മൂലധനം | 3,00,000 |
| വാർഷിക ടേണോവർ | 26,841.50 |
| ലാഭം / നഷ്ടം | നഷ്ടം |

## സെറികൾച്ചർ

എരുമപ്പെട്ടി പഞ്ചായത്ത് പ്രവർത്തന മേഖലയായി ഖാദി ബോർഡിൻെറ കീഴിൽ ഒരു സെറി കൾച്ചർ സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിൻെറ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. മൾബറി കൃഷിയെ പ്രോൽസാഹിപ്പിക്കുകയും, കൊക്കൂൺ ഉല്പാദനവും സംസ്കരണവും ലക്ഷ്യമാക്കി രൂപീകരിക്കുകയും ചെയ്ത ഈ സംഘം പൂർണ്ണമായും പ്രവർത്തനരഹിതമാണ്. കൃഷിക്കാർക്കും തൊഴിൽ രഹിതർക്കും വരുമാനം വർദ്ധിപ്പിക്കാനും തൊഴിലവസരം സൃഷ്ടിക്കാനും നല്ല സാധ്യതയുള്ള മേഖലയാണിത്. എന്നാൽ ഇതിനാവശ്യമായ പദ്ധതികളൊന്നും നടപ്പിലാക്കാൻ ഈ സംഘത്തെ പ്രവർത്തിപ്പിക്കുന്നതിന് ഖാദിബോർഡും സർക്കാരും പിന്നീട് തയ്യാറായില്ല. മൾബറി കൃഷിക്കും കൊക്കൂൺ സംസ്കരണത്തിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും ഖാദി ബോർഡിൻെറയും സർക്കാരിൻെറയും സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ട്.

| തുടങ്ങിയ വർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം |
|---|---|---|
| 25 - 6 - 91 | 19 | 1900 |

ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖ എരുമപ്പെട്ടിയിൽ പ്രവർത്തിക്കുന്നുണ്ട്. ബാങ്കിൻെറ നിക്ഷേപ തുക വായ്പകൾ എന്നിവ താഴെ ചേർക്കുന്നു

| | |
|---|---|
| സ്ഥിര നിക്ഷേപം | 47,76,000 |
| ഹ്രസ്വകാല നിക്ഷേപം | 10,87,500 |
| ഹ്രസ്വകാല വായ്പകൾ | 61,20,392 |
| മദ്ധ്യകാല വായ്പ | 11,07,000 |
| ഒ.ഡി. | 22,30,000 |
| ഭവന വായ്പ | 45,30,500 |
| സാധാരണ വായ്പ | 10,69,000 |
| മറ്റു വായ്പകൾ | 23,40,995 |

കുന്നംകുളം ഹൗസിംങ്ങ് സൊസൈറ്റിയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്. ഈ സൊസൈറ്റി മൊത്തം നൽകിയ വായ്പ 91,78,406 രൂപയാണ്. ഈ പഞ്ചായത്തിൽ നൽകിയ വായ്പ 3,31,000 രൂപ മാത്രമാണ്.

വടക്കാഞ്ചേരി സർക്കാർ ഉദ്യോഗസ്ഥ സഹകരണ സംഘത്തിൻെറ പ്രവർത്തനമേഖലയിൽ പെട്ടതാണ് ഈ പഞ്ചായത്ത്. ഇവർ മൊത്തം നൽകിയ വായ്പ 5,00,000 രൂപയ്ക്കാണ്. ഈ പഞ്ചായത്തിൽ ആർക്കും വായ്പ നൽകിയിട്ടില്ല

കൊച്ചിൻ സഹകരണ കാർഷിക വികസന ബാങ്ക് വടക്കാഞ്ചേരി ബ്രാഞ്ചിൻെറ പ്രവർത്തനപരിധിയിൽ ഈ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. ഇതിൻെറ സ്ഥിതി വിവരക്കണക്കുകൾ താഴെ ചേർക്കുന്നു

| | |
|---|---|
| ജലസേചന വായ്പകൾ | 38,000 |
| റബ്ബർ | 98,596 |
| ക്ഷീര വികസനം | 57,850 |
| സാധാരണ വായ്പ | 59,250 |
| ഭൂവികസന വായ്പ | 36,000 |
| തെങ്ങ് | 18,940 |
| കാർഷികേതര വായ്പ | 2,43,500 |
| വാഹന വായ്പ | 2,41,400 |
| വീടിനുള്ള വായ്പ | 5,47,000 |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### വാർഡ് ഒന്ന്

1. എരുമപ്പെട്ടി സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു ശാഖ എരുമപ്പെട്ടിയിൽ സ്ഥാപിക്കുക
2. സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കുക
3. വായ്പാ പരിധി ഉയർത്തുക
4. കാർഷിക വായ്പകളുടെ വ്യവസ്ഥകൾ ഉദാരമാക്കി

യഥാസമയം ലഭ്യമാക്കുക

5. സഹകരണ മേഖലയിൽ കാർഷിക ഉല്പന്ന വിപണന കേന്ദ്രം ആരംഭിക്കുക

വാർഡ് രണ്ട്

1. ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ ശാഖ എരുമപ്പെട്ടിയിൽ സ്ഥാപിക്കുക

2. നാഷണലൈസ്ഡ് ബാങ്കിന്റെ ശാഖ സ്ഥാപിക്കുക

3. അടക്ക സംസ്കരണ യൂണിറ്റ് സ്ഥാപിക്കുക

വാർഡ് മൂന്ന്

1. നെല്ലുവായ് സെൻററിൽ സഹകരണബാങ്കിന്റെ ഒരു ശാഖ സ്ഥാപിക്കുക

വാർഡ് നാല്

1. ബീഡി വ്യവസായ സഹകരണ സംഘം രൂപീകരിക്കുക

2. അടയ്ക്ക, റബ്ബർ സംസ്കരണ കേന്ദ്രങ്ങൾ ക്ഷീരോല്പന്ന യൂണിറ്റ് എന്നിവ സ്ഥാപിക്കുക

വാർഡ് അഞ്ച്

1. സഹകരണാടിസ്ഥാനത്തിൽ കളിമൺ വ്യവസായ യൂണിറ്റ് തുടങ്ങുക

2. ഹരിജൻ സഹകരണ സംഘം രൂപീകരിക്കുക

3. വനിത കുടിൽ വ്യവസായ യൂണിറ്റ് (മെഴുകുതിരി, നൂൽ തിരി, ചന്ദനത്തിരി, വട്ടക്കണ്ണി) ആരംഭിക്കുക

4. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക

5. ക്ഷീര വ്യവസായ സഹകരണ സംഘത്തിന് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുക

വാർഡ് ഏഴ്

1. സഹകരണ മേഖലയിൽ അടയ്ക്ക സംസ്കരണ യൂണിറ്റ്

2. ക്ഷീര വ്യവസായ സഹകരണ സംഘം ബ്രാഞ്ച്

3. നാളികേരത്തിൽ നിന്ന് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റ്

4. പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ പ്രോൽസാഹനം നൽകുക

5. ചിപ്സ് മേക്കിംങ്ങ് യൂണിറ്റ്

6. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് എന്നിവ രൂപീകരിക്കുക

7. അമിത പലിശ ഈടാക്കുന്ന ചിട്ടി സ്ഥാപനങ്ങൾ നിരോധിക്കുക

8. കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുക

വാർഡ് ഒമ്പത്

1. ബിഡി, തയ്യൽ, കരിങ്കൽ, തൊഴിൽ മേഖലയിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുക

2. ക്ഷീര വ്യവസായത്തിന്റെ ബ്രാഞ്ച് സ്ഥാപിക്കുക

വാർഡ് പത്ത്

1. ബീഡി വ്യവസായ സഹകരണ സംഘം രൂപീകരിക്കുക

2. ക്ഷീര വ്യവസായത്തിന്റെ ബ്രാഞ്ച് സ്ഥാപിക്കുക

3. കൊട്ടനെയ്ത്ത് സഹകരണ സംഘം വിപുലമാക്കുക

4. ഹോളോബ്രിക്സ്, കസാല നെയ്ത്ത്, ചെരുപ്പ് നിർമ്മാണം എന്നിവ സഹകരണ മേഖലയിൽ രൂപീകരിക്കുക

വാർഡ് പതിനൊന്ന്

1. അടയ്ക്ക സംസ്കരണം, നാളികേര സംസ്കരണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നിവ സഹകരണ മേഖലയിൽ രൂപീകരിക്കുക

2. ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ ബ്രാഞ്ച് രൂപീകരിക്കുക

3. ബ്ലെയ്ഡ് കമ്പനികൾ നിരോധിക്കുക

## എരുമപ്പെട്ടി പഞ്ചായത്തിൽ നിലവിലുള്ളത്



# പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

എരുമപ്പെട്ടി ഗ്രാമീണത വിളിച്ചോതുന്ന പേര്. പച്ചപ്പു നിറഞ്ഞ, ചെറുതും വലുതുമായ കുന്നിൻപ്രദേശങ്ങൾ ധാരാളമുള്ള ഗ്രാമം. ഈ കുന്നുകളും താഴ്‌വരകളും കേന്ദ്രീകരിച്ചാണ് ഭൂരിഭാഗം പട്ടികജാതി വിഭാഗക്കാരും താമസിക്കുന്നത്. കോളനിയിലല്ലാതെ വേറിട്ടു താമസിക്കുന്ന പട്ടികജാതിക്കാർ വളരെ ചുരുക്കമേ ഉള്ളൂ. പട്ടികവർഗ്ഗത്തിൽ പെട്ടവർ ഈ പഞ്ചായത്തിൽ ഇപ്പോൾ ഇല്ല.

ജൻമി-കുടിയാൻ വ്യവസ്ഥിതി രൂക്ഷമായി നിലനിന്നിരുന്ന ഒരു ഗ്രാമമാണ് ഇത്. 'മന'കളും ധാരാളം ജൻമി കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പട്ടികജാതിക്കാരുടെ വീട്ടുപേരുകളായ ആലത്തൂർ മനപ്പടി, ചിറ്റണ്ട മനയ്ക്കൽ പടി തുടങ്ങിയവയിൽ നിന്നും ഈ കുടുംബങ്ങളിലെ മുൻതലമുറ ഈ മനകളിലെ അടിമപ്പണിക്കാരായിരുന്നു എന്നു മനസ്സിലാക്കാം. ഇങ്ങനെ ജൻമി ഗൃഹത്തെമാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്നവർ, അടിമപ്പണി അവർക്ക് വിധിച്ചിട്ടുള്ളതാണ് എന്ന് കരുതിയിരുന്നവർ, ആ മനോഭാവത്തിൽ നിന്നും ഇപ്പോഴും പൂർണ്ണമായി മുക്തി നേടിയിട്ടില്ലാത്തവർ. അവരാണ് ഈ വിഭാഗത്തിലെ ഇപ്പോഴത്തെ മുതിർന്ന തലമുറ.

ഈ പഞ്ചായത്തിൽ ആകെ 1158 പട്ടികജാതി കുടുംബങ്ങളാണുള്ളത്. ഓരോ വാർഡിലേയും പട്ടികജാതി ജനസംഖ്യ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ചേർത്തിരിക്കുന്നു.

| വാർഡ് | പട്ടികജാതി കുടുംബങ്ങൾ | അംഗങ്ങൾ | | ആകെ |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | |
| 1 | 55 | 126 | 147 | 273 |
| 2 | 196 | 475 | 506 | 981 |
| 3 | 10 | 22 | 32 | 54 |
| 4 | 295 | 669 | 730 | 1399 |
| 5 | 96 | 230 | 236 | 466 |
| 6 | 20 | 63 | 53 | 116 |
| 7 | 38 | 107 | 103 | 210 |
| 8 | 54 | 113 | 105 | 218 |
| 9 | 117 | 335 | 343 | 678 |
| 10 | 150 | 406 | 413 | 819 |
| 11 | 127 | 309 | 342 | 651 |
| ആകെ | 1158 | 2855 | 3010 | 5865 |

ആകെ പട്ടികജാതി ജനസംഖ്യ പഞ്ചായത്തിലെ മൊത്തം ജനസലംഖ്യയുടെ 22.4% ആണ്. ചില വാർഡുകളിൽ സ്ത്രീ ജനസംഖ്യ പുരുഷൻമാരുടേതിനേക്കാൾ കുറവാണെന്നു കാണാം.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും ദാരിദ്ര്യമനുഭവിക്കുന്നവരാണ്. 1992, 95 വർഷങ്ങളിലെ ഐ.ആർ.ഡി.പി. ലിസ്റ്റുപ്രകാരം 541 കുടുംബങ്ങളാണ് ഉള്ളത്. 8-ാം പദ്ധതിക്കാലത്ത് 137 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമായി. ഇതിൽ 12 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്കു മുകളിലെത്തിയതായി കണക്കാക്കിയിട്ടുള്ളത്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ മതിയായ അളവിലും ശരിയായ സമയത്തും വായ്പ ലഭ്യമാകാതിരിക്കൽ, വായ്പ തിരിച്ചടക്കേണ്ടതില്ല എന്ന ധാരണ എന്നിവയും പദ്ധതി പരാജയപ്പെടുന്നതിന് കാരണങ്ങളാണ്.

| | |
|---|---|
| ആകെ കുടുംബങ്ങൾ (സർവ്വേപ്രകാരം) | 541 |
| സാമ്പത്തിക സഹായം ലഭിച്ചവർ | 137 |
| ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയവർ | 12 |
| മുമ്പ് സഹായം ലഭിച്ചവർ ഉൾപ്പടെ ഇപ്പോൾ ദാരിദ്ര്യരേഖക്കു താഴെയുള്ളവർ | 773 |

ഈ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസനില വളരെ മോശമാണ്. കുട്ടികൾ മിക്കവരും അപ്പർ പ്രൈമറി ക്ലാസ്സുകളിൽ വെച്ച് പഠനം നിർത്തുന്നു. വളരെ കുറച്ചു പേരാണ് എസ്.എസ്.എൽ.സി. ക്ലാസ്സുവരെ എത്തുന്നത്. എസ്.എസ്.എൽ.സി. ക്കു മുകളിൽ വിദ്യാഭ്യാസമുള്ളവർ വെറും 3% മാത്രമാണ്. സർക്കാർ ഉദ്യോഗസ്ഥർ 35 പേർ മാത്രമാണ് ഈ പഞ്ചായത്തിൽ.

പട്ടികജാതി കോളനികളിലെ വിദ്യാഭ്യാസനില

| | |
|---|---|
| എസ്.എസ്.എൽ.സി. വരെ പഠിച്ചവർ | 254 |
| എസ്.എസ്.എൽ.സി.ക്കു മീതെ | 133 |
| പ്രീഡിഗ്രി | 36 |
| ഡിഗ്രി | 24 |
| സർക്കാർ ഉദ്യോഗസ്ഥർ | 15 |

മുതിർന്നവർ ഭൂരിഭാഗവും നിരക്ഷരർ തന്നെയാണെന്നു പറയാം. 'ഒരുപാടു പഠിഞ്ഞുനോക്കി. എത്ര പടിഞ്ഞിട്ടും പടിയിണില്ല' ഒരു വിഭാഗം, ഇനി പടിഞ്ഞിട്ടെന്തു ചെയ്യാനാ?

മറ്റൊരു വിഭാഗം, എത്ര നാളു പടിഞ്ഞിട്ടാ പേരെഴുതാനൊന്നു പടിഞ്ഞത്, ഒരു കൂട്ടർ എന്തായാലും പേരെഴുതാൻ പടിഞ്ഞു മറ്റൊരു കൂട്ടർക്ക് അഭിമാനം. കോളനിവാസികളുടെ അക്ഷര ജ്ഞാനത്തിൻെറ സ്ഥിതിയാണ് ഇത്. ദാരിദ്ര്യമാണ് വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥക്ക് മുഖ്യ കാരണം. വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെ പറ്റിയുള്ള അറിവില്ലായ്മയും അമ്മമാർ പണിക്കു പോകുന്നതിനാൽ താഴെയുള്ള കുട്ടികളെ നോക്കേണ്ട ചുമതലയുള്ളതിനാലും വരുമാനം കണ്ടെത്തുന്നതിനായി കുട്ടികളെ നിർബന്ധിച്ച് പഠനത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനാലും ഈ വിഭാഗക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിലെത്താൻ കഴിയുന്നില്ല.

ഈ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്ക്കൂളിൻെറ പേര് | പഠിച്ചു കൊണ്ടിരിക്കുന്നവർ | പഠിപ്പു നിർത്തിയവർ | ലംപ്സം ഗ്രാൻറ് ലഭിക്കുന്നവർ |
|---|---|---|---|
| ജി.എച്ച്.എസ്. എരുമപ്പെട്ടി<br>യു.പി.എസ്. എരുമപ്പെട്ടി | 665 | 18 | 657 |
| എൽ.പി.എസ്. എരുമപ്പെട്ടി | 132 | | 131 |
| എൽ.പി.എസ്. മങ്ങാട് | 92 | 1 | 92 |
| എൽ.പി.എസ്. കുട്ടഞ്ചേരി | 80 | | 80 |
| എൽ.പി.എസ്. ആറ്റത്തറ | 24 | | 24 |
| യു.പി.എസ്. കുണ്ടന്നൂർ | 156 | 2 | 155 |
| യു.പി.എസ്. ചിറ്റണ്ട | 127 | 2 | 127 |
| എൽ.പി.എസ്. കാഞ്ഞിരക്കോട് | 64 | | 64 |

പഠനകാര്യത്തിൽ ആൺകുട്ടികളേക്കാൾ പിന്നിലാണ് പെൺകുട്ടികളുടെ സ്ഥാനം. 8-ാം പദ്ധതിക്കാലത്ത് 135 വിദ്യാർത്ഥികൾ വിവിധ ക്ലാസ്സുകളിൽ വെച്ച് പഠിപ്പു നിർത്തിയതായി കണക്കാക്കിയിട്ടുണ്ട്. 217 വിദ്യാർത്ഥികൾ തോറ്റു പഠിക്കുന്നവരാണ്.

സാമ്പത്തിക ബുദ്ധിമുട്ട്, പഠനത്തോടുള്ള താല്പര്യക്കുറവ്, ദാരിദ്ര്യം മൂലമുള്ള രോഗങ്ങൾ ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള ദൂരക്കൂടുതൽ എന്നിവയും പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളാണ്.

ഈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഒരു ഐ.റ്റി.സി. പ്രവർത്തിക്കുന്നുണ്ട്. വിവിധ കോഴ്സുകളിലായി 47 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. 90% പട്ടികജാതി വിദ്യാർത്ഥികളാണ് ഉള്ളത്. പ്ളംബർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ കോഴ്സുകൾ മാത്രമാണ് പരിശീലിപ്പിക്കുന്നത്. ഇവിടെനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ ഉറപ്പാക്കേണ്ടതാണ്. അതോടൊപ്പം ഈ സ്ഥാപനത്തിന് സമഗ്രമായ വികസപ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

## തൊഴിൽരംഗം :

പുരുഷൻമാരിലധികവും കെട്ടിടനിർമ്മാണരംഗത്തും മറ്റു കൂലിപ്പണികളിലും ഏർപ്പെടുന്നു. സ്ത്രീകൾ കൂടുതലും കൃഷിപ്പണികളിൽ ഏർപ്പെടുന്നവരാണ്. ബീഡി നിർമ്മാണരംഗത്തും ധാരാളം സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. ഈ വ്യവസായം സ്ത്രീകളുടെ കൂട്ടായ സംരംഭത്തിന് യോജിച്ചതാണ്.

കുട്ടനെയ്ത്ത്, പായ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്ന നല്ലൊരു വിഭാഗം ജനങ്ങളും ഇവിടെയുണ്ട്. കൃഷിയിടങ്ങൾ ചുരുങ്ങിവരുന്നത് ഇവർക്ക് മറ്റു മേഖലകൾ തേടിപ്പോകാൻ പ്രേരണയാകുന്നു. വർഷത്തിൽ വളരെ കുറച്ചു ദിവസങ്ങൾ മാത്രമേ കാർഷികമേഖലയിൽ ജോലി ലഭിക്കൂ എന്നുള്ളതുകൊണ്ടും മറ്റു മേഖലയിലെ കൂലിക്കൂടുതൽ കൊണ്ടും കൃഷിപ്പണി ചെയ്യുന്ന ആളുകൾ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. കൃഷിപ്പണിയുള്ള കാലങ്ങളിൽ മാത്രമാണ് ഭൂരിഭാഗം സ്ത്രീകൾക്കും ജോലി ലഭിക്കുന്നത്. ബാക്കിയുള്ള ദിവസങ്ങൾ പണിയൊന്നും ലഭിക്കാതെ വീട്ടിൽ കഴിയേണ്ടി വരുന്നു എന്നതും ഇവരുടെ പട്ടിണി വർദ്ധിക്കുന്നതിന് കാരണമാകുന്നു.

പട്ടികജാതി കുട്ടനെയ്ത്ത് സഹകരണ സംഘത്തിൻെറ കീഴിൽ രണ്ട് കേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. മങ്ങാട്, കാഞ്ഞിരക്കോട് എന്നീ സ്ഥലങ്ങളിലാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്. നൂറോളം തൊഴിലാളികൾ ഈ കേന്ദ്രങ്ങളിൽ പണിയെടുക്കുന്നു. അസംസ്കൃത വസ്തുവായ ഈറ്റയുടെ വില വർദ്ധനവും ലഭ്യതക്കുറവും സാമ്പത്തിക ബുദ്ധിമുട്ടും ഈ വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. തൊഴിലാളികളുടെ കൂലിക്കുറവാണ് മറ്റൊരു പ്രശ്നം. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞാൽ വളരെയധികം പേർക്ക് ഈ മേഖലയിൽ തൊഴിൽ നല്കുന്നതിന് സാധിക്കും.

മെറ്റൽ നിർമ്മാണ രംഗത്തും വളരെയധികം പേർ പണിയെടുക്കുന്നു. ആധുനിക തൊഴിലുകളിൽ ഈ വിഭാഗം ജനങ്ങൾക്ക് പരിചയമില്ല എന്നത് പുതിയ തൊഴിലുകളിൽ ഏർപ്പെടുന്നതിന് ഇവർക്ക് തടസ്സമായി നില്ക്കുന്ന കാര്യമാണ്. പുതിയ പുതിയ മേഖലകളിൽ പരിശീലനം കൊടുത്ത് സഹായം ലഭ്യമാക്കി അവരെ ആ തൊഴിലിൽ ഏർപ്പെടുത്താൻ കവിഞ്ഞാൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും.

ഈ വിഭാഗത്തിൽ പെട്ട ജനങ്ങൾ സമൂഹത്തിൽ വളരെ പിന്നോക്കാവസ്ഥയിലാണ്. സാമൂഹ്യാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇവരുടെയിടയിൽ ഇപ്പോഴും നിലനില്ക്കുന്നു. ജാതിപരമായ ഉച്ചനീചത്വം കുറഞ്ഞ തോതിൽ എങ്കിലും നിലനില്ക്കുന്നുണ്ട്. ജാതി പറഞ്ഞു വിളിക്കുന്ന സമ്പ്രദായം പഞ്ചായത്തിൻെറ ചില ഭാഗങ്ങളിലെങ്കിലും നിലനില്ക്കുന്നുണ്ട്. തെയ്യം, തിറ, പൂതൻ, കാളക്കളി, ചോഴിക്കളി, ആണ്ടിക്കളി എന്നിങ്ങനെ വിവിധ നാടൻ കലകൾ ഇവരുടെ തനതു കലകളായി ഇപ്പോഴും നിലനില്ക്കുന്നു. ഈ വിഭാഗക്കാരുടെ ഒരു 'കാലവേദി'യിലെ കലാകാരൻമാർ 'ശിവതാണ്ഡവനൃത്തം' 'ദാരികാവധം' എന്നിവയും അവതരിപ്പിച്ചുവരുന്നു. ഈ കല

കൾക്ക് പ്രോത്സാഹനം നല്കാൻ കഴിഞ്ഞാൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന പല കലകളും പിൻതലമുറയ്ക്കായി ശേഷിപ്പിക്കാൻ നമുക്കു സാധിക്കും.

സമൂഹത്തിൽ സ്ത്രീകളുടെ നില വളരെ പിന്നോക്കമാണ്. വളരെ ചെറുപ്രയാത്തിൽ തന്നെ (14 - 15 വയസ്സ്) പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്ന രീതി പൊതുവെ കാണാം. കൂടാതെ ഭർത്താക്കൻമാരാൽ ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകളുടെ എണ്ണവും വളരെ കൂടുതലാണ്. ഈ പ്രവണതയ്ക്കെതിരെ ആരും ശബ്ദമുയർത്തുന്നില്ല എന്ന ഖേദകരമായ സ്ഥിതിവിശേഷം കൂടി ഇവിടെ നിലനില്ക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

. പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ വളരെ ചുരുക്കമാണ്. സംഘടനാ നേതൃത്വം വഹിക്കുന്നവർ ഇല്ല എന്നു തന്നെ പറയാം. ഇതിൽ മേമ്പൊടിക്കു ചേർക്കാൻ പോലും സ്ത്രീകളെ കിട്ടാനില്ല. സംവരണം മൂലം മറ്റു ഗതിയില്ലാതെ നില്ക്കേണ്ടി വന്ന വനിതാ മെമ്പർ ഒഴിച്ച്. നല്ല വീടില്ലാത്തവരായി 295 കുടുംബങ്ങൾ ഇനിയും ഈ പഞ്ചായത്തിലുണ്ട്. 8-ാം പദ്ധതി ക്കാലത്ത് 70 കുടുംബങ്ങൾക്ക് ബ്ലോക്ക് വഴി വീടു നിർമ്മിക്കുന്നതിന് സഹായം നല്കിയിട്ടുണ്ട്. വീട് ആവശ്യമുള്ള കുടുംബങ്ങളുടെ വാർഡ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| വാർഡ് | ആകെ വീടുകൾ | ഇനിയും വീട് ആവശ്യമുള്ളവർ |
|---|---|---|
| 1 | 55 | 9 |
| 2 | 196 | 50 |
| 3 | 10 | 3 |
| 4 | 295 | 90 |
| 5 | 96 | 32 |
| 6 | 20 | 7 |
| 7 | 38 | 6 |
| 8 | 54 | 4 |
| 9 | 117 | 65 |
| 10 | 150 | 48 |
| 11 | 127 | 36 |

സ്വന്തമായി ഭൂമി ഇല്ലാത്തതും കൈവശഭൂമിക്ക് പട്ടയം ഇല്ലാതിരിക്കുന്നതും വീടില്ലാത്തവർക്ക് വീട് ലഭിക്കുന്നതിന് തടസ്സമായി നില്ക്കുന്ന കാര്യങ്ങളാണ്. പട്ടയം ലഭിക്കാത്ത 350 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. സ്വയം തൊഴിൽ വായ്പ ലഭ്യമാകുന്നതിനും പട്ടയമില്ലായ്മ തടസ്സമായി നില്ക്കുന്നുണ്ട്. ഇവർക്ക് എത്രയും വേഗം പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആകെ 22 കോളനികളാണ് ഈ പഞ്ചായത്തിലുള്ളത്. കോളനികളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വാർഡ് | കോളനിയുടെ പേര് | ആകെ കുടുംബങ്ങൾ | കക്കൂസ് ഇല്ലാത്തവർ | വൈദ്യുതീകരിച്ച വീടുകൾ |
|---|---|---|---|---|
| 1 | കരിയന്നൂർ കോളനി | 40 | 38 | 28 |
| 2 | ഉമിക്കുന്ന് കോളനി | 96 | 75 | 25 |
| 4 | മുരിങ്ങത്തേരി കോളനി | 45 | 34 | 15 |
| 4 | മുണ്ടംകോട് " | 74 | 65 | 17 |
| 4 | കുറുമ്പിലാംകുന്ന് " | 11 | 8 | 7 |
| 4 | നെല്ലിക്കുന്ന് " | 57 | 43 | 14 |
| 5 | എടക്കാട് " | 10 | 6 | - |
| 5 | മുട്ടിക്കൽ കോളനി | 39 | 20 | 18 |
| 5 | നായാട്ടുപാറ " | 20 | 18 | 8 |
| 5 | അണ്ടേങ്കുന്ന് " | 20 | 10 | 18 |
| 6 | തെക്കുമുറി " | 20 | 14 | 10 |
| 7 | ചീനിക്കുണ്ട് " | 23 | 19 | 22 |
| 8 | വെള്ളക്കുന്ന് " | 34 | 18 | 21 |
| 9 | ചിറ്റണ്ട കോളനി | 99 | 83 | 30 |
| 10 | കൊരട്ടിയാൽ കുന്ന് " | 79 | 28 | 54 |
| 10 | കുന്നത്തുപടി " | 16 | 13 | 3 |
| 10 | ആവത്തുകാട് " | 16 | 13 | 2 |
| 10 | കുന്നത്തുകാട് " | 19 | 7 | 9 |
| 11 | ചാത്തൻചിറ " | 74 | 63 | 25 |
| 11 | കോട്ടക്കുന്ന് " | 21 | 19 | 12 |
| 11 | കൊടുമ്പ്പുനരധിവാസ | 9 | 9 | - |
| 11 | ഒടുവിൽ വളപ്പിൽ " | 8 | 8 | 2 |
| | ആകെ | 830 | 611 | 340 |

കോളനികളിലെ അടിസ്ഥാനാവശ്യങ്ങളുടെ നില വളരെ പരിതാപകരമാണ്.

വേനൽക്കാലത്തും മഴക്കാലത്തും ഒരുപോലെ വെള്ളത്തിനായി ബുദ്ധിമുട്ടുന്ന കോളനികളാണ് എല്ലാം. ശുദ്ധജലമില്ലായ്മ ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. വെള്ളം ലഭിച്ചേക്കാവുന്ന കിണറുകളും ടാപ്പുകളും പോലും അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ ഉപയോഗശൂന്യ

മായി കിടക്കുന്നതു കാണാൻ കഴിയും. ചില ടാപ്പുകളിൽ മഴക്കാലത്തു മാത്രമാണ് വെള്ളം ലഭിക്കുന്നത്. മണിക്കൂറുകളോളം ടാപ്പുകൾക്കുമുന്നിൽ ക്യൂ നിൽക്കുന്ന അവസ്ഥയും ഉണ്ടാകുന്നു. സ്ത്രീകൾ കൂലിപ്പണിക്കു പോകുന്നതിനാൽ കൊച്ചു കുട്ടികൾ പോലും വെള്ളവും ചുമന്ന് വളരെദൂരം പോകുന്ന കാഴ്ച കാണാം. ശുചിത്വമില്ലായ്മ ഇവർക്കിടയിൽ വളരെ കൂടുതലാണ്. ജലദൗർലഭ്യമാണ് പ്രധാന കാരണം. ദാരിദ്ര്യം, അജ്ഞത എന്നിവയാണ് മറ്റു കാരണങ്ങൾ. വയറിളക്കരോഗം കോളനികളിൽ സാധാരണമാണ്. മറ്റു സാംക്രമിക രോഗങ്ങളും ഇവിടെ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്.

ഈ പഞ്ചായത്തിൽ ആകെ 892 പട്ടികജാതി കുടുംബങ്ങൾ കക്കൂസ് ഇല്ലാത്തവരായി ഉണ്ട്. ഇത് ആരോഗ്യത്തെ വളരെയധികം ദോഷകരമായി ബാധിക്കുന്നു.

കോളനികളിൽ ആകെയുള്ള 830 വീടുകളിൽ 340 വീടുകൾക്ക് മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. വൈദ്യുതീകരിച്ച വീടുകളിൽ തന്നെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. ഒരു കോളനിയിലും ആവശ്യത്തിന് വഴിവിളക്കുകൾ ഇല്ല.

ഉയർന്ന പലിശക്ക് പണം വായ്പ നല്കുന്ന തമിഴ് സംഘങ്ങളെ നാട്ടിലെങ്ങും കാണാം. 50% മുതൽ മുകളിലേക്കാണ് പലിശ. പാവങ്ങളായ കോളനിവാസികളാണ് ഇവരുടെ പ്രധാന ഇരകൾ. അത്യാവശ്യത്തിന് പണം ലഭിക്കണമെങ്കിൽ ഈ പാവങ്ങൾക്ക് ഈ മൂർച്ചയേറിയ ബ്ലേഡുകളെ തന്നെ ശരണം പ്രാപിക്കുകയേ നിവൃത്തിയുള്ളൂ. ഇതിനൊരു പരിഹാരം കാണേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങൾക്ക് സാധിക്കുന്നതിനായി കുറഞ്ഞ പലിശയ്ക്ക് പണം ലഭ്യമാക്കാൻ സഹകരണ സംഘങ്ങളും ധനകാര്യ സ്ഥാപനങ്ങളും മുൻകൈയ്യെടുത്താൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

'ദരിദ്ര്യ രാഷ്ട്രം' എന്നു മുദ്ര കുത്തപ്പെട്ടിരിക്കുന്ന നമ്മുടെ ഭാരതത്തിൽ രാജകീയ സുഖലോലുപതയിൽ ഒരു വിഭാഗം കഴിയുമ്പോൾ സ്വന്തമായി ഒരു പിടി മണ്ണ്, അന്തിയുറങ്ങാനൊരിടം, കുടിക്കാനിത്തിരി വെള്ളം, പ്രാഥമികാവശ്യം നിറവേറ്റാനൊരു കക്കൂസ്, ഇത്തിരി വെളിച്ചം, നടക്കാനൊരു വഴി.... ഇവരുടെ കുഞ്ഞുസ്വപ്നങ്ങൾ സഫലമാകില്ലേ?

പ്രശ്നങ്ങൾ :

1. വീട്, കക്കൂസ്, എന്നിവയില്ലാത്തവർക്ക് അതു നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്
2. സ്ക്കൂളിൽ നിന്ന് കുട്ടികളുടെ കൊഴിഞ്ഞുപോകലും വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയും
3. കോളനികളിലെ കുടിവെള്ളം, വൈദ്യുതിക്ഷാമം
4. തൊഴിലില്ലായ്മ – തൊഴിൽ സംരംഭങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ കുറവ്, വിലവർദ്ധനവ്, പ്രാദേശികമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ കുറവ്, ഉല്പന്നങ്ങൾക്ക് സ്ഥിരമായ വിപണന സൗകര്യമില്ലായ്മ, സാങ്കേതിക പരിശീലനക്കുറവ്, മറ്റാവശ്യങ്ങൾക്കായി കൃഷിഭൂമിയുടെ ഉപയോഗം
5. സമൂഹത്തിലും, തൊഴിൽ മേഖലയിലും, വിദ്യാഭ്യാസരംഗത്തും സ്ത്രീകളുടെ പിന്നോക്കാവസ്ഥ
6. ഒരു പ്രദേശം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളുടെ കുറവ്, വിവിധ ഡിപ്പാർട്ടുമെൻറുകളുടെ ഏകീകരിച്ചുള്ള പ്രവർത്തനമില്ലായ്മ
7. ഈ വിഭാഗക്കാർക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ പറ്റിയുള്ള അറിവില്ലായ്മ
8. സ്വയം തൊഴിൽ പ്രവർത്തനങ്ങളിലേർപ്പെടുന്നതിനാവശ്യമായ വിവരങ്ങൾ ലഭിക്കാനുള്ള സംവിധാനമില്ലായ്മ
9. പട്ടയം ലഭിക്കാത്തതുമൂലം അർഹമായ ആനുകൂല്യങ്ങൾ കിട്ടാതെ വരിക
10. വായ്പ, സഹായധനം എന്നിവയുടെ ദുരുപയോഗം

സാധ്യതകൾ :

1. വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കുക
2. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പി.ടി.എ.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കുട്ടികളിലെ കഴിവുകൾ (കലാ-കായികരംഗത്ത്) കണ്ടെത്തി അതു വളർത്തിയെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക
3. സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പുസ്തകം, യൂണിഫോം തുടങ്ങിയവ വിതരണം ചെയ്യുക
4. വരുമാന വർദ്ധനവിനായി പ്രാദേശികമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സ്ത്രീകൾക്കും പുരുഷൻമാർക്കും കൂട്ടായ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സഹായിക്കുക. (ബീഡി, കുട്ട, മെറ്റൽ, റെഡിമെയ്ഡ് വസ്ത്രം എന്നിവയുടെ നിർമ്മാണം, ആട്, പന്നി, മത്സ്യം, കോഴി എന്നിവ വളർത്തൽ, പച്ചക്കറി കൃഷി, വാഴകൃഷി, അടയ്ക്ക, കൊപ്ര, പഴവർഗ്ഗങ്ങൾ എന്നിവയുടെ സംസ്ക്കരണ കേന്ദ്രങ്ങൾ തുടങ്ങിയവ)
5. സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനാവശ്യമായ സാങ്കേതിക പരിശീലനം നല്കുക. ഒരേസമയം ഒന്നിലധികം പേർക്ക് പരിശീലനം നല്കിയാൽ അവർക്ക് കൂട്ടായി പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് സാധിക്കും.
6. അസംസ്കൃത വസ്തുക്കൾ ആവശ്യത്തിനും വിലക്കുറച്ചും ലഭ്യമാക്കുക
7. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സ്ഥിരമായ വിപണന കേന്ദ്രങ്ങൾ പഞ്ചായത്തു തലത്തിലോ ബ്ലോക്കു തലത്തി

ലോ സ്ഥാപിക്കുക

8. മറ്റാവശ്യങ്ങൾക്കായി കൃഷിഭൂമി ഉപയോഗിക്കുന്നത് തടയുക

9. ഭൂമി, പട്ടയം എന്നിവയില്ലാത്തവർക്ക് അത് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

10. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ

11. കോളനിയിൽ നിലവിലുള്ള വായനശാലകളുടേയും ക്ലബ്ബുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുക. അവർക്കിടയിലുള്ള നാടൻകലകൾക്ക് പ്രോത്സാഹനം നല്കുക

12. വിദ്യാഭ്യാസം, ശുചിത്വം, അർഹതപ്പെട്ട ആനുകൂല്യങ്ങൾ, സാമൂഹ്യാനീതി, ചൂഷണം എന്നിവയെ കുറിച്ച് ബോധവല്ക്കരണ പ്രവർത്തനങ്ങൾ. തുടർന്ന് സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക

13. ഒരേ മേഖലയിൽ വിവിധ ഡിപ്പാർട്ടുമെൻറുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകീകരിക്കുകയും ഓരോ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുകയും വേണം

14. എല്ലാ തൊഴിൽ സംരംഭങ്ങൾക്കും, വകുപ്പുദ്യോഗസ്ഥർ, ധനകാര്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുൾപ്പെടുന്ന കമ്മിറ്റിയുടെ മേൽനോട്ടവും വായ്പ സഹായധനം എന്നിവ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് കർശനമായ നടപടികളും ഉണ്ടാവണം.

15. സ്വയംതൊഴിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനായി ഒരു 'ഇൻഫർമേഷൻ കം രജിസ്ട്രേഷൻ കൗണ്ടർ' പഞ്ചായത്തുതലത്തിൽ ആരംഭിക്കുക

16. പഞ്ചായത്തിലെ തൊഴിൽ രഹിതർ, അഭ്യസ്ഥ വിദ്യർ, സ്വയം തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവർ, വിവിധ ഡിപ്പാർട്ട്മെൻറുകളിൽ നിന്നും വിവിധ പദ്ധതികൾ വഴി സഹായം ലഭിച്ചവർ തുടങ്ങിയ എല്ലാ വിവരങ്ങളും പഞ്ചായത്തു തലത്തിൽ ശേഖരിച്ച് സൂക്ഷിക്കുവാനുള്ള സംവിധാനം

17. സ്വയം തൊഴിലിൽ ഏർപ്പെടുന്നവരെ സഹായിക്കാനായി ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിന് വിവിധ ഡിപ്പാർട്ടുമെൻറുകൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സേവനം ലഭ്യമാക്കുന്നതിനുള്ള സംവിധാനം

18. ഈ പഞ്ചായത്തിൽ നിലവിലുള്ള ഐ.ടി.സി. സമഗ്രമായി വികസിപ്പിക്കുകയാണെങ്കിൽ തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനമാക്കി ഇതു മാറ്റാൻ സാധിക്കും.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ :

### വാർഡ് ഒന്ന്

1. കരിയന്നൂർ കോളനിയിൽ ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കുക
2. പട്ടികജാതി കോളനിയിൽ എല്ലാ ഭാഗത്തും കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
3. വീടില്ലാത്തവർക്ക് വീട് വെയ്ക്കുന്നതിനുള്ള സഹായം നല്കുക
4. ബേത്‌ലഹേം നഗറിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി കോളനി കൂടി ഉൾപ്പെടുത്തുക. ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുക

### വാർഡ് രണ്ട്

1. വാർഡിലുള്ള ഐ.ടി.സി.യിൽ സമഗ്രമായ വികസനം നട പ്പാക്കുക
2. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കുക
3. കക്കൂസുകൾ, വീട് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നല്കുക
4. ഉമിക്കുന്നു കോളനിയിൽ ഒരു പൊതു ടി.വി. സ്ഥാപിക്കുക
5. കോളനിയിൽ ഒരു വായനശാല സ്ഥാപിക്കുക
6. കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

### വാർഡ് മൂന്ന്

1. പട്ടികജാതിക്കാർക്ക് വീടുകളും കക്കൂസുകളും നിർമ്മിച്ചു നല്കുക
2. പൊതു കക്കൂസുകൾ സ്ഥാപിക്കുക

### വാർഡ് നാല്

1. കോളനിയിൽ വീടും സ്ഥലവും ഇല്ലാത്തവർക്ക് അത് ലഭ്യമാക്കുക
2. കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നല്കുക
3. പട്ടികജാതി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് കുട്ട നെയ്ത്ത് കേന്ദ്രങ്ങൾ തുടങ്ങുക
4. കുട്ടഞ്ചേരി, ഭരണിച്ചിറ, കുറമ്പിലാംകുന്ന് കോളനി റോഡ് ഗതാഗതയോഗ്യമാക്കുക
5. മുരിങ്ങാത്തേരി, മുണ്ടംകോട്, നെല്ലിക്കുന്ന് എന്നീ കോളനികളിലെ റോഡുകൾ മെറ്റലിംഗ്, ടാറിംഗ് എന്നിവ

നടത്തുക

6. മുരിങ്ങത്തേരി, മുണ്ടംകോട് കോളനി റോഡ് നീളംകൂട്ടി കുട്ടഞ്ചേരി റോഡുമായി ബന്ധിപ്പിക്കുക

വാർഡ് അഞ്ച്

1. എടക്കാട്, മുട്ടിക്കൽ, നായാട്ടുപാറ, അണ്ടേൻകുന്ന് എന്നീ കോളനികളിൽ വീടും സ്ഥലവും ഇല്ലാത്ത പട്ടികജാതിക്കാർക്ക് അത് നിർമ്മിക്കുവാനുള്ള സഹായം നല്കുക
2. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക
3. ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റിന് സഹായം നല്കുക
4. പട്ടികജാതി ക്ഷേമത്തിനായി ബോധവല്ക്കരണം നടത്തുക
5. ടി.വി.യും വായനശാലയും സ്ഥാപിക്കുക

വാർഡ് ആറ്

1. അഭ്യസ്ഥ വിദ്യരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ സഹായം നല്കുക
2. പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു ഹോസ്റ്റൽ നിർമ്മിക്കുക
3. കക്കൂസ് ഇല്ലാത്തവർക്ക് അത് നിർമ്മിക്കുവാൻ സഹായം നല്കുക

വാർഡ് ഏഴ്

1. പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
2. ഭൂമി, വീട് എന്നിവയില്ലാത്തവർക്ക് അത് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
3. പായ് നെയ്ത്ത്, കുട്ടനെയ്ത്ത് എന്നിവയുടെ യൂണിറ്റുകൾ സഹകരണ മേഖലയിൽ ആരംഭിക്കുകയും അതിന് വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക
4. അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് സ്വയം തൊഴിലുകളിൽ ഏർപ്പെടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
5. മെഴുകുതിരി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക
6. കോളനിയിലേക്ക് ഗതാഗത യോഗ്യമായ റോഡ് സ്ഥാപിക്കുക
7. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് യുണിഫോം, പുസ്തകം എന്നിവ നല്കുക
8. കോളനിയിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കുക
9 .പൊതുജനാരോഗ്യ കേന്ദ്രം സ്ഥാപിക്കുക

വാർഡ് എട്ട്

1. കോളനി റോഡ് ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

വാർഡ് ഒമ്പത്

1. ചിറ്റണ്ട കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
2. വീട്, ലാട്രിൻ എന്നിവ നിർമ്മിക്കുന്നതിന് സഹായം നല്കുക
3. ചിറ്റണ്ട കോളനി റോഡുകളും അതിനോടു ബന്ധപ്പെട്ട ലിങ്ക് റോഡുകളും അറ്റകുറ്റ പണികൾ നടത്തി ഗതാഗത യോഗ്യമാക്കുക
4. വനത്തിൽ നിന്നും വളരെ ശക്തിയായി ഒഴുകിവരുന്ന വെള്ളം ഒഴുകിപ്പോകാനാവശ്യമായ കാനകൾ നിർമ്മിക്കുക
5. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക
6. പിലക്കോട് വില്ലേജിൽ ഉൾപ്പെട്ടിരിക്കുന്ന 9-ാം വാർഡിലെ എല്ലാ കുടുംബങ്ങളേയും ചിറ്റണ്ട വില്ലേജിൽ ഉൾപ്പെടുത്തുക

വാർഡ് പത്ത്

1. കുട്ടനെയ്ത്ത് സഹകരണ സംഘത്തെ സഹായിക്കുക
2. കിഴക്കേക്കര കോളനി, ആവത്തൂകാട്, കുന്നത്തുകാട്, കൊരട്ടിയാൽ കുന്ന് എന്നീ കോളനികളിൽ കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുക
3. വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് സഹായം നല്കുക
4. കോളനികളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുക
5. പട്ടികജാതി വികസന കോർപ്പറേഷൻെറ ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക

വാർഡ് പതിനൊന്ന്

1. ഈ വാർഡിലെ പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്ക് വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം നല്കുക
2. കുടിവെള്ളം വൈദ്യുതി എന്നിവ ലഭ്യമാക്കുക
3. ചാത്തൻചിറയിലേക്ക് ത്രീഫേസ് കണക്ഷൻ നല്കുക
4. പൊതു ശ്മശാനം സ്ഥാപിക്കുക (കോളനിയിൽ)

5. പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, പുസ്തകം, ബാഗ് എന്നിവ നല്കുക

## എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ബ്ലോക്കിലൂടെ നടപ്പാക്കിയ വിവിധ പദ്ധതികളുടെ അവലോകനം

ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കുക എന്നതാണ് ബ്ലോക്കിലൂടെ നടപ്പാക്കുന്ന വിവിധ പദ്ധതികൾ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. സഹായം ലഭ്യമാക്കേണ്ടവരെ കണ്ടെത്തുന്നതിനായി ഓരോ അഞ്ചു വർഷം കൂടുമ്പോഴും സർവ്വേ നടത്തുന്നു. **1992**ൽ നടന്ന പൊതു സർവ്വേ **1995**ൽ നടന്ന അഡീഷനൽ സർവ്വേ എന്നിവയിലൂടെ തിരഞ്ഞെടുത്ത കുടുംബങ്ങൾ അടങ്ങുന്നതാണ് നിലവിലുള്ള ഐ.ആർ.ഡി.പി. ലിസ്റ്റ്

### വിവിധ പദ്ധതികൾ

1. ഐ.ആർ.ഡി.പി. വായ്പകൾ : നിലവിലുള്ള ഐ.ആർ. ഡി.പി. ലിസ്റ്റിൽ 2650 കുടുംബങ്ങളാണുള്ളത്. ഇതിൽ 541 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. 8-ാം പദ്ധതിക്കാലത്ത് 222 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കി. ഇതിൽ 137 കുടുംബങ്ങൾ പട്ടികജാതിയിൽ പെടുന്നു. 48 കുടുംബങ്ങൾ സഹായം ലഭിച്ചതു വഴി ദാരിദ്ര രേഖയ്ക്കു മുകളിലെത്തിയതായി കണക്കാക്കപ്പെടുന്നു

### പ്രശ്നങ്ങൾ :

1. ഓരോ അഞ്ചു വർഷം കൂടുമ്പോഴും സർവ്വേ നടത്തി ലിസ്റ്റു തയ്യാറാക്കുന്നതിനാൽ ഒരേ നമ്പറിൽ തന്നെ പല കുടുംബങ്ങൾ ഉണ്ടാവുന്നു.
2. ഒരു കുടുംബം വായ്പ എടുത്തിട്ടുണ്ടോ എന്നറിയുന്നതിന് ആദ്യം മുതല്ക്കുള്ള രജിസ്റ്ററുകൾ പരിശോധിക്കേണ്ടി വരുന്നു.
3. വരുമാനം നിർണ്ണയിക്കുന്നതിന് ഒരു പൊതുമാനദണ്ഡമില്ലായ്മ
4. വായ്പയും സഹായധനവും ദുർവിനിയോഗം ചെയ്യൽ
5. വായ്പ എടുത്താൽ തിരിച്ചടക്കേണ്ടതില്ല എന്ന തെറ്റായ ധാരണ
6. സാങ്കേതിക പരിശീലനത്തിൻെറ കുറവ്
7. പട്ടികജാതിക്കാരല്ലാത്തവർക്ക് രണ്ടാമത് സഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

### പരിഹാരമാർഗ്ഗങ്ങൾ

1. അടിസ്ഥാനപരമായി ഒരു സർവ്വേ രജിസ്റ്റർ മാത്രം ഉണ്ടായിരിക്കുക. പുതുതായി ഉൾപ്പെടുത്തേണ്ട കുടുംബങ്ങളെ കാലാകാലങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. വായ്പ എടുത്തിട്ടുള്ളവരുടേയും ദാരിദ്ര്യ രേഖ തരണം ചെയ്തവരുടേയും വിവരങ്ങൾ ഈ ലിസ്റ്റിൽ തന്നെ രേഖപ്പെടുത്തുക
2. ഓരോ മാസവും ഒരു നിശ്ചിത തീയതിയിൽ വായ്പ എടുത്തിട്ടുള്ളവരുടെ ഒരു യോഗം വിളിച്ചുകൂട്ടുക. ഇതിൽ ബാങ്ക്, ബ്ലോക്ക്, ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുക
3. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ഗുണഭോക്താക്കളുടെ പ്രതിനിധികൾ, ബാങ്ക്, ബ്ലോക്ക് പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുക
4. ഗുണഭോക്താക്കൾക്ക് ആവശ്യമെങ്കിൽ സാങ്കേതിക പരിശീലനം നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

ട്രൈസം : ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നല്കുന്നതിനായുള്ള ഈ പദ്ധതി പ്രകാരം 8-ാം പദ്ധതിക്കാലത്ത് 21 പേർക്കാണ് സഹായം ലഭ്യമായത്. ഇതിൽ 5 പേർ മാത്രമേ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ളവർ മറ്റു സ്ഥാപനങ്ങളിൽ കൂലിക്ക് ജോലിയെടുക്കുന്നവരും തുടർന്നു ജോലി ചെയ്യാത്ത വരുമാണ്. ഖാദിനെയ്ത്ത്, അലൂമിനിയം ഫേബ്രിക്കേഷൻ, ഇലക്ട്രീഷ്യൻ, ഫോട്ടോഗ്രഫി, സ്പ്രേ പെയിൻറിംഗ്, ബുക്ക് ബയൻറിംഗ് തുടങ്ങിയ തൊഴിലുകൾക്കാണ് പരിശീലനം നല്കിയിട്ടുള്ളത്.

### പ്രശ്നങ്ങൾ :

1. ഒറ്റയ്ക്ക് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയാൽ പരാജയപ്പെടുമോ എന്നുള്ള ഭീതി
2. നിശ്ചയിച്ചിരിക്കുന്ന കാലയളവിനുള്ളിൽ ശരിയായ പരിശീലനം ലഭിക്കാതെ വരിക
3. ആവശ്യമായ ട്രെയ്ഡുകളിൽ പരിശീലനം നല്കുന്നതിനുള്ള സ്ഥാപനങ്ങളുടെ കുറവ്

### പരിഹാര മാർഗ്ഗങ്ങൾ

1. ഒന്നിലധികം പേർക്ക് ഒരേസമയം തൊഴിൽ പരിശീലനം നല്കുകയും അവരെ കൂട്ടായി അതേ തൊഴിലിൽ സ്ഥിരപ്പെടുത്തുന്നതിനുമുള്ള സൗകര്യം ഉണ്ടാക്കുക

2. ശരിയായ രീതിയിൽ പരിശീലനം ലഭിക്കുന്നതിന് പരിശീലന കാലാവധി വർദ്ധിപ്പിക്കുക

3. പഞ്ചായത്തു തലത്തിൽ തന്നെ തൊഴിൽ പരിശീലനം നല്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

**ഡി.ഡബ്ല്യു.സി.ആർ.എ.** : വനിതകളുടെ സാമ്പത്തിക സാമൂഹകി ഉന്നമനമാണ് ഈ പരിപാടിയുടെ ലക്ഷ്യം. 8-ാം പദ്ധതി കാലത്ത് ഈ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ രണ്ടു ഗ്രൂപ്പുകളുടെ രൂപീകരണവും രജിസ്ട്രേഷനും കഴിഞ്ഞിട്ടുണ്ട്. പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല. മെറ്റൽ നിർമ്മാണവും പ്ലാസ്റ്റിക് കസേര നിർമ്മാണവുമാണ് ഈ ഗ്രൂപ്പുകൾ ലക്ഷ്യമിട്ടിരിക്കുന്നത്.

സ്ത്രീകളുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൂടുതൽ ഗ്രൂപ്പുകൾ രൂപികരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ആവശ്യമായ സാമ്പത്തിക സാഹയവും കുറഞ്ഞ വിലക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാകുകയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്ഥിരമായ വിപണി കണ്ടെത്തുകയും ചെയ്താൽ ഈ ഗ്രൂപ്പുകൾ വൻ വിജയമായിരിക്കും

**ആർ.എ.പി.** : ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക തൊഴിലുപകരണങ്ങൾ നല്കുന്ന ഈ പരിപാടി വളരെയധികം പ്രയോജനപ്പെടുന്നതായി കാണുന്നു. നിലവിലുള്ള സർവ്വേപ്രകാരം കണ്ടെത്തിയ 191 കുടുംബങ്ങളിൽ 18 പേർക്കാണ് 8-ാം പദ്ധതിക്കാലത്ത് സഹായം ലഭ്യമാക്കിയത്. കൂടുതൽ കുടും ബങ്ങൾക്ക് ഈ പദ്ധതികൊണ്ടുള്ള പ്രയോജനം ഉണ്ടാകേണ്ട താണ്.

**സി.എസ്.എസ്. ഫോർ എസ്.എഫ് /എം.എഫ്.:** ചെറുകിട, പരിമിത കർഷകർക്ക് കിണർ കുഴിക്കുന്നതിനും പമ്പുസെറ്റു വാങ്ങുന്നതിനും സഹായം നല്കുന്ന ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. 8-ാം പദ്ധതിയുടെ ആദ്യവർഷത്തിൽ 4 കിണർ, 5 പമ്പ്ഹൗസ്, 15 പമ്പ്സെറ്റ് എന്നിവയ്ക്ക് സഹായം നല്കിയിട്ടുണ്ട്.

**ഭവനനിർമ്മാണം** : സ്വന്തമായി വീടു വെയ്ക്കാൻ കഴിവില്ലാത്ത കുടുംബങ്ങൾക്ക് വീടു വെയ്ക്കാനായി സാമ്പത്തിക സഹായം നല്കിവരുന്നു. ഐ.എ.വൈ., ജെ.ആർ.വൈ., എം.ഡബ്ല്യു.എസ് എന്നീ പദ്ധതികളിലായാണ് 8-ാം പദ്ധതി കാലത്ത് വീടുകൾ നല്കിയിട്ടുള്ളത്. 15800 രൂപയായിരുന്നു ഓരോ കുടുംബത്തിനും നല്കിയിരുന്നത്. 1996 - 97 വർഷത്തിൽ ഇത് 22000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

### 8-ാം പദ്ധതിക്കാലത്ത് അനുവദിച്ച വീടുകളുടെ വിശദവിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (ഐ.ആർ.ഡി.പി. സർവ്വേപ്രകാരം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 15 | 1 | 1 | 14 |
| 2 | 25 | 6 | 6 | 19 |
| 3 | 10 | 5 | 4 | 5 |
| 4 | 40 | 10 | 9 | 30 |
| 5 | 89 | 10 | 10 | 79 |
| 6 | 10 | 7 | 7 | 3 |
| 7 | 38 | 6 | 6 | 32 |
| 8 | 69 | 12 | 12 | 57 |
| 9 | 86 | 11 | 10 | 75 |
| 10 | 83 | 10 | 7 | 73 |
| ആകെ | 465 | 78 | 72 | 387 |

ഇനിയും വീട് ഇല്ലാത്തവർക്ക് എത്രയും വേഗം സഹായം ലഭ്യമാക്കുക. പട്ടിജാതിയിൽ പെടാത്ത വിഭാഗങ്ങൾക്ക് നൽകുന്ന വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുക. വീടുകൾക്ക് കുടിവെള്ളം വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക

**സി.ആർ.എസ്.പി.** : സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുന്ന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നല്കുന്ന ഈ പദ്ധതിപ്രകാരം 67 കുടുംബങ്ങൾക്ക് 8-ാം പദ്ധതിക്കാലത്ത് സഹായം ലഭ്യമാക്കി. 1992ലെ സർവ്വേ പ്രകാരം ഇനിയും 1282 കുടുംബങ്ങൾ കക്കൂസ് ഇല്ലാത്തതായുണ്ട്. 2000 രൂപയാണ് ഈ പദ്ധതിപ്രകാരം നല്കുന്നത്. ഒരു കക്കൂസ് നിർമ്മിക്കുന്നതിന് ഈ തുക വളരെ പരിമിതമാണ്. ഈ തുക കുറച്ചുകൂടി ഉയർത്തുകയും കൂടുതൽ പേർക്ക് ഓരോ വർഷവും സഹായം ലഭ്യമാക്കുകയും വേണം.

# വിഭവ സമാഹരണം

"വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവസമാഹരണം" ഏതൊരു പ്രദേശത്തിൻെറയു മുഖ്യപ്രശ്നങ്ങളിൽ ഒന്നാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ വിഭവ സാമഹരണ ലക്ഷ്യങ്ങളിലൊന്നായ മനുഷ്യപ്രയത്നം. പ്രയോജനപ്പെടുത്തുന്നതിൽ പഞ്ചായത്തുകൾക്ക് കാര്യമായ പങ്കുവഹിക്കുവാനു 1ണ്ടെങ്കിലും ഗ്രാമീണ ജനതയുടെ കലവറയില്ലാത്ത സഹകരണം ആവശ്യമാണ്.

കഴിഞ്ഞ 5 വർഷത്തെ പഞ്ചായത്തിൻെറ സമ്പദ്ഘടന ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൻെറ മൊത്തം വരുമാനഘടന

| വർഷം | ആകെ വരുമാനം രൂപ | തനതു നികുതി (തൊഴിൽനികുതി കെട്ടിടനികുതി വിനോദനികുതി | തനതു നികുതി (ശതമാന കണക്കിൽ |
|---|---|---|---|
| 1991 - 92 | 627557 | 187119 | 29.81 |
| 1992 - 93 | 868680 | 201150 | 23.15 |
| 1993 - 94 | 1136805 | 271581 | 23.88 |
| 1994 - 95 | 1119700 | 299657 | 26.76 |
| 1995 - 96 | 1116798 | 332104 | 29.73 |

മൊത്തം വരുമാനത്തിൽ തനതു നികുതി വരുമാനം 92-93, 93-94 വർഷങ്ങളിൽ കുറച്ച് രേഖപ്പെടുത്തുകയും തുടർന്നുള്ള വർഷങ്ങളിൽ വർദ്ധനവ് കാണിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ തനതു നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് കാണാം.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

### വാർഡ് ഒന്ന്

1. വളരെയധികം വിദേശ ജോലിക്കാർ ഉള്ള ഈ വാർഡിൽ അവരുടെ സമ്പാദ്യം വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിന് എരുമപ്പെട്ടി സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക. ഇതിനു വേണ്ട വ്യവസ്ഥകൾ സർക്കാർ ഉണ്ടാക്കുക. മനുഷ്യാദ്ധ്വാനം ലഭ്യമാക്കാൻ സന്നദ്ധ സേന സംഘടിപ്പിക്കുക
2. നാഷണലൈസ് ബാങ്കിൻെറ ശാഖ എരുമപ്പെട്ടിയിൽ സ്ഥാപിക്കുക
3. ടെലിഫോൺ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുകയിൽ നിന്ന് ഈടാക്കുന്ന നിശ്ചിത തുകയിൽ നിന്ന് നിശ്ചിത സംഖ്യ പഞ്ചായത്തിൽ ലഭ്യമാക്കുക
4. കേബിൾ ടി.വി. ഉപഭോക്താക്കളിൽ നിന്നും നികുതി ഈടാക്കുക
5. ഗൾഫ് പണം ചെറുകിട വ്യവസായത്തിന് ഉപയോഗിക്കുക
6. പഞ്ചായത്തതൃത്തിയിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുക
7. കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുക

### വാർഡ് രണ്ട്

1. വിദേശത്ത് ജോലി ചെയ്യുന്നവരിൽ നിന്നും പണം സമാഹരിച്ച് ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുക
2. ബാങ്കിൽ നിന്നും കുറഞ്ഞ പലിശക്ക് പണം ലഭ്യമാക്കുക

### വാർഡ് ഏഴ്

1. വിദേശ നാണയ വിനിമയ രംഗത്ത് പ്രവർത്തിക്കുന്നതിന് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ആവശ്യമായ അനുമതി നൽകുന്നതിന് ആക്ടിൽ വേണ്ട ഭേദഗതി കൊണ്ടു വരിക
2. നികുതിഘടന കാലോചിതമായി പരിഷ്കരിക്കുക
3. കേബിൾ ടി.വി. നെറ്റ് വർക്ക് യൂണിറ്റുകൾക്ക് നികുതി ഏർപ്പെടുത്തുക
4. ഭൂമി കൈമാറ്റം ചെയ്യുമ്പോൾ വില കുറച്ച് കാണിച്ച് റജിസ്ട്രേഷൻ ഫീസ് വെട്ടിപ്പ് നടത്തുക വഴി വരുമാനം നഷ്ടപ്പെടുന്നു. ഇത് തടയാൻ വസ്തുവിൻെറ യഥാർത്ഥ മാർക്കറ്റ് വില നിശ്ചയിക്കാനുള്ള മാനദണ്ഡം ഉണ്ടാക്കുക
5. നിർമ്മാണ പ്രവർത്തനത്തിൽ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുക

| ഇനം | യഥാർത്ഥ രൂപയിൽ വരുമാനം (1995-96) | ബാധ്യത (രൂപയിൽ) |
|---|---|---|
| തൊഴിൽനികുതി | 113160.00 | 165000.00 |
| കെട്ടിടനികുതി | 192612.00 | 200000.00 |
| വിനോദനികുതി | 26332.00 | 35000.00 |

| വർഷം | മൊത്തം വരുമാനം രൂപയിൽ | നികുതിയേതര വരുമാനം രൂപയിൽ | നികുതിയേതര വരുമാനം % കണക്കിൽ |
|---|---|---|---|
| 1991 - 92 | 627557 | 39770 | 6.34 |
| 1992 - 93 | 868680 | 57880 | 6.66 |
| 1993 - 94 | 1136805 | 115467 | 10.15 |
| 1994 - 95 | 1119700 | 71612 | 6.40 |
| 1995 - 96 | 1116798 | 83671 | 7.49 |

തൊഴിൽനികുതിയിൽ, സാദ്ധ്യത വേണ്ട രിതിയിൽ ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് മുകളിലെ പട്ടികയിൽ നിന്ന് വ്യക്തമാണ്. എന്നാൽ കെട്ടിടനികുതി വേണ്ട രീതിയിൽ പിരിച്ചെടുത്തിട്ടുണ്ട്. വിനോദനികുതിയ്ക്കും വേണ്ടത്ര സാദ്ധ്യതകളുണ്ട്. വീട്ടുനികുതി ചുമത്തുന്നതിന് കൃത്യവും കണിശവുമായ അസ്സസ്മെൻറ് നടത്തിവരുന്നില്ല എന്ന് കാണുന്നു. ഈ അപാകതകൾ പരിഹരിക്കണം. ലൈസൻസ് ചുമത്താവുന്ന ഒട്ടനവധി സ്ഥാപനങ്ങൾ പഞ്ചായത്തിലുള്ളവ ഏതെന്ന് കണ്ടെത്തി ലൈസൻസ് എടുപ്പിക്കുവാനുള്ള കർശനമായ നടപടികൾ സ്വീകരിക്കുക. ഈ നിലയിൽ നിലവിലുള്ള നികുതി വർദ്ധിപ്പിക്കാതെ തന്നെ, നികുതി ലൈസൻസ് ഇനത്തിൽ തന്നെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

# ഉപസംഹാരം

ജനകീയ ആസൂത്രണ സമിതിയുടെ സമയനിഷ്ഠ പാലിച്ചുകൊണ്ടും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും എല്ലാ മേഖലയിലും പെട്ട നിരവധി പ്രവർത്ത കരുടെ ത്യാഗപൂർവ്വമായ സേവന പ്രവർത്തനത്തിന്റെ ഒരു സമഗ്ര രൂപമാണ് ഈ റിപ്പോർട്ട്.

ചുരുങ്ങിയ സമയംകൊണ്ട് വിവിധ മേഖലകളിൽ നിന്നും റിപ്പോർട്ടിന്നാ വശ്യമായ വിവരങ്ങൾ ശേഖരിക്കാനും ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ക്രോഡീകരിക്കു വാനും ഈ വികസന റിപ്പോർട്ട് തയ്യാറാക്കാനും സഹായിച്ച വിവിധ വകുപ്പ് ഉദ്യോ ഗസ്ഥൻമാരോടും സന്നദ്ധ പ്രവർത്തകരോടും ഞങ്ങൾക്കുള്ള അകൈതവമായ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാവി പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലപ്പെട്ട എല്ലാ സഹായങ്ങളും പ്രതീക്ഷിച്ചു കൊണ്ട് ഈ വികസന റിപ്പോർട്ട് സെമിനാറിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനും വേണ്ടി സമർപ്പിക്കുന്നു.

*എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്*